**KOTTAYAM PUBLIC LIBRARY**

Call No. MA 2 Acc.No. 19643

Author വാസുദേവൻ മൂസ്സത് ന

Title ഗീതഗോവിന്ദം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1-50

# ഗീതഗോവിന്ദം

## (അഷ്ടപദി)

19643

(ഭാവപ്രിയ എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്)

KOTTAYAM PUBLIC LIBRARY
KOTTAYAM

വ്യാഖ്യാതാവ്:
പണ്ഡിതൻ കെ. വാസുദേവൻ മൂസ്സത്

PUBLISHERS
THE GEETHA LIMITED,
TRICHUR.

MA2
Vas - G

മൂന്നാം പതിപ്പ്:
കോപ്പി 1000.

1128/1953

തൃശ്ശിവപേരൂർ ഗീതാ പ്രസ്സിൽ
അച്ചടിച്ചതു്.

വില: 1ക. 8ണ.

*(Copyright to Publishers)*

# മുഖവുര

ജയദേവമഹാകവിയുടെ സുപ്രസിദ്ധമായ ഗീതഗോവിന്ദം (അഷ്ടപദി) എന്ന കാവ്യം ഒരു ഭേദപ്പെട്ട വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധംചെയ്യേണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായിട്ടു കാലം കുറച്ചായി. ഇതിന്നു വളരെ വിസ്തരത്തോടുകൂടിയ ചില വ്യാഖ്യാനങ്ങൾ കുറെ മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടും എൻെറ ആ ആഗ്രഹത്തിന്നു കുറവുണ്ടായില്ല. എന്തുകൊണ്ടെന്നാൽ, ആ വക പുസ്തകങ്ങളിൽ ബോംബായിൽ അച്ചടിച്ചിട്ടുള്ള പുസ്തകത്തിലെ ക്ലിഷ്ടാൎത്ഥകങ്ങളും സാരസ്യമില്ലാത്തവയുമായ പാഠങ്ങളെ അനുസരിച്ചിട്ടാണു് വ്യാഖ്യാനിച്ചു കണ്ടിട്ടുള്ളതു്. അതുനിമിത്തം അനേകം ഘട്ടങ്ങളിൽ അൎത്ഥം യോജിക്കാതേയും ദുൎല്ലഭം ചില ഘട്ടങ്ങളിൽ അപഭ്രഷ്ടമായും ആണു് വന്നിട്ടുള്ളതു്. അതുകൊണ്ടു കേരളത്തിലെ പഴയ പാഠമനുസരിച്ചു് ഒരു വ്യാഖ്യാനത്തോടുകൂടി ഇതു പ്രസിദ്ധം ചെയ്യേണമെന്നായിരുന്നു എൻെറ ആഗ്രഹം. ചിരകാലമായിട്ടുള്ള ആ ആഗ്രഹത്തിൻെറ നിവൃത്തിയാണു് 'ഭാവപ്രിയ' എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയ പ്രസ്തുതകാവ്യത്തിൻെറ ഈ പുതിയ പതിപ്പുകൊണ്ടു സാധിച്ചിട്ടുള്ളതു്.

ഈ വ്യാഖ്യാനം അനാവശ്യമായി ദീൎഘിപ്പിക്കാതേയും എന്നാൽ അൎത്ഥഭാഗങ്ങളിൽ പറയുവാനുള്ള സംഗതികളൊന്നും വിടാതേയും എഴുതീട്ടുള്ളതാണു്. ശ്ലോകങ്ങൾക്കു മുകളിൽ സന്ദൎഭം കാണിച്ചുംകൊണ്ടുള്ള ഒരവതാരികയും, താഴെ വ്യാഖ്യാനവുമാണു് ചേൎത്തിട്ടുള്ളതു്. വ്യാഖ്യാനത്തിൻെറ രീതി പരിമിതവും സരളവുമാകുന്നു. ആദ്യം മൂലത്തിന്നു ഗദ്യത്തിൽ ഒരു തൎജ്ജമയെന്നപോലെ ഒരൎത്ഥവിവരണവും, തദനന്തരം വലയചിഹ്നത്തിൽ അതിലെ സാരം, ചമല്ക്കാരം മുതലായവയെപ്പററിയ ഒരു വിവരണവും

എഴുതുകയാണ് വ്യാഖ്യാതാവു ചെയ്തിട്ടുള്ളത്. അത്ഥം മനസ്സിലാവാൻ പ്രയാസമുള്ള ഘട്ടങ്ങളിലും, വിശേഷിച്ചു സാഹിത്യശാസ്ത്രത്തിലേയും കാമശാസ്ത്രത്തിലേയും വിഷയങ്ങൾ അന്തർഭവിച്ചിട്ടുള്ള ഘട്ടങ്ങളിലും വ്യാഖ്യാതാവിന്റെ താല്പര്യനിരൂപണം ഉണ്ടായിരിക്കും. ഗാനങ്ങളിലാകട്ടേ മൂലത്തിന്നു പദംതോറും ഓരോ നമ്പറുകൾ ഇടുകയും ചുവടെ ആ നമ്പറുകളിട്ട് അതിന്റെ അത്ഥം മലയാളത്തിൽ കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിലും താല്പര്യനിരൂപണം വിട്ടുകളഞ്ഞിട്ടില്ല. സന്ദർഭാനുസാരേണയുള്ള സരളകോമളപദങ്ങളെക്കൊണ്ടു നിർമ്മിതമായിട്ടുള്ള ഈ വ്യാഖ്യാനം ഈ കാവ്യത്തിന്നു ഗദ്യരീതിയിലുള്ള ഒരു പരാവത്തനംപോലെ മനോഹരമാക്കുവാൻ വ്യാഖ്യാതാവു ശ്രമിച്ചിട്ടുണ്ട്. പദംപ്രതി അന്വയവും അന്വയാത്ഥവുമൊന്നുമില്ലെങ്കിലും, ഇതിലെ വ്യാഖ്യാനം വായനക്കാക്ക് അത്ഥം മനസ്സിലാക്കുവാനും രസം അനുഭവിക്കാനും ഒട്ടും പോരായ്കയില്ല.

വ്യാഖ്യാനത്തെപ്പററി വിശേഷിച്ചു പറവാനുള്ളത് ഇതിൽ വടക്കരുടെ ക്ലിഷ്ടപാഠങ്ങൾ വിട്ടു കേരളത്തിലെ പ്രാചീനപാഠങ്ങൾ കഴിയുന്നേടത്തോളം ആദരിച്ചിട്ടുണ്ടെന്നുള്ളതാണ്. ഇതുകൊണ്ട് അത്ഥത്തിന്റെ കായ്യത്തിൽ ഉണ്ടായിട്ടുള്ള ഉല്ക്കഷം "വാചഃ പല്ലവയത്യുമാപതിധരഃ", "കിം വിശ്രാമ്യസി കൃഷ്ണഭോഗിഭവനേ", "പ്രാതന്നിലനിചോളമാനനം", ഇത്യാദി ശ്ലോകങ്ങൾ നോക്കിയാൽ കാണാവുന്നതാണ്. ഈ പാഠങ്ങളെ പരിഷ്കരിക്കുന്നതിലും, ഭാവഗാംഭീയ്യമുള്ള ഘട്ടങ്ങളുടെ വ്യാഖ്യാനത്തിലും 'ലക്ഷ്മീധരൻ' എന്ന കേരളീയപണ്ഡിതന്റെ കൃതിയും ഇതേവരെ അച്ചടിച്ചിട്ടില്ലാത്തതുമായ ഒരു വിശേഷപ്പെട്ട സംസ്കൃ

തവ്യാഖ്യാനത്തെയാണ് ഈ വ്യാഖ്യാതാവ് അവലംബമാ യിപ്പിടിച്ചിട്ടുള്ളത്. ഇങ്ങിനെ, ഈ ഗ്രന്ഥത്തിൻെറ അൎത്ഥ ബോധനത്തിൽ വായനക്കാൎക്ക സൌകൎയ്യവും, തൽഫല മായി വിജ്ഞാനവും വിനോദവും, ഉണ്ടാകുവാനായി വേ ണ്ട അംശങ്ങളിലെല്ലാം വ്യാഖ്യാതാവു പ്രത്യേകം മനസ്സിരു ത്തിട്ടുണ്ടെന്നു സൂക്ഷ്മപരിശോധനയിൽ വെളിവാകും.

വ്യാഖ്യാനത്തിന്നു പുറമെ പ്രസ്തുതഗ്രന്ഥകൎത്താവായ ജയദേവരുടെ ഒരു ജീവചരിത്രവും ഐതിഹ്യവും ഇതിൽ വായനക്കാരുടെ അറിവിന്നായി ചേൎത്തിട്ടുള്ളതുകൂടാതെ ഈ കാവ്യത്തിൻെറ പേർ, പ്രകൃതി, ഇതിലെ ഗാനങ്ങളുടെ വിശേഷങ്ങൾ, ഇതിവൃത്തം, കഥാസംക്ഷേപം, കഥാപാ ത്രങ്ങൾ, രസം, ജയദേവരുടെ കവിതാരീതി മുതലായ സം ഗതികളെ സയുക്തികമായി പ്രതിപാദിച്ചുംകൊണ്ടുള്ള ഒരു വിലയേറിയ നിരൂപണവും ഇതിൽ ചേൎത്തിട്ടുണ്ട്. നവീ നവിദ്വാന്മാരുടെ ഇടയിൽ പ്രചുരമായിട്ടുള്ള വിമൎശനരീ തിയനുസരിച്ചു ജയദേവരുടെ കാവ്യത്തെ പഠിക്കുന്നതിന്ന് ഈ ജീവചരിത്രവും നിരൂപണവും ഏററവും ഉപകരിക്കു ന്നതാണ്. ജയദേവൻ ആരാണെന്നും അദ്ദേഹത്തിൻെറ ഈ കാവ്യത്തിന്നു സാഹിത്യലോകത്തിൽ ഉള്ള സ്ഥാനം ഏതാണെന്നും ഉള്ള സംഗതികളെപ്പററി വായനക്കാൎക്ക സ്വതന്ത്രമായ ഒരഭിപ്രായമുണ്ടാകുവാൻ ഈ ജീവചരിത്ര വും നിരൂപണവും വളരെ സഹായിക്കുമെന്നാണ് വിശ്വ സിക്കുന്നത്.

ചുരുക്കിപ്പറയുന്നതായാൽ വിസ്തരം കുറച്ചും, എ ന്നാൽ കാൎയ്യഭാഗങ്ങളും സ്വാരസ്യവും ഒട്ടും കൈവിടാതേ യും ഉള്ള ഒരു നിലയിൽ കൊണ്ടുവരുവാൻ എന്തെല്ലാം ആവശ്യമുണ്ടോ അതൊക്കയും ഇതിൽ ചെയ്തിട്ടുണ്ടെന്നു പ

റയാം. വിദ്യാൎത്ഥികളും വിദ്വാന്മാരുമായ രണ്ടുതരക്കാൎക്കും ഈ പുസ്തകം ഒരുത്തമഗുരുവും വിശ്വസ്തമിത്രവുമായി വരേണമെന്ന് ഇതിൻെറ നിൎമ്മാണത്തിൽ ധാരാളം ഉദ്ദേശിച്ചിട്ടുണ്ട്. ആ ഉദ്ദേശിച്ചതിൻെറ ഫലം എങ്ങിനെയിരിക്കുന്നു എന്നു പറയേണ്ടത് വായനക്കാരാണ്. വിശേഷിച്ച്, ഈ പുസ്തകം ഇങ്ങിനെ എഴുതിയ പണ്ഡിതൻ എൻെറ ജ്യേഷ്ഠനായ ശ്രീമാൻ കെ. വാസുദേവൻ മൂസ്സതവൎകൾ (കെ. വി. എം.) ആകയാൽ ഇതിൻെറ ഗുണങ്ങളെക്കുറിച്ചു ഞാൻ വല്ലതും പ്രസ്താവിക്കുന്നത് അനുചിതവുമായിരിക്കും. ഞാൻ ആ ഭാഗം വായനക്കാൎക്കായിത്തന്നെ വിട്ടിരിക്കുന്നു.

ഈ കലികാലത്തു സംസാരത്തിൽ കിടന്നു മനസ്സുമുട്ടി വലയുന്ന ജനങ്ങൾക്കു വിശ്രമവും ആശ്വാസവും നൽകുന്നതിന്നു സൽകാവ്യപാരായണം, സംഗീതലയം, ഭഗവൽഭക്തി എന്നിങ്ങിനെ മൂന്നുവിധത്തിലുള്ള ഔഷധങ്ങളാണല്ലോ ഉള്ളത്. അവ മൂന്നുംകൂടി ഒരുമിച്ചു സാധിക്കുക എന്നത് ഏററവും ദുൎല്ലഭവും സുകൃതംകൊണ്ടുമാത്രം സാദ്ധ്യവുമാണ്. അങ്ങിനെയുള്ള ആ ദുൎല്ലഭമായ കാൎയ്യം ഈ ഉത്തമഗ്രന്ഥത്തിൽനിന്ന് അനായാസേന സാധിക്കാവുന്നതാണ്. അതുകൊണ്ട് ഈ ഗ്രന്ഥരത്നത്തെ കേരളീയമഹാജനങ്ങൾ ശിരസാ വഹിച്ച് ആദരിക്കുമെന്നും, തദ്വാരാ ഞങ്ങൾക്കും ശ്രേയസ്സുണ്ടാകുമെന്നുമാണ് ഞങ്ങളുടെ വിശ്വാസം.

ഇത്രമാത്രം പറഞ്ഞുകൊണ്ട് ഭക്തിരസസാരമായ ഈ അഷ്ടപദിയെ മഹാജനങ്ങളുടെ മുമ്പിൽ സമൎപ്പിച്ചുകൊള്ളുന്നു

എന്ന്

തൃശ്ശിവപേരൂർ, 3—2—99.

കെ. ശങ്കരൻ മൂസ്സത്,
പ്രസാധകൻ.

# ജയദേവകവി.

## ജീവചരിത്രവും ഐതിഹ്യവും

സംസ്കൃതകവികഠം പ്രായേണ തങ്ങളുടെ ജീവചരിത്രം എഴുതിവെയ്ക്കുക പതിവില്ല. അതുകൊണ്ട്, അവർ ഏതു കാലത്തു ജീവിച്ചിരുന്നു എന്നും, അവരുടെ ജീവിതം ഏതു നിലയിലായിരുന്നുവെന്നും അറിയുവാൻ വളരെ പ്രയാസമുണ്ട്. എങ്കിലും, ചില കവികളുടെ കൃതികളിൽനിന്നു അവരുടെ ചരിത്രത്തിൻെറ സൂചനകഠം കിട്ടുന്നതുകൊണ്ട് അല്പം ചില വിവരങ്ങഠം അറിവാൻ സാധിക്കുന്നുണ്ട്. അപ്രകാരം അഷ്ടപദി എന്ന പ്രസ്തുതഗ്രന്ഥത്തിൽനിന്നു കിട്ടുന്ന ചില സൂചനകളേയും, ഭക്തമാല എന്ന വിശിഷ്ട ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള ചില കഥകളേയും അനുസരിച്ച് ജയദേവകവിയുടെ ഒരു ജീവചരിത്രവും, അദ്ദേഹത്തെപ്പററിയ ഐതിഹ്യവും താഴെ വിവരിക്കുന്നു.

ജയദേവൻ ബങ്കാളത്തിൽ സുപ്രസിദ്ധന്മാരായുണ്ടായിരുന്ന വൈഷ്ണവകവികളിൽ ഏററവും പ്രധാനഭൂതനായ ഒരു ബ്രാഹ്മണശ്രേഷ്ഠനായിരുന്നു. ഇദ്ദേഹം ജഗന്നാഥക്ഷേത്രത്തിന്നടുത്തുള്ള 'കിന്ദുബില്വം' എന്ന ഗ്രാമത്തിൽ ജനിച്ചു. ഈ സംഗതി ഇതിൽ ഏഴാം അഷ്ടപദിയിൽ കാണുന്ന "വർണ്ണിതം ജയദേവകേന.......കിന്ദുബില്വസമുദ്രസംഭവരോഹിണിരമണേന" എന്ന ഭാഗംകൊണ്ടു വ്യക്തമാകുന്നു. ഇദ്ദേഹത്തിൻെറ ഭാര്യയ്ക്കു പത്മാവതി എന്നായിരുന്നു പേർ. ഇത് ഇതിലെ രണ്ടാമത്തെ ശ്ലോകത്തിൽ തന്നിക്കു നൽകിയിരിക്കുന്ന "പത്മാവതീചരണചാരണചക്രവർത്തീ" എന്ന വിശേഷണംകൊണ്ടും, പത്തൊമ്പതാം അ

ഷ്ടപദിയിലുള്ള 'പത്മാവതീരമണജയദേവകവിഭാരതീഭ ണിതമിതിഗീതം' എന്ന ഭാഗംകൊണ്ടും തെളിയുന്നു. ഉമാപതിധരൻ, ചരണൻ, ഗോവർദ്ധനാചാൎയ്യർ, ശ്രുതിധരൻ, ധോയി എന്നീ കവികൾ ജയദേവൻെറ സമകാലികന്മാരായിരുന്നു. ഈ സംഗതി ഇതിലെ നാലാംപദ്യമായ 'വാചഃ പല്ലവയത്യുമാപതിധരഃ' ഇത്യാദി ശ്ലോകംകൊണ്ടു വെളിവാകുന്നുണ്ട്. ഈ കവികളിൽ ഗോവർദ്ധനാചാൎയ്യർ ജയദേവൻെറ ഗുരുനാഥനായിരുന്നു. ഇത് 'ആചാൎയ്യഗോവർദ്ധനസ്പർദ്ധീ' എന്നു മേൽപറഞ്ഞ ശ്ലോകത്തിൽതന്നെ ഗോവർദ്ധനമിശ്രന്നു കൊടുത്തിട്ടുള്ള 'ആചാൎയ്യ'വിശേഷണംകൊണ്ടു വെളിവാകുന്നുണ്ട്. ശ്രുതിധരകവി ഗോവർദ്ധനാചാൎയ്യരോടു സ്പർദ്ധാലുവാകയാൽ അപ്രസിദ്ധനായിത്തീൎന്നു എന്ന് ആ ശ്ലോകത്തിൽതന്നെ പറഞ്ഞിട്ടുള്ളതിൽനിന്നു ജയദേവന്നു ഗോവർദ്ധനമിശ്രൻെറ പേരിലുള്ള ഗൌരവബുദ്ധിയും, അദ്ദേഹത്തോടു സ്പർദ്ധിക്കുന്ന ശ്രുതിധരൻെറ പേരിലുള്ള പരിഹാസവും ഗോവർദ്ധനൻ ജയദേവൻെറ ഗുരുവാണെന്നതിലേയ്ക്കു സഹായിക്കുന്നതുമുണ്ട്.

മേൽപറഞ്ഞ സംഗതികൾ കവിതന്നെ പ്രസ്താവിച്ചിട്ടുള്ളവയാകയാൽ അവയുടെ സാധുതത്തെപ്പററി ആൎക്കും അഭിപ്രായഭേദത്തിന്നു വഴിയില്ല. 'ഗോവർദ്ധനശ്ച ചരണോ ജയദേവ ഉമാപതിഃ കവിരാജശ്ച രത്നാനി സമിതൌ ലക്ഷ്മണസ്യ ച' എന്നു ഒരു ശ്ലോകം കേട്ടിട്ടുണ്ട്. ഇതിൽനിന്നു ഗോവർദ്ധനാദികളായ അഞ്ചു കവികൾ ലക്ഷ്മണൻ എന്ന രാജാവിൻെറ സഭയിൽ,—വിക്രമാൎക്കസഭയിൽ ധന്വന്തരി മുതലായ നവരത്നങ്ങളെന്നപോലെ,—'പഞ്ചരത്നങ്ങൾ' എന്ന പേരിൽ പ്രസിദ്ധിനേടിയ സഭ്യ

ന്മാരായിരുന്നുവെന്നു വ്യക്തമാകുന്നുണ്ട്. ഈ ലക്ഷ്മണൻ വല്ലാലരാജാവിൻെറ പുത്രനും വംഗദേശാധിപതിയുമായിരുന്ന ലക്ഷ്മണസേനനാണെന്നും, അദ്ദേഹം ക്രിസ്ത്വാബ്ദം 11-ാം നൂററാണ്ടിൻെറ അവസാനംവരെ ജീവിച്ചിരുന്നുവെന്നും ചില ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്ത്വാബ്ദം 11-ാം നൂററാണ്ടിൻെറ അവസാനത്തിലോ 12-ാം നൂററാണ്ടിൻെറ ആരംഭത്തിലോ ആണ് ജയദേവൻ ജീവിച്ചിരുന്നതെന്നു സ്പഷ്ടമാകുന്നു. സംസ്കൃതസാഹിത്യത്തിൻെറ വിസ്തൃതമായ ചരിത്രം എഴുതിയ പ്രൊഫസ്സർമാക്ക് ഡോണാൾഡ് (Prof. Mac Donald) എന്ന പാശ്ചാത്യ പണ്ഡിതനും ജയദേവകവിയുടെ കാലം 12-ാം നൂററാണ്ടാണെന്നു തൻെറ പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. 14-ാം നൂററാണ്ടിൽ നിർമ്മിതമെന്നു സമ്മതിക്കപ്പെട്ടിരിക്കുന്ന സാഹിത്യദർപ്പണത്തിൽ അഷ്ടപദിയിലെ ഒരു പദ്യം ഉദാഹരണത്തിന്നായി ഉദ്ധരിച്ചിട്ടുള്ളതുകൊണ്ട് ഇദ്ദേഹം സാഹിത്യദർപ്പണത്തിൻെറ നിർമ്മാണത്തിന്നു മുമ്പു ജീവിച്ചിരുന്നാളാണെന്നു വ്യക്തവുമാണ്.

ജയദേവൻ വിഷ്ണുഭക്തന്മാരിൽവെച്ച് അഗ്രഗണ്യനും, സരസ്വതീദേവിയുടെ സ്തനങ്ങളായ സംഗീതസാഹിത്യങ്ങളുടെ സാരസർവ്വസ്വം ആസ്വദിച്ച് പരമാനന്ദം അനുഭവിച്ചുംകൊണ്ടിരുന്ന ഒരു ജീവന്മുക്തനും ആണ്. ഇദ്ദേഹം ഈ അഷ്ടപദി നിർമ്മിച്ചിട്ടുള്ളത് തനിക്കു സ്വനിർമ്മിതങ്ങളായ ഗാനങ്ങളെക്കൊണ്ടുതന്നെ ശ്രീകൃഷ്ണനെ ആരാധിക്കണമെന്നുള്ള താല്പര്യംകൊണ്ടാണ്. ഇദ്ദേഹം പതിവായി ശ്രീകൃഷ്ണപൂജചെയ്ത് പൂജാവസാനത്തിൽ അഷ്ടപദിയിലെ ഗാനങ്ങൾ പാടി പരമാനന്ദമനുഭവിക്കുകയും ത

ൻെറ ധമ്മപത്നിയായ പത്മാവതിയെക്കൊണ്ടു നൃത്തം വെപ്പിക്കുകയും ചെയ്തിരുന്നു. 'പത്മാവതിചരണചാരണ ചക്രവത്തി' എന്നു കവിതന്നെ തന്നെപ്പററി പറഞ്ഞിട്ടുണ്ടല്ലോ. പത്മാവതിയുടെ കാലുകളെക്കൊണ്ടു നൃത്തം വെപ്പിക്കുന്നവൻ എന്നാണ് ഈ വിശേഷണപദത്തിന്നത്ഥം.

ജയദേവൻ ഈ ഗ്രന്ഥം നിമ്മിക്കുന്ന കാലത്തു അദ്ദേഹത്തിൻെറ ഭായ്യയായ പത്മാവതീദേവിക്ക് ഒരു ദിവസം ശ്രീകൃഷ്ണനെ കാണ്മാൻ സാധിച്ചുവത്രെ. ശ്രീകൃഷ്ണൻ കുപിതയായ രാധയെ അനുനയിക്കുന്ന ദിക്കിൽ 'മമ ശിരസി മണ്ഡനം ദേഹിപദപല്ലവം' എന്നു രാധയോടു പറയുന്ന ഭാഗം കേവലം പ്രാകൃതന്മാരുടെ വാക്കുപോലെ ഇരിക്കുന്നതിനാൽ ആ ഭാഗം ആദ്യം മനസ്സിൽ തോന്നിയതു ജയദേവൻ ഗ്രന്ഥത്തിൽ എഴുതിയില്ലെന്നും, പിന്നെ അദ്ദേഹം പുറത്തു പോയിരുന്നപ്പോൾ ഭഗവാൻതന്നെ ജയദേവവേഷം ധരിച്ചു വന്നു പത്മാവതിയോടു ഗ്രന്ഥം വാങ്ങി ആ പദങ്ങൾ എഴുതിയതാണെന്നുമാണ് പറയുന്നത്. ഈ സംഭവത്തിൻെറ ഫലമായി ആ പദങ്ങളടങ്ങിയ 19-ാം അഷ്ടപദിയിൽ ജയദേവൻ പത്മാവതിയുടെ നാമംകൂടി മുദ്രാരീത്യാ വിന്യസിച്ചിരിക്കുന്നു. 11-ാം അഷ്ടപദി പാടിക്കൊണ്ട് ഒരു നെയ്ത്തുകാരൻ വസ്ത്രം നെയ്യുമ്പോൾ ആയാൾക്ക് ശ്രീകൃഷ്ണൻ പ്രത്യക്ഷനായി എന്നും കേട്ടിട്ടുണ്ട്.

ജയദേവരെപ്പററി ഭക്തമാലയിൽ അനേകം ഐതിഹ്യങ്ങൾ പറയുന്നുണ്ട്. കിന്ദുബില്വഗ്രാമത്തിൽ ഉണ്ടായിരുന്ന ദേവശമ്മാവ് എന്ന ബ്രാഹ്മണൻ തനിക്ക് സന്ത

തിയുണ്ടാവാനായി നേൎന്നിരുന്നപ്രകാരം അദ്ദേഹം ആദ്യസന്താനമായ പത്മാവതിയെ ജഗന്നാഥക്ഷേത്രത്തിലെ ദേവന്നു സമൎപ്പിച്ചു എന്നും, അനന്തരം സ്വപ്നത്തിൽ ജഗന്നാഥസ്വാമിയുടെ കല്പനയുണ്ടായ പ്രകാരം പത്മാവതിയെ ജഗന്നാഥഭക്തനായ ജയദേവന്നു പാണിഗ്രഹണം ചെയ്തുകൊടുത്തുവെന്നും ആണ് ഒരു ഐതിഹ്യം. ഇങ്ങിനെ പത്മാവതി പത്നിയായിത്തീൎന്നതിന്നുശേഷം ജയദേവൻ പത്നിയോടുകൂടി ശ്രീകൃഷ്ണനെ പൂജിച്ചുംകൊണ്ടിരിക്കുന്ന കാലത്താണ് അദ്ദേഹം അഷ്ടപദിയുണ്ടാക്കിയത്. ഈ ഗ്രന്ഥം അദ്ദേഹം ജഗന്നാഥസ്വാമിക്കായി സമൎപ്പിക്കുകയും ചെയ്തു

മറെറാരൈതിഹ്യമുള്ളത് അഷ്ടപദിക്ക് പ്രചാരം കിട്ടിയതിനെപ്പററിയാണ്. ജഗന്നാഥത്തിലെ രാജാവു ജയദേവൻെറ അഷ്ടപദി വായിച്ചിട്ട് അതുപോലെ ഒരു കാവ്യം സ്വയമായി ഉണ്ടാക്കുകയും, അതു തൻെറ പ്രജകൾ എല്ലാവരും പഠിക്കേണമെന്നു കല്പിക്കുകയും, ജയദേവൻെറ അഷ്ടപദി ആരും പഠിക്കരുതെന്നു നിഷേധിക്കുകയും ചെയ്തു. തൽഫലമായി ജയദേവൻെറ അഷ്ടപദിക്കു പ്രചാരം കുറഞ്ഞു. എങ്കിലും ജയദേവൻ തൻെറ കാവ്യംതന്നെ പാടി ജഗന്നാഥക്ഷേത്രത്തിൽ നൃത്തം ചെയ്യുന്നതു നിൎത്തിവെച്ചില്ല. അക്കാലത്തൊരുദിവസം രാജാവു ക്ഷേത്രത്തിൽ ചെന്നപ്പോൾ ജയദേവൻെറ അഷ്ടപദി പാടുന്നതു കണ്ടു രാജകല്പന ലംഘിപ്പാനുള്ള കാരണം എന്തെന്നു ചോദിച്ചു. ശ്രീകൃഷ്ണനു തൻെറ അഷ്ടപദിയിൽ അധികം താല്പൎയ്യമുള്ളതുകൊണ്ടാണ് താൻ രാജാവിൻെറ കൃതിയെ പാടാ

തെ തൻെറ കൃതിതന്നെ പാടുന്നതെന്നു ജയദേവൻ മറുവടി പറഞ്ഞു. അനന്തരം ജയദേവൻെറ മറുവടി ശരിയാണോ എന്നു തീച്ചപ്പെടുത്തുവാനായി ജയദേവൻേറയും രാജാവിൻേറയും അഷ്ടപദികഠം തൃപ്പടിയിന്മേൽ വെയ്ക്കുകയും, കുറച്ചു കഴിഞ്ഞു നോക്കിയപ്പോഠം ജയദേവൻെറ കൃതി മുകളിലും മറേറതു താഴത്തും വെച്ചിരിക്കുന്നതായി കാണുകയും, അന്നു മുതല്ക്കു രാജാവു തൻെറ കല്പന റദ്ദാക്കി ജയദേവകൃതിയെ എല്ലാ പ്രജകളും പഠിക്കേണമെന്ന് ആജ്ഞാപിക്കയും, ഭക്തശിരോമണിയായ ജയദേവങ്കൽ ഭക്തിമാനായി ഭവിക്കുകയും ചെയ്തു.

ജയദേവൻെറ കൃതിക്കു പ്രചാരമുണ്ടാവാൻ കാരണമായി ഒരൈതിഹ്യംകൂടി ഉണ്ട്. ജഗന്നാഥക്ഷേത്രത്തിന്നു സമീപമുള്ള ഒരു സ്ത്രീ പൂനിലാവുള്ള ഒരു രാത്രിയിൽ തോട്ടത്തിൽ പോയി വഴുതിനങ്ങ അറുക്കുകയായിരുന്നു. അപ്പോഠം അവഠം അഷ്ടപദിയിലെ ചില ഗാനങ്ങഠം മധുരമായി പാടിക്കൊണ്ടിരുന്നു. ആ മധുരഗാനത്താൽ ജഗന്നാഥസ്വാമി ആകൃഷ്ടനായി അവളുടെ വഴുതിനത്തോട്ടത്തിൽ എഴുന്നള്ളുകയും തോട്ടത്തിലെ മുള്ളുകഠംകൊണ്ടു ഭഗവാൻെറ മഞ്ഞപ്പട്ടു തുളയുകയും ചെയ്തു. പിറേറ ദിവസം ശാന്തിക്കാരൻ അനഘമായ ആ മഞ്ഞപ്പട്ട് അകാരണമായി തുളഞ്ഞിരിക്കുന്ന വിവരം രാജാവിനെ അറിയിക്കുകയും, അന്നു രാത്രിയിൽ ഭഗവാൻ രാജാവിന്നും ശാന്തിക്കാരന്നും പ്രത്യക്ഷനായി യഥാത്ഥവിവരം അരുളിച്ചെയ്കയും ചെയ്തു. അനന്തരം രാജാവു ഭക്തയായ ആ സ്ത്രീയെ വരുത്തി അവഠംക്ക് ഉപജീവനത്തിന്നുള്ളതു കൊടുത്ത് അ

വളെ ജഗന്നാഥക്ഷേത്രത്തിൽ ഗായികയായി നിയമിച്ചു. ഇതിന്നുശേഷം അഷ്ടപദിക്കുള്ള അസാധാരണമായ ദിവ്യത്വം എല്ലാ ദിക്കിലും പ്രസിദ്ധമാകയും എല്ലാവരും അതു പഠിച്ചു പാടുവാൻ തുടങ്ങുകയും ചെയ്തു.

ഇനി ഒരൈതിഹ്യമുള്ളതു ജയദേവപത്നിയായ പത്മാവതിയുടെ പാതിവ്രത്യശക്തിയെപ്പററിയാണ്. ജയദേവഭക്തനായ രാജാവിൻെറ കുടുംബത്തിൽ ഒരാൾ മരിച്ചപ്പോൾ അദ്ദേഹത്തിൻെറ രാജ്ഞി ചിതാഗ്നിയിൽ ചാടി അനുമരണം ചെയ്വാൻ തീച്ചപ്പെടുത്തി. ഈ വിവരം പതിവ്രതാശിരോമണിയായ പത്മാവതി അറിഞ്ഞപ്പോൾ അവർ അനുമരണം ചെയ്യരുതെന്ന് ഉപദേശിച്ചു. ഭത്താവിൻെറ മരണം കേട്ട ഉടനേതന്നെ മനസ്സിൽ ഉണ്ടാകുന്ന കോപാഗ്നികൊണ്ടു ശരീരം ദഹിപ്പിക്കുകയാണ് പതിവ്രതമാർ ചെയ്യേണ്ടതെന്നും, ചിതയിൽ ചാടി മരിക്കുന്നതു പാഷണ്ഡവൃത്തിയാണെന്നുമാണ് പത്മാവതി പറഞ്ഞത്. കുറച്ചുകാലം കഴിഞ്ഞപ്പോൾ രാജാവിൻെറ ഭായ്യ പത്മാവതിയെ ഒന്നു പരീക്ഷിപ്പാൻ നിശ്ചയിച്ചു. അന്നു രാജാവും ജയദേവനുംകൂടി സന്ധ്യോപാസനയ്ക്കായി ജഗന്നാഥക്ഷേത്രത്തിൽ പോയിരുന്നു. ആ അവസരത്തിൽ രാജ്ഞി പത്മാവതിയെ ആളയച്ചു വരുത്തുകയും ജയദേവൻ മരിച്ചുപോയി എന്ന് അസത്യമായി പത്മാവതിയോടു പറയുകയും ചെയ്തു. അതു കേട്ടപ്പോൾ പത്മാവതി 'അയ്യോ' എന്നു നിലവിളിക്കയും അതോടുകൂടി അവളുടെ പ്രാണൻ പോകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ രാജാവും ജയദേവനുംകൂടി ക്ഷേത്രത്തിൽനിന്നു മടങ്ങിവന്നു. ജയദേവൻ മൃതയായി കിടക്കുന്ന പത്മാവതിയു

ടെ അരികെ വെച്ച ഗീതഗോവിന്ദത്തിലെ ഒരു ഗാനം ഭക്തിയോടുകൂടി പാടുകയും, അല്പം കഴിഞ്ഞപ്പോഠം മൃതയായ പത്മാവതി ഉണൎന്നെഴുനേല്ക്കുകയും ചെയ്തുവത്രേ.

ജയദേവൻ പതിവായി ഗംഗയിൽ പോയി സ്നാനം ചെയ്തിരുന്നു. പ്രായാധിക്യമായപ്പോഠം അതിന്നു ശക്തി ഇല്ലാതെയായി. അപ്പോഠം ഗംഗാദേവി ജയദേവൻെറ ഗൃഹത്തിലുള്ള കുളത്തിൽ സന്നിധാനം ചെയ്തു എന്നാണ് ഐതിഹ്യമുള്ളത്. ഒരു ദിവസം രാത്രിയിൽ രാജാവിന്നും മന്ത്രിമാൎക്കും ഗ്രാമവൃദ്ധന്മാൎക്കും ജയദേവന്നും ഗംഗാദേവി പ്രത്യക്ഷയായിക്കൊണ്ട് പിറേറ ദിവസം മുതൽ താൻ ജയദേവൻെറ കുളത്തിൽ പത്മരൂപേണ സന്നിധാനം ചെയ്വാൻ ഉറച്ചിരിക്കുന്ന വിവരം അറിവുകൊടുക്കുകയും, പിറെറ ദിവസം അത്ഭുതം കാണുവാനായി രാജാവും മന്ത്രിമാരും ജനങ്ങളും കുളക്കടവിൽ എത്തുകയും, ജയദേവൻ മന്ത്രം ജപിച്ച കുളിപ്പാൻ തുടങ്ങിയപ്പോഠം കുളത്തിലെ വെള്ളം ധവളമായി ചമയുകയും, ഒരു താമരപ്പൂവ് അതിൽ ഉത്ഭവിക്കുകയും ചെയ്തുവത്രേ.

ജയദേവൻെറ ഭൂതാനുകമ്പയേയും മററും പററി ഇനിയും ചില ഐതിഹ്യങ്ങളുണ്ട്. എങ്കിലും ഗ്രന്ഥവിസ്തരഭയത്താൽ അവ ഇവിടെ എഴുതുന്നില്ല. ഒന്നു നിശ്ചയമാണ്: ജയദേവൻ പൂൎവ്വകാലത്തുണ്ടായിട്ടുള്ള മഹാഭക്തന്മാരിൽ അദ്വിതീയനും, ഭക്തിയുടെ ശക്തിയാൽ ജാഗ്രൽസ്വപ്നസുഷുപ്തികളിൽ ഒരുപോലെ ഭഗവൽസാക്ഷാല്ക്കാരം സിദ്ധിച്ച് ലോകാനുഗ്രഹം ചെയ്ത ഒരു വന്ദ്യകവിയും ആണ്. അദ്ദേഹത്തിൻെറ അഷ്ടപദി ഇന്നും അതിദീപ്തിയോടുകൂടി ശോഭിക്കുന്ന ഒരു അമൂല്യരത്നവുമാകുന്നു.

ഗീതഗോവിന്ദം, അഥവാ അഷ്ടപദി

# ഒരു നിരൂപണം

ശ്രീജയദേവമഹാകവിയുടെ ലോകപ്രസിദ്ധമായ ഗീതഗോവിന്ദത്തെപ്പററി ഒരു നിരൂപണം ചെയ്യാനുള്ള അർഹത ലേശംപോലും എനിക്കില്ല. എങ്കിലും ഈ ഗ്രന്ഥരത്നത്തിനുള്ള നാനാഗുണഗണങ്ങളാൽ പ്രേരിതനായിട്ടു ചിലത് എഴുതുവാൻ ഭാവിക്കുന്നു. ഇത് ഈ ഗ്രന്ഥം വായിക്കുന്ന രസികന്മാരായ ഭക്തന്മാക്ക് ഉപകാരപ്രദമായി വരുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

## 1. പേരും പ്രകൃതിയും

ജയദേവൻെറ വകയായി ഈ ഗ്രന്ഥമല്ലാതെ വേറെ ഒരു ഗ്രന്ഥവും ഉള്ളതായി അറിഞ്ഞിട്ടില്ല. ഇതിന്ന് അഷ്ടപദി എന്നും ഗീതഗോവിന്ദം എന്നും പേർ പറയുന്നുണ്ട്. കവി കൊടുത്തിട്ടുള്ള പേര് ഗീതഗോവിന്ദമെന്നാണെന്നു 'സാനന്ദാഃ പരിശോധയന്തു സുധിയഃ ശ്രീഗീതഗോവിന്ദതഃ' എന്ന പദ്യഭാഗത്തിൽനിന്നു വിശദമാകുന്നു. 'ഗീതഗോവിന്ദം' എന്നതിന്നു ഗീതോ ഗോവിന്ദോ യസ്മിൻ തൽ, അതായത് യാതൊന്നിൽ ഗോവിന്ദനെ ഗാനം ചെയ്തിരിക്കുന്നുവോ അങ്ങിനെയുള്ള പ്രബന്ധം എന്നർത്ഥമാകുന്നു. ഔത്തരാഹന്മാർ ഗീതഗോവിന്ദം എന്നല്ലാതെ അഷ്ടപദി എന്ന് ഇതിന്നു പേർ പറയാറില്ല. കേരളത്തിലാകട്ടേ ഗീതഗോവിന്ദം എന്നു കേട്ടാൽ സാമാന്യക്കാരാരും അറിയുകയില്ല. അഷ്ടപദിയെയാകട്ടേ കുട്ടികൾപോലും അറിയുകയും ചെയ്യും. അത്രയ്ക്കുണ്ട് ഇവിടെ അഷ്ടപദി എന്ന പേരിന്നു പ്രസിദ്ധി. അഷ്ടപദി എന്നതിന്ന്

എട്ടു പദങ്ങളുടെ സമുദായം എന്നാണ് അൎത്ഥം. ഇതിലെ ഗാനങ്ങളിൽ എട്ടു പദങ്ങൾവീതം ഉള്ളതുകൊണ്ട് ഓരോ ഗാനങ്ങളേയും അഷ്ടപദി എന്നു പറഞ്ഞുവരുന്നു. 'വഹതി മലയസമീരേ' എന്നാരംഭിക്കുന്ന പത്താമത്തെ ഗീതത്തിൽ അഞ്ചുപദങ്ങളേ ഉള്ളുവെങ്കിലും ഛത്രിന്യായേന അതിന്നും അഷ്ടപദി എന്ന പേരിന്നൎഹതയുണ്ട്. ഇങ്ങിനെ ഇതിലെ ഗീതങ്ങളെ സംബന്ധിച്ച ആദ്യം പറഞ്ഞുവന്നിരുന്ന അഷ്ടപദിസംജ്ഞ കാലാന്തരത്തിൽ ഈ ഗ്രന്ഥത്തിന്നുതന്നെ ഉറച്ചതായിരിക്കണം.

ഇനി ഗീതഗോവിന്ദത്തിന്റെ പ്രകൃതി എന്താണ്,—എന്നുവെച്ചാൽ ഇതു കാവ്യങ്ങളുടേയോ നാടകങ്ങളുടേയോ ഏതിന്റെ വൎഗ്ഗത്തിൽ പെട്ടതാണ്, എന്നു പരിശോധിക്കാം. ഇതിനെ കാവ്യം എന്നു പറയുന്നതിന്നു കാവ്യത്തിന്റെ സാമാന്യലക്ഷണം നോക്കുമ്പോൾ വിരോധം തോന്നുകയില്ലെങ്കിലും രഘുവംശാദികളായി കാവ്യതേന വ്യവഹരിക്കപ്പെട്ടുവരുന്ന ഗ്രന്ഥങ്ങൾക്കും ഇതിന്നും തമ്മിൽ വളരെ അന്തരമുണ്ട്. അതിനാൽ ഇത് ഒരു ശ്രവ്യകാവ്യമല്ല; പിന്നെയോ ദൃശ്യകാവ്യമാണ്. എന്നാൽ നാടകാദികളായ ദൃശ്യകാവ്യങ്ങളിൽനിന്നും ഇതു വ്യത്യസ്തമാകുന്നു. നാടകാദികളിൽ കവി തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞുനിന്നു കഥാപാത്രങ്ങളെക്കൊണ്ടു സംഭാഷണം ചെയ്യിപ്പിച്ചിട്ടാണല്ലോ കഥ പറയുന്നത്. ഇതിൽ അങ്ങിനെയല്ല. കഥാപാത്രങ്ങളെ രംഗത്തിൽ ഇരുത്തി അവരുടെ സംഭാഷണങ്ങളുടെ സന്ദൎഭത്തെ കവിതന്നെ പറഞ്ഞ് അവരെക്കൊണ്ടു സംഭാഷണം ചെയ്യിക്കുകയാണ് ഇതിൽ ചെയ്യു

ന്നത്. അതിനാൽ ഒരു പ്രത്യേകപ്രസ്ഥാനത്തെ അവലംബിച്ചിട്ടുള്ള നാട്യപ്രബന്ധമാണ് അഷ്ടപദി. കവിവാക്യങ്ങൾ പ്രായേണ ശ്ലോകമായിട്ടും, കഥാപാത്രങ്ങളുടെ വാക്യങ്ങൾ മിക്കതും ഗാനങ്ങളായിട്ടുമാണ് ഇതിൽ നിബന്ധിച്ചിട്ടുള്ളത്. ഇതു സംസ്കൃതസാഹിത്യത്തിലുള്ള ഒരു പ്രസ്ഥാനത്തേയും അനുസരിച്ചുണ്ടാക്കിയതല്ല. നാടകാദികളായ പലേ പ്രസ്ഥാനങ്ങളേയും നോക്കി സ്വതന്ത്രവും വിജാതീയവുമായി നിമ്മിച്ച ഒരു പുതിയ പ്രസ്ഥാനമാണിത്. ജയദേവൻ നിമ്മിച്ചതായ ഈ മാൎഗ്ഗത്തിൽക്കൂടെ സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധന്മാരായ കവികൾ സഞ്ചരിച്ചിട്ടില്ല. കേരളീയനായ കോഴിക്കോട്ടു രാജാവാണ് ഇതിനെ അനുകരിക്കുവാൻ ആദ്യം ശ്രമിച്ചത്. അവിടുന്ന് അഷ്ടപദിയുടെ കരുവിൽ വാൎത്ത് 'കൃഷ്ണനാട്ടം' എന്നൊരു ദൃശ്യപ്രബന്ധത്തെ പുതുതായി നിമ്മിക്കയും, തൻെറ രാജ്യത്ത് അത് ആടിക്കുകയും ചെയ്തു. അങ്ങിനെ കുറെ കാലം കഴിഞ്ഞതിനുശേഷം പ്രസിദ്ധനായ കൊട്ടാരക്കര തമ്പുരാൻ അഷ്ടപദിയെത്തന്നെ അവലംബിച്ച് 'ആട്ടക്കഥ' എന്നൊരു പുതിയ നാട്യപ്രബന്ധം നിമ്മിക്കയും, 'രാമനാട്ടം' എന്നും 'കഥകളി' എന്നും പേർ പറഞ്ഞ് അതു കേരളത്തിൽ ആടിച്ചു തുടങ്ങുകയും ചെയ്തു. കവി ഒരു ശ്ലോകം മുഖേന ഒരു പാത്രത്തെ രംഗത്തിൽ പ്രവേശിപ്പിക്കുക, ആ കഥാപാത്രം ഗാനരൂപേണ സംഭാഷണം നിൎവ്വഹിക്കുക —വാക്കുകൊണ്ടോ ആംഗ്യംകൊണ്ടോ ആകട്ടെ—എന്ന കഥകളിയിലെ രീതി അഷ്ടപദിയിൽ നിന്നെടുത്തതാണ്. കഥകളിക്ക് അഷ്ടപദിയിൽനിന്നുള്ള പ്രധാനവ്യത്യാസം അതിൽ അഷ്ടപദിയിലെന്നപോലെ ഭക്തിയെ അത്ര പ്ര

ധാനമായി ഗണിച്ചിട്ടില്ലെന്നുള്ളതാണ്. ഈ വിഷയത്തിൽ കൃഷ്ണനാട്ടത്തിന്നാണ് അഷ്ടപദിയോട് അധികം സാദൃശ്യമുള്ളത്. 'കൃഷ്ണനാട്ട'വും 'രാമനാട്ട'വും തമ്മിൽ മത്സരത്തോടുകൂടി നടത്തിയിരുന്ന ആദികാലത്ത്,—എന്നല്ലാ അടുത്ത കാലംവരേയും,—'അഷ്ടപദി ആട്ടം' കേരളത്തിൽ നടപ്പുണ്ടായിരുന്നു. അഷ്ടപദിയെ 'സംഗീതനാടക'മെന്നു ചിലർ വ്യവഹരിക്കുന്നുണ്ടെങ്കിലും, ഇതിൽ നാടകലക്ഷണങ്ങൾ ഇല്ലാത്തതുകൊണ്ട് ആ വ്യവഹാരം സാധുവാണെന്നു തോന്നുന്നില്ല. വേണമെങ്കിൽ 'നാട്യപ്രബന്ധം' എന്ന പ്രത്യേകസംജ്ഞകൊണ്ട് ഇതിനെ വ്യവഹരിക്കാം. ബങ്കാളത്തിലെ സുപ്രസിദ്ധവൈഷ്ണവകവികളിൽ അഗ്രേസരനും, ശ്രീകൃഷ്ണഭക്തശിഖാമണിയുമായ ജയദേവർ, തന്റെ സങ്കല്പദൃഷ്ടിയിൽ സംഗീതതാളമേളങ്ങളോടുകൂടി പ്രത്യക്ഷീഭവിക്കുന്ന ശ്രീകൃഷ്ണന്റെ രാസക്രീഡയുടെ സമാധികൊണ്ടായിരിക്കണം ഇങ്ങിനെ ഒരു നാട്യപ്രബന്ധം കണ്ടുപിടിച്ചതു്.

## 2. ഗാനങ്ങൾ.

'ഗീതഗോവിന്ദ'ത്തിൽ ആകെ ഇരുപത്തിനാലുഗാനങ്ങൾ ഉണ്ട്. ഇവയിൽ ഒന്നാമത്തേതു ദശാവതാരസ്തുതിയും, രണ്ടാമത്തേത് ഏതാനും ചില അവതാരങ്ങളെമാത്രം ഉൾപ്പെടുത്തിയ സ്തുതിയുമാണ്. ഈ രണ്ടു ഗാനങ്ങളും കവിതന്നെ ചെയ്യുന്ന സ്തുതികളാകുന്നു. ദശാവതാരസ്തുതിയിൽ ഒമ്പതാമത്തേതായിപ്പറഞ്ഞിട്ടുള്ളതു ബുദ്ധാവതാരമാണ്; കൃഷ്ണാവതാരത്തെപ്പറഞ്ഞിട്ടുമില്ല. ഇങ്ങിനെ ചെയ്തതിൽ കവിയുടെ ഇംഗിതം. താൻ മനോരംഗത്തിൽ കാ

ണുന്ന ശ്രീകൃഷ്ണൻ മത്സ്യാദ്യവതാരകാരിയായ പരബ്രഹ്മമൂ ത്തിതന്നെയാണെന്നും, തത്ഭിന്നനായി ശ്രീകൃഷ്ണൻ എന്നൊരു മൂത്തി വേറെ ഇല്ലെന്നും ആണെന്നു തോന്നുന്നു. ഭഗവാൻെറ ബുദ്ധാവതാരം പുരാണത്തിൽ അംഗീകൃതമാകയാൽ അതിൻെറ കാൎയ്യത്തിൽ അന്യഥാ വിചാരിപ്പാൻ ന്യായവുമില്ല. ഇരുപത്തിരണ്ടാമത്തെ ഗാനം, രാധ ശ്രീകൃഷ്ണനെ ദൎശിച്ചുവെന്നായി കവിതന്നെ പാടുന്ന ഗാനമാണ്. ശേഷമുള്ള ഇരുപത്തൊന്നു ഗാനങ്ങഠം രാധ, ശ്രീകൃഷ്ണൻ, സഖി എന്നിവർ ഓരോ സന്ദർഭങ്ങളിൽ ചെയ്യുന്നവയാണ്.

അഷ്ടപദിയിലെ ഗാനങ്ങഠം എല്ലാം അവസാനത്തിൽ ശ്രോതാക്കഠംക്കു മംഗളം ആശംസിച്ചുകൊണ്ടുള്ളവയും, രസപ്രധാനങ്ങളായിട്ടുള്ളവയുമാണ്. ഇവ കേരളത്തിലെ ക്ഷേത്രങ്ങളിൽ മാരാന്മാർ 'പാണി' കൊട്ടുമ്പോഠം പാടുന്നവയാണ്. ഈ ഗാനങ്ങളാണ് മാരാന്മാരുടെ ജീവിതനിക്ഷേപം. 'ശ്രിതകമലാകുചമണ്ഡല' എന്ന രണ്ടാം ഗാനം കഥകളിക്കാരും ആട്ടത്തിൻെറ ആദ്യവസാനങ്ങളിൽ മംഗളമായി നിയമേന പാടുന്നതാണ്. ഇത് ഈ ഗാനങ്ങഠംക്കുള്ള ആദ്ധ്യാത്മികമാഹാത്മ്യത്തിന്നും ഭക്തിരസധോരണിക്കും ദൃഷ്ടാന്തമാകുന്നു. ഈ ഗാനങ്ങളിൽ ചിലത് പ്രഭാതത്തിലും, വേറെ ചിലത് മദ്ധ്യാഹ്നത്തിലും, മററു ചിലത് സന്ധ്യയിലും പാടേണ്ടവയാണെന്നും അങ്ങിനെ പാടുന്നത് ആയുരാരോഗ്യാദിസിദ്ധിക്കു നന്നെന്നും കേട്ടിട്ടുണ്ട്. അഷ്ടപദിയിൽ ജയദേവർ അംഗീകരിച്ചിട്ടുള്ള രാഗങ്ങളും താളങ്ങളും 'രംഗക്കൊഴപ്പി'നെ മാത്രം ഉദ്ദേശിച്ചല്ലാ നിബന്ധിച്ചിട്ടുള്ളത്; സംഗീതശാസ്ത്രപ്രകാരം, ഇന്ന

രാഗവും ഇന്ന താളവുംകൂടി പാടിയാൽ ഇന്ന ഫലം ഉണ്ടാവുമെന്നുള്ള രാഗവിദ്യാതത്വത്തെക്കൂടി ഉദ്ദേശിച്ചാണ്. രാഗങ്ങളിൽ ചിലതു സ്ത്രീരാഗങ്ങളും, ചിലതു ക്ലീബ്‌രാഗങ്ങളുമാണെന്നും, അവയിൽ സ്ത്രീപുരുഷാദിഭേദേന ചില ക്രമങ്ങൾ ഗായകന്മാർ അനുസരിക്കേണ്ടതുണ്ടെന്നും, ആ ഉദ്ദേശത്തോടുകൂടിയാണ് ജയദേവർ വിഭിന്നരാഗങ്ങളിലുള്ള ഇരുപത്തിനാലു ഗാനങ്ങളെ സംഖ്യാനിയമത്തോടുകൂടി നിബന്ധിച്ചിട്ടുള്ളതെന്നും അഷ്ടപദിവ്യാഖ്യാതാവായ ലക്ഷ്മീധരൻ പറഞ്ഞിട്ടുണ്ട്.

ഈ ഗാനങ്ങൾ ഇംഗ്ലീഷിൽ 'ലിറിക്സ്' (Lyrics) എന്നു പറയപ്പെടുന്ന 'ചൂർണ്ണ'കവിതകളുടെ വർഗ്ഗത്തിൽ പെടുന്നവയാണ്. ഈ തരത്തിലുള്ള ഗാനങ്ങളുടെ ഭാഷയിൽ ഒരു മാതിരി ദ്രുതഗതിയും ലാഘവവും മനസ്സിൻെറ സൂക്ഷ്മഭാവങ്ങളെ വ്യഞ്ജിപ്പിക്കാനുള്ള ശക്തിയും വേണം. അവ സംസ്കൃതത്തെപ്പോലെ സംസാരിപ്പാനുപയോഗിക്കാത്ത ഭാഷകളിൽ ഉണ്ടാവാൻ പ്രയാസമാണ്. 'വിക്രമോർവ്വശീയ'ത്തിൽ കാളിദാസർ ചേർത്തിട്ടുള്ള ഗാനങ്ങളിൽ കവിതാഗുണങ്ങൾ ധാരാളമുണ്ടെങ്കിലും മനോഭാവങ്ങളുടെ പുഷ്ടി പോരാതിരിപ്പാനുള്ള കാരണം ഇതാണ്. രസപൌഷ്കല്യംകൊണ്ടു മനസ്സിനെ അലിയിക്കുന്ന ഉൽകൃഷ്ട ചൈതന്യം എല്ലാ ഗാനങ്ങളിൽവെച്ചും അധികമുള്ളതു ബങ്കാളത്തിലെ വൈഷ്ണവകവികൾ എഴുതിയ ബങ്കാളി ഗാനങ്ങൾക്കാണെന്നും സംസ്കൃതത്തിലെ സകലഗാനങ്ങളിലുംവെച്ചു മികച്ചുനില്ക്കുന്നതു ജയദേവരുടെ 'അഷ്ടപദി'യാണെന്നും മഹാകവി രവീന്ദ്രനാഥടാഗോർതന്നെ പ്ര

സ്താവിച്ചിട്ടുണ്ട്. ടാഗോറിൻെറ സുപ്രസിദ്ധഗാനങ്ങളെല്ലാം "വാചസ്പതി" തുടങ്ങിയവരുടെ ബങ്കാളിഗാനങ്ങളുടേയും അഷ്ടപദീഗാനങ്ങളുടേയും രീതിയെ അനുകരിച്ച് എഴുതിയവയാണ്. ടാഗോറിന്നു ജയദേവൻെറ ഗാനങ്ങളിൽ ഉള്ള ഭക്തിബഹുമാനങ്ങൾ അനിവ്വചനീയമാകുന്നു.

ഇതിലെ ഗാനങ്ങൾക്കുള്ള ശബ്ദഭംഗിയും അതോടുകൂടി പ്രകാശിക്കുന്ന അത്ഥപുഷ്ടിയും നോക്കിയാൽ ജയദേവൻ തന്നെപ്പററി "വാഗ്ദേവതാചരിതചിത്രിതചിത്തസത്മാ" എന്നും, തൻെറ കവിതയെപ്പററി "മധുരകോമളകാന്തപദാവലീം" എന്നും, "യൽ ഗാന്ധവ്വകലാസു കൌശലം" എന്നും പറഞ്ഞിട്ടുള്ളത് ഒട്ടും അതിശയോക്തിയായിട്ടില്ലെന്ന് ഏവരും സമ്മതിക്കും. "ആത്മപ്രശംസാദോഷായ ന ഭൃതാത്ഥാഭിശംസിനി" എന്നുണ്ടല്ലോ. സംസ്കൃതത്തിൽ ഗാനമെഴുതി ഫലിപ്പിക്കുന്നതിന്നു ജയദേവക്കെന്നപോലെ ആക്കു സാധിച്ചിട്ടില്ല. ത്യാഗരാജ്ജദീക്ഷിതരുടെ കിത്തനങ്ങൾ മറേറാരോ ഗുണങ്ങളെക്കൊണ്ടാണ് പ്രസിദ്ധമായത്.

അഷ്ടപദിയിലെ ഗാനങ്ങളിലെല്ലാം ജയദേവരുടെ നാമമുദ്ര 'കൊത്തി'യിരിക്കുന്നു. ഇങ്ങിനെ നാമമുദ്ര വിന്യസിക്കുന്നതു സംഗീതകവികളുടെ സമ്പ്രദായമാണ്. ദീക്ഷിതർ നാമമുദ്രയും രാഗമുദ്രയും വിന്യസിച്ചിട്ടുണ്ട്. പ്രാചീനരായ ഗായകകവികളുടെ ഈ സമ്പ്രദായം അനുകരിച്ചിട്ടായിരിക്കണം ഇന്നത്തെ 'പരിഷ്കരിക്ക'പ്പെട്ട 'ഗ്രാമഫോൺ' പാട്ടുകളിൽക്കൂടി അവ പാടിയ പാട്ടുകാരുടെ പേർ പറഞ്ഞുകാണുന്നത്.

## 3. ഇതിവൃത്തവും കഥാസാരവും

"ഗീതഗോവിന്ദത്തിലെ ഇതിവൃത്തം ശ്രീഭാഗവതം ദശമസ്കന്ധത്തിൽ, രാസക്രീഡാവസരത്തിൽ ഭഗവാൻ അതിഗവ്വിതയായ രാധയോടു പിരിഞ്ഞുപോയതും, പിന്നെ രാധ വിരഹവേദന സഹിക്കാതെ വിവശയായപ്പോഠം ഭഗവാനും വിരഹപരവശനായി രാധയോടു കൂടിച്ചേൎന്നതുമായി വേദവ്യാസർ വൎണ്ണിച്ചിട്ടുള്ള ഭാഗമാകുന്നു. ജയദേവർ ഈ കഥയെ 12 സൎഗ്ഗങ്ങളായി ഭാഗിച്ചു വിസ്തരിച്ചു വൎണ്ണിച്ചിരിക്കുന്നു. അതാതു സൎഗ്ഗങ്ങഠംക്കു പ്രത്യേകം പ്രത്യേകം ഓരോ പേരുകഠം കൊടുത്തിട്ടുള്ളതിൽനിന്നുതന്നെ അതിലടങ്ങിയ കഥാഭാഗത്തിൻെറ ചുരുക്കം അറിയാവുന്നതുകൊണ്ട് അതു താഴെ പറയുന്നു:—

I 1-ാംസൎഗ്ഗം 'സാമോദദാമോദര'മാണ്. ഇതിൽ ശ്രീകൃഷ്ണൻ ആമോദത്തോടുകൂടി ഇതരഗോപിമാരോടു ചേൎന്നു രമിക്കുന്നു. അപ്പോഠം വസന്താദികളായ ഉദ്ദീപനങ്ങളാൽ തപ്തയായ രാധയോടു സഖി ശ്രീകൃഷ്ണൻെറ ക്രീഡയെപ്പററി പറയുന്നു. സഖി വസന്തത്തിൻെറ ഉദ്ദീപനതയെ ചതുരമായി വൎണ്ണിക്കയും, രാധയ്ക്കു ഗോപാംഗനാസക്തനായ കൃഷ്ണൻെറ ക്രീഡകഠം അകലത്തുനിന്നു ചൂണ്ടിക്കാണിച്ചു കൊടുക്കുകയും ചെയ്യുന്നു.

II 'അക്ലേശകേശവം'— കൃഷ്ണൻ രാധയുടെ സന്താപമറിയാതെ അക്ലേശനായി രമിക്കുന്നതാണ് ഇതിലെ കഥ. തൻെറ പേരിൽ ശ്രീകൃഷ്ണനുണ്ടായിരുന്ന പ്രേമം കുറഞ്ഞതോൎത്ത് ഈൎഷ്യനിമിത്തം താൻ പോയതിൽ രാധ അനുതപിക്കയും, തന്നോടുകൂടി വീണ്ടും കൃഷ്ണനെസ്സംഗമി

പ്പിച്ച രമിപ്പിക്കുവാൻ സഖിയോടു പ്രാർത്ഥിക്കയും ചെയ്യുന്നു. രാധയുടെ ഹൃദയം ഈർഷ്യയിൽനിന്നു ഉൽക്കണ്ഠയിലേയ്ക്കു സംക്രമിക്കയും, അവൾ കൃഷ്ണനെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

III 'മുഗ്ധമധുസൂദനം'—ശ്രീകൃഷ്ണൻ തന്റെ പേരിൽ അത്യാസക്തയായ രാധയെ ഓർത്തു മുഗ്ധനായിച്ചമഞ്ഞു മററുള്ള ഗോപിമാരെ ഉപേക്ഷിച്ചു, രാധയെ തിരഞ്ഞു കാണാഞ്ഞു ദുഃഖിതനായി ഒരു വള്ളിക്കുടിലിൽ ഇരിക്കുന്നു. രാധ തന്നോടു മുഷിഞ്ഞുപോയതോർത്തു കൃഷ്ണൻ തന്റെ പ്രവൃത്തിയെപ്പററി പശ്ചാത്തപിക്കുന്നു. കാമദേവനോട് ആവലാതി പറയുന്നു, കാമാവസ്ഥയുടെ മൂർദ്ധന്യദശയിലെത്തുന്നു.

IV 'സ്നിഗ്ധമധുസൂദനം'—ശ്രീകൃഷ്ണൻ രാധയുടെ പേരിലുള്ള പ്രേമത്താൽ സ്നിഗ്ധനായിട്ടിരിക്കുമ്പോൾ രാധയുടെ സഖി ചെന്നു രാധയുടെ വിരഹാവസ്ഥകളെപ്പററി പറഞ്ഞു. കൃഷ്ണൻ രാധയുടെ അരികത്തു ചെന്ന് അവളെ പ്രത്യുജ്ജീവിപ്പിക്കേണമെന്നപേക്ഷിക്കയാണ് ഇതിലെ വിഷയം.

V 'സാകാംക്ഷപുണ്ഡരീകാക്ഷം'—രാധയ്ക്കു തന്റെ അരികത്തേയ്ക്കു വരരുതേ എന്ന ആകാംക്ഷയോടുകൂടി കൃഷ്ണൻ സഖിയെ രാധയെ കൂട്ടിക്കൊണ്ടുവരുവാനായി തിരികെ അയയ്ക്കുന്നു. സഖി മടങ്ങിച്ചെന്നു രാധയോടു ശ്രീകൃഷ്ണന്റെ വിരഹപരവശതയെ പറകയും, സങ്കേതസ്ഥാനായ കാമുകന്റെ സമീപത്തേയ്ക്ക് അഭിസാരികയായിച്ചെല്ലുവാൻ ഉപദേശിക്കയും ചെയ്യുന്നു.

VI 'സോൽകണ്ഠവൈകുണ്ഠം'—ഈ സൎഗ്ഗത്തിലും ശ്രീകൃഷ്ണന്റെ ഉൽകണ്ഠ ശമിക്കുന്നില്ല. പരവശയായ രാധയ്ക്കു നടപ്പാൻ വയ്യായ്കയാൽ സഖി വീണ്ടും ചെന്നു, ശ്രീകൃഷ്ണനോടു രാധയുടെ സങ്കടകരമായ സ്ഥിതിയെപ്പറയുന്നു.

VII 'നാഗനാരായണം'—രാധ മദനാൎത്തയായിട്ടിരിക്കവേ സഖി തനിയെ മടങ്ങിവന്നു. രാധ അധികം പരവശയായി. അവൾ ശ്രീകൃഷ്ണൻ 'നാഗ' (വിട) വൃത്തിയെടുത്ത് അന്യനാരിയോടുകൂടി രമിക്കുന്നതായി ധ്യാനദൃഷ്ടിയിൽക്കണ്ടു വ്യസനിക്കുന്നു, വിലപിക്കുന്നു, ഗതിയില്ലാതെ പരവശയായിച്ചമയുന്നു.

VIII 'വിലക്ഷലക്ഷ്മീപതി'—പിറേറദിവസം രാവിലെ ശ്രീകൃഷ്ണൻ വന്നു രാധയെ അനുനയിപ്പിക്കുന്നു. അപ്പോൾ ഖണ്ഡിതയായ രാധ പല പരുഷവാക്കുകളെക്കൊണ്ട് അദ്ദേഹത്തിന്റെ പരനാരീരതിയെ വെറുത്തുപറഞ്ഞു ശ്രീകൃഷ്ണനെ തിരസ്കരിക്കുന്നു. ഇങ്ങിനെ കൃഷ്ണൻ 'വിലക്ഷ'നാകുന്നതാണ് ഇതിലെ കഥ.

IX 'മുഗ്ധമുകുന്ദം'—ഈ സൎഗ്ഗത്തിൽ ശ്രീകൃഷ്ണൻ 'മുഗ്ധ'നായിത്തന്നെ ഇരിക്കുന്നു. കലഹാന്തരിതയായ രാധ അദ്ദേഹത്തെ തിരസ്കരിച്ചതു സാഹസമായിപ്പോയി എന്നു പറഞ്ഞു സഖി രാധയ്ക്കു പശ്ചാത്താപം ജനിപ്പിക്കുന്നു.

X 'ചതുരചതുർഭുജം'—ഇതിൽ ചതുരനായ ശ്രീകൃഷ്ണൻ വൈകുന്നേരം രാധാസമീപത്തു ചെന്നു ചാടുവാക്കുകൾ പറഞ്ഞ് അവളെ അനുനയിച്ചു വശത്താക്കുന്നു. രാധ തെളിയുന്നു.

XI 'സാനന്ദദാമോദരം'—ശ്രീകൃഷ്ണൻ സാനന്ദനായി ക്രീഡാസങ്കേതത്തിലിരിക്കുമ്പോഠം സഖി അഭിസാരികമാരുടെ സൌഭാഗ്യത്തെ പ്രശംസിച്ച് അവളെ സങ്കേതസ്ഥനായ ശ്രീകൃഷ്ണനോടു ചേക്കുന്നു. വിരഹവേദനയും വിലാപവുമെല്ലാം പോയി ആനന്ദം വീണ്ടും വരുന്നു.

XII 'സുപ്രീതപീതാംബരം'—ശ്രീകൃഷ്ണൻ ഏററവും പ്രീതനായി രാധയോടുകൂടി വിസ്തൃതമാംവണ്ണം രതിക്രീഡകഠം ചെയ്യുന്നു. ആ ദിവ്യദമ്പതിമാർ പരമാനന്ദമഗ്നരാകയും കഥ അവസാനിക്കുകയും ചെയ്യുന്നു. ഇങ്ങിനെയാണ് ഇതിലെ വിഷയവിഭാഗം.

## 4. കഥാപാത്രങ്ങളും രസവും

ഇതിൽ മൂന്നു പാത്രങ്ങഠം മാത്രമേ ഉള്ളു. ശ്രീകൃഷ്ണൻ, രാധ, രാധാസഖി എന്നീ മൂന്നുപേരാണ് ഇതിലെ കഥകഠം നിവ്വഹിക്കുന്നത്. ഇവരിൽ ശ്രീകൃഷ്ണനെ വിഷ്ണുവിൻെറ അവതാരം എന്ന നിലയിലുള്ള അത്ഭുതശക്തികളോടുകൂടിയ ഒരു ദിവ്യപുരുഷനായിട്ടാണ് കവി വണ്ണിച്ചിട്ടുള്ളത്. രാത്രിയായാൽ പേടിക്കുന്ന ചെറുകിടാവായ ശ്രീകൃഷ്ണനാണ് രാധയോടുകൂടി രതിക്രീഡകഠം ചെയ്യുന്നത്. എന്നാൽ, കവിയുടെ ആവാഹനശക്തിയിൽ ലയിച്ചുപോയവരായ വായനക്കാരുടെ മനസ്സിൽ 'മേഘൈമ്മേദുരമംബരം' എന്ന പ്രഥമശ്ലോകം കേഠക്കുമ്പോഠം മാത്രമല്ലാതെ ഒരിക്കലും കൃഷ്ണൻ ഒരു കുട്ടിയാണെന്ന് ഓമ്മവരുന്നില്ല. കലാവിദ്യകളിൽ അതിനിപുണനും, കാമികളിൽ അഗ്രഗണ്യനും, ഏററവും സുഭഗാകൃതിയുമായ കൃഷ്ണൻ ധാരാളം അഭിമാനമുള്ള ആളാണ്. തനിയ്ക്കു രാധയുടെ പേ

രിൽ അധികം പ്രതിപത്തിയുണ്ടെന്ന് ഗ്രഹിച്ച് അവശം ഗൎവ്വിതയായപ്പോൾ കൃഷ്ണൻ അവളെ വിട്ടുപിരിഞ്ഞതും, പിന്നെ രാധ സഖിയെ അയച്ചപ്പോൾ അവൾ ഇങ്ങോട്ടു വരട്ടെ എന്നു വാശിപിടിച്ചതും ഇതിന്നു ദൃഷ്ടാന്തമാണ്. എങ്കിലും അനുതാപമുള്ളവരുടെ പേരിൽ ഇദ്ദേഹം ഏററവും ദയാലുവാണ്. രാധയ്ക്കു ഗൎവ്വുണ്ടായെങ്കിലും അവൾ അതിൽ അനുതാപം തോന്നി തന്റെ ഗുണങ്ങളെ വിചാരിച്ചു വിവശയായപ്പോൾ കൃഷ്ണൻ രാധയിൽ ദയാലുവായിത്തീൎന്നു. താൻ അവളെ വ്യസനിപ്പിക്കാൻ ഇടയാക്കിയതിൽ കൃഷ്ണനും പശ്ചാത്തപിച്ചു. പ്രേമമുള്ള സ്ത്രീകളെ അനാദരിക്കുന്ന സ്വഭാവം കൃഷ്ണന്നില്ല. പ്രണയഭംഗംകൊണ്ടു കുപിതയായ പ്രണയിനിയെ മധുരവാക്കുകൾ പറഞ്ഞ് അനുനയിപ്പിക്കുന്നതിൽ കൃഷ്ണനുള്ള സാമൎത്ഥ്യം അദ്വിതീയമാണ്. താൻ കുററക്കാരനാണെങ്കിൽ തന്നെ ഭുജങ്ങളെക്കൊണ്ടു ബന്ധിക്കുകയോ, നഖങ്ങളെക്കൊണ്ടു പിളൎക്കുകയോ, ദന്തങ്ങളെക്കൊണ്ടു വ്രണപ്പെടുത്തുകയോ മററോ ചെയ്തു് ഇഷ്ടംപോലെ ശിക്ഷിക്കാമെന്നും, 'ഘനസ്തനജഘന'യായ രാധ എപ്പോഴും മനസ്സിലിരിക്കുന്നതുകൊണ്ട് അനംഗനായ കാമദേവനൊഴികെ മററാൎക്കും തന്റെ മനസ്സിൽ ഇരിപ്പാൻ സ്ഥലമില്ലെന്നും മററും ഫലിതമയമായി ചാടുവാക്യങ്ങൾ വൎഷിക്കുന്ന ശ്രീകൃഷ്ണൻ ഖണ്ഡിതനായികമാരെ വശത്താക്കുന്നതിൽ ബഹുസമൎത്ഥനാണ്.

രാധ കൃഷ്ണന്ന് അനുരൂപയായ നായികയാകുന്നു. അസാമാന്യമായ രൂപലാവണ്യവും, അതിരുകടന്ന കാമവും ഉള്ള ഒരു പ്രഗത്ഭനായികയാണ് രാധ. പ്രിയതമനെ സ്നേ

ഹിക്കുവാൻ രാധയ്ക്കു ധാരാളം അറിയാം. എന്നാൽ അ ദ്ദേഹം തന്നിലെന്നപോലെ മറ്റൊരു സ്ത്രീയിൽ അനുരക്ത നാകുന്നത് അവൾക്ക് അസഹ്യമാണ്. രാധ കൃഷ്ണൻെറ ഗുണങ്ങളെ വൎണ്ണിക്കുന്നു. കൃഷ്ണൻ തന്നെ തിരസ്കരിച്ചിട്ടു കൂടി അദ്ദേഹത്തിൽ ഉൽക്കണ്ഠിതയാകയും ചെയ്യുന്നു. കലാ വിദ്യകളിൽ നിപുണയായ രാധ കാമസൂത്രങ്ങളെ അ റിയുന്നവളും വിചിത്രരതിയിങ്കൽ സാമൎത്ഥ്യമുള്ളവളുമാ ണ്. കാമുകൻെറ വിരഹം സഹിക്കുവാൻ അവൾ ശക്ത യല്ല. എന്നാൽ അദ്ദേഹത്തിൻെറ അന്യനാരീസക്തിയെ സഹിക്കുവാൻ അത്രയും ശക്തയല്ല. രാധയെ വിരഹോൽക്ക ണ്ഠിതയായും രതിഖണ്ഡിതയായും, വാസകസജ്ജികയായും, അഭിസാരികയായും, സ്വാധീനഭൎത്തൃകയായും, എന്നുവേ ണ്ടാ നാനാതരത്തിലുള്ള നായികമാരുടെ ലക്ഷണങ്ങളോ ടുകൂടിയും നാം കാണുന്നുണ്ട്. ഈ അവസ്ഥകളിലെല്ലാം അവൾക്കുള്ള തന്മയത്വം അസാധാരണമാണ്. ചുരു ക്കിപ്പറയുന്നതായാൽ രാധയെ ശൃംഗാരസാരസൎവ്വസ്വമെ ന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

സഖി രാധാമാധവന്മാൎക്ക് സൎവ്വഥാ അനുരൂപയാ ണ്. രാധയും കൃഷ്ണനും യോജിച്ചിരിക്കുന്നതിൽ സഖിക്കുള്ള ഉൽക്കണ്ഠ അവാച്യമാകുന്നു. കലാനൈപുണ്യം, കാമശാസ്ത്ര ജ്ഞാനം, വാക്സാമൎത്ഥ്യം എന്നിവ രാധാസഖിയ്ക്കു ധാരാള ത്തിലധികമുണ്ട്. വസന്തകാലത്തെ ഉദ്ദീപനവിഭാവങ്ങ ളെപ്പററി രാധയോടു സരസമായി പ്രസംഗിക്കുന്ന സഖി സരസ്വതിയുടെ അവതാരമാണോ എന്നു തോന്നിപ്പോകും. രാധയുടെ വിരഹാവസ്ഥയെപ്പററി കൃഷ്ണനോടും കൃഷ്ണൻെറ

അവസ്ഥയെപ്പററി രാധയോടും ഏററവും തന്മയത്വത്തോടുകൂടി പറയുന്ന സഖി ആ ദമ്പതിമാരുടെ വിസ്രബ്ധമിത്രമാണെന്നു നിസ്സംശയം പറയാം. അഭിസാരിണീവൃത്തിയെപ്പററി ബഹുസരസമായി പ്രസംഗിക്കുന്ന സഖി വിദഗ്ധമാരിൽ അഗ്രഗണ്യയാണെന്നു സമ്മതിക്കാതെ കഴികയില്ല. ശ്രീകൃഷ്ണൻ വരാതിരുന്നപ്പോൾ രാധ സഖിയുടെ വിശ്വസ്തതയെപ്പററി സംശയമുള്ളതുപോലെ സംസാരിച്ചതു കഠിനമായിപ്പോയി. 'സ്നേഹിക്കുമ്പോൾ വെറുക്കുകയും രാഗിക്കുമ്പോൾ ദ്വേഷിക്കുകയും ചെയ്യുന്ന നിനക്കു ചന്ദനച്ചാറു വിഷവും ചന്ദ്രൻ സൂര്യനുമായതിൽ ആശ്ചര്യമില്ല' എന്നു രാധയോടു പരിഭവം പറയുന്ന സഖി കട്ടും ഉപായക്കാരിയല്ല. ആകപ്പാടെ രാധാമാധവന്മാരുടെ മദ്ധ്യസ്ഥയായി അവരെ അന്യോന്യം ഘടിപ്പിക്കുന്ന പ്രസ്തുതസഖി സർവ്വസഖീഗുണങ്ങളും തികഞ്ഞ ഒരുവളാണെന്നു തീർത്തുപറയാം. ഇങ്ങിനെ മൂന്നു കഥാപാത്രങ്ങൾ മാത്രമേ ഇതിലുള്ളുവെങ്കിലും അവ മൂന്നും മൂന്നുതന്നെയാണെന്ന് ഏവരും സമ്മതിക്കും.

ഇനി ഇതിലെ രസനിരൂപണവും സ്വല്പമായി ചെയ്യാം. ഗീതഗോവിന്ദം ശൃംഗാരരസപ്രധാനമായ ഒരു പ്രബന്ധമാണെന്നു പറയേണ്ടതില്ലല്ലോ. ശൃംഗാരപ്രധാനം എന്നല്ലാ ശൃംഗാരമയം എന്നുതന്നെവേണം പറയുവാൻ. ഇതിൽ നായികാനായകന്മാർക്കു പരസ്പരാലംബനമായി അങ്കുരിച്ചതായ രതിഭാവം വസന്തകോകിലാലാപാദികളായ ഉദ്ദീപനവിഭാവങ്ങളാൽ പരിപോഷിതവും, ക്രമേണ ക്രമേണ വർദ്ധമാനവുമായിട്ടു് പന്ത്രണ്ടാം സർഗ്ഗത്തിൽ സംഭോഗശൃംഗാരാത്മനാ പരിണമിച്ച് സഹൃദയഹൃദയത്തെ ആ

ഹ്ളാദിപ്പിക്കുന്നു. 'ന വിനാ വിപ്രലംഭേന സംഭോഗഃ പുഷ്ടിമശ്നുതേ' എന്ന വചനമനുസരിച്ച നായികാനായകന്മാരുടെ വിപ്രലംഭത്തിന്ന് ഇതിൽ അധികമായ സ്ഥാനം അനുവദിച്ചിരിക്കുന്നു. പന്ത്രണ്ടാം സർഗ്ഗത്തിൽ മാത്രമേ വിപ്രലംഭം കഴിഞ്ഞു സംഭോഗശൃംഗാരമായി പരിണമിക്കുന്നുള്ളു. 'ആദൌ വാച്യഃ സ്ത്രിയാ രാഗഃ' എന്ന പ്രമാണമനുസരിച്ച രാധയുടെ രാഗത്തെ ഇതിൽ ആദ്യം വിന്യസിച്ചിരിക്കുന്നു.

## 5. കവിതാനിരൂപണം.

ജയദേവൻെറ കവിതാരീതി ഏററവും ഉൽകൃഷ്ടമാണെന്നുള്ളതിന്നു സംശയമില്ല. സന്ദർഭശുദ്ധിയാണ് ഇദ്ദേഹത്തിൻെറ കവിതയ്ക്കുള്ള വിശേഷമെന്ന് ഈ ഗ്രന്ഥത്തിൻെറ ആരംഭത്തിൽ ഗ്രന്ഥകർത്താവു മററുള്ള കവികളെപ്പററി പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽനിന്നുതന്നെ അറിയാം. മാധുര്യം, മാർദ്ദവം, ഓജസ്സ് എന്നിവ ഇദ്ദേഹത്തിൻെറ രചനയിൽ വിളങ്ങുന്നുണ്ട്. ശ്ലോകങ്ങൾക്കും ഗാനങ്ങൾക്കുമുള്ള ശ്രവണസുഖം ഏതു സഹൃദയൻേറയും മനസ്സിനെ ആഹ്ലാദിപ്പിക്കാതിരിക്കയില്ല. വസന്തവർണ്ണന, നായികാനായകന്മാരുടെ വിപ്രലംഭവർണ്ണന, സംഭോഗവർണ്ണന എന്നിവയിലുള്ള ശ്ലോകങ്ങളിൽ തെളിഞ്ഞുകാണുന്ന ചമല്ക്കാരാതിശയം ഒന്നു വേറെത്തന്നെയാണ്. ഉപമ, ഉൽപ്രേക്ഷ മുതലായി സ്വഭാവസുന്ദരങ്ങളായ അർത്ഥാലങ്കാരങ്ങളും, വൃത്ത്യനുപ്രാസം തുടങ്ങിയുള്ള ശബ്ദാലങ്കാരങ്ങളും ഇതിലെ പദ്യങ്ങളിലും ഗാനങ്ങളിലും സുലഭമാണ്. വസ്തുധ്വനി, അലങ്കാരധ്വനി മുതലായി പല പ്രകാരത്തിലുള്ള

ധ്വനികളും ഇതിൽ ഓരോരോ ഘട്ടങ്ങളിൽ കാണാവുന്ന താണ്. നായികാനായകന്മാരുടെ അവസ്ഥാഭേദങ്ങളെ ക്കൊണ്ടു നാനാപ്രകാരങ്ങളിൽ വരുന്ന ശൃംഗാരങ്ങൾക്കും ഇതിൽ ഉദാഹരണം സുലഭമാണ്.

ജയദേവരുടെ കവിതാരീതി പരീക്ഷിപ്പാനായി ഇതിലെ വല്ല ശ്ലോകങ്ങളേയും എടുത്തു കാണിക്കുന്നതായാൽ മററുള്ള ശ്ലോകങ്ങളുടെ പരിഭവമേല്ക്കേണ്ടിവരുമോ എന്നു ശങ്കയുണ്ടെങ്കിലും, അശോകാവനികാന്യായേന ചിലതു കാണിക്കുന്നു. താഴെ എഴുതുന്ന പദ്യത്തിൽ ക്ഷീരനീരന്യായേന യോജിച്ചിട്ടുള്ള രമണീയശബ്ദങ്ങളുടെ രാസിക്യം നോക്കുക:—

'ദൂരാലോകഃ സ്തോകസ്തബകനമിതാശോകലതികാ-
വികാസഃ കാസാരോപവനപവനോപി വ്യഥയതി,
അപി ഭ്രാമ്യൽഭൃംഗീരണിതരമണീയാ ന മുകുള-
പ്രസൂതിശ്ചൂതാനാം സഖി! ശിഖരിണീയം രമയതി.'

ഈ ശ്ലോകത്തിൽ പദങ്ങളുടെ ചേരുമാനത്തിൽ കവി ചെയ്തിട്ടുള്ള "വിളക്കുപണി" വളരെ കമനീയമായിട്ടുണ്ടെന്നു സംസ്കൃതകവിതകളിൽ സ്വല്പമെങ്കിലും പരിചയിച്ചിട്ടുള്ളവരോടു പറഞ്ഞറിയിക്കേണ്ടതില്ല. സഖി രാധയുടെ മാനാപനോദനത്തിനായിപ്പറയുന്ന,

സ്നിഗ്ദ്ധേ യൽ പരുഷാസി യൽ പ്രണമതി
സ്തബ്ധാസി യദ്രാഗിണി
ദ്വേഷസ്ഥാസി യദുന്മുഖേ വിമുഖതാം
പ്രാപ്താസി തസ്മിൻ പ്രിയേ
തദ്യുക്തം വിപരീതകാരിണി! തവ
ശ്രീഖണ്ഡചർച്ചാ വിഷം

ശീതാംശുസ്തപനോ ഹിമം ഹുതവഹഃ
ക്രീഡാമുദോ യാതനാഃ.'

എന്ന് ശ്ലോകത്തിൽ ഹൃദയംഗമമായി നിബന്ധിച്ചിട്ടുള്ള അൎത്ഥത്തിൻെറ ഭംഗി നോക്കുക. ഇങ്ങിനെയുള്ള ശകാരം ഏതു മാനനിയുടേയും മനസ്സിനെ ഇളക്കാതിരിക്കുമോ? രതിക്രീഡാവൎണ്ണനയിൽ,

"ദോൎഭ്യാം സംയമിതഃ പയോധരതടേ-
നാപീഡിതഃ പാണിജൈ-
രാവിദ്ധോ ദശനൈഃ ക്ഷതാധരപുടഃ
ശ്രോണീതടേനാഹതഃ
ഹസ്തേനാനമിതഃ കചേധരസുധാ-
പാനേന സംമോഹിതഃ
കാന്തഃ കാമപി തൃപ്തിമാപ തദഹോ
കാമസ്യ വാമാ ഗതിഃ."

KOTTAYAM PUBLIC LIBRARY
KOTTAYAM

എന്ന ഭാവപ്രധാനമായ ശ്ലോകത്തിൽ വിളയാടുന്ന രതിക്രീഡാവിലാസദ്ധ്വനികൾ ഏതു സഹൃദയനെയാണ് രസിപ്പിക്കാതിരിക്കുക!

ഗീതഗോവിന്ദത്തിന്ന് ഒരു ശൃംഗാരകാവ്യത്തിൻെറ നിലയിൽ അദ്വിതീയമായ സ്ഥാനമാണുള്ളത്. അലങ്കാരശാസ്ത്രമനുസരിച്ചു നായികാനായകന്മാരേയും രസഭാവാദികളേയും പരിക്ഷിക്കുകയും, വാത്സ്യായനമതാനുസാരേണ രതിക്രീഡാവിധികളെ പരിശോധിക്കുകയും ചെയ്യുന്ന വിമൎശകന്മാൎക്ക് ഈ കാവ്യത്തിൽനിന്നു കിട്ടുന്ന ആനന്ദാതിശയം അനിൎവ്വചനീയമാകുന്നു. സംസ്കൃതസാഹിത്യത്തിലും മലയാളസാഹിത്യത്തിലും പ്രസിദ്ധമായിട്ടുള്ള പല

ശൃംഗാരനിബന്ധനങ്ങളിലും ജയദേവരുടെ ആശയങ്ങൾ കലൎന്നിരിക്കുന്നതു സൂക്ഷ്മപരിശോധനയിൽ സ്പഷ്ടമാകും. രസികന്മാരായ കവികൾക്കു ഗീതഗോവിന്ദം ഒരു നിക്ഷേപമാണെന്നു നിസ്സംശയം പറയാം.

"കാവ്യം യശസേൎത്ഥകൃതേ
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യഃപരനിർവൃതയേ
കാന്താസമ്മിതതയോപദേശയുജേ."

എന്നിങ്ങിനെ പ്രാചീനാചാൎയ്യന്മാർ കാവ്യത്തിന്നു പറഞ്ഞിട്ടുള്ള പ്രയോജനങ്ങൾ മുഴുവൻ ഈ കാവ്യത്തിന്നു തികഞ്ഞിരിക്കുന്നു. ഒന്നാമത്തെ ഫലം യശസ്സാണല്ലോ. ജയദേവക്ക് ഈ ഒരേ ഒരു കാവ്യത്തിന്റെ നിൎമ്മാണംകൊണ്ടുണ്ടായിട്ടുള്ള യശസ്സ് ഇതരകവികൾക്ക് അനവധി കാവ്യങ്ങളുടെ പ്രണയനംകൊണ്ടുകൂടി ഉണ്ടാവാത്തതാണ്. രണ്ടാമത് അൎത്ഥത്തിന്റെ കാൎയ്യം: ഈ അഷ്ടപദിയുടെ നിൎമ്മാണംകൊണ്ടു ജയദേവക്കു രാജാവിന്റെ സ്നേഹവും കൊട്ടാരത്തിൽനിന്ന് ഉപജീവനവും കിട്ടിയതായി പ്രസിദ്ധിയുണ്ട്. മൂന്നാമതു ലോകവ്യവഹാരജ്ഞാനം: പരസ്പരാനുരക്തന്മാരായ കാമിനികാമുകന്മാരുടെ രതിസാധനോപായാദിവ്യവഹാരങ്ങൾ ഇതിൽ കരതലാമലകമെന്നപോലെ വിളങ്ങിക്കാണുന്നുണ്ട്. നാലാമതു 'ശിവേതരക്ഷതി', അതായതു പാപത്തിന്റെ പരിഹാരം: ഈ കാവ്യം ശ്രീകൃഷ്ണലീലാപരമാകയാൽ ഇതിന്റെ ശ്രവണമനനാദികളെക്കൊണ്ടു സൎവ്വപാപങ്ങളും നീങ്ങി പരമാനന്ദം കൈവരുമെന്നു സൎവ്വസമ്മതമാണല്ലോ. അഞ്ചാമതു 'സദ്യഃ പരനിർവൃതി' അതായതു നാനാവിധചിന്തകളാൽ ദുഃഖിതമായ സ

ഹൃദയഹൃദയത്തിന്നു പെട്ടന്നുള്ള നിർവൃതി: ഇത് ഈ കാവ്യത്തിലെ വല്ല പദ്യങ്ങളോ ഗാനങ്ങളോ പരിശീലിക്കുന്നതായാൽ ഏവൎക്കും ഉണ്ടാകുന്നതാണ്. ആരാമത്തു കാന്തയേപ്പോലെ കൃത്യാകൃത്യങ്ങളെ വ്യഞ്ജിപ്പിക്കുക. ഈ ഫലവും അഷ്ടപദിയിൽ സുലഭമാണ്. സൌഭാഗ്യാദികൾകൊണ്ടുണ്ടാകുന്ന ഗൎവ്വം വ്യസനത്തിന്നു കാരണമാണെന്നും, യഥാൎത്ഥമായ പശ്ചാത്താപം മനസ്സിന്റെ സകലദോഷങ്ങളേയും പോക്കുമെന്നും, പരിശുദ്ധമായ പ്രണയത്തിന്ന് അവസാനം ജയം വരുമെന്നും മററും രാധയുടെ അനുഭവംകൊണ്ട് ഈ കാവ്യം വായനക്കാരോട് ഉപദേശിക്കുന്നുണ്ട്.

## 6. ഉപസംഹാരം

ഇങ്ങനെ സൎവ്വാംഗസുന്ദരമായിരിക്കുന്ന ഈ ഗീതഗോവിന്ദം സംഗീതചാതുൎയ്യംകൊണ്ടും, ശ്രീകൃഷ്ണഭക്തികൊണ്ടും ശൃംഗാരരസമാധുൎയ്യംകൊണ്ടും, കാവ്യഗുണങ്ങളെക്കൊണ്ടും അത്യുന്നതമായ ഒരു പദവിയിലാണ് സ്ഥിതിചെയ്യുന്നത്. ജയദേവർ കൎണ്ണാനന്ദകരങ്ങളായ ശബ്ദങ്ങളുടെ രചനകൊണ്ടുതന്നെ നമ്മുടെ മനസ്സിനെ ആദ്യം ആകൎഷിക്കുന്നു. ആകൃഷ്ടമാനസന്മാരായ നാം ഇതിലെ അൎത്ഥഭംഗിയേയും, അലങ്കാരചാതുൎയ്യത്തേയും, രസഭാവാദികളേയും ആസ്വാദിച്ച് തൃപ്തന്മാരായിച്ചമയുന്നു. ജഗദേകപിതാക്കന്മാരായ രാധാമാധവന്മാരുടെ ഗുണങ്ങളെ ഓൎത്തോൎത്തു അവരുടെ പേരിലുള്ള ഭക്തിയാൽ മതിമറന്നു തന്നെത്താനറിയാതെ നമ്മൾ ഇതിൽനിന്നു വിട്ടുമാറുവാൻ ശക്തിയില്ലാത്തവരായിത്തീരുകയും ചെയ്യുന്നു. ആ പഴക്കമേറിയ വി

ഷയം—രാധാമാധവന്മാരുടെ വിരഹവേദനയും അതിന്നു ശേഷമുള്ള ആനന്ദവും—നമ്മുടെ മനസ്സിനെക്കൊണ്ട് 'ചെപ്പും പന്തും' കളിക്കുന്നു. ശ്രീകൃഷ്ണൻെറ വേണുഗാനവും, രാധയുടെ വിരഹവേദനകൊണ്ടുള്ള വിലാപവും ഈ കാവ്യത്തെ ആപാദചൂഡം മനോഹരമാക്കിത്തീക്കുന്നു. ഇതു വായിക്കുമ്പോഠം നാം ശൂന്യമായ ഒരു മരുഭൂമിയിൽനിന്നു ദിവ്യമായ ഒരു ലോകത്തിൽ എത്തിയതുപോലെ അവാച്യമായ ഒരു നിർവൃതിയെ അനുഭവിക്കുന്നു. ആ ലോകത്തിൽ ചന്ദ്രചന്ദനമന്ദപവനാദികളായ രമ്യവസ്തുക്കളും, കോകിലങ്ങളുടെ ആരാവം ഭൃംഗങ്ങളുടെ ഝംകാരം മുതലായവയും, നറുമണം കലന്ന അശോകരസാലാദികുസുമങ്ങളും, കുളിർ തളിരുകളും, ആലിംഗനവും നഖദന്തക്ഷതാദികളുമായ സംസാരത്തിലെ രസഭാഗങ്ങളല്ലാതെ നമുക്കു നിത്യവും അനുഭവമാകുന്നതായ വിരസസംസാരതരംഗങ്ങളുടെ കഥപോലും ഇല്ല. വിയോഗാവസ്ഥയിൽ വേദനയേയും സംയോഗാവസ്ഥയിൽ നിർവൃതിയേയും നൽകുന്നവയായ വസ്തുക്കളല്ലാതെ കേവലം അകിഞ്ചിൽക്കരങ്ങളായ പ്രാപഞ്ചികവസ്തുക്കളുടെ സ്പശംപോലും അവിടെ ഇല്ല. ദൂരസ്ഥനായ ശ്രീകൃഷ്ണനുമായി ഐക്യം പ്രാപിക്കുവാനായി കരയുന്ന രാധ പരമാത്മാവിനോട് ഐക്യം ലഭിക്കുവാനായി ആഗ്രഹിച്ച് പ്രപഞ്ചവിഷയങ്ങളിൽക്കിടന്നു വിലപിക്കുന്ന ജീവാത്മാവിൻെറ സ്ഥാനമാണ് വഹിക്കുന്നത്. രാധാമാധവന്മാരുടെ ഐക്യസിദ്ധി ജീവാത്മപരമാത്മാക്കളുടെ ഐക്യപ്രാപ്തി,—മോക്ഷരൂപമായ കൈവല്യം—എന്ന പരമപുരുഷാത്ഥത്തിൻെറ സ്ഥാനവും വഹിക്കുന്നു. ആ

കയാൽ സംസാരസാഗരത്തിലെ കല്ലോലപരമ്പരകളിൽ അലഞ്ഞു വലയുന്ന ജീവികൾക്കു പരമാനന്ദസ്വരൂപമായ മറുകരയിൽ എത്തിച്ചേരുവാനുള്ള മാർഗ്ഗമാണ് ഈ ഗീതഗോവിന്ദം. നാനാത്വത്തിൽ ഏകത്വം എന്ന വിശിഷ്ട തത്വത്തിന്റെ അദ്ധ്യാപകനായ ഗുരുവര്യനാണ് ജയദേവകവി. ആ മഹാകവിയുടെ കീർത്തിമുദ്രയായ ഈ കാവ്യം ഏതു കാലത്തും ശാശ്വതമായി നിലനില്ക്കുന്നതാണ്. ഇതിന്റെ പഠനചിന്തനാദികൾക്ക് എന്റെ ഈ നിരൂപണം സ്വല്പമെങ്കിലും പ്രയോജകീഭവിക്കുമെങ്കിൽ ഞാനും കൃതാർത്ഥനാകുന്നതാണ്.

എന്ന്

കെ. വി. എം.

# ഗീതഗോവിന്ദകാവ്യം

## (അഷ്ടപദി)

## പ്രഥമസർഗ്ഗം—സാമോദദാമോദരം

ശ്ലോകം

മേഘൈർമ്മേദുരമംബരം വനഭുവഃ
ശ്യാമാസ്തമാലദ്രുമൈ-
ർന്നക്തം ഭീരുരയം ത്വമേവ തദിമം
രാധേ! ഗൃഹം പ്രാപയ
ഇത്ഥം നന്ദനിദേശതശ്ചലിതയോഃ
പ്രത്യദ്ധ്വകുഞ്ജദ്രുമം
രാധാമാധവയോർജ്ജയന്തി യമുനാ-
കൂലേ രഹഃകേളയഃ.

വ്യാഖ്യാനം

രാധാകുചാഭോഗസുഭാഗധേയ-
മാധായ ചിത്തേ പുരുഷം പുരാണം
ശ്രീവാസുദേവേന സതാം ഹിതായ
വ്യാഖ്യായതേ ശ്രീജയദേവസൂക്തിഃ.

ഭക്തശിരോമണിയായിരിക്കുന്ന ശ്രീജയദേവമഹാകവി, രാധാമാധവരതിക്രീഡാപരമായ 'ഗീതഗോവിന്ദം' എന്ന ഗ്രന്ഥം നിർമ്മിക്കുവാൻ ഭാവിച്ചിട്ട്, അതിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായി പ്രബന്ധാദിയിങ്കൽ ഇഷ്ടദേവ

താനമസ്കാരരൂപമായ മംഗളം അനുസന്ധാനം ചെയ്തിട്ട്, രാധാമാധവക്രീഡാരൂപമായ വസ്തുനിർദ്ദേശത്തെ ചെയ്യുന്നു:—കാളിന്ദിതീരത്തിങ്കൽ കാത്യായനീസേവചെയ്തു ചെന്നിരുന്ന നന്ദഗോപർ, രാധയോടു പറഞ്ഞു:—“അല്ലയോ രാധേ! ആകാശം കാർമേഘങ്ങളെക്കൊണ്ടു നിബിഡമായിരിക്കുന്നു. വനപ്രദേശങ്ങൾ പച്ചിലമരങ്ങളെക്കൊണ്ടു കറുത്തിരുണ്ടിരിക്കുന്നു. ഇവൻ (കൃഷ്ണൻ) രാത്രിയിങ്കൽ ഭയമുള്ളവനാണ്. അതുകൊണ്ടു നീതന്നെ ഇവനെ ഗൃഹത്തിലേയ്ക്കു കൊണ്ടാക്കണം.” ഇപ്രകാരം നന്ദഗോപരുടെ കല്പന കേട്ടു രാധയും ശ്രീകൃഷ്ണനും കൂടി ഗൃഹത്തിലേയ്ക്കു പുറപ്പെട്ടു. പോകുമ്പോൾ അവർ കാളിന്ദീനദിയുടെ തീരത്തു വഴികളിലുള്ള വള്ളിക്കുടിലുകളിലും മരങ്ങളുടെ ചുവടുകളിലുംവെച്ചു രതിക്രീഡകൾ ചെയ്തു. രാധാമാധവന്മാരുടെ ആ രതിക്രീഡകൾ സർവ്വോൽകർഷേണ വർത്തിക്കുന്നു. [ഭഗവൽക്രീഡകളാണ് സർവോൽകൃഷ്ടങ്ങളായിട്ടുള്ളതെന്നും, അവയെ താൻ മനസ്സുകൊണ്ടു വന്ദിക്കുന്നുവെന്നും സാരം.]

അനന്തരം കവി, താനുണ്ടാക്കുവാൻ തുടങ്ങുന്ന പ്രബന്ധത്തെ പ്രതിജ്ഞാരൂപേണ അവതരിപ്പിക്കുന്നു:—

ശ്ലോകം

വാഗ്ദേവതാചരിതചിത്രിതചിത്തസദ്മാ
പദ്മാവതീചരണചാരണചക്രവർത്തീ
ശ്രീവാസുദേവരതികേളികഥാസമേത-
മേതം തനോതി ജയദേവകവിഃ പ്രബന്ധം.

വാഗ്ദേവതയായ സരസ്വതീദേവിയുടെ കഥകളാൽ ചിത്രീകരിക്കപ്പെട്ട മനസ്സാകുന്ന ഗൃഹത്തോടുകൂടിയവനും,

പത്മാവതിദേവിയുടെ പാദങ്ങളെക്കൊണ്ടു നൃത്തം വെപ്പിക്കുന്നവനും ആയ ജയദേവകവി, ശ്രീകൃഷ്ണന്റെ രതിക്രീഡാപ്രസംഗംകൊണ്ടു സനാഥമായ ഈ പ്രബന്ധത്തെ നിൎമ്മിക്കുന്നു. [സരസ്വതീചരിത്തിന്റെ ധ്യാനവും ശ്രീകൃഷ്ണഭജനവും തനിക്കവലംബമുണ്ടെന്നും, ശ്രീകൃഷ്ണലീലാപരമായ തന്റെ പ്രബന്ധം സൎവ്വരാലും ആദരണീയമാണെന്നും താല്പൎയ്യം. ജയദേവകവി ശ്രീകൃഷ്ണപൂജാവസാനത്തിൽ ധൎമ്മപത്നിയായ പത്മാവതിയെക്കൊണ്ടു നൃത്തംവെപ്പിക്കുക പതിവാണ്. 'പത്മാവതീചരണചാരണചക്രവൎത്തീ' എന്നതിന്നു ശ്രീഭഗവതിയുടെ പാദഭക്തന്മാരിൽ അഗ്രേസരൻ എന്നൊരൎത്ഥം ചിലർ പറയുന്നുണ്ട്. എന്നാൽ ലക്ഷ്മീധരാദികളായ പ്രാമാണികവ്യാഖ്യാതാക്കന്മാർ നൃത്തപരമായി മുകളിൽ പറഞ്ഞ അൎത്ഥമാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. കവിക്കു സകുടുംബം ഉള്ളതായ ശ്രീകൃഷ്ണഭക്തിയെ വ്യക്തമാക്കുന്ന ഈ അൎത്ഥംതന്നെയാണ് സ്വീകാൎയ്യമെന്നു തോന്നുന്നു.]

കവി, സ്വപ്രബന്ധത്തെ ശ്രവിക്കുവാൻ അധികാരികളായവർ ആരെന്നു പറഞ്ഞ്, അവൎക്കു പ്രബന്ധത്തിങ്കൽ പ്രരോചനയുണ്ടാക്കുന്നു:—

ശ്ലോകം

യദി ഹരിസ്മരണേ സരസം മനോ
യദി വിലാസകലാസു കുതൂഹലം
മധുരകോമളകാന്തപദാവലീം
ശൃണു തദാ ജയദേവസരസ്വതീം.

നിങ്ങൾക്കു ശ്രീകൃഷ്ണഭഗവാനെ സ്മരിക്കുന്നതിൽ മനസ്സിന്നു രസമുണ്ടെങ്കിൽ, ശൃംഗാരവിദ്യകളിൽ കൌതുക

മുണ്ടെങ്കിൽ, നിങ്ങാ (വായനക്കാർ) മാധുൎയ്യവും മാൎദ്ദവവും ഭംഗിയുമുള്ള പദസമൂഹങ്ങളോടുകൂടിയ ജയദേവൻെറ പ്രബന്ധത്തെ കോക്കുവിൻ. [ഇതിൽ 'ഹരിസ്മരണേ+ അസരസം' എന്നു ഛിന്നമായും 'വിലാസകലാസുകുതൂഹലം' എന്നു് അച്ഛിന്നമായും പദങ്ങളെ എടുത്തു് ഒരൎത്ഥം പറയുന്നുണ്ടു്. ആ പക്ഷത്തിൽ ശ്രീകൃഷ്ണസ്മരണത്തിങ്കൽ മനസ്സു താല്പൎയ്യമില്ലാതേയും ശൃംഗാരവിഷയത്തിൽ അതിതാല്പൎയ്യത്തോടുകൂടിയും ഇരിക്കുന്നുവെങ്കിൽ ഈ കാവ്യമാണു് പഠിക്കേണ്ടതെന്നു് അൎത്ഥം. രണ്ടു വിധത്തിലായാലും ശ്രീകൃഷ്ണഭക്തിയും ശൃംഗാരരസികത്വവുമുള്ളവർ, അല്ലെങ്കിൽ അതുണ്ടാവേണമെന്നു മോഹിക്കുന്നവർ—മുമുക്ഷുക്കളും രാഗികളും—ഈ കാവ്യം ശ്രവിക്കുവാൻ അധികാരികളാണെന്നും, ഇതു ഭക്തിരസംകൊണ്ടും ശൃംഗാരംകൊണ്ടും അദ്വിതീയമാണെന്നും ഭാവം.]

കവി, തൻെറ കാലത്തു ജീവിച്ചിരുന്ന ചില പ്രധാനകവികളുടെ ഗുണങ്ങളെ പറഞ്ഞു്, അവരുടെ കാവ്യങ്ങളെ അപേക്ഷിച്ചു തൻെറ കാവ്യത്തിന്നു് അധികം ഗുണമുണ്ടെന്നു കാണിക്കുന്നു:—

ശ്ലോകം

വാചഃ പല്ലവയത്യുമാപതിധരഃ
സന്ദൎഭശുദ്ധിം ഗിരാം
ജാനീതേ ജയദേവ ഏവ ശരണഃ
ശ്ലാഘ്യോ ദുരൂഹദ്രുതേ

ശൃംഗാരോത്തരസൽപ്രമേയരചനൈ-
രാചാൎയ്യഗോവൎദ്ധന-
സ്പൎദ്ധീ കോപി ന വിശ്രുതഃ ശ്രുതിധരോ
ധോയീ കവിക്ഷ്മാപതിഃ.

ഉമാപതിധരൻ വാക്കുകളെ ധാരാളം പ്രകടിക്കുന്നു. വാഗ്വൈചിത്ര്യമാണ് (അൎത്ഥമല്ല) അദ്ദേഹത്തിൻെറ കൃതികളിൽ പ്രധാനമെന്നു ഭാവം. ചരണകവി, ദുൎവ്വിഷയങ്ങളിൽ അല്ല ബുദ്ധി പോകുന്നതെങ്കിൽ, ശ്ലാഘ്യൻതന്നെ. അദ്ദേഹത്തിന്നു ദുൎവ്വിഷയങ്ങളിലാണ് കവിതാവാസന കാണുന്നതെന്നു താല്പൎയ്യം. ശ്രുതിധരകവി ശൃംഗാരപ്രധാനങ്ങളായ ഉത്തമപ്രബന്ധങ്ങളുടെ നിൎമ്മാണംകൊണ്ടു ഗോവൎദ്ധനാചാൎയ്യരോടു മത്സരിക്കുന്നവനാകയാൽ അപ്രസിദ്ധനായിത്തീരുന്നു. ബലവാനോടുള്ള മത്സരമാണ് ശ്രുതിധരൻെറ ശ്രുതിക്കു കേടുവരുത്തുന്നതെന്നൎത്ഥം. ധോയി എന്ന കവി കവിയല്ലാ, കവികളുടെ രാജാവാണ്. രാജാവു പ്രജകളെ ശാസിക്കുന്നതുപോലെ ഗുണദോഷനിരൂപണംചെയ്ത് കവികളെ ശാസിക്കുന്നതിലാണ് സ്വയം കവിതാനിൎമ്മാണത്തിലല്ല അദ്ദേഹത്തിന്നു സാമൎത്ഥ്യമുള്ളതെന്നു സാരം. ഇങ്ങിനെ നോക്കിയാൽ, ആകപ്പാടെ, വാക്കുകളുടെ സന്ദൎഭശുദ്ധിയെ ജയദേവകവി മാത്രമേ അറിയുന്നുള്ളു. സന്ദൎഭശുദ്ധികൊണ്ടുള്ള രസോല്കൎഷം ജയദേവകവിയിൽ അന്യാദൃശമാണെന്ന് അഭിപ്രായം. [ശബ്ദബാഹുല്യമോ, ദുൎവ്വിഷയസക്തിയോ, ബലവാനോടുള്ള മത്സരമോ, മററുള്ളവൎക്കു തെററുപായലോ അല്ല കവിയുടെ ലക്ഷണമെന്നും സന്ദൎഭശുദ്ധിയാണ് സൎവ്വോപരി വേണ്ടതെ

ന്നും സാരം. ഗോവദ്ധനാചാൎയ്യർ ശൃംഗാരവൎണ്ണനയിൽ അദ്വിതീയനാണെന്നു സമ്മതിക്കുന്നു. ലൌകികശൃംഗാരാദിവൎണ്ണനകളെക്കൊണ്ടു വാക്കിന്റെ ശക്തി കുറയുന്നുവെന്നും, ശൃംഗാരാദികൾ ഈശ്വരലീലാപരങ്ങളായിരുന്നാൽ മാത്രമേ സന്ദൎഭത്തിന്നു ശുദ്ധി മതിയാവുള്ളുവെന്നും, അതാണ് തന്റെ പ്രബന്ധത്തിനുള്ള മെച്ചമെന്നും കവിഹൃദയം. ഉമാപതിധരൻ, ചരണൻ, ഗോവദ്ധനാചാൎയ്യൻ എന്നിവർ ജയദേവനെപ്പോലെ, വംഗരാജാവായിരുന്ന ലക്ഷ്മണസേനന്റെ സദസ്സിൽ ഉണ്ടായിരുന്ന കവികളാകുന്നു.]

അനന്തരം കവി, രാധയോടുകൂടി കേവലം ലൌകികനെന്നപോലെ ക്രീഡചെയ്യുന്നവനായ ശ്രീകൃഷ്ണഭഗവാൻ സാക്ഷാൽ പരബ്രഹ്മസ്വരൂപനും മത്സ്യകൂൎമ്മവരാഹാദികളായ ഉൽക്കൎഷാപകൎഷങ്ങൾ ഇല്ലാതെ ശുദ്ധസത്വപ്രകൃതിയായി ഒരേ നിലയിൽത്തന്നെ വൎത്തിക്കുന്നവനുമാണെന്നു സ്ഥാപിക്കുവാൻവേണ്ടി പ്രബന്ധാദിയിങ്കൽ ദശാവതാരകീൎത്തനം ചെയ്യുന്നു:—

## ഒന്നാം അഷ്ടപദി

(മാളവിരാഗം—അടതാളം)

പ്രളയപയോധിജലേ ധൃതവാനസി വേദം
വിഹിതവഹിത്രചരിത്രമഖേദം
കേശവ ധൃതമീനശരീര! ജയ ജഗദീശ! ഹരേ! 1
ക്ഷിതിരതിവിപുലതരേ തവ തിഷ്ഠതി പൃഷ്ഠേ

ധരണിധരണകിണചക്രഗരിഷ്ഠേ
കേശവ ധൃതകച്ഛപരൂപ! ജയ ജഗദീശ! ഹരേ! 2

വസതി ദശനശിഖരേ ധരണി തവ ലഗ്നാ
ശശിനി കളംകകലേവ നിമഗ്നാ
കേശവ ധൃതസൂകരരൂപ! ജയ ജഗദീശ! ഹരേ! 3

തവ കരകമലവരേ നഖമത്ഭുതശൃംഗം
ദലിതഹിരണ്യകശിപുതനുഭൃംഗം
കേശവ ധൃതനരഹരിരൂപ! ജയ ജഗദീശ! ഹരേ! 4

ഛലയസി വിക്രമണേ ബലിമത്ഭുതവാമന!
പദനഖനീരജനിതജനപാവന!
കേശവ ധൃതവാമനരൂപ! ജയ ജഗദീശ! ഹരേ! 5

ക്ഷത്രിയരുധിരമയേ ജഗദപഗതപാപം
സ്നപയസി പയസി ശമിതഭവതാപം
കേശവ ധൃതഭൃഗുപതിരൂപ! ജയ ജഗദീശ! ഹരേ! 6

വിതരസി ദിക്ഷു രണേ ദിക്പതികമനീയം
ദശമുഖമൌലിബലിം രമണീയം
കേശവ ധൃതരഘുപതിരൂപ! ജയ ജഗദീശ! ഹരേ! 7

വഹസി വപുഷി വിശദേ വസനം ജലദാഭം
ഹലഹതിഭീതിമിളിതയമുനാഭം
കേശവ ധൃതഹലധരരൂപ! ജയ ജഗദീശ! ഹരേ! 8

നിന്ദസി യജ്ഞവിധേരഹഹ ശ്രുതിജാതം
സദയഹൃദയ! ദർശിതപശുഘാതം
കേശവ ധൃതബുദ്ധശരീര! ജയ ജഗദീശ! ഹരേ! 9

മ്ലേച്ഛനിവഹനിധനേ കലയസി കരവാളം
ധൂമകേതുമിവ കിമപി കരാളം
കേശവ ധൃതകൽക്കിശരീര! ജയ ജഗദീശ! ഹരേ! 10

ശ്രീജയദേവകവേരിദമുദിതമുദാരം
ശൃണു ശുഭദം സുഖദം ഭവസാരം
കേശവ ധൃതദശവിധരൂപ! ജയ ജഗദീശ! ഹരേ! 11

1. പ്രളയസമുദ്രത്തിലെ ജലത്തിൽ, ലോകോദ്ധാരണത്തിനു കേൾവിപ്പെട്ടതായ വേദം ആണ്ടുപോയപ്പോൾ, മത്സ്യരൂപം ധരിച്ചു (ഹയഗ്രീവനെ വധിച്ച്) അതിനെ നിഷ്പ്രയാസം വീണ്ടെടുത്തവനായ കേശവാ! ഹേ ഹരേ ജഗദീശ്വര! നിന്തിരുവടി ജയിച്ചാലും.

2. ഭൂമിയെ ചുമന്നുണ്ടായ കലകളെക്കൊണ്ടു കനം പിടിച്ചതും വിസ്താരമേറിയതുമായ നിന്തിരുവടിയുടെ പൃഷ്ഠഭാഗത്തു ഭൂമി സ്ഥിതിചെയ്യുന്നു. അങ്ങിനെയുള്ള കൂർമ്മരൂപത്തെ ധരിച്ച് അമൃതമഥനത്തിൽ കടലിൽ താണുപോയ ഭൂമിയെ പൊക്കിയവനായ കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

3. ഭൂമി, ചന്ദ്രനിൽ നിമഗ്നയായ കളങ്കരേഖ എന്നപോലെ അങ്ങയുടെ ദന്താഗ്രത്തിൽ പററിയിരിക്കുന്നു. ഹിരണ്യാക്ഷനെ കൊല്ലുവാനായി അങ്ങിനെയുള്ള വരാഹരൂപത്തെ ധരിച്ച കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

4. അങ്ങയുടെ കരമാകുന്ന പ്രശസ്തമായ താമരപ്പൂവിൽ, ഹിരണ്യകശിപുവിൻെറ ദേഹമാകുന്ന വണ്ടിനെ പിളന്നുകളഞ്ഞ അത്ഭുതശക്തിയുള്ള മുനയോടുകൂടിയ നഖം ആവിർഭൂതമായി. അങ്ങിനെയുള്ള നരസിംഹരൂപം ധരിച്ച കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

5. വാമനരൂപം ധരിച്ച ആശ്ചൎയ്യഭൂതനായ വാമന (മുണ്ടൻ) മൂൎത്തേ! കാൽനഖജലം(കാരണജലം)കൊണ്ടു ജനങ്ങൾക്കു പരിശുദ്ധി വരുത്തിയവനേ! അങ്ങുന്നു തൃക്കാൽ വെപ്പുകൊണ്ടു മഹാബലിയെ സ്ഥാനത്തുനിന്നിളക്കുന്നു. അങ്ങിനെയുള്ള കേശവാ! ഹേ ഹരേ! ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

6. അങ്ങ് ക്ഷത്രിയന്മാരുടെ രക്തമാകുന്ന ജലത്തിൽ കഴുകി പാപംപോക്കി സംസാരതാപം മാററി ജഗത്തിനെ രക്ഷിക്കുന്നു. അങ്ങിനെയുള്ള ഭാൎഗ്ഗവ (പരശുരാമ) രൂപം ധരിച്ച കേശവാ ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

7. ദിക്പാലകന്മാൎക്കു കമനീയമായ വിധം അങ്ങുന്നു യുദ്ധത്തിൽവെച്ചു ദിക്കുകളിൽ ദശമുഖ (രാവണ) ൻെറ തലകളെക്കൊണ്ടുള്ള രമണീയമായ ബലിയെ തൂകുന്നു. അങ്ങിനെയുള്ള ശ്രീരാമചന്ദ്രരൂപം ധരിച്ച കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

8. അങ്ങുന്നു ധവളമായ തിരുമേനിയിൽ, കലപ്പയടിയെ ഭയന്നു ശരണം പ്രാപിച്ചിരിക്കുന്ന കാളിന്ദിയോ എന്നു തോന്നുമാറു കാർമേഘപടലംപോലെ നീലനിറമായ വസ്ത്രം ധരിക്കുന്നു. അങ്ങിനെയുള്ള ബലരാമരൂപം ധരിച്ച കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

9. യാഗാനുഷ്ഠാനത്തിന്നായി വേദങ്ങളിൽ പശുക്കളെ ഹിംസിക്കുവാൻ വിധിച്ചിട്ടുള്ളതുകൊണ്ടു മനസ്സിൽ ദയതോന്നി അങ്ങു വേദങ്ങളെ നിന്ദിക്കുന്നു. അങ്ങിനെയു

ള്ള ബുദ്ധദേവൻെറ ശരീരം ധരിച്ച കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും

10. അങ്ങുന്നു മ്ലേച്ഛന്മാരുടെ സമൂഹത്തെ നിഗ്രഹിക്കുന്ന വിഷയത്തിൽ ധൂമകേതുവിന്നു തുല്യമായി ഭയങ്കരമായിരിക്കുന്ന വാറം കയ്യിലെടുക്കുന്നു. അങ്ങിനെയുള്ള കല്ക്കിരൂപം ധരിച്ച കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

11. ഉൽകൃഷ്ടവും മംഗലവും സുഖപ്രദവും സംസാരസാരവുമായ ഈ സ്തോത്രം ശ്രീജയദേവകവിയിങ്കൽനിന്ന് ഉൽഭൂതമായതു കേട്ടാലും. അല്ലയോ ദശവിധമായ രൂപം ധരിച്ച് അവതരിച്ച കേശവാ! ഹേ ഹരേ ജഗദീശ്വരാ! നിന്തിരുവടി ജയിച്ചാലും.

മേൽപറഞ്ഞ ദശാവതാരങ്ങളെ സംഗ്രഹിച്ച് ആ അവതാരമൂത്തികളെല്ലാം ശ്രീകൃഷ്ണഭഗവാൻെറ തന്നെ പ്രതിബിംബങ്ങളാണെന്നു കവി സ്ഥാപിക്കുന്നു:—

ശ്ലോകം

വേദാനുദ്ധരതേ ജഗന്തി വഹതേ
ഭൂഗോളമുദ്ബിഭ്രതേ
ദൈത്യം ദാരയതേ ബലിം ഛലയതേ
ക്ഷത്രക്ഷയം കുവ്വതേ
പൌലസ്ത്യം ജയതേ ഹലം കലയതേ
കാരുണ്യമാതന്വതേ
മ്ലേച്ഛാന്മൂർച്ഛയതേ ദശാകൃതികൃതേ
കൃഷ്ണായ തുഭ്യം നമഃ.

മത്സ്യാവതാരത്തിൽ വേദങ്ങളെ ഉദ്ധരിക്കുന്നതും, കൂർമ്മാവതാരത്തിൽ ലോകങ്ങളെ വഹിക്കുന്നതും, വരാഹാവ

താരത്തിൽ ഭൂഗോളത്തെ എടുക്കുന്നതും, നരസിംഹാവതാരത്തിൽ ഹിരണ്യകശിപു എന്ന ദൈത്യനെ പിളക്കുന്നതും, വാമനാവതാരത്തിൽ മഹാബലിയെ ചതിക്കുന്നതും, പരശുരാമാവതാരത്തിൽ ക്ഷത്രിയന്മാരെ ക്ഷയിപ്പിക്കുന്നതും, ശ്രീരാമാവതാരത്തിൽ രാവണനെ ജയിക്കുന്നതും, ബുദ്ധാവതാരത്തിൽ കരുണയെ പരത്തുന്നതും, കല്ക്യവതാരത്തിൽ മ്ലേച്ഛന്മാരെ നിഗ്രഹിക്കുന്നതും, എല്ലാം ഒരാൾതന്നെയാണ്. അങ്ങിനെയുള്ള പത്തു രൂപങ്ങളെ ധരിച്ച് അവതാരം ചെയ്യുന്ന ശ്രീകൃഷ്ണപരമാത്മാവായ നിന്തിരുവടിക്കു നമസ്കാരം.

അനന്തരം കവി ഭഗവാൻെറ നാനാഗുണഗണങ്ങളേയും അപദാനങ്ങളേയും മനസ്സിൽ ധ്യാനിച്ചുകൊണ്ടു ഭക്തിപരവശനായിട്ടു സ്തോത്രം ചെയ്യുന്നു:—

## രണ്ടാം അഷ്ടപദി

(ഗുഞ്ജരിരാഗം—അടതാളം)

ശ്രിതകമലാകുചമണ്ഡല! ധൃതകുണ്ഡല!
കലിതലളിതവനമാല! ജയജയ ദേവ ഹരേ! 1
ദിനമണിമണ്ഡലമണ്ഡന! ഭവഖണ്ഡന!
മുനിജനമാനസഹംസ! ജയജയ ദേവ ഹരേ! 2
കാളിയവിഷധരഭഞ്ജന! ജനരഞ്ജന!
യദുകുലനളിനദിനേശ! ജയജയ ദേവ ഹരേ! 3
മധുമുരനരകവിനാശന! ഗരുഡാസന!
സുരകുലകേളിനിദാന! ജയജയ ദേവ ഹരേ! 4
അമലകമലദളലോചന! ഭവമോചന!

ത്രിഭുവനഭവനനിധാന! ജയജയ ദേവ ഹരേ! 5
ജനകസുതാകുചഭൂഷണ! ജിതദൂഷണ!
സമരശമിതദശകണ്ഠ! ജയജയ ദേവ ഹരേ! 6
അഭിനവജലധരസുന്ദര! ധൃതമന്ദര!
ശ്രീമുഖചന്ദ്രചകോര! ജയജയ ദേവ ഹരേ! 7
ശ്രീജയദേവകവേരിദം കുരുതേ മുദം
മംഗലമുജ്ജ്വലഗീതം ജയജയ ദേവ ഹരേ! 8

1. അല്ലയോ ലക്ഷ്മീദേവിയുടെ മുലത്തടത്തെ ആശ്രയിച്ചവനേ! കാതിൽ കുണ്ഡലങ്ങളും മാറിൽ ഭംഗിയേറിയ വനമാലയും അണിഞ്ഞവനേ! ഹേ ഹരേ നിന്തിരുവടി ജയിച്ചാലും.

2. അല്ലയോ സൂര്യമണ്ഡലത്തിന്നൊത്ത ആഭരണമുടയവനേ! സംസാരമറുത്തവനേ! മഹർഷിമാരുടെ മാനസത്തിന്നു ഹംസമേ! ഹേ ഹരേ! നിന്തിരുവടി ജയിച്ചാലും. (ദിനമണിമണ്ഡലമണ്ഡനൻ എന്നതിന്നു 'സവിതൃമണ്ഡലമദ്ധ്യവർത്തി'യായ നാരായണനെന്നും അർത്ഥമാകാം.)

3. അല്ലയോ കാളിയനെന്ന സർപ്പത്താനെ ഭഞ്ജിച്ചവനേ! ജനങ്ങളെ രഞ്ജിപ്പിച്ചവനേ! യാദവവംശമാകുന്ന താമരപ്പൂവിന്ന് സൂര്യനായുള്ളോനേ ഹേ ഹരേ നിന്തിരുവടി ജയിച്ചാലും.

4. അല്ലയോ മധു, മുരൻ, നരകൻ എന്ന അസുരന്മാരെ സംഹരിച്ചവനേ! ഗരുഡങ്കിൽ ഇരിക്കുന്നവനേ! ദേവപരിഷയുടെ ക്രീഡകൾക്കു പ്രധാനകാരണമേ! ഹേ ഹരേ! നിന്തിരുവടി ജയിച്ചാലും.

5. അല്ലയോ തെളിഞ്ഞ കമലദളമൊത്ത കണ്ണുടയവനേ! സംസാരത്തെ കളയുന്നവനേ! മൂന്നു ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നവനേ! ഹേ ഹരേ! നിന്തിരുവടി ജയിച്ചാലും.

6. അല്ലയോ സീതാദേവിയുടെ കുചങ്ങൾക്കു ഭൂഷണമായവനേ! ദൂഷണനെ ജയിച്ചവനേ! യുദ്ധത്തിൽ രാവണനെ ഒതുക്കിയവനേ! ഹേ ഹരേ! നിന്തിരുവടി ജയിച്ചാലും. (ജിതദൂഷണൻ എന്നതിന്നു സീതയെ ത്യജിച്ചു ജനാപവാദം പോക്കിയവനെന്നും അൎത്ഥമാകാം.)

7. അല്ലയോ പുതുമഴക്കാറുപോലെ നിറമുടയവനേ! മന്ദരഗിരിയെടുത്തവനേ! ശ്രീഭഗവതിയുടെ മുഖചന്ദ്രന്നു ചകോരമായവനേ! ഹേ ഹരേ നിന്തിരുവടി ജയിച്ചാലും. ('ചകോരശ്ചന്ദ്രികാപായീ' എന്നുണ്ട്. അതിനാൽ ശ്രീഭഗവതിയുടെ മുഖത്തിന്നു ചകോരം എന്നതിന്നു മുഖത്തെ ആസ്വാദിക്കുന്നവൻ എന്നൎത്ഥം.)

8. ശ്രീജയദേവകവിയുടെ ഉജ്ജ്വലമായ ഈ ഗീതം സന്തോഷത്തെ തരുന്നു. ഹേ ഹരേ! നിന്തിരുവടി ജയിച്ചാലും.

അനന്തരം കവി അദ്ധ്യേതാക്കൾക്കു മംഗളം പ്രാൎത്ഥിക്കുന്നു:—

ശ്ലോകം

പത്മാപയോധരതടീപരിരംഭലഗ്ന-
കാശ്മീരമുദ്രിതമുരോ മധുസൂദനസ്യ
വ്യക്താനുരാഗമിവ ഖേലദനംഗഖേദ-
സ്വേദാംബുപൂരമനുപൂരയതു പ്രിയം വഃ.

ശ്രീഭഗവതിയുടെ സ്തനാലിംഗനസമയത്തു സ്തനങ്ങളിൽ തേച്ചിട്ടുള്ള കുങ്കുമം പതിഞ്ഞ് അടയാളപ്പെട്ടതും, ഉള്ളിലുള്ള അനുരാഗം ബഹിൎഗ്ഗമിച്ചു പ്രകാശിക്കുന്നതോ എന്നു തോന്നുമാറിരിക്കുന്നതും, കാമക്രീഡയിലുള്ള ഖേദം നിമിത്തം വിയൎപ്പുവെള്ളം പൊടിഞ്ഞതുമായ മധുസൂദനസ്വാമിയുടെ തിരുമാറിടം നിങ്ങൾക്ക് അഭീഷ്ടം നൽകട്ടെ. [ചുകപ്പുനിറമായ കുങ്കുമത്തെ രജോഗുണത്തിൻെറ അംശമാകയാൽ രക്തവൎണ്ണമായ അനുരാഗമാണോ എന്ന് ഉൽപ്രേക്ഷിച്ചിരിക്കുന്നു.]

രാധയോടു സഖി പറയുവാൻ ഭാവിക്കുന്നതായി കവി പറയുന്നു:—

ശ്ലോകം

വസന്തേ വാസന്തീകുസുമസുകുമാരൈരവയവൈർ-
ഭ്രമന്തീം കാന്താരേ ബഹുവിഹിതകൃഷ്ണാനുസരണാം
അമന്ദം കന്ദൎപ്പജ്വരജനിതചിന്താകുലതയാ
വലൽബാധാം രാധാം സരസമിദമൂചേ സഹചരീ.

വസന്തത്തിങ്കൽ മല്ലപ്പൂപോലെ മൃദുലങ്ങളായ അവയവങ്ങളെക്കൊണ്ടു കാട്ടിൽ ചുററിത്തിരിഞ്ഞു വളരെനേരം ശ്രീകൃഷ്ണനെ തിരഞ്ഞുനടന്നവളും കാമജ്വരംനിമിത്തമുണ്ടായ ചിന്താപാരവശ്യത്താൽ ഏററവും ക്ഷീണിച്ചവളുമായ രാധയോട് അവളുടെ പ്രിയസഖി താഴെ പറയുംപ്രകാരം സരസമായി പറഞ്ഞു.

## മൂന്നാം അഷ്ടപദി

(വസന്തരാഗം—അടതാളം)

ലളിതലവംഗലതാപരിശീലനകോമളമലയസമീരേ
മധുകരനികരകരംബിതകോകിലകൂജിതകുഞ്ജകുടീരേ

വിഹരതി ഹരിരിഹ സരസവസന്തേ നൃത്യതി
യുവതിജനേന സമം സഖി! വിരഹിജനസ്യ ദുരന്തേ. 1

ഉന്മദമദനമനോരഥപഥികവധൂജനജനിതവിലാപേ
അളികുലസങ്കുലകുസുമസമൂഹനിരാകുലബകുളകലാപേ
(വിഹരതി) 2

മൃഗമദസൌരഭരഭസവശംവദനവദളമാലതമാലേ
യുവജനഹൃദയവിദാരണമനസിജനഖരുചികിംശുകജാലേ
(വിഹരതി) 3

മദനമഹീപതികനകദണ്ഡരുചികേസരകുസുമവികാസേ
മിളിതശിലീമുഖപാടലപടലകൃതസ്മരതൂണവിലാസേ
(വിഹരതി) 4

വിഗളിതലജ്ജിതജഗദവലോകനതരുണകരുണകൃതഹാസേ
വിരഹിനികൃന്തനകുന്തമുഖാകൃതികേതകിദന്തുരിതാശേ
(വിഹരതി) 5

മാധവികാപരിമളലളിതേ നവമാലികയാതിസുഗന്ധൌ
മുനിമനസാമപി മോഹനകാരിണി തരുണാകാരണബന്ധൌ
(വിഹരതി) 6

സ്ഫുരദതിമുക്തലതാപരിരംഭണമുകുളിതപുളകിതചൂതേ
വൃന്ദാവനവിപിനേ പരിസരപരിഗതയമുനാജലപൂതേ
(വിഹരതി) 7

ശ്രീജയദേവഭണിതമിദമുദയതി ഹരിചരണസ്മൃതിസാരം
സരസവസന്തസമയവനവർണ്ണനമനുഗതമദനവികാരം
(വിഹരതി) 8

1. ഹേ പ്രിയസഖി! വസന്തത്തിൽ ലളിതങ്ങളായ എലവങ്ഗവല്ലികളിൽ തട്ടി മനോഹരമായ മലയവായുവി നോടു കൂടിയതും ഭൃംഗപംക്തികളെക്കൊണ്ടു നിറഞ്ഞും, കു

യിലുകൾ പാടിക്കൊണ്ടുമിരിക്കുന്ന വള്ളിക്കുടിലുകളോടുകൂടിയതും വിരഹിജനങ്ങൾക്ക് ഏററവും ദുസ്സഹവുമായ വൃന്ദാവനോദ്യാനത്തിൽ ശ്രീകൃഷ്ണൻ യുവതിമാരുമായി കളിച്ച് അതാ നൃത്തംചെയ്യുന്നു.

2. അതിതീവ്രമായ കാമപീഡ സഹിക്കാഞ്ഞു വിരഹിണീജനങ്ങൾ വിലപിച്ചുകൊണ്ടിരിക്കുന്നതും, വണ്ടുകൾ തിങ്ങിയ കുസുമനിരകളാൽ നിറഞ്ഞ ഇലഞ്ഞികളെക്കൊണ്ടു മനോഹരവുമായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡിക്കുന്നു.

3. കസ്തൂരിയുടെ പരിമളധോരണി കലൎന്നു വിടൎന്നു നില്ക്കുന്ന തമാലമരങ്ങളോടും, യുവജനങ്ങളുടെ ഹൃദയം പിളൎക്കുവാൻ കാമദേവൻ നീട്ടിയ നഖങ്ങളോ എന്നു തോന്നുമാറിരിക്കുന്ന പ്ലാശിൻപൂക്കളോടും കൂടിയതായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡിക്കുന്നു.

4. മദനമഹാരാജാവിൻെറ പൊന്നിൻകാലുള്ള വെണ്കൊററക്കുടപോലെ വിളങ്ങുന്ന പുന്നപ്പൂക്കൾ വിടൎന്നുനില്ക്കുന്നതും, വണ്ടുകൾ വന്നു പാററിയ പാതിരിപ്പൂക്കൾ കാമദേവൻെറ ആവനാഴിയോ എന്നു തോന്നുമാറു ശോഭിക്കുന്നതുമായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡിക്കുന്നു.

5. ജനങ്ങൾ ലജ്ജവിട്ടു ചാപല്യം കാണിക്കുന്നതു കണ്ടു പുഞ്ചിരിയിടുകയോ എന്നു തോന്നുമാറു കരുണപുഷ്പങ്ങൾ വിടൎന്നുനില്ക്കുന്നതും, വിരഹിജനങ്ങളെ കുത്തിക്കോൎക്കുവാനുമുള്ള കുന്താഗ്രങ്ങളുടെ ആകൃതിയിലുള്ള കൈതപ്പൂക്കൾ ദിക്കിലൊക്കെ നിറഞ്ഞിരിക്കുന്നതുമായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡിക്കുന്നു.

6. മല്ലികമലരുകളുടെ പരിമളംകൊണ്ടു മനോഹരവും, പിച്ചകപ്പൂക്കളെക്കൊണ്ടു നറുമണം കലൎന്നതും, മഹൎഷിമാരുടെ മനസ്സിന്നുകൂടി മോഹം വളൎത്തുന്നതും, യൌവ്വനയുക്തന്മാൎക്ക് അകാരണബന്ധുവും ആയ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡിക്കുന്നു.

7. മുല്ലവള്ളികളുടെ ആലിംഗനത്താൽ മൊട്ടിട്ടു കോൾമയിർകൊണ്ടതുപോലെയിരിക്കുന്ന തേൻമാവുകളോടുകൂടിയതും, നാലുപാടും ഒഴുകുന്ന കാളിന്ദിനദിയുടെ ജലംകൊണ്ടു പരിശുദ്ധവുമായ വൃന്ദാവനോദ്യാനത്തിൽ ശ്രീകൃഷ്ണൻ യുവതിമാരോടുകൂടി ക്രീഡിക്കുന്നു.

8. സരസമായ വസന്തസമയത്തെ വൎണ്ണനമായ ഈ ഗീതം ശ്രീജയദേവകവിയിൽനിന്ന് ഉണ്ടായതാകുന്നു. ഇതു ശ്രീകൃഷ്ണപാദസ്മരണം പ്രധാനമായും ശൃംഗാരവികാരം അനുഗതമായും ഉള്ളതാകുന്നു.

വസന്തവൎണ്ണന. സഖിയുടെ വാക്ക്:—

ശ്ലോകം

ദരവിദലിതമല്ലീവല്ലിചഞ്ചൽപരാഗ—
പ്രകടിതപടവാസൈൎവ്വാസയൻ കാനനാനി
ഇഹ ഹി ദഹതി ചേതഃ കേതകീഗന്ധബന്ധുഃ
പ്രസരദസമബാണപ്രാണവൽ ഗന്ധവാഹഃ.

ഇതാ ഇവിടെ കുറഞ്ഞൊന്നു വിടൎന്നിരിക്കുന്ന മല്ലികവള്ളികളിൽനിന്നുതിരുന്ന പൂമ്പൊടികളാകുന്ന വാസനപ്പൊടികൾ വിതറി കാനനങ്ങളെ സുരഭിലങ്ങളാക്കിത്തീൎക്കുന്നതും, പൂക്കൈതയുടെ പരിമളം കലൎന്നിരിക്കുന്നതും, പഞ്ചബാണന്റെ പ്രാണനെപ്പോലെയുള്ളതും ആയ ഇളങ്കാററു മനസ്സിനെ ദഹിപ്പിക്കുന്നു.

ശ്ലോകം

ഉന്മീലന്മധുഗന്ധലുബ്ധമധുപ-
വ്യാധൂതചൂതാങ്കുര-
ക്രീഡൽകോകിലകാകളീകളരവൈ-
രുൽഗീർണ്ണകർണ്ണജ്വരാഃ
നീയന്തേ പഥികൈഃ കഥംകഥമപി
ധ്യാനാവധാനക്ഷണ-
പ്രാപ്തപ്രാണസമാസമാഗമരസോ-
ല്ലാസൈരമീ വാസരാഃ.

വണ്ടുകഠം തേന്മാവിൻെറ പൂക്കളിലുള്ള തേന്മണം കൊതിച്ച് ആ മാമ്പൂക്കളെ ചെന്നിളക്കുന്നു. കുയിലുകഠം ആ പൂക്കളിൽ കളിച്ചു മധുരങ്ങളായ കാകളീഗാനങ്ങളെ മുഴക്കുന്നു. ആ ഗാനങ്ങഠം ഈ വസന്തനാളുകളിൽ വിരഹികളുടെ കർണ്ണങ്ങഠംക്കു സന്താപം വളർത്തുന്നു. വിരഹികഠം തങ്ങളുടെ ദൂരസ്ഥന്മാരായ പ്രാണപ്രിയന്മാരെ മനസ്സറപ്പിച്ചു ധ്യാനിച്ചു ക്ഷണനേരത്തേയ്ക്കു് അവരുടെ സങ്കല്പസമാഗമസുഖം അനുഭവിച്ചുംകൊണ്ടു വളരെ പണിപ്പെട്ടിട്ടാണ് ഈ വസന്തവാസരങ്ങളെ കഴിച്ചുകൂട്ടുന്നത്.

കവിവാക്യം:—

ശ്ലോകം

അനേകനാരീപരിരംഭസംഭ്രമ-
സ്ഫുരന്മനോഹാരിവിലാസലാലസം
മുരാരിമാരാദുപദർശയന്ത്യസൌ
സഖീ സമക്ഷം പുനരാഹ രാധികാം.

അനന്തരം സഖി ഗോപസ്ത്രീകളുടെ നടുവിൽ അവരെ ആലിംഗനം ചെയ്യുന്ന സംഭ്രമത്തിൽ മനോഹരങ്ങളാ

യ കാരോരോ ശൃംഗാരചേഷ്ടകളിൽ ലയിച്ചിരിക്കുന്ന ശ്രീകൃഷ്ണനെ ദൂരത്തു കാണിച്ചുകൊടുത്തുംകൊണ്ടു പിന്നേയും രാധയോടു പറയുന്നു.

# നാലാം അഷ്ടപദി

(രാമക്രിയാരാഗം—ഏകതാളം)

ചന്ദനചർച്ചിതനീലകളേബരപീതവസനവനമാലി
കേളിചലന്മണികുണ്ഡലമണ്ഡിതഗണ്ഡയുഗഃ സ്മിതശാലീ

ഹരിരിഹമുഗ്ദ്ധവധൂനികരേവിലാസിനിവിലസതികേളിപരേ. 1

പീനപയോധരഭാരഭരേണ ഹരിം പരിരഭ്യ സരാഗം
ഗോപവധൂരനുഗായതി കാചിദുദഞ്ചിതപഞ്ചമരാഗം.

(ഹരിരിഹ) 2

കാപി വിലാസവിലോലവിലോചനഖേലനജനിതമനോജം
ധ്യായതി മുഗ്ദ്ധവധൂരധികം മധുസൂദനവദനസരോജം.

(ഹരിരിഹ) 3

കാപി കപോലതലേ മിളിതാ ലപിതും കിമപി ശ്രുതിമൂലേ
ചാരു ചുചുംബ നിതംബവതീ ദയിതം പുളകൈരനുകൂലേ.

(ഹരിരിഹ) 4

കേളികലാകുതുകേന ച കാചിദമും യമുനാവനകൂലേ
മഞ്ജുളവഞ്ജുളകുഞ്ജഗതം വിചകർഷ കരേണ ദുകൂലേ.

(ഹരിരിഹ) 5

കരതലതാളതരളവലയാവലികലിതകളസ്വനവംശേ
രാസരസേ സഹ നൃത്തപരാ ഹരിണാ യുവതിഃ പ്രശശംസേ

(ഹരിരിഹ) 6

ശ്ലിഷ്യതി കാമപി ചുംബതി കാമപി കാമപി രമയതി രാമാം
പശ്യതി സസ്മിതചാരു പരാമപരാമനുഗച്ഛതി വാമാം
(ഹരിരിഹ) 7

ശ്രീജയദേവഭണിതമിദമത്ഭുതകേശവകേളിരഹസ്യം
വിപിനവിനോദകലാവലിതം വിതനോതു ശുഭാനി യശസ്യം.
(ഹരിരിഹ) 8

1. നീലനിറമായ പൂമേനിയിൽ ചന്ദനം തേച്ചും മഞ്ഞപ്പട്ടുടുത്തും വനമാലയണിഞ്ഞും, ക്രീഡയിങ്കൽ ഇളകുന്ന മണിമയകുണ്ഡലങ്ങളാൽ മിന്നുന്ന കവിൾത്തടത്തോടും ചെറുതായൊരു പുഞ്ചിരിയോടുംകൂടി, മുഗ്ദ്ധമാരായി കളിക്കുന്ന സ്ത്രീകളുടെ കൂട്ടത്തിൽ, അല്ലയോ സഖി! ഇതാ ശ്രീകൃഷ്ണൻ കളിക്കുന്നു.

2. ഒരു ഗോപസ്ത്രീ തൻെറ തടിച്ചുകനത്ത കൊങ്കത്തടംകൊണ്ടു ശ്രീകൃഷ്ണനെ അനുരാഗപരവശയായി പുണൎന്നിട്ടു രസാവേശത്താൽ മതിമറന്നു പഞ്ചമരാഗംകൊണ്ടു പാട്ടുകൾ പാടുന്നു.

3. മുഗ്ദ്ധയായ ഒരുവൾ ശൃംഗാരതരളമായ കണ്ണുകളുടെ കളികൊണ്ടു കാമം വളൎത്തുന്ന ശ്രീകൃഷ്ണൻെറ മുഖകമലത്തെ അധികമായി ധ്യാനിക്കുന്നു.

4. വിപുലനിതംബയായ ഒരുവൾ എന്തോ ഒന്നു ചെവിയിൽ പറയുവാനായിട്ടു ദയിതനായ ശ്രീകൃഷ്ണൻെറ പുളകംകലൎന്ന കവിളത്തു പററിനിന്നു മനോഹരമായി ചുംബനംചെയ്തു.

5. മറെറാരുവൾ യമുനാതീരവനത്തിങ്കൽ ക്രീഡിപ്പാനുള്ള കൌതുകം ഹേതുവായിട്ടു മനോഹരമായ വഞ്ചുള

വള്ളിക്കുടിലിൽ ഇരിക്കുന്ന ശ്രീകൃഷ്ണനെ ഉടുപുടയിൽ പിടിച്ചു കൈകൊണ്ടു വലിച്ചു.

6. രാസക്രീഡയിൽ ശ്രീകൃഷ്ണൻ വേണുഗാനം ചെയ്യുമ്പോൾ ഒരു ഗോപസ്ത്രീ താളത്തിന്നൊത്തു കൈകൾ കൊട്ടി കൈവളകളുടെ കിലുക്കംകൊണ്ടു വേണുഗാനത്തിന്നു കൊഴുപ്പു വരുത്തി കൃഷ്ണനോടൊത്തു നൃത്തം ചെയ്തു. നിപുണയായ അവളെ ഭഗവാൻ പ്രശംസിച്ചു.

7. കൃഷ്ണൻ ഒരുവളെ പുണരുന്നു, മററൊരുവളെ ചുംബിക്കുന്നു, വേറൊരുവളെ രസിപ്പിക്കുന്നു, ഇനിയൊരുവളെ മനോഹരമായ പുഞ്ചിരി തൂകിക്കൊണ്ടു കടാക്ഷിക്കുന്നു, കോപനയായ ഒരുവളെ അനുനയിപ്പാനായി അനുഗമിക്കുകയും ചെയ്യുന്നു.

8. ശ്രീകൃഷ്ണൻെറ വൃന്ദാവനവിനോദങ്ങളാൽ പരിപൂൎണ്ണമായ ഈ രാസക്രീഡാരഹസ്യം ശ്രീജയദേവകവിയാൽ വൎണ്ണിതമായി. യശസ്കരമായ ഇതു ശുഭം നൽകട്ടെ.

ഇങ്ങിനെ രാധയോടു ഭഗവാൻെറ രാസക്രീഡയെ വൎണ്ണിച്ചു പറഞ്ഞിട്ടു സഖി ഭഗവാൻെറ താല്ക്കാലികകാന്തിവിശേഷത്തെ സംക്ഷിപ്തമായി വൎണ്ണിക്കുന്നു:—

ശ്ലോകം

വിശേഷാമനുരഞ്ജനേന ജനയ—
ന്നാനന്ദമിന്ദീവര—
ശ്രേണീശ്യാമളകോമളൈരുപനയ—
ന്നംഗൈരനംഗോത്സവം
സ്വച്ഛന്ദം വ്രജസുന്ദരീഭിരഭിതഃ
പ്രത്യംഗമാലിംഗിതഃ

ശൃംഗാരസ്സഖി! മൂൎത്തിമാനിവ മധൌ
മുഗ്ദ്ധോ ഹരിഃ ക്രീഡതി.

മുഗ്ദ്ധനായ ശ്രീകൃഷ്ണൻ എല്ലാ ജനങ്ങളേയും രഞ്ജിപ്പിച്ച് ആനന്ദമുളവാക്കിത്തീൎത്തും, നീലത്താമരമാലപോലെ ശ്യാമളകോമളങ്ങളായ അവയവങ്ങളെക്കൊണ്ടു കാമോത്സവം ചേൎത്തും, നാലുപുറവും ചുഴന്നിട്ടുള്ള സുന്ദരിമാരായ ഗോപസ്ത്രീകളാൽ അംഗംതോറും യഥേഷ്ടം ആലിംഗനം ചെയ്യപ്പെട്ടും, മൂൎത്തിമത്തായ ശൃംഗാരംതന്നെയോ എന്നു തോന്നുമാറ്, ഹേ സഖി! ഈ വസന്തത്തിൽ ക്രീഡിക്കുന്നു.

അനന്തരം സഖി വസന്തത്തിലുള്ള ഉദ്ദീപനവിഭാഗങ്ങളെപ്പററി വൎണ്ണിക്കുന്നു:—

ശ്ലോകം

അദ്യോത്സംഗവസത്ഭുജംഗകബള-
ക്ലേശാദിവേശാചലം
പ്രാലേയപ്ലവനേച്ഛയാനുസരതി
ശ്രീഖണ്ഡശൈലാനിലഃ
കിഞ്ച സ്നിഗ്ദ്ധരസാലമൌലിമുകുളാ-
ന്യാലോക്യ ഹൎഷോദയാ-
ദുന്മീലന്തി കുഹൂഃ കുഹൂരിതി കളോ-
ത്താളാഃ പികാനാം ഗിരഃ.

ഇതാ ഇപ്പോൾ ചന്ദനപൎവ്വതത്തിലെ മന്ദമാരുതൻ സമീപവാസികളായ സൎപ്പങ്ങൾ വിഴുങ്ങുന്നതുകൊണ്ടുള്ള ചൂടു മാററുവാനായി മഞ്ഞുവെള്ളത്തിൽ മുങ്ങുവാൻ മോഹിച്ചിട്ടോ എന്നു തോന്നുമാറ് ഹിമാലയമഹാഗിരിയിലേയ്ക്കു വീശുന്നു. എന്നു മാത്രമല്ല തേൻമാവുകളുടെ മുകളിൽ

സ്നിഗ്ദ്ധങ്ങളായ പൂമൊട്ടുകൾ പുറപ്പെട്ടതു കണ്ടിട്ടുള്ള സന്തോഷത്താൽ 'കുഹൂഃ കുഹൂഃ' എന്നിങ്ങിനെ കളമധുരങ്ങളായ കുയിൽനാദങ്ങൾ പുറപ്പെടുകയും ചെയ്യുന്നു. [വസന്തകാലത്തു മലയവായു വടക്കോട്ടു വീശുന്നതു സഹജമാണ്. മലയഗിരിയിൽ സൎപ്പങ്ങൾ സുലഭവും അവയ്ക്കു് ആഹാരം വായുവാണെന്നു പ്രസിദ്ധവുമാകുന്നു. അതിനാൽ പ്രകൃതത്തിൽ തെക്കൻകാറ്റിന്റെ വടക്കോട്ടുള്ള ഗതിക്കു കാരണം സൎപ്പകബളനംകൊണ്ടുള്ള ചൂടു തീൎക്കുവാൻ വടക്കുള്ള ഹിമാലയത്തിലെ മഞ്ഞുവെള്ളത്തിൽ മുങ്ങാനുള്ള കൊതിയാണോ എന്ന് ഉൽപ്രേക്ഷിക്കുന്നു. വസന്തകാലത്തു കുയിലുകൾ 'കുഹൂഃ കുഹൂഃ' എന്നു ശബ്ദിക്കുന്നതായി പ്രസിദ്ധിയുണ്ട്. 'കുഹൂരുതാഹൂയതചന്ദ്രവൈരിണി' എന്നു കുയിൽനാദത്തിന്റെ പ്രസ്താവത്തിൽ ശ്രീഹൎഷമഹാകവിയും പ്രയോഗിച്ചിട്ടുണ്ട്.]

സൎഗ്ഗാവസാനത്തിൽ കവി മംഗളാചരണം ചെയ്യുന്നു:—

ശ്ലോകം

രാസോല്ലാസഭരേണ വിഭ്രമഭൃതാ-
മാഭീരവാമഭ്രുവാ-
മഭ്യൎണ്ണേ പരിരഭ്യ നിൎഭരമുരഃ
പ്രേമാന്ധയാ രാധയാ
സാധു ത്വദ്വദനം സുധാമയമിതി
വ്യാഹൃത്യ ഗീതസ്തുതി-
വ്യാജാലിംഗിതചുംബിതഃ സ്മിതമനോ-
ഹാരീ ഹരിഃ പാതു വഃ.

രാസക്രീഡാവസരത്തിൽ ഗോപസ്ത്രീകൾ പല ശൃംഗാരചേഷ്ടകൾ ചെയ്യുന്നതിനിടയിൽ അവരുടെ മദ്ധ്യത്തിൽവെച്ചു ഭഗവാന് ഏററവും അഭിമതയായ രാധയാൽ, അദ്ദേഹത്തിൻെറ മാറിടത്തെ മുറുകെ തഴുകി പ്രേമത്താൽ മതിമറന്ന് 'നിന്തിരുവടിയുടെ മുഖം (അധരം) അമൃതുതന്നെയാണ്' എന്നു പറഞ്ഞു വേണുഗാനത്തെ സ്തുതിക്കുക എന്ന വ്യാജേന ആലിംഗനംചെയ്തു ചുംബിക്കപ്പെട്ടിട്ട് അതിൻെറ സുഖം നിമിത്തം ഇളംപുഞ്ചിരി തൂകിക്കൊണ്ടു മനോഹരാകാരനായിരിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണൻ നിങ്ങളെ രക്ഷിക്കട്ടെ. ['മംഗളാദീനി മംഗളമദ്ധ്യാനി മംഗളാന്താനി പ്രഥന്തേ കാവ്യാനി' എന്ന പ്രമാണപ്രകാരം കവി 'മേഘൈർമ്മേദുരം' എന്നതുകൊണ്ടു സർഗ്ഗാരംഭത്തിലും, 'പത്മാപയോധരതടീ' എന്നതുകൊണ്ടു സർഗ്ഗമദ്ധ്യത്തിലും, 'രാസോല്ലാസ' എന്നതുകൊണ്ടു സർഗ്ഗാന്തത്തിലും മംഗളം ചെയ്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊൾക. ഈ പ്രബന്ധം മുഴുവൻ ശ്രീകൃഷ്ണലീലാപരമാകയാൽ സർവ്വമംഗളമാകകൊണ്ടു മംഗളം പറഞ്ഞിട്ടില്ലാത്ത ദിക്കുകളിലും യഥാസ്ഥാനം ഉന്നേയമാകുന്നു.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദികാവ്യേ
പ്രഥമസർഗ്ഗഃ സമാപ്തഃ.

## ദ്വിതീയസർഗ്ഗം—അക്ലേശകേശവം

ശ്രീകൃഷ്ണൻ മററു ഗോപസ്ത്രീകളൊരുമിച്ചു ക്രീഡിക്കുന്നതു കണ്ടു കുപിതയായ രാധ, സഖിയോടു തൻെറ അവസ്ഥ പറയുവാൻ ഭാവിക്കുന്നതായി കവി പറയുന്നു:—

19643

ശ്ലോകം

വിഹരതി വനേ രാധാ സാധാരണപ്രണയേ ഹരൌ
വിഗളിതനിജോല്ക്കൎഷാദീൎഷ്യാവശേന ഗതാന്യതഃ
ക്വചിദപി ലതാകുഞ്ജേ ഗുഞ്ജന്മധുവ്രതമണ്ഡലീ–
മുഖരശിഖരേ ലീനാ ദീനാപ്യുവാച രഹസ്സഖീം.

ശ്രീകൃഷ്ണൻ സ്വസാധാരണമായ പ്രേമത്തോടുകൂടി മററു ഗോപസ്ത്രീകളൊന്നിച്ചു വനത്തിൽ ക്രീഡിക്കുന്ന സമയത്തു, തന്റെ ഉല്ക്കൎഷം പൊയ്പ്പോകയാൽ, രാധ ഈൎഷ്യാകോപംകൊണ്ട് അവിടെനിന്നു പോയി. അവൾ വണ്ടിൻകൂട്ടത്തിന്റെ മുരളിച്ചകൊണ്ടു മുകൾഭാഗം മുഴുവൻ ശബ്ദായമാനമായിരിക്കുന്ന ഒരു വള്ളിക്കുടിലിൽ ഒളിച്ചിരുന്നിട്ടു് ഏററവും ദീനയായിക്കൊണ്ടു സഖിയോടു പറഞ്ഞു. [ശ്രീകൃഷ്ണനു് മററുള്ള ഗോപസ്ത്രീകളെ അപേക്ഷിച്ചു തന്റെ പേരിൽ അധികം പ്രേമമുണ്ടെന്നായിരുന്നു രാധയുടെ അഭിമാനം. അതില്ലെന്നു സ്പഷ്ടമായപ്പോൾ അവൾക്കു കോപവും താപവും സഹിക്കവയ്യാതായി എന്നു ഭാവം.]

## അഞ്ചാം അഷ്ടപദി

(ഗുഞ്ജരീരാഗം—രൂപകതാളം)

സഞ്ചരദധരസുധാമധുരധ്വനിമുഖരിതമോഹനവംശം
വലിതദൃഗഞ്ചലചഞ്ചലമൌലികപോലവിലോലവതംസം
രാസേ ഹരിമിഹ വിഹിതവിലാസം
സ്മരതി മനോ മമ കൃതപരിഹാസം. 1
ചന്ദ്രകചാരുമയൂരശിഖണ്ഡകമണ്ഡലവലയിതകേശം

പ്രചുരപുരന്ദരധനുരനുരഞ്ജിതമേദുരമുദിരസുവേഷം.

(രാസേ) 2

ഗോപകദംബനിതംബവതീമുഖചുംബനലംഭിതലോഭം
ബന്ധുജീവമധുരാധരപല്ലവകലിതദരസ്മിതശോഭം.

(രാസേ) 3

വിപുലപുളകഭുജപല്ലവവലയിതവല്ലവയുവതിസഹസ്രം
കരചരണോരസി മണിഗണഭൂഷണകിരണവിഭിന്നതമിസ്രം.

(രാസേ) 4

ജലദപടലചലദിന്ദുവിനിന്ദകചന്ദനതിലകലലാടം
പീനപയോധരപരിസരമർദ്ദനനിർദ്ദയഹൃദയകവാടം.

(രാസേ) 5

മണിമയമകരമനോഹരകുണ്ഡലമണ്ഡിതഗണ്ഡമുദാരം
പീതവസനമനുഗതമുനിമനുജസുരാസുരപരിവാരം.

(രാസേ) 6

വികചകദംബതലേ മിളിതം കലികലുഷഭയം ശമയന്തം
മാമപി കിമപി തരംഗദനംഗദൃശാ വപുഷാ രമയന്തം.

(രാസേ) 7

ശ്രീജയദേവഭണിതമതിസുന്ദരമോഹനമധുരിപുരൂപം
ഹരിചരണസ്മരണംപ്രതി സമ്പ്രതി പുണ്യവതാമനുരൂപം.

(രാസേ) 8

1. വേണുഗാനത്തിൽ ഇളകുന്നതായ അധരസുധ കൊണ്ടു മധുരമായ ശബ്ദത്തോടുകൂടി മനോഹരമായ ഓടക്കുഴൽ ഊതിക്കൊണ്ടും, കണ്ണുകഠം ഇളകി തലയാട്ടി കവിഠംത്തടത്തിൽ കുണ്ഡലം മിന്നിക്കൊണ്ടും രാസക്രീഡാതല്പരനായി സ്ഥിതിചെയ്യുന്ന പരിഹാസശീലനായ ശ്രീകൃഷ്ണനെ എന്റെ മനസ്സ് അനുസ്മരിക്കുന്നു.

2. പീലിക്കണ്ണുകൊണ്ടു മനോഹരമായ മയിൽപ്പീലകൾ ചേർത്തു തലമുടി മെടഞ്ഞുകെട്ടി, മഴവില്ലുകൊണ്ടു മനോജ്ഞമായ കാർമുകിൽപോലെ ശോഭിക്കുന്ന വേഷം പൂണ്ട ശ്രീകൃഷ്ണനെ എൻെറ മനസ്സ് സ്മരിക്കുന്നു.

3. ഗോപസുന്ദരിമാരുടെ മുഖചുംബനത്തിൽ തൃഷ്ണപൂണ്ടും ചെമ്പരത്തിപ്പൂ(ഉച്ചമലരിപ്പൂ)വ്വൊത്ത മധുരമായ അധരപല്ലവത്തിൽ ഇളംപുഞ്ചിരി തൂകിക്കൊണ്ടും സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണനെ എൻെറ മനസ്സ് സ്മരിക്കുന്നു.

4. കുളുക്കേ കോററമയിക്കേ്കാണ്ട കൈത്തളിരുകളെക്കൊണ്ട് അനേകം ഗോപനാരിമാരെ തഴുകിക്കൊണ്ടും കയ്യിലും കാലിലും മാറിലുമുള്ള പലതരം മണിഭൂഷണങ്ങളുടെ കിരണകന്ദളങ്ങളാൽ ഇരുളകററിക്കൊണ്ടും ഇരുന്നരുളുന്ന ശ്രീകൃഷ്ണനെ എൻെറ മനസ്സ് സ്മരിക്കുന്നു.

5. കാർമേഘനിരയിൽ ശോഭിക്കുന്ന ചന്ദ്രബിംബത്തോക്കാറം കാന്തിയേറിയ ചന്ദനപ്പൊട്ടു തൊട്ട നെററിത്തടത്തോടും, തടിച്ച കൊങ്കത്തടത്തിൽ ദയകൂടാതെ മർദ്ദനം ചെയ്യുന്ന വക്ഷഃപ്രദേശത്തോടും കൂടിയ ശ്രീകൃഷ്ണനെ എൻെറ മനസ്സ് സ്മരിക്കുന്നു.

6. മണിമയവും മനോജ്ഞവുമായ മകരകുണ്ഡലം കൊണ്ട് അലംകൃതമായ ഗണ്ഡപ്രദേശത്തോടും മുനിമാർ, മനുഷ്യർ, സുരന്മാർ, അസുരന്മാർ എന്നിവരാകുന്ന പരിവാരങ്ങളോടുകൂടി മഞ്ഞപ്പട്ടുമുടുത്തു മിന്നി പ്രകാശിക്കുന്ന ഉദാരനായ ശ്രീകൃഷ്ണനെ എൻെറ മനസ്സ് സ്മരിക്കുന്നു.

7. പൂത്തുനില്ക്കുന്ന കടമ്പിൻചുവട്ടിൽ ഒത്തുചേ ൎന്നു കണ്ണുകളിൽ കാമം ഇളകിമറിയുന്ന തിരുമെയ്കൊണ്ടു (ദൂരസ്ഥയായ) എന്നെയും തെല്ലൊന്നു രമിപ്പിക്കുന്ന ആ കലികലുഷനാശനനായ ശ്രീകൃഷ്ണനെ എൻെറ മനസ്സ് സ്മ രിക്കുന്നു.

8. ശ്രീജയദേവകൃതിയും ശ്രീകൃഷ്ണൻെറ സുന്ദരരൂപ ത്തെ വൎണ്ണിക്കുന്നതും ആയ ഈ ഗാനം സുകൃതശാലികൾ ക്ക് അനുരൂപമാകുന്നു. ഇതു ഹരിചരണസ്മരണത്തി ന്നായിക്കൊണ്ടു ഭവിക്കട്ടെ!

വിപ്രലംഭാവസ്ഥയിലിരിക്കുന്ന തൻെറ മനസ്സിനെ പ്പററി രാധ ആവലാതി പറയുന്നു:—

ശ്ലോകം

ഗണയതി ഗുണഗ്രാമം ഭാമം ഭ്രമാദപി നേഹതേ
വഹതി ച പരീതോഷം ദോഷം വിമുഞ്ചതി ദൂരതഃ
യുവതിഷു വലത്തൃഷ്ണേ കൃഷ്ണേ വിഹാരിണി മാം വിനാ
പുനരപി മനോ വാമം കാമം കരോതി കരോമി കിം.

എൻെറ മനസ്സ് ശ്രീകൃഷ്ണൻെറ ഗുണഗണങ്ങളെ എണ്ണുന്നു; ആ ഭ്രമത്തിൽനിന്നു മാറുവാൻ ഇച്ഛിക്കുന്നില്ല; കൃഷ്ണൻെറ പേരിൽ മനസ്സ് ഇപ്പോഴും സന്തോഷിക്കുന്നു; അദ്ദേഹത്തിൻെറ ദോഷമെല്ലാം ദൂരെ തള്ളുന്നു. യുവതി മാരിൽ തൃഷ്ണ മുഴുത്തു ശ്രീകൃഷ്ണൻ എന്നെ കൂടാതെ രമിച്ചും കൊണ്ടിരിക്കുമ്പോൾ പിന്നെയും വാമമായ ഈ മനസ്സ് അദ്ദേഹത്തിൽത്തന്നെ കാമം വഹിക്കുന്നു; ഞാൻ എന്തു ചെയ്യട്ടെ? [ഇതിൽനിന്നു രാധയുടെ പശ്ചാത്താപവും തീ വ്രാനുരാഗവും സ്പഷ്ടമാകുന്നു.]

അനന്തരം രാധ പൂർവ്വസമാഗമസുഖം അനുസ്മരിച്ച് ഉൽക്കണ്ഠിതയായി സഖിയോടു തന്റെ ആഗ്രഹങ്ങളെ തുറന്നു പറയുന്നു:—

## ആറാം അഷ്ടപദി

(ഗുഞ്ജക്രിയാരാഗം—ഏകതാളം)

നിഭൃതനികുഞ്ജഗൃഹം ഗതയാ നിശി രഹസി നിലീയ വസന്തം
ചകിതവിലോകിതസകലദിശാ രതിരഭസരസേന ഹസന്തം
സഖി ഹേ കേശിമഥനമുദാരം രമയ മയാ സഹ
മദനമനോരഥഭാവിതയാ സവികാരം 1

പ്രഥമസമാഗമലജ്ജിതയാ പടുചാടുശതൈരനുകൂലം
മൃദുമധുരസ്മിതഭാഷിതയാ ശിഥിലീകൃതജഘനദുകൂലം
(സഖി ഹേ) 2

കിസലയശയനനിവേശിതയാ ചിരമുരസി മമൈവ ശയാനം
കൃതപരിരംഭണചുംബനയാ പരിരഭ്യ കൃതാധരപാനം
(സഖി ഹേ) 3

അലസനിമീലിതലോചനയാ പുളകാവലിലളിതകപോലം
ശ്രമജലസകലകളേബരയാ വരമദനമദാദതിലോലം
(സഖി ഹേ) 4

കോകിലകളരവകൂജിതയാ ജിതമനസിജതന്ത്രവിചാരം
ശ്ലഥകുസുമാകുലകുന്തളയാ നഖലിഖിതഘനസ്തനഭാരം
(സഖി ഹേ) 5

ചരണരണിതമണിനൂപുരയാ പരിപൂരിതസുരതവിതാനം
മുഖരവിശൃംഖലമേഖലയാ സകചഗ്രഹചുംബനദാനം
(സഖി ഹേ) 6

രതിസുഖസമയരസാലസയാ ദരമുകുളിതനയനസരോജം

നിസ്സഹനിപതിതതനുലതയാ മധുസൂദനമുദിതമനോജം
(സഖി ഹേ) 7

ശ്രീജയദേവഭണിതമിദമതിശയമധുരിപുനിധുവനശീലം
സുഖമുൽകണ്ഠിതരാധികയാ കഥിതം വിതനോതു സലീലം
(സഖി ഹേ) 8

1. അല്ലയോ സഖീ! രഹസ്സിങ്കൽ ഒളിച്ചിരുന്നു രതിക്രീഡാരസംകൊണ്ടു ഹസിക്കുന്നവനും ഉദാരനും വികാരമേറിയവനുമായ ശ്രീകൃഷ്ണനെ രാത്രിയിങ്കൽ വിജനമായ ലതാഗൃഹത്തിലിരുന്നു ഭയപ്പെട്ട് നാലു ദിക്കിലേയ്ക്കും കണ്ണോടിച്ചുകൊണ്ട് മദനമനോരഥത്തിൽ മഗ്നയായിരിക്കുന്ന എന്നോടുകൂടിച്ചേർത്തു നീ രമിപ്പിച്ചാലും. (ലതാഗൃഹമാകുന്ന സങ്കേതത്തിലേയ്ക്കു കൃഷ്ണനെ കൂട്ടിക്കൊണ്ടു വരണമെന്നു താല്പര്യം.)

2. പ്രഥമസമാഗമത്തിൽ നാണംവരുമ്പോൾ അനേകം ചാടുവാക്കുകൾ പറയുന്നവനും മൃദുമധുരമായി പുഞ്ചിരിപൂണ്ടു സംസാരിക്കുമ്പോൾ ജഘനവസനം നീക്കുന്നവനുമായ ആ അനുകൂലനായ ശ്രീകൃഷ്ണനെ എന്നോടു ചേർത്തു രമിപ്പിച്ചാലും.

3. ഞാൻ തളിർമെത്തമേൽ ശയിക്കുമ്പോൾ എന്റെ മാറിടത്തിൽ ചിരനേരം കിടന്നും, ഞാൻ ആലിംഗനചുംബനങ്ങൾ ചെയ്യുമ്പോൾ എന്നെ ആലിംഗനം ചെയ്ത് അധരം നുകർന്നും രമിക്കുന്ന ശ്രീകൃഷ്ണനെ നീ എന്നോടുകൂടി രമിപ്പിച്ചാലും.

4. എന്റെ മിഴി ആലസ്യംകൊണ്ട് അടയുമ്പോൾ കവിൾത്തടങ്ങളിൽ പുളകംകലർന്നും, രതിശ്രമംകൊണ്ട് എന്റെ ദേഹം മുഴുവൻ വിയർക്കുമ്പോൾ കാമ

ൻെറ മദത്താൽ ലോലനായും ക്രീഡിക്കുന്ന ശ്രീകൃഷ്ണനെ നീ എന്നോടുകൂടി രമിപ്പിച്ചാലും.

5. ഞാൻ മധുരരവത്തോടുകൂടി 'കുയിൽ കൂകുമ്പോഴും' 'പിറാവു കൂകുമ്പോഴും' കാമശാസ്ത്രം കവിഞ്ഞു ക്രീഡിച്ചും, വാർകുന്തളം അഴിഞ്ഞു മലർനിര പൊഴിയുമ്പോൾ കൊങ്കത്തടത്തിൽ നഖലേഖനം ചെയ്തും കളിക്കുന്ന ശ്രീകൃഷ്ണനെ നീ എന്നോടുകൂടി രമിപ്പിച്ചാലും.

6. എൻെറ കാലുകളിൽ മണിനൂപുരങ്ങൾ കിലുങ്ങുമ്പോൾ സുരതലീലാവിസ്താരം മുഴമിച്ചും, അരയിൽ അരഞ്ഞാൺ കിലുങ്ങുമ്പോൾ മുടിപിടിച്ചു ചുംബനം നൽകിയും വിലസുന്ന ശ്രീകൃഷ്ണനെ നീ എന്നോടു ചേർത്തു രമിപ്പിച്ചാലും.

7. രതിസുഖസമയത്തെ രസത്താൽ ഞാൻ അലസയാകുമ്പോൾ നയനാരവിന്ദം കുറഞ്ഞൊന്നു കൂമ്പിയും, എൻെറ കുളുർമേനി നിസ്സഹമായി ശയ്യയിൽ ചായുമ്പോഴയ്ക്കു വീണ്ടും കാമാവേശം കലൎന്നും കളിക്കുന്ന മധുസൂദനസ്വാമിയെ നി എന്നോടു ചേർത്തു രമിപ്പിച്ചാലും.

8. ശ്രീജയദേവകവി പാടിയതും, ഉല്ക്കണ്ഠിതയായ രാധ പറഞ്ഞതും വിലാസം നിറഞ്ഞതുമായ ഈ വിശേഷപ്പെട്ട ശ്രീകൃഷ്ണസുരതക്രീഡ സുഖത്തെ നൽകട്ടെ.

[ഈ ഗാനം രാധ ശ്രീകൃഷ്ണനുമായി മുമ്പ് അനുഭവിച്ചിട്ടുള്ള ക്രീഡാസുഖത്തെ അനുസ്മരിച്ചും, താദൃശമായ അമന്ദമദനാനന്ദം വീണ്ടും അനുഭവിക്കുവാൻ ഇടവരുത്തേണമെന്നു സഖിയോടു പ്രാൎത്ഥിച്ചും ചെയ്യുന്നതാണ്. ഇതിൽ പറഞ്ഞിട്ടുള്ള നായികയുടെ ലജ്ജ, സ്മിതഭാഷണം, ശയ്യാനിവേശം, ആലിംഗനചുംബനം, നേത്രനിമീലനം,

സേ്വദോൽഗമം, "കുയിലും പ്രാവും കൂകൽ" കുന്തളം അഴിയൽ, മഞ്ജീരശിഞ്ജിതം, മേഖലാശബ്ദം, ആലസ്യം, ശയ്യാപതനം എന്നിവ കാമശാസ്ത്രോക്തമായ രതിക്രീഡയുടെ യഥാക്രമമുള്ള പതനങ്ങളാണ്. അവയ്ക്കനുസരിച്ച നായകൻെറ ചാടുവാക്യം, വസ്ത്രമോചനം, ഉരശ്ശയനം, ആലിംഗനചുംബനം, പുളകോൽഗമം, ലൌല്യം, കാമതന്ത്രലംഘനം, നഖലേഖനം, സുരതവിസ്താരം, കചഗ്രഹചുംബനം, നയനനിമീലനം, പുനഃക്രീഡാഭിലാഷം, എന്നിവയും നിബന്ധിക്കപ്പെട്ടിരിക്കുന്നു. നായികയുടെ "കുയിലും പിറാവും കൂകൽ" രതിസമയത്തു മതിമറന്നു പുറപ്പെടുന്ന ഒരുതരം കൂജിതമാകുന്നു. കുയിൽ കൂകുക, പിറാവു കൂകുക, എന്നു മുതലായി കുയിൽ മുതലായവയുടെ ശബ്ദസാമ്യംകൊണ്ടു രതികൂജിതം പലതരത്തിലുണ്ട്. പ്രകൃതത്തിൽ "കോകിലകളരവകൂജിതയാ" എന്നതിന്നു കോകിലത്തിൻെറയും കളരവത്തിൻെറയും ശബ്ദം പുറപ്പെടുവിച്ചവൾ എന്ന് അർത്ഥം. മഞ്ജീരശിഞ്ജിതം, മേഖലാരാവം, എന്നിവ സുരതം കഴിഞ്ഞ് എഴുന്നേല്ക്കുമ്പോൾ ഉണ്ടാവുന്നതും, കചഗ്രഹണവും ചുംബനവും അപ്പോൾ നായകൻ ചെയ്യുന്നതും ആണെന്ന് അറിഞ്ഞുകൊൾക. കാമതന്ത്രലംഘനം "രതിചക്രേ പ്രവൃത്തേ തു നൈവ ശാസ്ത്രം ന ച ക്രമഃ" ഇത്യാദി വാത്സ്യായനവചനസിദ്ധം.]

അനന്തരം രാധ സഖിയോടു തൻെറ മനഃസ്ഥിതിയെ അഭിനിവേശത്തോടുകൂടി പറയുന്നു:—

ശ്ലോകം

ഹസ്തസ്രസ്തവിലാസവംശമനൃജു–
ഭ്രൂവല്ലിമദ്വല്ലവീ–

വൃന്ദോത്സാരിദ്രുഗന്തവിക്ഷിതമതി-
സ്വേദാർദ്രഗണ്ഡസ്ഥലം
മാമുദ്വീക്ഷ്യ വിലക്ഷിതസ്മിതസുധാ-
മുഗ്ദ്ധാനനം കാനനേ
ഗോവിന്ദം വ്രജസുന്ദരീഗണവൃതം
പശ്യാമി ഹൃഷ്യാമി ച.

വേണുഗാനത്തിൽ രസാവേശത്താൽ മനോഹരമായ ഓടക്കുഴൽ കയ്യിൽനിന്നു കിഴിഞ്ഞും, ഭംഗിയേറിയ പുരികക്കൊടി തെല്ലൊന്നു വളഞ്ഞും, ഗോപസ്ത്രീകളിൽ ലീലാകടാക്ഷം പൊഴിഞ്ഞും, കവിൾത്തടങ്ങളിൽ സ്വേദജലം വഴിഞ്ഞും, എന്നെ നോക്കി മുഗ്ദ്ധമായ തിരുമുഖത്തു വിലക്ഷിതമായ പുഞ്ചിരി പൊഴിഞ്ഞും, വൃന്ദാവനത്തിൽ ഗോപസ്ത്രീകളാൽ ചുററപ്പെട്ടു വിളങ്ങുന്ന ഗോവിന്ദമൂർത്തിയെ ഞാൻ കാണുകയും അതിയായി ഹർഷിക്കുകയും ചെയ്യുന്നു. [ഈ വിധമുള്ള കൃഷ്ണൻെറ മനോഹരചിത്രം താൻ സദാ മനസ്സിൽ കാണുന്നുവെന്നും, തൽസമാഗമത്തിന്നു സഖി വേഗത്തിൽ യതിക്കേണമെന്നും രാധയുടെ ഇംഗിതമെന്നു കാൺക.]

കാമോദ്ദീപനങ്ങളായ രമ്യവസ്തുക്കളുടെ ദർശനത്താൽ തൻെറ സ്ഥിതി വലിയ കഷ്ടത്തിലായിരിക്കുന്നുവെന്നു രാധ സഖിയെ അറിയിക്കുന്നു:—

ശ്ലോകം

ദൂരാലോകഃ സ്തോകസ്തബകനവകാശോകലതികാ-
വികാസഃ കാസാരോപവനപവനോപി വ്യഥയതി
അപി ഭ്രാമ്യൽഭൃംഗീരണിതരമണീയാ ന മുകുള-
പ്രസൂതിശ്ചൂതാനാം സഖി! ശിഖരിണീയം സുഖയതി.

ഹേ സഖി! അശോകമരത്തിൽ അല്പം പൂങ്കുലകൾ വിടൎന്നു വിളങ്ങുന്നത് എനിക്കു കണ്ടാൽ സഹിക്കുന്നില്ല. പൊയ്കയുടെ സമീപത്തുള്ള പൂങ്കാവനത്തിൽനിന്നു വീശുന്ന ഇളംകാററും എന്നെ വേദനിപ്പിക്കുന്നു. തേൻമാവുകളിൽ ചുററിപ്പറന്നു മധുരമായി മൂരളുന്ന വണ്ടിൻപേടകളുടെ ഝംകാരംകൊണ്ടു മനോഹരമായി തലകുത്തു കാണുന്ന ഈ മാമ്പൂമൊട്ടുകളും എനിക്കു സുഖം തരുന്നില്ല. [സാധാരണയായി പ്രിയസംയോഗാവസരത്തിൽ സുന്ദരിമാൎക്കു ഹൃദയാഹ്ലാദകമായ അശോകകുസുമാദികൾ വിരഹിണിയായ തനിക്കു മൎമ്മഭേദകമായിരിക്കുന്നതിനാൽ സഖി ഉടൻതന്നെ കൃഷ്ണസംയോജനത്തിന്നു യത്നിക്കണമെന്നു രാധയുടെ അഭിപ്രായം. 'ശിഖരിണി' എന്ന് ഈ ശ്ലോകത്തിലെ വൃത്തത്തിൻെറ പേരും ഇതിൽ മുദ്രാലങ്കാരരീത്യാ കാണിച്ചിരിക്കുന്നു.]

സൎഗ്ഗാവസാനത്തിൽ കവി ആശീൎവ്വാദരൂപമായ മംഗളാചരണം ചെയ്യുന്നു:—

ശ്ലോകം

സാകൂതസ്മിതമാകുലാകുലഗള—
ദ്ധമ്മില്ലമുല്ലാസിത—
ഭ്രൂവല്ലീകമളീകദൎശിതഭുജാ—
മൂലാൎദ്ധദൃഷ്ടസ്തനം
ഗോപീനാം നിഭൃതം നിരീക്ഷ്യ ഗമിതാ—
കാംക്ഷശ്ചിരം ചിന്തയ—
ന്നന്തൎമ്മുഗ്ദ്ധമനോഹരോ ഹരതു വഃ
ക്ലേശം നവഃ കേശവഃ.

ഗോപസ്ത്രീകൾ കാമപാരവശ്യത്താൽ കുന്തളഭാരം കെട്ടഴിഞ്ഞുവീണും ഭംഗിയേറിയ പുരികക്കൊടി വെട്ടിയും

വ്യാജമായി കക്ഷത്തിൻെറ പകുതിയും, പൃഷ്ഠവും, സ്തനവും കാണിച്ചും സാകൂതമായി മന്ദഹസിക്കുന്നതു ഗൂഢമായി നോക്കി അവരിൽ കാംക്ഷ മുഴുത്തു ചിന്താപരവശനായും മു ഗ്ദ്ധമനോഹരനായും ഇരിക്കുന്ന യുവാവായ കേശവമൂർത്തി നിങ്ങളുടെ ക്ലേശത്തെ കളയട്ടെ. [ഇതിൽ കൃഷ്ണൻെറ ചി ന്താപാരവശ്യത്തിന്നു തന്നോടു കാമചാപല്യം കാണിക്കുന്ന ഗോപിമാരുടെ ഇടയിൽ തനിക്ക് ഏററവും അഭിമതയാ യ രാധയെ കാണായ്കയാണ് കാരണം. സ്ത്രീകൾ അനു രൂപനായകന്മാരെ കാണുമ്പോൾ മറേറാരോന്നു ചെയ്യുക എന്ന വ്യാജേന കക്ഷസ്തനാദികൾ കാണിച്ചു തങ്ങളുടെ അനുരാഗത്തെ സൂചിപ്പിക്കുന്നതു കാമശാസ്ത്രപ്രസിദ്ധമാ കുന്നു.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദീകാവ്യേ
ദ്വിതീയസർഗ്ഗഃ സമാപ്തഃ.

## തൃതീയസർഗ്ഗം—മുഗ്ദ്ധമധുസൂദനം

ശ്ലോകം

കംസാരിരപി സംസാരവാസനാബദ്ധശൃംഖലാം
രാധാമാധായ ഹൃദയേ തത്യാജ വ്രജസുന്ദരീഃ.

മുകളിൽ പറഞ്ഞ പ്രകാരം രാധയുടെ വിരഹവേദന വർദ്ധിച്ചുവന്ന സമയത്തു കംസഹന്താവായ ഭഗവാൻ ശ്രീകൃ ഷ്ണനും സംസാരവാസനകളാകുന്ന ചങ്ങലകളാൽ കെട്ടപ്പെ ട്ടു കഷ്ടപ്പെടുന്ന രാധയെ മനസ്സിൽ വിചാരിച്ചു മററുള്ള ഗോപസ്ത്രീകളെ വിട്ടുപിരിഞ്ഞു. [രാധയ്ക്കു കൃഷ്ണനെക്കുറി

ച്ചുള്ള വിരഹവേദനപോലെ കൃഷ്ണന്നു രാധയെക്കുറിച്ചും ഉണ്ടായി എന്നു ഭാവം.]

അനന്തരം കവി കൃഷ്ണന്റെ വിരഹാവസ്ഥയെ വർണ്ണിപ്പാൻ ഭാവിക്കുന്നു:—

ശ്ലോകം

ഇതസ്തതസ്താമനുസൃത്യ രാധികാ—
മനംഗബാണവ്രണഖിന്നമാനസഃ
കൃതാനുതാപഃ സ കളിന്ദനന്ദിനീ—
തടാന്തകുഞ്ജേ നിഷസാദ മാധവഃ.

ആ ശ്രീകൃഷ്ണൻ കാമദേവന്റെ ബാണങ്ങളെക്കൊണ്ടു വ്രണപ്പെട്ടു വേദനിക്കുന്ന മനസ്സോടുകൂടി താൻ രാധയെ വിട്ടുപിരിഞ്ഞതിൽ പശ്ചാത്തപിച്ച് അങ്ങുമിങ്ങും തിരഞ്ഞു നടന്നു കാളിന്ദീനദിയുടെ തീരത്തുള്ള ഒരു ലതാഗൃഹത്തിൽ ഏററവും ദീനനായി സ്ഥിതിചെയ്തു.

അനന്തരം കവി ശ്രീകൃഷ്ണന്റെ പശ്ചാത്താപത്തെത്തന്നെ വർണ്ണിക്കുന്നു. കൃഷ്ണവാക്യം:—

## ഏഴാം അഷ്ടപദി

(ഗുർജ്ജരീരാഗം—രൂപകതാളം)

മാമിയം ചലിതാ വിലോക്യ വൃതം വധൂനിചയേന
സാപരാധതയാ മയാപി ന വാരിതാതിഭയേന
ഹരി ഹരി ഹതാദരതയാ സാ ഗതാ കുപിതേവ. 1
കിം കരിഷ്യതി കിം വദിഷ്യതി സാ ചിരം വിരഹേണ
കിം ധനേന ജനേന കിം മമ ജീവിതേന ഗൃഹേണ
(ഹരി ഹരി) 2
ചിന്തയാമി തദാനനം കുടിലഭ്രു കോപഭരേണ

ശോണപത്മമിവോപരി ഭ്രമതാകുലം ഭ്രമരേണ
(ഹരി ഹരി) 3

താമഹം ഹൃദി സംഗതാമനിശം ഭൃശം രമയാമി
കിം വനേനുസരാമി താമിഹ കിം വൃഥാ വിലപാമി
(ഹരി ഹരി) 4

തന്വി! ഖിന്നമസൂയയാ ഹൃദയം തവാകലയാമി
തന്ന വേദ്മി കുതോ ഗതാസി ന തേന തേനുനയാമി
(ഹരി ഹരി) 5

ദൃശ്യസേ പുരതോ ഗതാഗതമേവ മേ വിദധാസി
കിം പുരേവ സസംഭ്രമം പരിരംഭണം ന ദദാസി
(ഹരി ഹരി) 6

ക്ഷമ്യതാമപരം കദാപി തവേദൃശം ന കരോമി
ദേഹി സുന്ദരി! ദൎശനം മമ മന്മഥേന ദുനോമി
(ഹരി ഹരി) 7

വൎണ്ണിതം ജയദേവകേന ഹരേരിദം പ്രവണേന
കിന്ദുബില്വസമുദ്രസംഭവരോഹിണീരമണേന.
(ഹരി ഹരി) 8

1. ഈ രാധ എന്നെ ഗോപസ്ത്രീകളുടെ കൂട്ടത്താൽ ആവൃതനായി കണ്ടിട്ട് എന്നെ ഉപേക്ഷിച്ചുപോയി. ഞാൻ അവളോട് അപരാധിയാകകൊണ്ടുള്ള ഭയത്താൽ അവളെ ഞാൻ തടുത്തതുമില്ല. കഷ്ടം! കഷ്ടം! എനിക്ക് അവളെപ്പററി ആദരവില്ലായ്കയാൽ കോപിച്ചിട്ടെന്നപോലെ അവൾ പോയി.

2. ചിരനേരം എന്നെ പിരിഞ്ഞിരിക്കുന്ന അവൾ എന്തു ചെയ്യുമോ? എന്തു പറയുമോ? എനിക്കു ധനം കൊണ്ടെന്താണ്, ജനത്തെക്കൊണ്ടെന്താണ്, ജീവനെക്കൊണ്ടും ഗൃഹത്തെക്കൊണ്ടും എന്താണ്?

3. അതിയായ കോപംകൊണ്ടു പുരികം വളഞ്ഞ അവളുടെ മുഖത്തെ ഉപരിഭാഗത്തു പറക്കുന്ന വണ്ടിനെ കൊണ്ടു ഇളകുന്ന ചെന്താമരപ്പൂവിനെപ്പോലെ ഞാൻ വിചാരിക്കുന്നു.

4. എപ്പോഴും എൻെറ മനസ്സിൽ കുടികൊണ്ടിരിക്കുന്ന അവളെ ഞാൻ ഏററവും രമിപ്പിക്കുന്നുണ്ടല്ലോ. പിന്നെ എന്തിന്ന് അവളെ വനത്തിൽ തിരയുന്നു? ഇവിടെ ഇരുന്ന് എന്തിനു വിലപിക്കുന്നു?

5. ഹേ തന്വി! നിൻെറ മനസ്സ് അസൂയനിമിത്തം ഖേദിച്ചതായി ഞാൻ അറിയുന്നുണ്ടു്. എന്നാൽ നീ പോകുവാൻ കാരണമെന്തെന്ന് അറിയുന്നില്ല. അതിനാൽ ഞാൻ നിന്നെ സമാധാനിപ്പിക്കാത്തതാണ്. (നീ ദുഃഖിക്കുന്നത് അസൂയകൊണ്ടല്ലാതെ ഞാൻ അപരാധം ചെയ്തിട്ടല്ലാത്തതുകൊണ്ടു് എങ്ങിനെയാണ് സമാധാനിപ്പിക്കേണ്ടതെന്നു വിവരമില്ലെന്നു താല്പര്യം.)

6. നീ എൻെറ മുമ്പിൽ ഗതാഗതം ചെയ്യുന്നതു ഞാൻ കാണുന്നുണ്ടു്. എന്നാൽ മുമ്പെത്തെപ്പോലെ സംഭ്രമത്തോടുകൂടി ആലിംഗനം നൽകാത്തത് എന്തുകൊണ്ടാണ്?

7. എനിക്കു മാപ്പു തരണേ! മേലിൽ ഒരിക്കലും നിന്നോടു ഞാൻ ഇങ്ങിനെ ചെയ്കയില്ല. അല്ലയോ സുന്ദരി! എനിക്കു നിന്നെ കാണുമാറാകേണമേ! ഞാൻ കാമം നിമിത്തം കഷ്ടപ്പെടുന്നുവല്ലൊ.

8. ശ്രീകൃഷ്ണഭക്തനും 'കിന്ദുബിലപം' എന്ന സമുദ്രത്തിൽനിന്നുണ്ടായ ചന്ദ്രനും (കിന്ദുബിലപദേശത്തിന്ന് അ

ലങ്കാരഭൃതനും) ആയ ജയദേവകവിയാൽ ഈ ഗാനം വ
ൎണ്ണിതമായി.

അനന്തരം ശ്രീകൃഷ്ണൻ കാമദേവനോട് ആവലാതി
പറയുന്നു:—

ശ്ലോകം

കുവലയദളശ്രേണീ കണ്ഠേ ന സാ ഗരളദ്യുതിർ-
ഹൃദി ബിസലതാഹാരോ നായം ഭുജംഗമനായകഃ
മലയജരജോ നേദം ഭസ്മ പ്രിയാരഹിതേ മയി
പ്രഹര ന ഹരഭ്രാന്ത്യാനംഗ! ക്രുധാ കിമു ധാവസി.

അല്ലയോ അനംഗദേവ! എന്റെ കഴുത്തിൽ കാണു
ന്നതു നീലത്താമരപ്പൂവിന്റെ ഇതളുകളാണ്; അല്ലാതെ
വിഷത്തിന്റെ നിറമല്ല. ഹൃദയത്തിൽ കാണുന്നതു താമ
രവളയംകൊണ്ടുള്ള മാലയാണ്; സൎപ്പത്താനല്ല. ദേഹ
ത്തിൽ ഈ അണിഞ്ഞിരിക്കുന്നതു ചന്ദനപ്പൊടിയാകുന്നു;
ഭസ്മമല്ല. നീ പ്രിയാവിരഹിതനായ എന്നെ ശിവനാ
ണെന്നു മാറി അന്ധാളിച്ചു കോപത്തോടുകൂടി പ്രഹരിക്കേ
ണ്ട. എന്തിനാണ് നീ ഓടിവരുന്നത്? [കാമദേവന്റെ
ദേഹം ശിവൻ കരിച്ചുകളഞ്ഞതുകൊണ്ടു ശിവനോട് അ
യാൾക്കു വലിയ കോപമാണ്. ശിവനു കഴുത്തിൽ വി
ഷംകൊണ്ടുള്ള കറുപ്പും മാറത്ത് ആഭരണമായ പാമ്പും
ദേഹത്തിൽ ഭസ്മവും അടയാളമാണ്. തന്റെ കഴുത്തിൽ
കറുത്ത കുവലയദളങ്ങളും മാറത്ത് ബിസമാലയും മെയ്യിൽ
ചന്ദനപ്പൊടിയും ഉള്ളതുകൊണ്ടു താൻ ശിവനാണെന്നു ഭ്ര
മിച്ചു തന്റെനേരെ കാമൻ പ്രഹരിക്കുകയാണോ എന്നു
ശ്രീകൃഷ്ണൻ ഉൽപ്രേക്ഷിക്കുന്നു. താൻ പ്രിയാവിരഹംകൊ
ണ്ടുള്ള ചൂടു പോക്കുവാനായി തണുപ്പായിട്ടുള്ള നീലത്താമ

രയും ബിസമാലയും ചന്ദനവും ധരിച്ചതാണെന്നും, മേൽ തേച്ചിട്ടുള്ള ചന്ദനം ചൂടുകൊണ്ടു പൊടിയായതാണെന്നും ഭാവം. 'പ്രിയാരഹിതനായ തന്നെ' എന്നു പറഞ്ഞതുകൊണ്ടു തല്ക്കാലം തനിക്കു സഹായമില്ലായ്കയാൽ തന്നെ പ്രഹരിക്കരുതെന്നും, സഹായമായ പ്രിയ വന്നുചേന്നാൽ യഥേഷ്ടം പ്രഹരിക്കാമെന്നും കൃഷ്ണൻെറ ആന്തരം. 'അനംഗൻ' എന്നതുകൊണ്ടു ദേഹം മറച്ച് ഒളിയമ്പെയ്യുന്നത് ഉചിതമല്ലെന്നും സൂചിപ്പിച്ചിരിക്കുന്നു.]

ശ്ലോകം

പാണൌ മാ കുരു ചൂതസായകമമും
മാ ചാപമാരോപയ
ക്രീഡാനിജ്ജിതവിശ്വ! മൂച്ഛിതജനാ-
ഘാതേന കിം പൌരുഷം
തസ്യാ ഏവ മൃഗീദൃശോ മനസിജ-
പ്രേംഖൽകടാക്ഷാശുഗ-
ശ്രേണീജജ്ജരിതം മനാഗപി മനോ
നാദ്യാപി സന്ധുക്ഷതേ.

അല്ലയോ കളികൊണ്ടുതന്നെ സവ്വലോകങ്ങളേയും ജയിച്ച മഹാവീരനായ കാമദേവാ! അങ്ങുന്നു മാവിൻപൂവ്വാകുന്ന ഈ ശരത്തെ കയ്യിലെടുക്കരുത്. വില്ലു കുലയ്ക്കയും അരുത്. (എന്നെപ്പോലെ) മോഹാലസ്യപ്പെട്ടിരിക്കുന്ന ആളെ പ്രഹരിക്കുന്നതുകൊണ്ടു വീരനായ അങ്ങക്ക് എന്തു പൌരുഷമാണ് ഉണ്ടാകാനുള്ളത്? എൻെറ മനസ്സ് ആ കേഴമാൻകണ്ണാളുടെ (രാധയുടെ) തുടരെ പുറപ്പെടുന്ന കടാക്ഷങ്ങളാകുന്ന ശരനിര ഏററു നുറുങ്ങിയതായിട്ട് ഇതാ ഇപ്പോഴും മങ്ങിക്കിടക്കുന്നു. [മനസ്സിന്നു സുഖമില്ലാതെ

മോഹാലസ്യപ്പെട്ടിരിക്കുന്ന തന്നെ ഉപദ്രവിക്കരുതെന്നു സാരം. 'നാദ്യാപി സന്ധുക്ഷതേ' എന്നതുകൊണ്ടു വിരഹമോഹം തീൎന്നു മനസ്സ് ഉജ്ജ്വലമായാൽ കാമദേവനോട് ഒരു കൈ നോക്കാമെന്നു ഗൂഢാൎത്ഥം.]

അനന്തരം ശ്രീകൃഷ്ണൻ രാധയുടെ ഓരോ അംഗങ്ങളേയും മനസ്സിൽ ധ്യാനിച്ചു തന്മൂലമുണ്ടാകുന്ന ദുഃഖത്തെ രാധയോടു വിളിച്ചുപറയുന്നു:—

ശ്ലോകം

ഭ്രൂചാപേ നിഹിതഃ കടാക്ഷവിശിഖോ
നിൎമ്മാതു മൎമ്മവ്യഥാം
ശ്യാമാത്മാ കുടിലഃ കരോതു കബരീ-
ഭാരോപി മാരോദ്യമം
മോഹം താവദയം ച തന്വി! തനുതാം
ബിംബാധരോ രാഗവാൻ
സദ്വൃത്തഃ സ്തനമണ്ഡലസ്തവ കഥം
പ്രാണൈൎമ്മമ ക്രീഡതി.

ഹേ തന്വീ! പുരികക്കൊടിയാകുന്ന കുലവില്ലിൽ വെക്കപ്പെട്ട ശ്യാമള (കറുത്തതെന്നും മാലിന്യമുള്ളതെന്നും അൎത്ഥം) മായ നിൻെറ കടാക്ഷമാകുന്ന ശരം എനിക്കു മൎമ്മവേദനയെ ചെയ്തുകൊള്ളട്ടേ. കുടില (വളഞ്ഞതെന്നും കപടതയുള്ളതെന്നും അൎത്ഥം) മായ കുന്തളഭാരവും എൻെറ മാരണത്തിന്ന് ഉത്സാഹിച്ചുകൊള്ളട്ടേ. രാഗം (ചുവപ്പ് എന്നും അഭിലാഷമെന്നും) കൂടിയ തൊണ്ടിപ്പഴം പോലിരിക്കുന്ന ഈ അധരവും എനിക്കു മോഹം വളൎത്തിക്കൊള്ളട്ടേ. സദ്വൃത്ത(വട്ടത്തിലുള്ളതെന്നും സദ്വൃത്തിയുള്ളതെന്നും)മായ ഈ കൊങ്കത്തടം എങ്ങിനെയാണ് എ

ൻെറ പ്രാണനെക്കൊണ്ടു കളിക്കുന്നത്? [നിൻെറ വള ഞ്ഞ പുരികവും, നീലകടാക്ഷവും, കുടിലകുന്തളവും, ബിം ബാധരവും, സ്തനമണ്ഡലവും എന്നെ വേദനപ്പെടുത്തുന്നു വെന്നു സാരം. കറുപ്പും ചുവപ്പും തമോഗുണത്തിൻേറയും രജോഗുണത്തിൻേറയും അംശമാണ്. ആ ഗുണങ്ങളുള്ള വർ പരോപദ്രവം ചെയ്യുന്നതു സഹജമാകുന്നു. സദ്വൃ ത്തി സത്വഗുണത്തിൻെറ അംശമാകയാൽ അതുള്ളവർ പരന്മാരെ ദണ്ഡിപ്പിക്കുന്നത് ആശ്ചൎയ്യമാണെന്നു സിദ്ധി ക്കുന്നു.]

അഥവാ താനിപ്പൊഴും മനസ്സമാധികൊണ്ടു സുഖമ നുഭവിക്കുന്നുവെന്നു ശ്രീകൃഷ്ണൻ സമാധാനിക്കുന്നു:—

ശ്ലോകം

താനി സ്പൎശസുഖാനി തേ ച തരള-
സ്നിഗ്ദ്ധാ ദൃശോൎവ്വിഭ്രമാ-
സ്തദ്വക്ത്രാംബുജസൌരഭം സ ച സുധാ-
സ്യന്ദീ ഗിരാം വക്രിമാ
സാ ബിംബാധരമാധുരീതി വിഷയാ-
സംഗേപി ചേന്മാനസം
തസ്യാം ലഗ്നസമാധി ഹന്ത വിരഹ-
വ്യാധിഃ കഥം വൎത്തതേ.

രാധയുടെ അംഗസ്പൎശസുഖങ്ങൾ ഇപ്പോഴും മുമ്പ് അനുഭവിച്ചവതന്നെയാണ്. കണ്ണുകളുടെ സ്നിഗ്ദ്ധങ്ങളായ ശൃംഗാരചേഷ്ടകളും അവതന്നെ. മുഖാംഭോജത്തിൻെറ സൌരഭ്യവും അതുതന്നെ. അവളുടെ വാക്കുകൾക്കുള്ള അമൃതുപൊഴിയുന്നതായ ചാതുൎയ്യവും അതുതന്നെ. ഇപ്ര കാരം സകലവിഷയങ്ങളുടേയും അനുഭവമുണ്ടായിരിക്കു

മ്പോഴുംകൂടി എന്റെ മനസ്സ് അവളിൽ സമാധി പൂണ്ടിരിക്കയാണെങ്കിൽ വിരഹവ്യാധി എങ്ങിനെ ഉണ്ടാകുന്നു? [രാധയുടെ ആലിംഗനാദിസുഖങ്ങൾ അവളുടെ സാക്ഷാൽ സംയോഗത്തിൽ താൻ അനുഭവിച്ചിരുന്നത് ഇപ്പോൾ മനസ്സംയോഗത്തിലും ഭേദംകൂടാതെ അനുഭവിക്കുന്നതുകൊണ്ടു വിരഹവ്യാധി എന്നതു ഭോഷ്ക്കാണെന്നു ഫലിതാൎത്ഥം. ത്വക്ക്, നേത്രം, ഘ്രാണം, ശ്രോത്രം, രസനാ എന്ന പഞ്ചേന്ദ്രിയങ്ങൾ അതാതിന്റെ വിഷയങ്ങളിൽ പ്രവൎത്തിച്ചുംകൊണ്ടിരിക്കുമ്പോൾ മനസ്സിന്നു സമാധി (ഏകാഗ്രത) ഉണ്ടാകയില്ലെന്നാണ് പറയാറുള്ളത്. തന്റെ മനസ്സാകട്ടെ ഇന്ദ്രിയങ്ങൾക്കു വിഷയവ്യാപാരമുള്ളപ്പോഴും രാധയിൽ ഏകാഗ്രമായി ലയിച്ചു സമാധി പൂണ്ടിരിക്കുന്നത് ആശ്ചൎയ്യമെന്നു ശ്രീകൃഷ്ണന്റെ ഇംഗിതം.]

വിരഹിയായ ശ്രീകൃഷ്ണൻ സങ്കല്പത്തിൽ കാണുന്ന രാധയുടെ അവയവങ്ങൾക്കുള്ള തീക്ഷ്ണതയെ പറയുന്നു:—

ശ്ലോകം

ഭ്രൂവല്ലരിൎദ്ധനുരപാംഗതരംഗിതാനി
ബാണാ ഗുണഃ ശ്രവണപാളിരിതി സ്മരേണ
അസ്യാമനംഗജയജംഗമദേവതായാ-
മസ്ത്രാണി നിൎജ്ജിതജഗന്തി കിമൎപ്പിതാനി.

പുരികക്കൊടിയാകുന്ന വില്ല്, കടക്കണ്ണുകളുടെ ചലനങ്ങളാകുന്ന അമ്പുകൾ, കാതാകുന്ന ഞാണ്, ഇങ്ങിനെ കാമദേവൻ, താൻ ത്രൈലോക്യജയത്തിന്ന് ഉപയോഗിച്ചിരുന്ന ആയുധങ്ങളെല്ലാം തന്റെ ജയത്തിന്നു കാരണമായിരിക്കുന്ന പരദേവതയായ ഈ രാധയിൽ അൎപ്പിച്ചിരിക്കുന്നുവോ എന്നു തോന്നും. [പുരികം കാമന്റെ വില്ലുപോ

ലെയും കണ്ണുകഠം ബാണങ്ങളേപ്പോലെയും കാതു ഞാൺ പോലെയും തന്റെ ഉള്ളിൽ തറയ്ക്കുന്നു എന്നു സാരം.]

സൎഗ്ഗാന്തത്തിൽ കവി മംഗളം ചെയ്യുന്നു:—

ശ്ലോകം

തിൎയ്യക്കണ്ഠവിലോലമൌലിതരളോ-
ത്തംസസ്യ വംശോച്ചലൽ-
ഗീതിസ്ഥാനകൃതാവധാനലലനാ-
ലക്ഷൈൎന്ന സംലക്ഷിതാഃ
സമ്മുഗ്ദ്ധാ മധുസൂദനസ്യ മധുരേ
രാധാമുഖേന്ദൌ മൃദു-
സ്പന്ദം കന്ദളിതാശ്ചിരം ദദതു വഃ
ക്ഷേമം കടാക്ഷോൎമ്മയഃ.

ശ്രീകൃഷ്ണൻ കഴുത്തു തിരിച്ചു തലയാട്ടിക്കൊണ്ട് ഓട ക്കുഴൽ ഊതുമ്പോഠം അതിൽനിന്നു പുറപ്പെടുന്ന ഗാനത്തി ന്റെ സ്ഥാനങ്ങളിൽതന്നെ മനസ്സിരുത്തിയിരിക്കുന്ന അ നവധി ഗോപസ്ത്രീകളുടെ മുമ്പിൽവെച്ച് അവർ കാണാ തെകണ്ട രാധയുടെ മുഗ്ദ്ധമധുരമായ മുഖചന്ദ്രങ്കലേയ്ക്കു മന്ദ മന്ദം പുറപ്പെട്ട ഓളംവെട്ടിയ ഭഗവാന്റെ കടാക്ഷമാകുന്ന തിരമാലകഠം നിങ്ങഠംക്കു ക്ഷേമം തരട്ടേ. [ചന്ദ്രദൎശന ത്തിൽ തിരമാലകഠം ഇളകുന്നതുപോലെ രാധാമുഖദൎശന ത്തിൽ ഭഗവൽകടാക്ഷങ്ങഠം താനേ പുറപ്പെടുന്നുവെന്നു താല്പൎയ്യം.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദീകാവ്യേ
തൃതീയസൎഗ്ഗഃ സമാപ്തഃ.

# ചതുൎത്ഥസൎഗ്ഗം - സ്നിഗ്ധമധുസൂദനം

ശ്ലോകം

യമുനാതീരവാനീരനികുഞ്ജേ മന്ദമാസ്ഥിതം
പ്രാഹ പ്രേമഭരോൽഭ്രാന്തം മാധവം രാധികാസഖീ.

കാളിന്ദീനദിയുടെ തീരത്തുള്ള വഞ്ചുളവള്ളിക്കുടിലിൽ യാതൊരുത്സാഹവുമില്ലാതെ ഗാഢമായ പ്രേമത്താൽ ഭ്രമിച്ചുംകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണനോടു രാധയുടെ സഖി പറയുന്നു.

## എട്ടാം അഷ്ടപദി.

(കൎണ്ണാടകരാഗം—ഏകതാളം)

നിന്ദതി ചന്ദനമിന്ദുകിരണമനുവിന്ദതി ഖേദമധീരം
വ്യാളനിലയമിളനേന ഗരളമിവ കലയതി മലയസമീരം
മാധവ മനസിജവിശിഖഭയാദിവ ഭാവനയാ ത്വയി ലീനാ
സാ വിരഹേ തവ ദീനാ. 1

അവിരളനിപതിതമദനശരാദിവ ഭവദവനായ വിശാലം
സ്വഹൃദയമൎമ്മണി വൎമ്മ കരോതി സജലനളിനീദളജാലം.
(സാ വിരഹേ) 2

കുസുമവിശിഖശരതല്പമനല്പവിലാസകലാകമനീയം
വ്രതമിവ തവ പരിരംഭസുഖായ കരോതി കുസുമശയനീയം.
(സാ വിരഹേ) 3

വഹതി ച വിഗളിതലോചനജലഭരമാനനകമലമുദാരം
വിധുമിവ വികടവിധുന്തുദദന്തദളനഗളിതാമൃതധാരം.
(സാ വിരഹേ) 4

വിലിഖതി രഹസി കുരംഗമദേന ഭവന്തമസമശരഭൂതം
പ്രണമതി മകരമധോ വിനിധായ കരേ ച ശരന്നവചൂതം.
(സാ വിരഹേ) 5

പ്രതിപദമിദമപി നിഗദതി മാധവ തവ ചരണേ പതിതാഹം
ത്വയി വിമുഖേ മയി സപദി സുധാനിധിരപിതനുതേ തനുദാഹം.
(സാ വിരഹേ) 6

ധ്യാനലയേന പുരഃ പരികല്പ്യ ഭവന്തമതീവ ദുരാപം
വിലപതിഹസതിവിഷീദതിരോദിതിചഞ്ചതിമുഞ്ചതിതാപം.
(സാ വിരഹേ) 7

ശ്രീജയദേവഭണിതമിദമധികം യദി മനസാ നടനീയം
ഹരിവിരഹാകുലവല്ലവയുവതിസഖീവചനം പഠനീയം.
(സാ വിരഹേ) 8

1. അല്ലയോ മാധവ! അങ്ങയുടെ വിരഹത്തിൽ ദുഃഖിച്ചുകൊണ്ടിരിക്കുന്ന രാധ, കാമദേവന്റെ അമ്പുകളെ ഭയപ്പെട്ടിട്ടോ എന്നു തോന്നുമാറു ധ്യാനംകൊണ്ട് അങ്ങയിൽ ലയിച്ചിട്ട് (ഒളിച്ചിട്ട്) അത്യന്തശീതളമായ ചന്ദനത്തെ നിന്ദിക്കുകയും ആഹ്ളാദകരമായ ചന്ദ്രരശ്മികൾ തട്ടുമ്പോൾ ധൈര്യംകൂടാതെ ദുഃഖിക്കുകയും മലയവായുവിനെ സർപ്പങ്ങൾക്കിരിപ്പിടമായ ചന്ദനമരങ്ങളിൽ തട്ടുന്നതുകൊണ്ടു വിഷത്തെപ്പോലെ വിചാരിക്കുകയും ചെയ്യുന്നു.

2. അവൾ ഉള്ളിൽ സദാ സ്ഥിതിചെയ്യുന്ന അങ്ങയെ തന്റെ ഹൃദയമർമ്മത്തിൽ തുരുതുരെ വന്നു തറയ്ക്കുന്ന കാമദേവന്റെ അസ്ത്രത്തിൽനിന്നു രക്ഷിപ്പാനോ എന്നു തോന്നുമാറു വെള്ളം നനഞ്ഞ താമരയിതളുകളാകുന്ന വിശാലമായ ചട്ടയെ ധരിച്ചുകൊണ്ടിരിക്കുന്നു. (താമരയിതളുകൾ ധരിക്കുന്നതു വിരഹിണികളുടെ ശീതോപചാരമാണ്.)

3. അവൾ പലതരം ശൃംഗാരചേഷ്ടകൾക്ക് ഉചിതമായ കുസുമശയനത്തെ അങ്ങയുടെ ആലിംഗനസുഖം

ലഭിപ്പാൻവേണ്ടി കാമദേവൻെറ ശരശയനമാക്കി ചെയ്യു വ്രതം അനുഷ്ഠിക്കുന്നതുപോലെ ഇരിക്കുന്നു. (പൂമെത്ത യിൽ കിടക്കുന്നതു കണ്ടാൽ ശരശയനമെന്ന വ്രതം ചെയ്യു യാണോ എന്നു തോന്നും എന്നു ഭാവം. കാമൻെറ ശരം പൂവാണല്ലോ.)

4. ഇടവിടാതെ കണ്ണീരൊലിച്ചുംകൊണ്ടിരിക്കുന്ന അവളുടെ മനോഹരമായ മുഖാംഭോജം രാഹുവിൻെറ ഉഗ്ര ദന്തംകൊണ്ടു പിളൎന്ന് അമൃതു പൊഴിയുന്ന ചന്ദ്രനെപ്പോ ലെ ഇരിക്കുന്നു. (മുഖത്തെ ചന്ദ്രനോടുപമിച്ചതുകൊണ്ടു മദനക്ലിഷ്ടമായ രാധാമുഖം ശോച്യമെങ്കിലും സുന്ദരമാ ണെന്നു വരുന്നു.)

5. അവരം ഒളിവിൽവെച്ചു കാമദേവതുല്യനായ അങ്ങയെ കസ്തൂരികൊണ്ടു ചിത്രത്തിൽ എഴുതി താഴത്തു കാമൻെറ വാഹനമായ മത്സ്യത്തേയും കയ്യിൽ പുതിയ മാന്താരമ്പിനേയും വിന്യസിച്ച് (എഴുതി) നമസ്കരിക്കുന്നു.

6. അവരം ആ ചിത്രത്തിൽ കുമ്പിട്ട് എല്ലായ്പ്പോ ഴും ഇങ്ങിനെ പറയുകയും ചെയ്യുന്നു. "ഹേ മാധവ! ഞാൻ അങ്ങയുടെ ചേവടിയിൽ ഇതാ വീഴുന്നു. അങ്ങുന്ന് എ ന്നിൽ വിമുഖനായിരിക്കുമ്പോരം അമൃതമയനായ ചന്ദ്രൻ പോലും എൻെറ ദേഹത്തിന്നു ചൂടുണ്ടാക്കുന്നു."

7. അവരം ഏററവും ദുൎല്ലഭനായ അങ്ങയെ ദൃഢ തരമായ സങ്കല്പംകൊണ്ടു മുൻഭാഗത്തു കണ്ടെന്നുറച്ചിട്ടു വി ലപിക്കുന്നു, ചിരിക്കുന്നു, ദുഃഖിക്കുന്നു, കരയുന്നു, താപം പോക്കുകയും ചെയ്യുന്നു.

8. രസികന്മാക്ക മനസ്സുകൊണ്ടു ധാരാളം രസിക്കേണമെങ്കിൽ ശ്രീജയദേവകൃതിയും. ശ്രീകൃഷ്ണൻെറ വിരഹത്താൽ പരവശയായ രാധയുടെ സഖി പറയുന്നതുമായ ഈ ഗാനം പഠിക്കേണ്ടതാണ്.

മേൽപറഞ്ഞ രാധയുടെ വിരഹാവസ്ഥയെത്തന്നെ സഖി ഭംഗ്യന്തരേണ സംക്ഷേപിച്ചു പറയുന്നു:—

ശ്ലോകം

ആവാസോ വിപിനായതേ പ്രിയസഖീ-
മാലാപി ജാലായതേ
താപോ നിഃശ്വസിതേന ദാവദഹന-
ജ്വാലാകലാപായതേ
സാപി ത്വദ്വിരഹേണ ഹന്ത ഹരിണീ-
രൂപായതേ ഹാ കഥം
കന്ദർപ്പോപി യമായതേ വിരചയൻ
ശാർദ്ദൂലവിക്രീഡിതം.

ഹേ മാധവ അങ്ങയുടെ വിരഹംകൊണ്ടു രാധയ്ക്കു തൻെറ പാർപ്പിടം കാടുപോലെ ആയിരിക്കുന്നു; അവളുടെ ഇഷ്ടതോഴിമാരുടെ സമൂഹം വലപോലെ ആയിരിക്കുന്നു; നെടുവിർപ്പിടുന്നതുകൊണ്ട് അവളുടെ വിരഹതാപം കാട്ടുതിയ്യിൻെറ ജ്വാലാമാലപോലെ ആയിരിക്കുന്നു; അവൾ ഒരു മാൻപേടയേപ്പോലേയും ആയിരിക്കുന്നു; ഹാ കഷ്ടം! അവളുടെ നേരെ പുലിക്കളി കളിക്കുന്ന കാമദേവൻ അന്തകനെപ്പോലെയും ആയിരിക്കുന്നു. [ഇതിൽ പാർപ്പിടം മുതലായവയെ കാടു മുതലായവയോടു സാമ്യപ്പെടുത്തിയതുകൊണ്ടു കാട്ടിൽ ഒരു പാവപ്പെട്ട മാൻപേടയുടെ ചുഴലവും തീ കത്തുകയും, പോരെങ്കിൽ ഒരു വ്യാഘ്രം അതിനെ

കടിക്കുവാൻ തുടങ്ങുകയും, അതിൽനിന്ന് ഓടി രക്ഷപ്പെടുവാൻ നോക്കുമ്പോഠം വലയിൽ കുടുങ്ങുകയും ചെയ്യുന്നതുപോലെ രാധ കാമാഗ്നിജ്വാലയാൽ ചുററപ്പെട്ടും കാമൻെറ ഉപദ്രവം സഹിക്കായ്കയാൽ വല്ല ദിക്കിലേയ്ക്കും പോകുവാൻ തുടങ്ങുമ്പോഠം സഖിമാരാൽ തടുക്കപ്പെട്ടും പാടല്ലാതെ ക്ലേശിക്കുന്നു എന്നു താല്പൎയ്യം. ഇതിൽ മുദ്രാലങ്കാരരൂപേണ ശാർദ്ദൂലവിക്രീഡിതം എന്നു ശ്ലോകത്തിൻെറ വൃത്തവും കാണിച്ചിട്ടുള്ളതായി അറിഞ്ഞുകൊഠംക.]

പിന്നേയും സഖി രാധയുടെ വിരഹാവസ്ഥയെത്തന്നെ പ്രകാരാന്തരേണ ശ്രീകൃഷ്ണനോടു പറയുന്നു:—

## ഒമ്പതാം അഷ്ടപദി.

(ദേശാക്ഷിരാഗം—ഏകതാളം)

സ്തനവിനിഹിതമപി ഹാരമുദാരം
സാ മനുതേ കൃശതനുരതിഭാരം
രാധികാ തവ വിരഹേ കേശവ. 1

സരസമസൃണമപി മലയജപങ്കം
പശ്യതി വിഷമിവ വപുഷി സശങ്കം.
(രാധികാ) 2

ശ്വസിതപവനമനുപമപരിണാഹം
മദനദഹനമിവ വഹതി സദാഹം.
(രാധികാ) 3

ദിശി ദിശി കിരതി സജലകണജാലം
നയനനളിനമിവ വിഗളിതനാളം.
(രാധികാ) 4

നയനവിഷയമപി കിസലയതല്പം
കലയതി വിഹിതഹുതാശനകല്പം.
(രാധികാ) 5

ത്യജതി ന പാണിതലേന കപോലം
ബാലശശിനമിവ സായമലോലം.
(രാധികാ) 6

ഹരിരിതി ഹരിരിതി ജപതി സകാമം
വിരഹവിഹിതമരണേവ നികാമം.
(രാധികാ) 7

ശ്രീജയദേവഭണിതമിതി ഗീതം
സുഖയതു കേശവപദമുപനീതം.
(രാധികാ) 8

1. ഹേ കേശവ! അങ്ങയുടെ വിരഹത്തിൽ കൃശാംഗിയായ ആ രാധ കൊങ്കയിലണിഞ്ഞിരിക്കുന്ന മനോഹരമായ മുത്തുമാലയേപ്പോലും വലിയ ഭാരമായി വിചാരിക്കുന്നു.

2. അവൾ (ശീതോപചാരമായി) ഉടലിൽ പൂശിയ തണുത്തുമിനുത്ത ചന്ദനച്ചാറിനെപ്പോലും വിഷത്തെ എന്നപോലെ ശങ്കയോടെ നോക്കുന്നു.

3. അവൾ ഏററവും ദീൎഘമായും കാമാഗ്നിയേപ്പോലെ എരിയുന്നതായുമുള്ള നെടുവീൎപ്പുകൾ ഇടുന്നു.

4. അവൾ വെള്ളത്തുള്ളികളോടുകൂടിയതും തണ്ടില്ലാത്ത താമരപ്പൂപോലെ വിളങ്ങുന്നതുമായ നയനത്തെ നാലു ദിക്കിലും എറിയുന്നു. (അങ്ങയുടെ വരവിനെ പ്രതീക്ഷിച്ചു നോക്കുന്നുവെന്നു സാരം.)

5. അവൾ കിടക്കുന്ന തളിർമെത്തയെ കണ്ണാലെ കണ്ടിട്ടുകൂടി കത്തുന്ന തീയ്യിനെപ്പോലെ കരുതുന്നു.

6. അവൾ നേരം സന്ധ്യയായാൽ ബാലചന്ദ്രനോ

ടു തുല്യമായ തന്റെ നിശ്ചേഷ്ടമായ കവിൾത്തടത്തെ ഉള്ളംകൈകൊണ്ടു താങ്ങിക്കൊണ്ടിരിക്കുന്നു.

7. അവൾ അങ്ങയുടെ വിരഹത്താൽ മരണമടുത്തിട്ടെന്നപോലെ 'ഹരി ഹരി' എന്നു സകാമമായി ജപിക്കുകയും ചെയ്യുന്നു. (മരണമടുത്താൽ ഹരിനാമകീൎത്തനം ചെയ്യുന്നതു സാധാരണമാണല്ലോ.)

8. ശ്രീജയദേവകവിയുടെ കൃതിയും ശ്രീകൃഷ്ണന്റെ പാദത്തിൽ അൎപ്പിക്കപ്പെട്ടതുമായ ഈ ഗാനം സുഖം തരട്ടേ.

ശ്ലോകം

സാ രോമാഞ്ചതി സീല്ക്കരോതി വിലപ–
ത്യുൽകമ്പതേ താമ്യതി
ധ്യായത്യുൽഭ്രമതി പ്രമീലതി പത–
ത്യുദ്യാതി മൂൎച്ഛത്യപി
ഏതാവത്യതനുജ്വരേ വരതനു–
ൎജ്ജീവേന്ന കിം തേ രസാൽ
സ്വൎവ്വൈദ്യപ്രതിമ! പ്രസീദസി യദി
ത്യക്താന്യഥാന്യൽപരം.

ആ രാധ കോൾമയിർക്കൊള്ളുന്നു, സീല്ക്കാരം ചെയ്യുന്നു, നിലവിളിക്കുന്നു, വിറയ്ക്കുന്നു, ക്ഷീണിക്കുന്നു, ധ്യാനിക്കുന്നു, ചുററിനടക്കുന്നു, കണ്ണു ചിമ്മുന്നു, വീഴുന്നു, എഴുന്നേല്ക്കുന്നു, മോഹാലസ്യപ്പെടുകയും ചെയ്യുന്നു,—ഇത്രത്തോളം എത്തിയ കാമജ്വരത്തിങ്കൽ, അല്ലയോ സ്വൎഗ്ഗത്തിലെ വൈദ്യന്മാരായ അശ്വിനീദേവകളോടു തുല്യനായുള്ളോവേ, അങ്ങു പ്രസാദിക്കുന്നുവെങ്കിൽ അങ്ങയുടെ രസം കൊണ്ടു (ശൃംഗാരരസംകൊണ്ടെന്നും ഔഷധരസംകൊ

ണ്ടെന്നും അത്ഥം) സുന്ദരിയായ അവരം ജീവിക്കാതിരിക്കുമോ? അങ്ങു പ്രസാദിക്കാത്തപക്ഷം അവരം ഉപേക്ഷിതയാകും. പിന്നത്തെ സ്ഥിതി അധികം കഷ്ടമാണ്. [അശ്വിനീദേവകരം സിദ്ധന്മാരായ വൈദ്യന്മാരാകുന്നു. അവർ ഏററവും സുന്ദരന്മാരാണെന്നു പ്രസിദ്ധി നേടിയിരിക്കയാൽ കൃഷ്ണനെ അവരോടു് ഉപമിച്ചിരിക്കുന്നു. ഈ ശ്ലോകത്തിൽ പറയുന്ന രാധയുടെ രോമാഞ്ചാദിഭാവങ്ങളിൽ രോമാഞ്ചസീല്ക്കാരങ്ങരം ധ്യാനലബ്ധനായ നായകനുമായി സങ്കല്പസംയോഗം ചെയ്യുമ്പോളുള്ളവയും, ശേഷം മുതൽ മൂർച്ഛാപയ്യന്തമുള്ളവ നായകൻ ധ്യാനത്തിൽനിന്നു വിട്ടു പോകുമ്പോളുള്ളവയും ആണെന്നു് അറിഞ്ഞുകൊരംക. ഇതിൽ കാമദശകരം നിബന്ധിച്ചിരിക്കുന്നു.]

സഖി ശ്രീകൃഷ്ണൻെറ ദയയില്ലായ്മയെ ശകാരിക്കുന്നു:—

ശ്ലോകം

സ്മരാതുരാം ദൈവതവൈദ്യ ഹൃദ്യ!
ത്വദംഗസംഗാമൃതമാത്രസാദ്ധ്യാം
വിമുക്തബാധാം കുരുഷേ ന രാധാ-
മുപേന്ദ്ര വജ്രാദപി ദാരുണോസി.

അല്ലയോ ദേവവൈദ്യന്മാരായ അശ്വിനീദേവകളെപ്പോലെ സുന്ദരനായുള്ളോവേ! അങ്ങയുടെ അംഗസംഗമാകുന്ന അമൃതുകൊണ്ടുമാത്രം ജീവിപ്പിക്കുവാൻ കഴിയുന്ന രാധയെ അങ്ങുന്ന് ഉപദ്രവം നീക്കി രക്ഷിക്കുന്നില്ലല്ലോ. അല്ലയോ ഉപേന്ദ്രാ! (ഇന്ദ്രാനുജനായ കൃഷ്ണാ) അങ്ങുന്നു വജ്രായുധത്തേക്കാളും ഭയങ്കരനാകുന്നു. [ദേവവൈദ്യോപമകൊണ്ടു ബാധാഹരണസാമത്ഥ്യം സൂചിതമായി. ഉപേന്ദ്രപ

ദം ദാരുണത്വത്തെ പോഷിപ്പിക്കുന്നു. 'ഉപേന്ദ്രവജ്രാ' എന്ന് അഭംഗമായെടുത്താൽ വൃത്തസംജ്ഞകൂടിയാകുന്നു.]

വിരഹവേദനയാൽ വിവശയായ രാധയുടെ തല്ക്കാല സ്ഥിതി ശങ്കാജനകമാണെന്നു പറയുന്നു:—

ശ്ലോകം

കന്ദൎപ്പജ്വരസജ്വരാതുരതനോ—
രത്യൎത്ഥമസ്യാശ്ചിരം
ചേതശ്ചന്ദനചന്ദ്രമഃകമലിനി—
ചിന്താസു സന്താമ്യതി
കിന്തു ക്ലാന്തിവശേന ശീതളതനും
ത്വാമേകമേവ പ്രിയം
ധ്യായന്തീ രഹസി സ്ഥിതാ കഥമപി
ക്ഷീണാ ക്ഷണം പ്രാണിതി.

കാമജ്വരംകൊണ്ടു ശരീരം ചുട്ടുനീറുന്ന ആ രാധയുടെ മനസ്സ് ചന്ദനം, ചന്ദ്രൻ, താമര എന്നിവയെപ്പററി വിചാരിക്കുമ്പോഴയ്ക്കുതന്നെ വളരെ തളൎന്നുപോകുന്നു. എന്നാൽ ദേഹം തളൎന്നു ക്ഷീണയായി വിജനത്തിങ്കൽ ഇരുന്നു കുളൎമ്മേനിയായ അങ്ങയെത്തന്നെ ധ്യാനം ചെയ്തുകൊണ്ടു വളരെ പ്രയാസപ്പെട്ടു ക്ഷണനേരം ജീവിക്കുന്നു. [ചന്ദ്രചന്ദനാദികഠം സന്താപം വളൎത്തുന്നുവെന്നും കുളുൎമ്മയേറിയ അങ്ങയുടെ ധ്യാനംകൊണ്ടു മാത്രമാണ് അവഠം ജീവിക്കുന്നതെന്നും ഭാവം.]

ഇനി താമസിച്ചാൽ രാധക്കു പ്രാണാപായംതന്നെ വന്നേക്കുമെന്നു പറയുന്നു:—

ശ്ലോകം

ക്ഷണമപി വിരഹഃ പുരാ ന സേഹേ
നയനനിമീലനഖിന്നയാ യയാ തേ

ശ്വസിതു കഥമസൌ രസാളശാഖാം
ചിരവിരഹേപി വിലോക്യ പുഷ്പിതാഗ്രാം.

രാധ മുമ്പു ക്ഷണനേരമെങ്കിലും അങ്ങയുടെ വിരഹം സഹിക്കുകയുണ്ടായിട്ടില്ല. കണ്ണടയുന്നതുകൂടി അവൾക്കു വ്യസനകരമായിരുന്നു; ആ സമയത്ത് അങ്ങയെ കണ്ടാനന്ദിപ്പാൻ തരമില്ലാതെ പോകുന്നുവല്ലോ എന്നായിരുന്നു വ്യസനം. ഇങ്ങിനെ ഇരിക്കുന്ന അവൾ അങ്ങയുമായിട്ടുള്ള ഈ ചിരവിരഹത്തിൽ പുഷ്പിതാഗ്രമായ തേന്മാവിൻെറ കൊമ്പു കണ്ടിട്ട് എങ്ങിനെ പ്രാണധാരണം ചെയ്യും? [മാവിൻപൂവ് വിരഹികൾക്ക് ഉദ്ദീപനമാകുന്നു. പുഷ്പിതാഗ്രാ എന്ന് ഈ ശ്ലോകത്തിലെ വൃത്തം കൂടിയാണ്.]

കവി സർഗ്ഗാന്തത്തിൽ മംഗളം ചെയ്യുന്നു:—

ശ്ലോകം

വൃഷ്ടിവ്യാകുലഗോകുലാവനരസാ-
ദുദ്ധൃത്യ ഗോവർദ്ധനം
ബിഭ്രദ്വല്ലവവല്ലഭാഭിരധികാ-
നന്ദാച്ചിരം ചുംബിതഃ
ദർപ്പേണേവ തദർപ്പിതാധരതടീ-
സിന്ദൂരമുദ്രാങ്കിതോ
ബാഹുർഗ്ഗോപതനോസ്തനോതു ഭവതാം
ശ്രേയാംസി കംസദ്വിഷഃ.

മഴകൊണ്ടു പരവശമായ അമ്പാടിയിലെ ജനത്തെ രക്ഷിപ്പാനുള്ള താല്പര്യം ഹേതുവായിട്ട് ഗോവർദ്ധനപർവ്വതത്തെ പുഴക്കി പൊക്കി എടുക്കുന്നതും ആനന്ദപരവശമാരായ ഗോപസ്ത്രീകളാൽ വളരെ നേരം ചുംബിക്കപ്പെട്ട

തും, അപ്പോഠം അവരുടെ അധരപുടത്തിലുള്ള സിന്ദൂരമു ദ്രയാൽ അടയാളപ്പെട്ടതും, അതിനാൽ ഉള്ളിലുള്ള ഗർവ്വം പുറത്ത് പ്രകാശിക്കുന്നുവോ എന്നു തോന്നുമാറിരിക്കുന്നതു മായ ഗോപാലമൂർത്തിയായ കംസവൈരിയുടെ തൃക്കയ്യ് നിങ്ങഠംക്കു ശ്രേയസ്സുകളെ ചെയ്യട്ടെ. [ഗർവ്വം ചുകപ്പുനി റമെന്ന് കവിസങ്കേതം. ഗോപികമാരുടെ അധരത്തിലെ സിന്ദൂരരാഗം തൃക്കയ്യിൽ പതിഞ്ഞതു കണ്ടാൽ ഗോവർദ്ധ നോദ്ധാരംകൊണ്ടു കരത്തിലുള്ള ഗർവ്വുതന്നെ മൂർത്തിമ ത്തായി പ്രകാശിക്കയാണോ എന്ന് തോന്നുമെന്ന് സാരം].

ഇതി ശ്രീജയദേവകൃതേ അഷ്ടപദികാവ്യേ
ചതുർത്ഥസർഗ്ഗഃ സമാപ്തഃ.

## പഞ്ചമസർഗ്ഗം—
## സാകാംക്ഷപുണ്ഡരീകാക്ഷം

അനന്തരകഥയെ വിവരിക്കുന്നു:—

അഹമിഹ നിവസാമി യാഹി രാധാ—
മനുനയ മദ്വചനേന ചാനയേഥാഃ
ഇതി മധുരിപുണാ സഖീ നിയുക്താ
സ്വയമിദമേത്യ പുനർജ്ജഗാദ രാധാം.

ഭഗവാൻ രാധയുടെ സഖിയോട് ഇങ്ങിനെ പറ ഞ്ഞു. "ഞാൻ ഇവിടെത്തന്നെ ഇരിക്കാം. നീ പോയി ഞാൻ പറഞ്ഞതായി അറിയിച്ച് രാധയെ സമാധാനപ്പെ ടുത്തി ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നാലും." ഇപ്രകാരം നി യുക്തയായ സഖി രാധയുടെ സമീപത്തേക്കു തന്നത്താൻ മടിങ്ങച്ചെന്നു താഴെ പറയും പ്രകാരം പറഞ്ഞു.

# പത്താം അഷ്ടപദി.

(വരാളിരാഗം — രൂപകതാളം)

വഹതി മലയസമീരേ മദനമുപനിധായ
സ്ഫുടതി കുസുമനികരേ വിരഹിഹൃദയദളനായ.
തവവിരഹേ വനമാലീ സഖി സീദതി രാധേ! 1
ദഹതി ശിശിരമയൂഖേ മരണമനുകരോതി
പതതി മദനവിശിഖേ വിലപതി വികലതരോതി.
(തവ വിരഹേ) 2
ധ്വനതി മധുപസമൂഹേ ശ്രവണമപി ദധാതി
മനസി കലിതവിരഹേ നിശിനിശി രുജമുപയാതി.
(തവ വിരഹേ) 3
വസതി വിപിനവിതാനേ ത്യജതി ലളിതധാമ
ലുഠതി ധരണിശയനേ ബഹു വിലപതി തവ നാമ.
(തവ വിരഹേ) 4
ഭണതി കവിജയദേവേ വിരഹവിലസിതേന
മനസി രഭസവിഭവേ ഹരിരുദയതു സുകൃതേന.
(തവ വിരഹേ) 5

1. അല്ലയോ പ്രിയസഖിയായ രാധേ! ശ്രീകൃഷ്ണൻ നിൻെറ വിരഹത്തിൽ വല്ലാതെ തളരുന്നു. തെക്കൻകാററ് കാമദേവനേയും എടുത്തുകൊണ്ട് വീയുമ്പോഴും, വിരഹികളുടെ ഹൃദയം പിളക്കുവാനായി പുഷ്പനിരകൾ വിരിയുമ്പോഴും കൃഷ്ണൻ തളരുന്നു.

2. കുളുർതിങ്കൾ അംഗത്തെ ദഹിപ്പിക്കുമ്പോൾ കൃഷ്ണൻ മരിച്ചതുപോലെ ആയി ചമയുന്നു. കാമബാണം തറയ്ക്കുമ്പോൾ ഏററവും ദുഃഖിതനായിട്ട് നിലവിളിക്കയും ചെയ്യുന്നു.

3. വണ്ടുകൾ മുരളുമ്പോൾ കൃഷ്ണൻ ചെവിപൊത്തുന്നു. രാത്രിതോറും മനസ്സിങ്കൽ വിരഹദുഃഖം വൎദ്ധിക്കുമ്പോൾ വേദനപ്പെട്ടുകയും ചെയ്യുന്നു.

4. മനോഹരമായ ഗൃഹത്തെ ഉപേക്ഷിച്ച് കൃഷ്ണൻ വങ്കാട്ടിൽ താമസിക്കുന്നു. വെറും നിലത്തു കിടന്നു നിൻെറ പേർ വിളിച്ച് നിലവിളിക്കയും ചെയ്യുന്നു.

5. ശ്രീജയദേവകവി പൂൎവ്വപുണ്യവശാൽ കൃഷ്ണൻെറ വിരഹചേഷ്ടകളെ ഈ ഗാനം പാടി വൎണ്ണിക്കുമ്പോൾ രസമയമായി ചമയുന്ന മനസ്സിൽ ശ്രീകൃഷ്ണൻ പ്രത്യക്ഷമാകേണമേ.

സഖി ശ്രീകൃഷ്ണൻെറ അഭിലാഷത്തെ പറയുന്നു:—

ശ്ലോകം

പൂൎവ്വം യത്ര സമം ത്വയാ രതിപതേ–
രാസാദിതാഃ സിദ്ധയ–
സ്തസ്മിന്നേവ നികുഞ്ജമന്മഥമഹാ–
തീൎത്ഥേ പുനൎമ്മാധവഃ
ധ്യായംസ്ത്വാമനിശം ജപന്നപി തവൈ–
വാലാപമന്ത്രാവലീം
ഭൂയസ്ത്വൽകുചകുംഭനിൎഭരപരീ–
രംഭാമൃതം വാഞ്ഛതി.

ശ്രീകൃഷ്ണൻ മുമ്പ് യാതൊന്നിങ്കൽവെച്ചു നിന്നോടുകൂടി ആലിംഗനചുംബനാദികളാകുന്ന കാമദേവൻെറ സിദ്ധികൾ അനുഭവിച്ചുവോ ആ വള്ളിക്കുടിലാകുന്ന കാമദേവൻെറ പുണ്യസ്ഥലത്ത് എല്ലായ്പോഴും നിന്നെത്തന്നെ ധ്യാനിച്ചും നിൻെറ സല്ലാപമന്ത്രങ്ങളെത്തന്നെ ഉരുവിട്ടും സ്ഥിതിചെയ്തുംകൊണ്ട്, വീണ്ടും നിൻെറ കുചകുംഭങ്ങളുടെ

ഗാഢാലിംഗനമാകുന്ന കൈവല്യസിദ്ധിയെ കാംക്ഷിക്കു ന്നു. [ലതാഗൃഹമാകുന്ന സങ്കേതത്തിൽ നീ വന്നാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്നുവെന്നു സാരം].

# പതിനൊന്നാം അഷ്ടപദി

(ഗൌഡരാഗം—ഏകതാളം)

രതിസുഖസാരേ ഗതമഭിസാരേ മദനമനോഹരവേഷം
ന കുരു നിതംബിനി ഗമനവിളംബനമനുസര തം ഹൃദയേശം.
ധീരസമീരേ യമുനാതീരേ വസതി വനേ വനമാലീ
ഗോപീപീനപയോധരമർദ്ദനചഞ്ചലകരയുഗശാലീ 1
നാമസമേതം കൃതസങ്കേതം വാദയതേ മൃദുവേണും
ബഹുമനുതേ നനു തേ തനുസംഗതപവനചലിതമപി രേണും
(ധീരസമീരേ) 2
പതതി പതത്രേ വിചലതി പത്രേ ശങ്കിതഭവദുപയാനം
രചയതി ശയനം സചകിതനയനം പശ്യതി തവ പന്ഥാനം.
(ധീരസമീരേ) 3
മുഖരമധീരം ത്യജ മഞ്ജീരം രിപുമിവ കേളിസുലോലം
ചല സഖി കുഞ്ജം സതിമിരപുഞ്ജം ശീലയ നീലനിചോളം.
(ധീരസമീരേ) 4
ഉരസി മുരാരേരുപഹിതഹാരേ ഘന ഇവ തരളവലാകേ
തടിദിവ പീതേ രതിവിപരീതേ രാജസി സുകൃതവിപാകേ.
(ധീരസമീരേ) 5
വിഗളിതവസനം പരിഹൃതരശനം ഘടയ ജഘനമപിധാനം
കിസലയശയനേ പങ്കജനയനേ നിധിമിവ ഹർഷനിദാനം.
(ധീരസമീരേ) 6
ഹരിരഭിമാനീ രജനിരിദാനീമിയമുപയാതി വിരാമം
കുരു മമ വചനം സത്വരരചനം പൂരയ മധുരിപുകാമം.
(ധീരസമീരേ) 7

ശ്രീജയദേവേ കൃതഹരിസേവേ ഭണതി പരമരമണീയം
പ്രമുദിതഹൃദയം ഹരിമതിസദയം നമത സുകൃതിഗമനീയം.
(ധീരസമീരേ) 8

1. ഹേ സുന്ദരി! ഗോപസ്ത്രീകളുടെ പീനസ്തനങ്ങളിൽ മർദ്ദനംചെയ്വാനിളകുന്ന കരങ്ങളോടുകൂടിയ ശ്രീകൃഷ്ണൻ മനോമോഹനമായ ഇളങ്കാററു വീശിക്കൊണ്ടിരിക്കുന്ന കാളിന്ദീതീരത്തിലുള്ള വനത്തിൽ സ്ഥിതിചെയ്യുന്നു. കാമദേവനേക്കാറം മനോഹരമായ വേഷംപൂണ്ടു രതിസുഖത്തിൻെറ സത്തായ അഭിസരണത്തിന്നായി അവിടെ എത്തിയിരിക്കുന്ന നിൻെറ ആ പ്രാണവല്ലഭനെ നീ അനുസരിച്ചാലും; ഒട്ടും താമസിക്കേണ്ട.

2. അദ്ദേഹം സങ്കേതസൂചകമായി നാമമുദ്രയോടുകൂടി മൃദുവായ വേണുഗാനം ചെയ്തുകൊണ്ടിരിക്കുന്നു. നിൻെറ ദേഹത്തിൽ തട്ടിയ കാററിൽ ഇളകിവരുന്നതായ പൊടിയെപ്പോലും അദ്ദേഹം ബഹുമാനിക്കുകയും ചെയ്യുന്നു.

3. പക്ഷികളുടെ ചിറക് ഇളകുമ്പോഴും മരങ്ങളുടെ ഇലകറം ചലിക്കുമ്പോഴും നിൻെറ വരവാണെന്നു ശങ്കിച്ചു ശയ്യ തെയ്യാറാക്കുകയും, നിൻെറ വഴിയിലേയ്ക്കു ചഞ്ചലനയനങ്ങളോടുകൂടി നോക്കുകയും ചെയ്യുന്നു.

4. ഉറക്കെ ശബ്ദിക്കുന്ന ഈ കാൽച്ചിലമ്പു വേണ്ട ക്രീഡയിൽ ഏററവും ഇളകുന്നതായ ഇത് അഭിസരണത്തിങ്കൽ ശത്രുവിനെപ്പോലെയാണ്. ഹേ സഖി! കൂരിരുട്ടുള്ളതായ വള്ളിക്കുടിലിലേക്കു നീലവസ്ത്രധാരിണിയായിട്ടു നീ നടന്നുകൊണ്ടാലും.

5. ഹേ പീതവൎണ്ണയായ പ്രിയസഖി! നീ സുകൃതഫലമായ വിപരീതരതിയിങ്കൽ ശ്രീകൃഷ്ണൻെറ മുത്തുമാലയണിഞ്ഞ മാറിടത്തിൽ, വെള്ളിപ്പക്ഷികൾ പറന്നു കളിക്കുന്ന മേഘത്തിങ്കൽ മിന്നൽപിണരെന്നപോലെ ശോഭിപ്പാൻ പോകുന്നു.

6. ഹേ പങ്കജാക്ഷി! വസ്ത്രം അഴിഞ്ഞും അരഞ്ഞാൺ കളഞ്ഞും നിരാവരണമായും നിധിയെപ്പോലെ ഹൎഷജനകമായുമിരിക്കുന്ന ജഘനദേശത്തെ തളിർമെത്തയിൽ വെച്ചാലും.

7. കൃഷ്ണൻ അഭിമാനിയാണ്. ഈ രാത്രി ഇതാ അവസാനിക്കാറായി. ഞാൻ ത്വരയോടുകൂടി പറയുന്ന വാക്കുപ്രകാരം നീ പ്രവൎത്തിച്ചാലും. ശ്രീകൃഷ്ണൻെറ അഭിമതത്തെ സാധിപ്പിച്ചാലും.

8. ശ്രീകൃഷ്ണഭക്തനായ ജയദേവകവി ഏററവും മനോഹരമായി ഈ ഗാനം വൎണ്ണിക്കുമ്പോൾ നിങ്ങൾ തിരുവുള്ളംതെളിഞ്ഞ് ദയയോടുകൂടിയിരിക്കുന്നവനും, സുകൃതികൾക്കു മാത്രം അറിയപ്പെടാവുന്നവനുമായ ഹരിയെ നമസ്കരിച്ചാലും.

സഖി പൂൎവ്വോക്തമായ കൃഷ്ണൻെറ ശോച്യാവസ്ഥയെ തുടൎന്നു പറയുന്നു;—

ശ്ലോകം

വികിരതി മുഹുശ്ശ്വാസാനാശാം പുരോ മുഹുരീക്ഷതേ
പ്രവിശതി മുഹുഃ കുഞ്ജം ഗുഞ്ജന്മുഹുർബ്ബഹു താമ്യതി
രചയതി മുഹുശ്ശയ്യാം പൎയ്യാകുലോ വലതേ മുഹു-
ൎമ്മദനകദനക്ലാന്തഃ കാന്തേ! പ്രിയസ്തവ വൎത്തതേ.

അല്ലയോ സുന്ദരി! നിൻെറ പ്രിയൻ വീണ്ടും വീണ്ടും നെടുവീപ്പിടുന്നു, പിന്നേയും പിന്നേയും മുൻഭാഗത്തേക്കു നോക്കുന്നു, അനേകം തവണ ലതാഗൃഹത്തെ പ്രവേശിക്കുന്നു, വളരെ പ്രാവശ്യം അക്ഷരം വ്യക്തമാവാതെ എന്തോ മന്ത്രിച്ചുകൊണ്ടു തളൎന്നു വിഴുന്നു, പിന്നേയും കിടക്കവിരിക്കുന്നു, പരവശനായിട്ട് വളരെ തവണ ചുററിതിരിയുകയും ചെയ്യുന്നു; ഇങ്ങിനെ അദ്ദേഹം കാമബാധകൊണ്ട് ഏററവും പരവശനായിരിക്കുന്നു.

സഖി രാധയെ പിന്നേയും അഭിസരണത്തിന്നു പ്രേരിപ്പിക്കുന്നു:—

ശ്ലോകം

ത്വദ്വാമ്യേന സമം സമഗ്രമധുനാ
തിഗ്മാംശുരസ്തംഗതോ
ഗോവിന്ദസ്യ മനോരഥേന ച സമം
പ്രാപ്തം തമഃ സാന്ദ്രതാം
കോകാനാം കരുണസ്വനേന സദൃശീ
ദീർഘാ മമാഭ്യൎത്ഥനാ
തന്മുഗ്ദ്ധേ! വിഫലം വിളംബനമസൌ
രമ്യോഽഭിസാരക്ഷണഃ.

ഹേ മുഗ്ദ്ധേ! ഇതാ ഇപ്പോഠം നിൻെറ ദുർഭാഗ്യത്തോടൊപ്പം സൂൎയ്യൻ സമ്പൂൎണ്ണമായി അസ്തമിച്ചിരിക്കുന്നു. ശ്രീകൃഷ്ണൻെറ മനോരഥത്തോടുകൂടെ അന്ധകാരം പൂൎണ്ണമാകയും ചെയ്തിരിക്കുന്നു. എൻെറ അപേക്ഷ ചക്രവാകപക്ഷികളുടെ ദീനാലാപത്തോടു സമം ദീൎഘമാകയും ചെയ്യുന്നു. അതിനാൽ ഇനി താമസിക്കുന്നത് വെറുതെയാണ്. ഇത് അഭിസരണത്തിന്ന് മനോഹരമായ സമയമാകുന്നു. [ച

ക്രവാകങ്ങൾക്കു രാത്രിയിൽ വിരഹമാകയാൽ അവ സന്ധ്യയായാൽ ദീർഘമായി വിലപിക്കുമെന്നു പ്രസിദ്ധം.]

അനന്തരം സഖി അഭിസാരരതിയിങ്കലുള്ള രസാതിശയത്തെ പറഞ്ഞു രാധയെ പ്രരോചനം ചെയ്യുന്നു:—

ശ്ലോകം

ആശ്ലേഷാദനു ചുംബനാദനു നഖോ-
ല്ലേഖാദനു സ്വാന്തജ-
പ്രോൽബോധാദനു സംഭ്രമാദനു രതാ-
രംഭാദനു പ്രീതയോഃ
അന്യാൎത്ഥം ഗതയോർഭ്രമാന്മിളിതയോ-
സ്സംഭാഷണൈൎജ്ജാനതോ-
ൎദ്ദമ്പത്യോരിഹ കോ ന കോ ന തമസി
വ്രീളാവിമിശ്രോ രസഃ.

ഈ ഇരുട്ടത്ത് അന്യോദ്ദേശത്തോടുകൂടി പോയി അങ്ങുമിങ്ങും ചുററിത്തിരിഞ്ഞ് ഒടുവിൽ ഒന്നിച്ചുചേൎന്ന് ആലിംഗനം, ചുംബനം, നഖലേഖനം എന്നിവകൊണ്ട് കാമവികാരം വൎദ്ധിച്ച് സംഭ്രമത്തോടുകൂടി സുരതം ആരംഭിച്ച് തദവസാനത്തിൽ ആനന്ദപരവശരായി സല്ലാപങ്ങളെക്കൊണ്ട് അന്യോന്യം ആളെ അറിയുന്നവരായ കാമിനീകാമുകന്മാരുടെ ലജ്ജാസമ്മിശ്രമായ രസം എത്ര വിശേഷമാകുന്നു. [അതനുഭവിപ്പാൻ നിനക്കു താല്പൎയ്യമില്ലയോ എന്ന് സഖിയുടെ അന്തൎഗ്ഗതം. ഇതിൽ അഭിസാരത്തിൻെറ സമ്പ്രദായം നിബന്ധിച്ചിരിക്കുന്നുവെന്നു കാണ്ക. ആലിംഗനചുംബനനഖലേഖനങ്ങൾ ബാഹ്യരതിയും, കാമോൽബോധനാനന്തരമുള്ള രതാരംഭം ആഭ്യന്തരരതിയുമത്രേ. പ്രീതി എന്നതു രതാവസാനത്തിലുള്ള തൃപ്തിതന്നെ.]

സഖി കൃഷ്ണാഭിലാഷത്തെ ഖണ്ഡിതമായിപ്പറഞ്ഞ് ഉപസംഹരിക്കുന്നു:—

ശ്ലോകം

സഭയചകിതം വിന്യസ്യന്തീം ദൃശൌ തിമിരേ പഥി
പ്രതിതരു മുഹുഃ സ്ഥിത്വാ മന്ദം പദാനി വിതന്വതീം
കഥമപി രഹഃ പ്രാപ്താമംഗൈരനംഗതരംഗിഭിഃ
സുമുഖി! സുഭഗഃ പശ്യൻ സ ത്വാമുപൈതു കൃതാൎത്ഥതാം.

ഹേ സുമുഖി! ഇരുട്ടത്ത് വഴിയിൽ ഭയസംഭ്രമങ്ങളോടുകൂടി നോക്കിക്കൊണ്ടും, മരച്ചുവടുകളിൽ വീണ്ടും വീണ്ടും ഇരുന്നും, കാലടികൾ മന്ദംമന്ദം വിന്യസിച്ചും, കാമം കളിച്ചുളുകുന്ന അംഗങ്ങളോടുകൂടി ഗൂഢസങ്കേതത്തിലേക്കു വരുന്ന ഭവതിയെ കണ്ടിട്ട് സുഭഗനായ ശ്രീകൃഷ്ണൻ കൃതാൎത്ഥതയെ പ്രാപിക്കുമാറാകട്ടെ.

കവിവാക്യം സൎഗ്ഗാന്തമംഗളം:—

ശ്ലോകം

രാധാമുഗ്ദ്ധമുഖാരവിന്ദമധുപ–
ത്രൈലോക്യമൌലിസ്ഥലീ–
നേപഥ്യോചിതനീലരത്നമവനീ–
ഭാരാവതാരാന്തകഃ
സ്വച്ഛന്ദം വ്രജസുന്ദരീജനമന–
സ്തോഷപ്രദോഷശ്ചിരം
കംസധ്വംസനധൂമകേതുരവതു
ത്വാം ദേവകീനന്ദനഃ.

രാധയുടെ മനോഹരമായ മുഖാരവിന്ദത്തിലെ മധുപ(വണ്ട്)നായും ത്രൈലോക്യവാസികൾക്കു മുടിയിലണിയുവാനുള്ള ഇന്ദ്രനീലക്കല്ലായും, ഭൂമിഭാരത്തിന്നായി പിറക്കു

ന്നവക്ക് അന്തകനായും, വ്രജാംഗനമാരുടെ മനസ്സ് സന്തോഷിക്കാനുള്ള രജനിമുഖ(രാത്രിയുടെ ആരംഭം)മായും, കംസൻെറ വിനാശസൂചകമായ ധൂമകേതുവായും ഇരിക്കുന്ന ശ്രീകൃഷ്ണൻ നിങ്ങളെ ചിരകാലം യഥേഷ്ടം രക്ഷിക്കട്ടെ. [കാർവ്വർണ്ണനായ കൃഷ്ണനെ കരുത്തിട്ടുള്ള മധുപാദികളായി കല്പിച്ചിരിക്കുന്നു.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദികാവ്യേ
പഞ്ചമസർഗ്ഗഃ സമാപ്തഃ.

## ഷഷ്ഠസർഗ്ഗം—സോൽകണ്ഠവൈകുണ്ഠം

ശ്ലോകം

അഥ താം ഗന്തുമശക്താം
ചിരമനുരക്താം ലതാഗൃഹേ ദൃഷ്ട്വാ
തച്ചരിതം ഗോവിന്ദേ
മനസിജമന്ദേ സഖീ പ്രാഹ.

അനന്തരം സഖി ശ്രീകൃഷ്ണനിൽ വളരെ കാലമായി അനുരാഗത്തോടുകൂടിയിരിക്കുന്ന രാധയ്ക്കു കൃഷ്ണൻ വസിക്കുന്ന ലതാഗൃഹത്തിങ്കലോളം നടക്കുവാൻ ശക്തിയില്ലാതെ കണ്ടിട്ടു കാമബാധനിമിത്തം അലസനായിരിക്കുന്ന ശ്രീകൃഷ്ണനോട് അവളുടെ സ്ഥിതിയെ പറയുന്നു.

## പന്ത്രണ്ടാം അഷ്ടപദി

(ശങ്കരാഭരണരാഗം—അടതാളം)

പശ്യതി ദിശി ദിശി രഹസി ഭവന്തം
ത്വദധരമധുരമധൂനി പിബന്തം.
നാഥ ഹരേ! സീദതി രാധാ വാസഗൃഹേ 1

ത്വദഭിസരണരഭസേന വലന്തീ
പതതി പദാനി കിയന്തി ചലന്തീ.

(നാഥ ഹരേ) 2

വിഹിതവിശദബിസകിസലയവലയാ
ജീവതി പരമിഹ തവ രതികലയാ.

(നാഥ ഹരേ) 3

മുഹുരവലോകിതമണ്ഡനലീലാ
മധുരിപുരഹമിതി ഭാവനശീലാ.

(നാഥ ഹരേ) 4

ത്വരിതമുപൈതി ന കഥമഭിസാരം
ഹരിരിതി വദതി സഖീമനുവാരം.

(നാഥ ഹരേ) 5

ശ്ലിഷ്യതി ചുംബതി ജലധരകല്പം
ഹരിരുപഗത ഇതി തിമിരമനല്പം.

(നാഥ ഹരേ) 6

ഭവതി വിളംബിനി വിഗളിതലജ്ജാ
വിലപതി രോദിതി വാസകസജ്ജാ.

(നാഥ ഹരേ) 7

ശ്രീജയദേവകവേരിദമുദിതം
രസികജനം തനുതാമതിമുദിതം.

(നാഥ ഹരേ) 8

1. അല്ലയോ നാഥ! ശ്രീകൃഷ്ണ! രാധ ഇപ്പോഠം അവളുടെ വാസഗൃഹത്തിൽ തളൎന്നുംകൊണ്ടിരിക്കുന്നു. അവഠം ഗൂഢസ്ഥലത്തുവെച്ച് ഇതരഗോപിമാരുടെ മധുരാധരം നുകരുന്നവനായിട്ട് അങ്ങയെ എല്ലാ ദിക്കിലും കാണുന്നു.

2. അവാം അങ്ങയുടെ അരികിലേയ്ക്കു വരുവാനു ത്സാഹിച്ച് ഏതാനും അടികാം എടുത്തുവെയ്ക്കുമ്പോഴയ്ക്കു തളൎന്നുവീഴുന്നു.

3. കാമച്ചൂടിൻെറ പരിഹാരത്തിന്നായി തദനുകൂല മായ താമരവളയവും തളിരും ചേൎത്തുണ്ടാക്കിയ വളകാം ധരിച്ച് അങ്ങയുടെ രതിക്രീഡയെ അനുഭവിക്കാമെന്നുള്ള ആശാബന്ധംകൊണ്ടുമാത്രം അവാം ജീവിച്ചിരിക്കുന്നു.

4. അവാം അണിഞ്ഞിരിക്കുന്ന അലങ്കാരങ്ങളുടെ ഭംഗി പിന്നേയും പിന്നേയും നോക്കിയും ശ്രീകൃഷ്ണൻ ത ന്നെയാണ് താൻ എന്നുള്ള ഭാവനയിൽ ലയിച്ചും സ്ഥി തിചെയ്യുന്നു.

5. ശ്രീകൃഷ്ണൻ എന്താണ് വേഗത്തിൽ അരിക ത്തെത്താത്തതെന്ന് അവാം എപ്പോഴും സഖിയോടു ചോ ദിക്കുന്നു.

6. കാൎമ്മേഘവൎണ്ണമായ നിബിഡാന്ധകാരത്തെ ക ണ്ടു കൃഷ്ണനാണ് വന്നിരിക്കുന്നത് എന്നു ഭ്രമിച്ച് അവാം അതിനെ ആലിംഗനം ചെയ്കയും ചുംബിക്കുകയും ചെ യ്യുന്നു.

7. അവാം ഗൃഹത്തിൽ രതിക്രീഡയ്ക്കു തയ്യാറായി രുന്നിട്ട് അങ്ങുന്നു വരാൻ താമസിക്കുമ്പോാം ലജ്ജവിട്ടു നിലവിളിക്കുകയും കരയുകയും ചെയ്യുന്നു.

8. ശ്രീജയദേവകവിയിൽനിന്നുണ്ടായ ഈ ഗാനം രസികജനങ്ങളെ സന്തുഷ്ടന്മാരാക്കി ചെയ്യട്ടേ. [ഇതിൽ വാസകസജ്ജ എന്ന നായികയുടെ സ്ഥിതി പറഞ്ഞിരി ക്കുന്നു.]

ശ്ലോകം

വിപുലപുളകപാളിഃ സ്ഫീതസീല്ക്കാരമന്ത-
ർജ്ജനിതജഡിമകാകുവ്യാകുലം വ്യാഹരന്തി
തവ കിതവ! വിധത്തേ മന്ദകന്ദർപ്പ! ചിന്താം
രസജലനിധിമഗ്നാ ധ്യാനലഗ്നാ മൃഗാക്ഷീ.

സുന്ദരിയായ അവൾ ശൃംഗാരരസസമുദ്രത്തിൽ മഗ്നയായി അങ്ങയുടെ സ്വരൂപധ്യാനത്തിൽ ലയിച്ചു, ദേഹമാസകലം കോൾമയിർക്കൊണ്ട്, ഏററവും സില്ക്കാരത്തോടുകൂടി ഉള്ളിലുണ്ടായ ജാഡ്യത്താലും വികാരത്താലും "അല്ലയോ ധൂർത്തനായുള്ളോവേ! കാമവികാരം കുറഞ്ഞവനേ" എന്നിങ്ങിനെ പറഞ്ഞുംകൊണ്ട് അങ്ങയെത്തന്നെ ചിന്തിച്ചുംകൊണ്ടിരിക്കുന്നു. [കിതവ! മന്ദകന്ദർപ്പ! എന്നു രണ്ടും സഖി കൃഷ്ണനോടു നേരിട്ടു പറയുന്ന സംബോധനകളായി എടുക്കുന്നതിനും വിരോധമുണ്ടെന്നു തോന്നുന്നില്ല. ആ പക്ഷത്തിൽ വ്യാഹരന്തി എന്നതിന്ന് ഓരോന്നു പറയുന്നവൾ എന്നർത്ഥം.]

ശ്ലോകം

അംഗേഷ്വാഭരണം കരോതി ബഹുശഃ
പത്രേപി സഞ്ചാരിണി
പ്രാപ്തം ത്വാം പരിശങ്കതേ വിതനുതേ
ശയ്യാം ചിരം ധ്യായതി
ഇത്യാകല്പവികല്പതല്പരചനാ-
സങ്കല്പലീലാശത-
വ്യാസക്താപി വിനാ ത്വയാ വരതനു-
ർന്നൈഷാ നിശാം നേഷ്യതി.

സുന്ദരിയായ അവൾ അനേകം പ്രാവശ്യം ആഭരണം ധരിക്കുന്നു. ഇല ഇളകുമ്പോൾക്കൂടി അങ്ങുന്നു അടു

ക്കെ വന്നതായി ശങ്കിക്കുന്നു. ശയ്യ വിരിക്കുന്നു. ചിരനേരം അങ്ങയെ ധ്യാനിക്കുകയും ചെയ്യുന്നു. ഇപ്രകാരം ആകല്പം (ആഭരണം) വികല്പം (ശങ്ക) തല്പരചനാ സങ്കല്പം എന്നീ പല ലീലകളിൽ വ്യാപൃതയായി സമയം പോക്കുന്നുണ്ടെങ്കിലും അങ്ങയോടുകൂടാതെ ഈ രാത്രിയെ കഴിച്ചുകൂട്ടുകയില്ല. അങ്ങുന്നു വേഗത്തിൽ എത്താത്തപക്ഷം രാധയുടെ കാര്യം ഈ രാത്രി കഴിയുമെന്നു തോന്നുന്നില്ല എന്നു സാരം.

കവി സർഗ്ഗാന്തത്തിൽ മംഗളം പ്രാർത്ഥിക്കുന്നു:—

കിം വിശ്രാമ്യസി കൃഷ്ണഭോഗിഭവനേ
ഭാണ്ഡീരഭൂമീരുഹി
ഭ്രാതഃ പാന്ഥ! ന ദൃഷ്ടിഗോചരമിത-
സ്സാനന്ദനന്ദാസ്പദം
രാധായാ വചനം തദധ്വഗമുഖാ-
ന്നന്ദാന്തികേ ഗൂഹതോ
ഗോവിന്ദസ്യ ജയന്തി സായമതിഥി-
പ്രാശസ്ത്യഗർഭാ ഗിരഃ.

"അല്ലയോ ഭ്രാതാവായ പാന്ഥ! അങ്ങുന്നു കൃഷ്ണഭോഗിഭവനമായ ഭാണ്ഡീരമെന്ന ഈ വടവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നു വിശ്രമിക്കുന്നതെന്താണ്? ആനന്ദമായ നന്ദഗോപരുടെ പാർപ്പിടം അതാ ഇവിടെനിന്നു നോക്കിയാൽ കാണാം; അങ്ങോട്ടു പോയാലും" എന്നിങ്ങനെ രാധ പറഞ്ഞ വാക്കുകൾ കേട്ട് ഒരു വഴിപോക്കൻ നന്ദഗോപരുടെ ഭവനത്തിൽച്ചെന്നു രാധയുടെ ആ വാക്കുകളെ പറയുമ്പോൾ ശ്രീകൃഷ്ണൻ അതിനെ മറയ്ക്കുവാനായി വൈകുന്നേരം വന്നുചേരുന്ന അതിഥിയുടെ വിശിഷ്ടതയെ

പ്പററി പ്രശംസിച്ചു സംസാരിച്ചു. ശ്രീകൃഷ്ണൻെറ ആ വാക്കുകൾ സൎവ്വോല്ക്കൎഷേണ വൎത്തിക്കുന്നു. [ഇതിൽ കൃഷ്ണഭോഗിഭവനം എന്നതിന്നു കൃഷ്ണനാകുന്ന ഭോഗിയുടെ (വിഷയാസക്തൻെറ) സങ്കേതമെന്നും അൎത്ഥം. ഭാണ്ഡീരമൂലത്തിൽ സങ്കേതം കരുതിയിരിക്കുന്ന രാധ അവിടെ ഇരുന്നു വിശ്രമിക്കുന്ന പാന്ഥനെ അകററുവാനായി പറഞ്ഞ വക്രവചനത്തെ കൃഷ്ണൻ പ്രകൃതം മാററി പറഞ്ഞു മറച്ചുവെന്നു താല്പൎയ്യം.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദീകാവ്യേ
ഷഷ്ഠസൎഗ്ഗഃ സമാപ്തഃ.

## സപ്തമസൎഗ്ഗം—നാഗനാരായണം

ശ്ലോകം

അത്രാന്തരേ ച കുലടാകുലവൎത്മഘാത-
സഞ്ജാതപാതക ഇവ സ്ഫുടലാഞ്ഛനശ്രീഃ
വൃന്ദാവനാന്തരമദീപയദംശുജാലൈ-
ൎദ്ദിക്സുന്ദരീവദനചന്ദനബിന്ദുരിന്ദുഃ.

മുൻപറഞ്ഞപ്രകാരം രാധ മദനപരവശയായിരിക്കുന്ന സമയത്ത്, വ്യഭിചാരിണിമാരുടെ വഴി മുടക്കുന്നതുകൊണ്ട് ഉണ്ടായ പാപമോ എന്നു തോന്നുമാറു സ്പഷ്ടമായിരിക്കുന്ന കളങ്കശോഭയോടുകൂടിയവനും, ദിക്കുകളാകുന്ന സുന്ദരിമാരുടെ മുഖത്തിന്നു ചന്ദനപ്പൊട്ടുപോലെ ഇരിക്കുന്നവനും ആയ ചന്ദ്രൻ തൻെറ കിരണങ്ങളെക്കൊണ്ടു വൃന്ദാവനപ്രദേശത്തെ പ്രകാശിപ്പിച്ചു.

ചന്ദ്രോദയസമയത്തു രാധയുടെ വിരഹതാപം വൎദ്ധിച്ചതായി പറയുന്നു:—

ശ്ലോകം

പ്രസരതി ശശധരബിംബേ
വിഹിതവിളംബേ ച മാധവേ വിധുരാ
വിരചിതവിവിധവിലാപം
സാ പരിതാപം ചകാരോച്ചൈഃ

ആ രാധ, ചന്ദ്രബിംബം ഉദിച്ചുപൊങ്ങുകയും ശ്രീകൃഷ്ണൻ വരുവാൻ താമസിക്കുകയും ചെയ്തപ്പോൾ ഏററവും പരവശയായി പലേ ദീനവാക്കുകളേയും പറഞ്ഞു നിലവിളിച്ചിട്ട് ഏററവും പരിതപിച്ചു.

രാധയുടെ വിലാപത്തെ പറയുന്നു:—

# പതിമൂന്നാം അഷ്ടപദി

(ആഹരിരാഗം—ചമ്പതാളം)

കഥിതസമയേപി ഹരിരഹഹ ന യയൌ വനം
മമ വിഫലമിദമമലരൂപമപി യൌവനം.
യാമി ഹേ കമിഹ ശരണം സഖീജനവചനവഞ്ചിതാ 1

യദനുഗമനായ നിശി ഗഹനമപി ശീലിതം
തേന മമ ഹൃദയമിദമസമശരകീലിതം.
(യാമി ഹേ) 2

മമ മരണമേവ വരമതിവിതഥകേതനാ
കിമിതി വിഷഹാമി വിരഹാനലമചേതനാ.
(യാമി ഹേ) 3

അഹഹ കലയാമി വലയാദിമണിഭൂഷണം
ഹരിവിരഹദഹനവഹനേന ബഹുദൂഷണം.
(യാമി ഹേ) 4

മാമഹഹ വിധുരയതി മധുരമധുയാമിനീ
കാപി ഹരിമനുഭവതി കൃതസുകൃതകാമിനീ.
(യാമി ഹേ) 5

കുസുമസുകുമാരതനുമതനുശരലീലയാ
സ്രഗപി ഹൃദി ഹന്തി മാമതി വിഷമശീലയാ.
(യാമി ഹേ) 6

അഹമിഹ നിവസാമി നഗണിതവനവേതസാ
സ്മരതി മധുസൂദനോ മാമപി ന ചേതസാ.
(യാമി ഹേ) 7

ഹരിചരണശരണജയദേവകവിഭാരതീ
വസതു ഹൃദി യുവതിരിവ കോമളകലാവതീ.
(യാമി ഹേ) 8

1. കഷ്ടം കഷ്ടം! ശ്രീകൃഷ്ണൻ പറഞ്ഞ സമയമായിട്ടും വനത്തിലേക്കു വന്നില്ലല്ലോ. എന്റെ ഈ മനോഹരമായ സൌന്ദര്യ്യവും യൌവനവും വിഫലംതന്നെ. ഹേ ജഗദീശാ! സഖീജനങ്ങളുടെ വാക്കു കേട്ട് വഞ്ചിതയായ ഞാൻ ഈ ഘട്ടത്തിൽ ആരെ ശരണം പ്രാപിക്കും?

2. യാതൊരാളെ അനുഗമിപ്പാനായിട്ട് അബലയായ ഞാൻ നിശാസഞ്ചാരംകൂടി ശീലിച്ചുവോ ആ ശ്രീകൃഷ്ണൻനിമിത്തം എന്റെ ഈ ഹൃദയം കാമശരങ്ങളാൽ തുളയ്ക്കപ്പെട്ടിരിക്കുന്നു.

3. എനിക്ക് മരണം തന്നെയാണ് ഏററവും നല്ലത്. ദേഹംകൊണ്ട് യാതൊരു പ്രയോജനവുമില്ലാതെ കേവലം നിർജ്ജീവയായിരിക്കുന്ന ഞാൻ ഈ ഉഗ്രമായിരിക്കുന്ന വിരഹാഗ്നിയെ എങ്ങിനെ സഹിക്കും?

4. അഹോ കഷ്ടം! ശ്രീകൃഷ്ണന്റെ വിരഹമാകുന്ന അഗ്നിയെ വഹിച്ചുംകൊണ്ടിരിക്കുന്ന ഞാൻ വള മുതലായ രത്നാഭരണങ്ങളെല്ലാം (ഭൂഷണമായിട്ടല്ല) ദൂഷണമായിട്ടാണ് വിചാരിക്കുന്നത്.

5. കഷ്ടം! കഷ്ടം! മനോഹരമായ ഈ വസന്തരാത്രി എന്നെ വല്ലാതെ ദുഃഖിപ്പിക്കുന്നു. സുകൃതശാലിനിയായ ഏതോ ഒരു സുന്ദരി ശ്രീകൃഷ്ണനെ അനുഭവിക്കുന്നു, നിശ്ചയം.

6. ഏററവും ദുസ്സഹമായ കാമോപദ്രവം നിമിത്തം, ഹൃദയത്തിൽ ധരിച്ചിരിക്കുന്ന പുഷ്പമാലപോലും, പൂവ്വ് പോലെ മൃദുലതനുവായ എന്നെ വേദനിപ്പിക്കുന്നു.

7. ഞാൻ ഈ കാട്ടും ആററുവഞ്ചിയും കണക്കാക്കാതെ ഇവിടെ ഇരിക്കുന്നു. ശ്രീകൃഷ്ണനാകട്ടെ എന്നെ മനസ്സിൽ സ്മരിക്കയും ചെയ്യുന്നില്ല.

8. ശ്രീകൃഷ്ണപാദഭക്തനായ ജയദേവകവിയുടെ ഈ കൃതി ശൃംഗാരവിദ്യാനിപുണയായ യുവതി എന്നപോലെ മനസ്സിൽ ഇരിക്കട്ടെ.

ശ്രീകൃഷ്ണൻ വരാതിരിപ്പാനുള്ള കാരണങ്ങൾ രാധ പല പ്രകാരത്തിൽ ഊഹിക്കുന്നു:—

ശ്ലോകം

തൽ കിം കാമപി കാമിനീമഭിസൃതഃ
കിം വാ കലാകേളിഭി-
ബ്ബദ്ധോ ബന്ധുഭിരന്ധകാരിണി
വനോപാന്തേ കിമു ഭ്രാമ്യതി
കാന്തഃ ക്ലാന്തമനാ മനാഗപി പഥി
പ്രസ്ഥാതുമേവാക്ഷമഃ
സങ്കേതീകൃതമഞ്ജുവഞ്ജുളലതാ-
കുഞ്ജേപി യന്നാഗതഃ.

എൻെറ കാന്തൻ സങ്കേതമായി നിശ്ചയിച്ച ഈ മനോഹരമായ ആററുവള്ളിക്കുടിലിലും വന്നില്ലല്ലോ. ഇതി

ന്നു കാരണം എന്തായിരിക്കും? അദ്ദേഹം ഏതോ ഒരു കാമിനിയെ അഭിസരണം ചെയ്തിരിക്കുമോ? ബന്ധുക്കളുമായിട്ടുള്ള വിലാസക്രീഡകളിൽ കുടുങ്ങിയിരിക്കുമോ? ഇരുട്ടു നിറഞ്ഞതായ കാട്ടിൽപെട്ടു ചുററിത്തിരിയുകയായിരിക്കുമോ? അതോ മനസ്സിന്നു സുഖമില്ലായ്കയാൽ വഴിയിൽ പുറപ്പെടുവാൻതന്നെ അശക്തനായി വന്നിരിക്കുമോ?

ശ്ലോകം

അഥാഗതാം മാധവമന്തരേണ
സഖീമിയം വീക്ഷ്യ വിഷാദമൂകാം
വിശങ്കമാനാ രമിതം കയാപി
ജനാർദ്ദനം ദൃഷ്ടവദേതദാഹ.

അനന്തരം സഖി ശ്രീകൃഷ്ണനോടുകൂടാതേയും വ്യസനംകൊണ്ട് ഒന്നും മിണ്ടാതെയും മടങ്ങിവന്നതു കണ്ട് ശങ്കിതഹൃദയയായിട്ടു രാധ ശ്രീകൃഷ്ണൻ ഏതോ ഒരു സുന്ദരിയോടുകൂടി രമിക്കുന്നതായി കണ്ടതുപോലെ ഇങ്ങിനെ പറയുന്നു.

# പതിനാലാം അഷ്ടപദി

(കേദാരബന്ധുരാഗം—അടതാളം)

സ്മരസമരോചിതവിരചിതവേഷാ
ഗളിതകുസുമദരവിലുളിതകേശാ.
കാപി മധുരിപുണാ വിലസതി യുവതിരധികഗുണാ 1
ഹരിപരിരംഭണചലിതവികാരാ
കുചകലശോപരി തരളിതഹാരാ.
(കാപി) 2
വിചലദളകലളിതാനനചന്ദ്രാ
തദധരപാനരഭസകൃതതന്ദ്രാ.
(കാപി) 3

ചഞ്ചലകുണ്ഡലലളിതകപോലാ
മുഖരിതരശനജഘനഗതിലോലാ.

(കാപി) 4

ദയിതവിലോകിതലജ്ജിതഹസിതാ
ബഹുവിധകൂജിതരതിരസരസിതാ.

(കാപി) 5

വിപുലപുളകപൃഥുവേപഥുഭംഗാ
ശ്വസിതനിമീലിതവികസദനംഗാ.

(കാപി) 6

ശ്രമജലകണഭരസുഭഗശരീരാ
പരിപതിതോരസി രതിരണധീരാ.

(കാപി) 7

ശ്രീജയദേവഭണിതഹരിരമിതം
കലികലുഷം ജനയതു പരിശമിതം.

(കാപി) 8

1. കാമക്രീഡയ്ക്കുചിതമായ വേഷം ധരിച്ച്, എന്നേക്കാളധികം ഗുണശാലിനിയായ ഒരുവൾ കെട്ടഴിഞ്ഞു പുവ്വ് കൊഴിഞ്ഞിരിക്കുന്ന തലമുടിയോടൊത്ത ശ്രീകൃഷ്ണനോടുകൂടി രമിക്കുന്നു.

2. ഹരിയുടെ ആലിംഗനംകൊണ്ടു വികാരം ഇളകിയും കുചകുംഭങ്ങളുടെ മുകളിൽ മുത്തുമാല ആടിയും ഒരുവൾ കൃഷ്ണനോടുകൂടി രമിക്കുന്നു.

3. ഇളകുന്ന കുറുനിരകളെക്കൊണ്ടു മനോഹരമായ മുഖചന്ദ്രനോടുകൂടിയും, കൃഷ്ണൻെറ അധരപാനംകൊണ്ടുള്ള രസത്തിൽ ലയിച്ച് അലസതയോടുകൂടിയും ഒരുവൾ രമിക്കുന്നു.

4. ചഞ്ചലങ്ങളായ കുണ്ഡലങ്ങളെക്കൊണ്ടു മനോഹരമായ കവിൾത്തടങ്ങളോടുകൂടിയും, അരഞ്ഞാൺ കിടന്നു കിലുങ്ങുന്ന ജഘനപ്രദേശത്തിന്റെ ഇളക്കംകൊണ്ടു മനോഹരതയോടുകൂടിയും ഒരുവൾ രമിക്കുന്നു.

5. പ്രിയതമന്റെ ദർശനത്താൽ ലജ്ജയോടും പുഞ്ചിരിയോടും കൂടിയും പലവിധത്തിലുള്ള രതികൂജിതങ്ങളെക്കൊണ്ടു സന്തോഷത്തോടുകൂടിയും ഒരുവൾ രമിക്കുന്നു.

6. ഏററവും വർദ്ധിച്ചിരിക്കുന്ന രോമാഞ്ചവും വിറയും കലന്നും നെടുവീർപ്പിട്ടും കൺചിമ്മിയും കാമവികാരം വലുതായിത്തീൎന്നും ഒരുവൾ രമിക്കുന്നു.

7. രതിശ്രമംകൊണ്ടുണ്ടായ സ്വേദബിന്ദുക്കളാൽ സുഭഗമായ ദേഹത്തോടുകൂടി (ഹരിയുടെ) മാറിടത്തിൽ ശയിച്ചുംകൊണ്ടു രതിയുദ്ധത്തിൽ ധീരയായ ഒരുവൾ രമിക്കുന്നു.

8. ശ്രീജയദേവകവി ഉണ്ടാക്കിയതായ ഈ ശ്രീകൃഷ്ണസുരതക്രീഡ കലികല്മഷത്തെ ശമിപ്പിക്കട്ടേ. [ഈ ഗാനത്തിൽ ഉപരസുരതത്തിന്റെ പതനങ്ങൾ യഥാക്രമം വൎണ്ണിച്ചിരിക്കുന്നു.]

ശ്ലോകം

വിരഹപാണ്ഡുമുരാരിമുഖാംബുജ-
ദ്യുതിരയം തിരയന്നപി വേദനാം
വിധുരതീവ തനോതി മനോഭുവഃ
സുഹൃദയേ ഹൃദയേ മദനവ്യഥാം.

അല്ലയോ സഖി! വിരഹം ഹേതുവായി വിളത്ത ശ്രീകൃഷ്ണന്റെ മുഖാരവിന്ദംപോലെ ഇരിക്കുന്ന ഈ ചന്ദ്രൻ വി

രഹവേദനയെ മറയ്ക്കുന്നുണ്ടെങ്കിലും ഇദ്ദേഹം കാമദേവ ൻെറ ബന്ധുവാകയാൽ എൻെറ ഹൃദയത്തിൽ കാമവേദ നയെ വളൎത്തുന്നു.

# പതിനഞ്ചാം അഷ്ടപദി

(മുഖാരിരാഗം—അടതാളം)

സമുദിതമദനേ രമണീവദനേ ചുംബനവലിതാധരേ
മൃഗമദതിലകം ലിഖതി സപുളകം മൃഗമിവ രജനീകരേ
രമതേ യമുനാപുളിനവനേ വിജയീ മുരാരിരധുനാ 1
ഘനചയരുചിരേ രചയതി ചികുരേ തരളിതതരുണാനനേ
കുരവകകുസുമം ചപലാസുഷമം രതിപതിമൃഗകാനനേ
(രമതേ) 2
ഘടയതി സുഘനേ കുചയുഗഗഗനേ മൃഗമദരുചിഭൂഷിതേ
മണിസരമമലം താരകപടലം നഖപദശശിഭൂഷിതേ
(രമതേ) 3
ജിതബിസശകലേ മൃദുഭുജയുഗളേ കരതലനളിനീദളേ
മരതകവലയം മധുകരനിചയം വിതരതി ഹിമശീതളേ
(രമതേ) 4
രതിഗൃഹജഘനേ വിപുലാപഘനേ മനസിജകനകാസനേ
മണിമയരശനം തോരണഹസനം വികിരതി കൃതവാസനേ
(രമതേ) 5
ചരണകിസലയേ കമലാനിലയേ നഖമണിഗണപൂജിതേ
ബഹിരപവരണം യാവകഭരണം ജനയതി ഹൃദി യോജിതേ
(രമതേ) 6
രമയതി സുദൃശം കാമപി സുഭൃശം ഖലഹലധരസോദരേ
കിമഫലമവസം ചിരമിഹ വിരസം വദ സഖി! വിടപോദരേ
(രമതേ) 7

ഇഹ രസഭണനേ കൃതഹരിഗുണനേ മധുരിപുപദസേവകേ
കലിയുഗചരിതം ന വസതു ദുരിതം കവിനൃപജയദേവകേ.
(രമതേ) ൪

1. എന്നെ വഞ്ചിക്കയാൽ വിജയിയായ ശ്രീകൃഷ്ണൻ കാളിന്ദീതീരത്തുള്ള വനത്തിൽ ക്രീഡിക്കുന്നു. അദ്ദേഹം കാമവികാരം കലൎന്നും, ചുംബനത്തിന്നായി പുറത്തേയ്ക്കു കാണിച്ച് അകത്തേയ്ക്കുതന്നെ ചുരുക്കിയ അധരത്തോടു കൂടിയും ഇരിക്കുന്ന രമണിയുടെ മുഖത്തു രോമാഞ്ചത്തോടു കൂടി ചന്ദ്രനിലെ കളങ്കംപോലെ ശോഭിക്കുന്ന കസ്തൂരിപ്പൊട്ട് തൊടുവിക്കുന്നു.

2. കാൎമ്മേഘംപോലെ മനോഹരമായും യുവാക്കന്മാരുടെ മനസ്സിനെ ഇളക്കിയതായും കാമനാകുന്ന മൃഗം കളിക്കുന്ന കാടായും ശോഭിക്കുന്ന അവളുടെ തലമുടയിൽ മിന്നൽപോലെ കാന്തിയുള്ള ചെങ്കുറുഞ്ഞിപ്പൂവ് ചൂടിക്കുന്നു.

3. ഏററവും ഇടതിങ്ങിയതും കസ്തൂരിയണിഞ്ഞതും നഖവ്രണകാന്തിയാകുന്ന ചന്ദ്രനാൽ അലംകൃതവുമായ കുചയുഗമാകുന്ന ആകാശത്തിൽ തെളിമുത്തുമാലയാകുന്ന താരകനികരത്തെ ചേൎത്തിണക്കുന്നു.

4. താമരവളയത്തേക്കാഠം മാൎദ്ദവമുള്ളതും ഉള്ളംകയ്യാകുന്ന താമരദളങ്ങളോടുകൂടിയതും മഞ്ഞുപോലെ കുളുൎമ്മയുള്ളതുമായ രണ്ടു കൈകളിലും പച്ചക്കല്ലുവളയാകുന്ന വണ്ടിൻകൂട്ടത്തെ വെക്കുന്നു.

5. കാമദേവൻെറ സ്വൎണ്ണസിംഹാസനമായും വിസ്താരമുള്ളതായും പരിമളം കലൎന്നതായും രതിയുടെ ഇരിപ്പിടമായും ഉള്ള ജഘനത്തിൽ മംഗളമാലയെ ഹസിക്കുന്ന

കാന്തിയേന്തിയ രത്നമയമായ അരഞ്ഞാൺ അണിയിക്കുന്നു.

6. ശ്രീയുടെ പാർപ്പിടമായും നഖങ്ങളാകുന്ന രത്നസമൂഹങ്ങളാൽ അലംകൃതമായും ഇരിക്കുന്ന കാൽത്തളിർ ഹൃദയത്തിൽ ചേർത്ത് അതിലെല്ലായിടത്തും ചെമ്പഞ്ഞിച്ചാർ തേക്കുന്നു.

7. ഇപ്രകാരം, സ്നേഹശൂന്യനായ ആ ബലഭദ്രാനുജൻ ഒരു സുന്ദരിയെ ഗാഢമായി രമിപ്പിക്കുമ്പോൾ, ഹേ സഖി! ഞാനിങ്ങിനെ ഈ വള്ളിക്കുടിലിൽ ഒരു ഫലവുമില്ലാതേയും യാതൊരു രസവും കൂടാതേയും വളരെ നേരം ഇരുന്നതെന്തിനാണ്? നീ പറഞ്ഞാലും.

8. ശ്രീകൃഷ്ണൻെറ പാദഭക്തനും കവിരാജനുമായ ജയദേവൻെറ ശ്രീകൃഷ്ണഗുണവർണ്ണനമായ ഈ കൃതിയിൽ കലിയുഗകൃതമായ പാപം വസിക്കാതിരിക്കട്ടെ.

[ഇതിൽ ദയിതകർത്തൃകമായ അലങ്കരണത്തെ പറഞ്ഞിരിക്കുന്നു. രാധ സങ്കല്പദൃഷ്ടികൊണ്ടു കാണുന്ന പരാംഗനയുടെ ശ്രീകൃഷ്ണരതിയിൽ അവൾക്കുള്ളിൽ നിറഞ്ഞു പുറമേ വഴിയുന്ന ഈർഷ്യാകോപാനുതാപങ്ങൾ സ്പഷ്ടം. "ചുംബനവലിതാധരേ" എന്ന രമണീവദനവിശേഷണത്താൽ ചുംബനദ്യൂതകേളി ധ്വനിക്കുന്നു.]

രാധ നിർവ്വേദത്തോടുകൂടെ സഖിയോടു പറയുന്നു:—

ശ്ലോകം

നായാതഃ സഖി! നിർദ്ദയോ യദി ശഠ—
സ്ത്വം ദൂതി കിം ദൂയസേ
സ്വച്ഛന്ദം ബഹുവല്ലഭഃ സ രമതേ
കിം തത്ര തേ ദൂഷണം

പശ്യാദ്യ പ്രിയസംഗമായ ദയിത-
സ്യാകൃഷ്യമാണം ഗുണൈ-
രുൽകണ്ഠാർത്തിഭരാദിവ സ്ഫുടദിദം
ചേതഃ സ്വയം യാസ്യതി.

ഹേ സഖി! നിർദ്ദയനായ ആ ശഠൻ (ശ്രീകൃഷ്ണൻ) വന്നില്ല എങ്കിൽ ഹേ ദൂതി! നീ എന്തിനു ദുഃഖിക്കുന്നു? അനേകം ഭാര്യമാരുള്ള അദ്ദേഹം യഥേഷ്ടം ക്രീഡിക്കുന്നുവെങ്കിൽ നിനക്കതിൽ എന്താണ് ദോഷം? നീ കണ്ടുകോൾക. പ്രിയസംയോഗത്തിന്നായി അദ്ദേഹത്തിൻെറ ഗുണങ്ങളാൽ ആകർഷിക്കപ്പെടുന്നതും ഉൽക്കണ്ഠാധിക്യത്താൽ പൊട്ടിപ്പൊളിയുന്നതുപോലെ വേദനിക്കുന്നതുമായ എൻെറ ഈ മനസ്സ് സ്വയമായിത്തന്നെ പൊയ്ക്കൊള്ളും—ഞാൻ ഇപ്പോൾ മരിക്കും. [ഈ ശ്ലോകത്തിൽ സഖിയുടെ പേരിൽ രാധയ്ക്കുള്ള അസൂയ സ്പഷ്ടമാകുന്നുണ്ട്. ചിലർ ഇതിനെ രാധയും സഖിയും തമ്മിലുള്ള സംവാദത്തിൻെറ മട്ടിൽ അന്വയിച്ച് അർത്ഥം പറയുന്നുണ്ട്. ആ പക്ഷത്തിൽ 'ശ്രീകൃഷ്ണൻ വന്നില്ല.' എന്ന പ്രഥമവാക്യവും 'അദ്ദേഹം സ്വച്ഛന്ദം രമിക്കുന്നു' എന്ന തൃതീയവാക്യവും സഖിയുടെ വചനവും, 'നീയെന്തിനു ദുഃഖിക്കുന്നു' എന്ന ദ്വിതീയവാക്യവും 'നിനക്കെന്താണ് ദോഷം' എന്ന ചതുർത്ഥവാക്യവും രാധാവചനവുമാകുന്നു. രാധയുടെ വാക്കിൽനിന്നു ശ്രീകൃഷ്ണനെ കൂട്ടിക്കൊണ്ടുവരുവാൻ പോയ ദൂതി കപടമായി കൃഷ്ണനുമായി സംയോഗം ചെയ്തുവെന്നു ധ്വനിക്കുന്നു. ദൂതി എന്ന സംബോധനയുടെ സ്വാരസ്യം ഈ ധ്വനിക്കു സഹായിക്കുന്നുമുണ്ട്.]

അനന്തരം രാധ ശ്രീകൃഷ്ണസംയോഗം അനുഭവിക്കാൻ ഭാഗ്യം സിദ്ധിക്കുന്ന സ്ത്രീയുടെ സുഖാതിരേകത്തെ പുകഴ്ത്തുന്നു:—

# പതിനാറാം അഷ്ടപദി

(പുന്നാഗരാഗം—അടതാളം)

അനിലതരളകുവലയനയനേന
തപതി ന സാ കിസലയശയനേന
സഖി യാ രമിതാ വനമാലിനാ 1

വികസിതസരസിജലളിതമുഖേന
സ്ഫുടതി ന സാ മനസിജവിശിഖേന
(സഖി യാ രമിതാ) 2

അമൃതമധുരമൃദുതരവചനേന
ജ്വലതി ന സാ മലയജപവനേന.
(സഖി യാ രമിതാ) 3

സ്ഥലജലരുഹരുചികരചരണേന
ലുഠതി ന സാ ഹിമകരകിരണേന
(സഖി യാ രമിതാ) 4

സജലജലദസമുദയരുചിരേണ
ദളതി ന സാ ഹൃദി വിരഹഭരേണ.
(സഖി യാ രമിതാ) 5

കനകനികഷരുചിശുചിവസനേന
ശ്വസിതി ന സാ പരിജനഹസനേന.
(സഖി യാ രമിതാ) 6

സകലഭുവനജനവരതരുണേന
വഹതി ന സാ രുജമതികരുണേന.
(സഖി യാ രമിതാ) 7

ശ്രീജയദേവഭണിതവചനേന
പ്രവിശതു ഹരിരപി ഹൃദയമനേന.

(സഖി യാ രമിതാ) 8

1. ഹേ സഖി! യാതൊരു സ്ത്രീ കാറേററിളകുന്ന നീലത്താമരപ്പൂവ്വൊത്ത കണ്ണുകളുള്ള ശ്രീകൃഷ്ണനോടുകൂടെ രമിച്ചുവോ അവൾ തളിർമെത്തയിൽ കിടക്കുന്നതുകൊണ്ട് ദുഃഖിക്കുന്നില്ല.

2. വിടൎന്ന താമരപ്പൂപോലെ മനോഹരമുഖനായ കൃഷ്ണനോടുകൂടി ഏതൊരുവൾ രമിച്ചുവോ അവൾ കാമബാണംകൊണ്ട് പിളരുന്നില്ല.

3. അമൃതുപോലെ മധുരമായും മൃദുവായുമിരിക്കുന്ന വാക്കുകളുള്ള കൃഷ്ണനോടുകൂടി ഏതൊരുവൾ രമിച്ചുവോ അവൾ ഇളന്തെന്നലേററ് എരിയുന്നില്ല.

4. സ്ഥലപത്മംപോലെ രുചിരമായ കരചരണങ്ങളുള്ള കൃഷ്ണനോടുകൂടി ഏതൊരുവൾ രമിച്ചുവോ അവൾ ചന്ദ്രകിരണങ്ങളേററ് വീണുരുളുന്നില്ല.

5. കാർമ്മേഘനിരപോലെ മനോഹരവർണ്ണനായ കൃഷ്ണനോടുകൂടി ഏതൊരുവൾ രമിച്ചുവോ അവൾക്ക് വിരഹഭാരംകൊണ്ട് ഹൃദയം പിളരുന്നില്ല.

6. ഉരകല്ലിൽ ഉരച്ച സ്വൎണ്ണരേഖപോലെ കാന്തിയുള്ള ഉടുവാടയോടുകൂടിയ കൃഷ്ണനോടൊത്ത് ഏതൊരുവൾ രമിച്ചുവോ, അവൾ പരിജനങ്ങളുടെ പരിഹാസംകൊണ്ട് നെടുവീൎപ്പിടുന്നില്ല.

7. സകലലോകങ്ങളിലുമുള്ള യുവജനങ്ങളിൽവെച്ച് ശ്രേഷ്ഠനായ ശ്രീകൃഷ്ണനോടുകൂടി ഏതൊരുവൾ രമിച്ചു

വോ അവറം ശോകാധിക്യംകൊണ്ട് വേദനയനുഭവിക്കു ന്നില്ല.

8. ശ്രീജയദേവകവിയുടെ കൃതിയായ ഈ ഗാന ത്തിൽ ക്കൂടെ ശ്രീകൃഷ്ണൻ ഹൃദയത്തിലേക്കു പ്രവേശിക്കട്ടെ.

രാധ മലയമാരുതനെ ഉദ്ദേശിച്ചു പറയുന്നു:—

ശ്ലോകം

മനോഭവാനന്ദന! ചന്ദനാനില!
പ്രസീദ മേ ദക്ഷിണ! മുഞ്ച വാമതാം
ക്ഷണം ജഗൽപ്രാണ! വിധായ മാധവം
പുരോ മമ പ്രാണഹരോ ഭവിഷ്യസി.

അല്ലയോ മദനാനന്ദം നൽകുന്ന മലയമാരുതാ! അ ങ്ങ് എനിക്കുവേണ്ടി പ്രസാദിച്ചാലും. ഹേ ദക്ഷിണ! അ ങ്ങ് പ്രതികൂലതയെ വെടിഞ്ഞാലും. ഹേ ജഗൽപ്രാണ! അങ്ങു ക്ഷണനേരം ശ്രീകൃഷ്ണനെ എൻെറ മുമ്പിൽ കൊണ്ടു വന്നാക്കീട്ടു പിന്നെ യഥേഷ്ടം പ്രാണനെ അപഹരിച്ചു കൊള്ളുക. ദക്ഷിണം=തെക്കേത് (അനുകൂലമെന്നും), വാ മം=ഇടത്തേത് (പ്രതികൂലമെന്നും); ദക്ഷിണമാരുതൻ എ ൻെറ പേരിൽ പ്രതികൂലനായിരിക്കുന്നു. കാററിന്നുള്ള ജ ഗൽപ്രാണൻ (ലോകത്തിൻെറ ജീവൻ) എന്ന സംജ്ഞ പോയി പ്രാണഹരൻ എന്നും ആയിരിക്കുന്നു. ആ പ്രാണ ഹരത്വം ശ്രീകൃഷ്ണനെ ഒന്നു കണ്ടിട്ടായാൽ കൊള്ളാമെന്ന് രാധയുടെ അപേക്ഷ.

അനന്തരം രാധ വിരഹത്തെപ്പററി സഖിയോടു പറ യുന്നു:—

ശ്ലോകം

രിപുരിവ സഖീസംവാസോയം ശിഖീവ ഹിമാനിലോ
വിഷമിവ സുധാരശ്മിൎയ്യസ്മിൻ ദുനോതി മനോഗതേ
ഹൃദയമദയേ തസ്മിന്നേവം പുനൎവ്വലതേ ബലാൽ
കുവലയദൃശാം വാമഃ കാമോ നികാമനിരങ്കശഃ.

യാതൊരാൾ മനസ്സിലിരിക്കുമ്പോൾ (മനസ്സുകൊണ്ട് സ്മരിക്കാൻ മാത്രം സാധിക്കുന്നവിധം അകന്നിരിക്കുമ്പോൾ)എനിക്കു സഖിമാരുടെ ഈ സഹവാസം ശത്രുവെന്നപോലെയും, കുളൎകാററ് അഗ്നി എന്ന പോലെയും, ചന്ദ്രൻ വിഷംപോലെയും ദുഃഖം നൽകുന്നുവോ ആ നിൎദ്ദയനായ ശ്രീകൃഷ്ണനിൽത്തന്നെ എൻെറ ഹൃദയം ബലാല്ക്കാരേണ പിന്നേയും കിടന്നു ചുററുന്നു. പ്രതികൂലകാരിയായിത്തീൎന്ന കാമദേവൻ സുന്ദരിമാരുടെ വിഷയത്തിൽ ഏററവും നിരങ്കുശനാകുന്നു. [കാമദേവൻ സ്ത്രീകൾക്കു വിരോധകാരിയായാൽ തോട്ടി ഇല്ലാത്ത ആനയെപ്പോലെ തോന്നിയതൊക്കെ പ്രവൎത്തിക്കുമെന്നു താല്പൎയ്യം].

രാധ കാമാന്ധയായി ഭ്രാന്തു പറയുന്നു:—

ശ്ലോകം

ബാധാം വിധേഹി മലയാനില! പഞ്ചബാണ!
പ്രാണാൻ ഗൃഹാണ ന ഗൃഹം പുനരാശ്രയിഷ്യേ
കിം തേ കൃതാന്തഭഗിനി! ക്ഷമയാ തരംഗൈ–
രംഗാനി സിഞ്ച മമ ശാമ്യതു ദേഹദാഹഃ.

അല്ലയോ തെക്കൻകാറേറ! അങ്ങ് എനിക്ക് ഉപദ്രവം ചെയ്താലും. അല്ലയോ പഞ്ചബാണ! അങ്ങ് എൻെറ പ്രാണനെ അപഹരിച്ചാലും. ഞാൻ ഇനി ഗൃഹത്തിലേക്കു പോകയില്ല. അല്ലയോ അന്തകസോദരിയായ കാളിന്ദി!

നീ ക്ഷമിച്ചിരിക്കേണ്ട. നീ നിന്റെ ബാണങ്ങളെക്കൊണ്ട് എന്റെ അവയവങ്ങളെ നനച്ചാലും. എന്റെ ദേഹത്തിന്നുള്ള ചുട്ടുനീറൽ ശമിക്കട്ടെ. [വിരഹവ്യഥ നിമിത്തം എന്റെ പ്രാണപ്രയാണം അടുത്തിരിക്കുന്നുവെന്നു താല്പര്യം.]

സർഗ്ഗാന്തമംഗളം. കവിവാക്യം:—

ശ്ലോകം

പ്രാതന്നീലനിചോളമാനനമുര-
സ്സംവീതപീതാംബരം
ഗോവിന്ദം ദധതം വിലോക്യ ഹസതി
സൈ്വരം സഖീമണ്ഡലേ
വ്രീളാചഞ്ചലമഞ്ചലം നയനയോ-
രാധായ രാധാനനേ
ദൂരം സ്മേരമുഖോ യമസ്തു ജഗദാ-
നന്ദായ നന്ദാത്മജഃ.

പ്രാതഃകാലത്തിങ്കൽ ശ്രീകൃഷ്ണനെ നീലപ്പട്ടുകൊണ്ട് മുഖംമൂടിയും മഞ്ഞപ്പട്ടുകൊണ്ട് മാറുമറച്ചും കണ്ടിട്ട് സഖിമാർ സൈ്വരമായി ചിരിക്കുമ്പോൾ ലജ്ജയാലിളകുന്ന കടക്കണ്ണ് രാധയുടെ മുഖത്തിങ്കൽ അർപ്പിച്ചിട്ട് ഗൂഢമായി ദൂരത്തുനിന്നു പുഞ്ചിരിതൂകിയ നന്ദനന്ദനനായ ശ്രീകൃഷ്ണൻ ലോകത്തിന്ന് ആനന്ദം നൽകട്ടെ. [സഖിമാരറിയാതെ രാത്രിയിൽ ചെന്നു രാധയോടുകൂടി രമിച്ച് രാവിലെ ആളെ അറിയാതിരിപ്പാൻ വികൃതവേഷം ധരിച്ച് പുറത്തു പോകുന്ന കൃഷ്ണനെ സഖിമാർ മനസ്സിലാക്കി. അപ്പോളവർ ചിരിച്ചു എന്നറിഞ്ഞുകൊൾക.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദീകാവ്യേ
സപ്തമസർഗ്ഗഃ സമാപ്തഃ.

# അഷ്ടമസർഗ്ഗം-വിലക്ഷലക്ഷ്മീപതി

ശ്ലോകം

അഥ കഥമപി യാമിനീം വിനീയ
സ്മരശരജർജ്ജരിതാപി സാ പ്രഭാതേ
അനുനയവചനം വദന്തമഗ്രേ
പ്രണതമപി പ്രിയമാഹ സാഭ്യസൂയം.

അനന്തരം രാധ കാമബാണങ്ങളാൽ ഏററവും പീഡിതയാണെങ്കിലും വളരെ പണിപ്പെട്ട് രാത്രിയെ കഴിച്ചുകൂട്ടി. പ്രഭാതത്തിങ്കൽ പ്രിയനായ ശ്രീകൃഷ്ണൻ അവളുടെ മുമ്പിൽ വന്നു നമസ്കരിച്ചു സമാധാനവാക്കുകൾ പറയുവാൻ തുടങ്ങി. എങ്കിലും അവൾ അദ്ദേഹത്തോട് ഈഷ്യയോടുകൂടി താഴെ പറയും പ്രകാരം പറയുന്നു.

## പതിനേഴാം അഷ്ടപദി

(മലഹരിരാഗം—രൂപകതാളം)

രജനിജനിതഗുരുജാഗരരാഗകഷായിതമലസനിമേഷം,
വഹസി നയനമനുരാഗമിവ സ്ഫുടമുദിതരസാഭിനിവേശം
യാഹി മാധവ യാഹി കേശവ മാ വദ കൈതവവാദം
താമനുസര സരസീരുഹലോചന യാ തവ ഹരതി വിഷാദം. 1
കജ്ജളമലിനവിലോചനചുംബനവിരചിതനീലിമരൂപം
ദശനവസനമരുണം തവ കൃഷ്ണ തനോതി തനോരനുരൂപം.
(യാഹി മാധവ) 2
വപുരനുസരതി തവ സ്മരസംഗരനവനഖരക്ഷതരേഖം
മരതകശകലകലിതകളധൌതലിപേരിവ രതിജയലേഖം.
(യാഹി മാധവ) 3
ചരണകമലഗളദലക്തകസിക്തമിദം തവ ഹൃദയമുദാരം
ദർശയതീവ ബഹിർമ്മദനദ്രുമനവകിസലയപരിവാരം.
(യാഹി മാധവ) 4

ദശനപദം ഭവദധരഗതം മമ ജനയതി ചേതസി ഖേദം
കഥയതി കഥമധുനാപി മയാ സഹ തവ വപുരേതദഭേദം.
(യാഹി മാധവ) 5

ബഹിരിവ മലിനതരം തവ കൃഷ്ണ! മനോപി ഭവിഷ്യതി നൂനം
കഥമഥ വഞ്ചയസേ ജനമനുഗതമസമശരജ്വരദൂനം.
(യാഹി മാധവ) 6

ഭ്രമതി ഭവാനബലാകബലായ വനേഷു കിമത്ര വിചിത്രം
പ്രഥയതി പൂതനികൈവ വധൂവധനിർദ്ദയ! ബാലചരിത്രം.
(യാഹി മാധവ) 7

ശ്രീജയദേവഭണിതരതിവഞ്ചിതഖണ്ഡിതയുവതിവിലാപം
ശൃണുതസുധാമധുരം വിബുധാ വിബുധാലയതോപി ദുരാപം.
(യാഹി മാധവ) 8

1. ഹേ മാധവ! ഹേ കേശവ! അങ്ങുന്നു പോയാലും; എന്നോടു വ്യാജം പറയേണ്ട. അങ്ങയുടെ കണ്ണ് രാത്രിയിൽ തീരെ ഉറക്കമൊഴിച്ച് കലങ്ങിയും തെല്ലൊന്നു ചിമ്പിയും രസാഭിനിവേശത്തോടുകൂടിയും മൂൎത്തിമത്തായ അനുരാഗമോ എന്നു തോന്നുമാറും ഇരിക്കുന്നു.

2. ഹേ താമരക്കണ്ണ! യാതൊരുവൾ അങ്ങയുടെ വിഷാദത്തെ ശമിപ്പിക്കുന്നുവോ അവളുടെ അടുക്കെതന്നെ പോയാലും. ഹേ കൃഷ്ണാ! അങ്ങയുടെ തുടുത്ത ചുണ്ട് മഷി പുരണ്ട കണ്ണിൽ ചുംബിക്കുകയാൽ നീലനിറമായിത്തീൎന്ന് അങ്ങയുടെ ദേഹത്തിന്റെ നിറത്തിന്നു സദൃശമായിരിക്കുന്നു.

3. കാമയുദ്ധത്തിൽ ഉണ്ടായ പുതിയ നഖവ്രണരേഖയോടുകൂടിയ അങ്ങയുടെ ശരീരം പച്ചക്കല്ലിൽ എഴുതിയ

സ്വൎണ്ണാക്ഷരങ്ങളോടുകൂടിയ രതിക്രീഡാവിജയമുദ്രയെപ്പോലെ ഇരിക്കുന്നു.

4. താമരപ്പൂവിന്നൊത്ത കാലിൽനിന്നൊഴുകിയ ചെമ്പഞ്ഞിച്ചാറുകൊണ്ടു നനഞ്ഞതായ അങ്ങയുടെ ഹൃദയപ്രദേശം കാമനാകുന്ന വൃക്ഷത്തിന്റെ പുതുതളിർനിറയെ പുറത്തേയ്ക്കു കാണിക്കുന്നതുപോലെ തോന്നുന്നു.

5. അങ്ങയുടെ അധരത്തിന്മേൽ പതിഞ്ഞിരിക്കുന്ന ദന്തക്ഷതം എന്റെ മനസ്സിൽ വേദനയുണ്ടാക്കുന്നു. അങ്ങയുടെ ഈ ശരീരം ഇപ്പോഴും എന്റെ ശരീരത്തോട് അഭേദം തോന്നിക്കുന്നത് എങ്ങിനെയാണ്?

6. ഹേ കൃഷ്ണാ! അങ്ങയുടെ പുറംപോലെ മനസ്സും ഏററവും മലിന (കറുത്തത്) മായിരിക്കും, നിശ്ചയം. അല്ലെങ്കിൽ കാമാൎത്തിയോടുകൂടി പിന്നാലെ വന്നിരിക്കുന്ന ആളെ അങ്ങ് എങ്ങിനെ വഞ്ചിക്കുന്നു?

7. അങ്ങുന്നു കാട്ടുകളിൽ ചുററിനടക്കുന്നതു സ്ത്രീകളെ വിഴുങ്ങാനായിട്ടാണ്. ഇതിലെന്താണ് ആശ്ചൎയ്യം? ഹേ വധൂവധനിഷ്ട്രയ പൂതനതന്നെ അങ്ങയുടെ ബാലചരിത്രത്തെ വെളിവാക്കുന്നുണ്ടല്ലോ.

8. അല്ലയോ വിദ്വാന്മാരേ! നിങ്ങൾ ശ്രീജയദേവകവിയാൽ വൎണ്ണിതവും അമൃതുപോലെ മധുരവും സ്വൎഗ്ഗലോകത്തിൽ കൂടി ദുൎല്ലഭമായിട്ടുള്ളതുമായ, രതിക്രീഡയിൽ വിപ്രലബ്ധയായ (ചതിക്കപ്പെട്ട) രാധയുടെ ഈ വിലാപത്തെ കേൾക്കുവിൻ.

[ഇതിൽ ഖണ്ഡിതനായികയുടെ ഈൎഷ്യാകോപമാണ് പറയപ്പെട്ടിരിക്കുന്നത്. ഖണ്ഡിതനായികാലക്ഷണം,

"നിദ്രാകഷായമുകുളീകൃതതാമ്രനേത്രോ
നാരീനഖവ്രണവിശേഷവിചിത്രിതാംഗഃ
യസ്യാഃ കുതോപി പതിരേതി ഗൃഹം പ്രഭാതേ
സാ ഖണ്ഡിതേതി കഥിതാ കവിഭിഃ പുരാണൈഃ".

എന്നാകുന്നു. ഖണ്ഡിതനായികയിൽ പ്രിയോപഭുക്തയായ സ്ത്രീയെപ്പററിയ അസൂയ, തന്നെ വഞ്ചിച്ചതിലുള്ള ക്രോധം, സംയോഗചിഹ്നദശ്നത്തിലുള്ള അസഹിഷ്ണുത ഇവ പ്രത്യക്ഷമായിരിക്കും. പ്രകൃതത്തിൽ അവയെല്ലാം യഥോചിതം അറിഞ്ഞുകൊൾക.]

രാധ ഈർഷ്യയോടുകൂടി ശ്രീകൃഷ്ണനെ ഭർത്സിക്കുന്നു:—

ശ്ലോകം

തവേദം പശ്യന്ത്യാഃ പ്രസരദനുരാഗം ബഹിരിവ
പ്രിയാപാദാലക്തച്ഛുരിതമരുണദ്യോതി ഹൃദയം
മമാദ്യ പ്രഖ്യാതപ്രണയഭരഭംഗേന കിതവ!
ത്വദാലോകശ്ശോകാദപി കിമപി ലജ്ജാം ജനയതി.

അല്ലയോ, ധൂർത്ത! പ്രിയതമയുടെ കാലിലെ ചെമ്പഞ്ഞിച്ചാറു പതിഞ്ഞു ചുകന്നിരിക്കുന്നതും അവളുടെ പേരിലുള്ള അനുരാഗം ഉള്ളിൽ നിറഞ്ഞു പുറത്തേയ്ക്കു വഴിഞ്ഞതോ എന്നു തോന്നുമാറിരിക്കുന്നതും ആയ അങ്ങയുടെ ഈ ഹൃദയപ്രദേശത്തെ കാണുമ്പോൾ അങ്ങയ്ക്കു എന്നിലുണ്ടായിരുന്ന പ്രസിദ്ധമായ പ്രേമം പോയതുകൊണ്ടുള്ള ദുഃഖത്തേക്കാളധികം വലുതായ ലജ്ജയാണ് എനിക്കു തോന്നുന്നത്. [ഇതിൽ അസൂയ, ഇച്ഛാഭംഗം, ക്രോധം, ശോകം ഇത്യാദികൾ ശബളമായിരിക്കുന്നു.]

സർഗ്ഗാന്തമംഗളം—കവിവാക്യം:—

ശ്ലോകം

അന്തൎമ്മോഹനമൌലിഘൂൎണ്ണനചല-
ന്മന്ദാരവിസ്രംസനഃ
സ്തബ്ധാകൎഷണലോചനോത്സവമഹാ-
മന്ത്രഃ കുരംഗീദൃശാം
ദൃപ്യദ്ദാനവദൂയമാനദിവിഷ-
ദ്ദുൎവ്വാരദുഃഖാപദാം
ഭ്രംശഃ കംസരിപോഃ പ്രരോപയതു വഃ
ശ്രേയാംസി വംശീരവഃ.

പേടമാൻമിഴിമാരുടെ മനസ്സിളക്കുന്നതാകയാൽ രസംകൊണ്ട് അവളുടെ തല കുലുക്കിച്ച തലയിൽ ചൂടിയ മന്ദാരപുഷ്പത്തെ വിഴിയിക്കുന്നതും മനസ്സിളകാത്തവരെക്കൂടി ആകൎഷിപ്പാനും കണ്ണുകളെ ആനന്ദിപ്പിപ്പാനും ഉള്ള ഒരു മഹാമന്ത്രമായിരിക്കുന്നതും, ഗൎവ്വിഷ്ഠന്മാരായ അസുരന്മാർനിമിത്തം ദുഃഖിക്കുന്ന ദേവകളുടെ കഠിനവേദനയെ കളയുന്നതുമായ കംസരിപുവിൻെറ (ശ്രീകൃഷ്ണൻെറ) വേണുനാദം നിങ്ങൾക്കു ശ്രേയസ്സുകളെ നൽകട്ടെ. [സംഗീതത്തിന്നുള്ള മോഹജനകത്വം ലോചനാസേചനകത്വം, ദുഃഖഹാരിത്വം എന്നിവ ഇതിൽ നിബദ്ധങ്ങളായിരിക്കുന്നതു കാൺക. സംഗീതം 'ആപാതമധുര'മാണെന്നു പ്രസിദ്ധം.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദീകാവ്യേ
അഷ്ടമസൎഗ്ഗഃ സമാപ്തഃ.

## നവമസർഗ്ഗം—മുഗ്ധമുകുന്ദം

ശ്ലോകം

താമഥ മന്മഥഖിന്നാം
രതിരസഭിന്നാം വിഷാദസമ്പന്നാം
അനുചിന്തിതഹരിചരിതാം
കലഹാന്തരിതാമുവാച രഹസി സഖീ.

അനന്തരം കാമദേവനാൽ ദുഃഖിപ്പിക്കപ്പെട്ടും, രതിക്രീഡയിങ്കലുള്ള രസംകൊണ്ട് കുഴഞ്ഞിയും, ഏററവും പശ്ചാത്താപത്തോടുകൂടിയും, ശ്രീകൃഷ്ണചരിതത്തെ അനുചിന്തിച്ചും ഇരിക്കുന്ന കലഹാന്തരിതയായ ആ രാധയോട് വിജനസ്ഥലത്തുവെച്ചു സഖി പറഞ്ഞു. [നായികമാർ തല്ക്കാലസ്ഥിതിയനുസരിച്ച് എട്ടുപ്രകാരത്തിലുണ്ട്. അതിൽ കലഹാന്തരിത എന്നത് ഒരു ഭേദമാകുന്നു. പ്രണയകോപം നിമിത്തം ഭയന്നും നല്ല വാക്കുകൾ പറഞ്ഞ് സമാധാനിപ്പിച്ചും ഇരിക്കുന്ന ഭർത്താവിന്ന് വഴിപ്പെടാതെയും, കാമപരവശയായും ബാഷ്പം പൊഴിഞ്ഞും ഇരിക്കുന്ന നായികക്ക് കലഹാന്തരിത എന്നുപേർ. ഖണ്ഡിതനായികയുടെ അനന്തരദശയിൽ കലഹാന്തരിതയാകുന്നു.]

## പതിനെട്ടാം അഷ്ടപദി

(മദ്ധ്യമാദിരാഗം—ഏകതാളം)

ഹരിരഭിസരതി വഹതി മധുപവനേ
കിമപരമധികസുഖം സഖി! ഭുവനേ
മാധവേ മാ കുരു മാനിനി! മാനമയേ! 1

താലഫലാദപി ഗുരുമതിസരസം
കിം വിഫലീകുരുഷേ കുചകലശം.
(മാധവേ) 2

കതി ന കഥിതമിദമനുപദമചിരം
മാ പരിഹര ഹരിമതിശയരുചിരം.
(മാധവേ) 3

കിമിതി വിഷീദസി രോദിഷി വികലാ
വിഹസതി യുവതിസഭാ തവ സകലാ.
(മാധവേ) 4

മൃദുനളിനീദളശീതളശയനേ
ഹരിമവലോകയ സഫലയ നയനേ.
(മാധവേ) 5

ജനയസി മനസി കിമിതി ഗുരുഖേദം
ശൃണു മമ വചനമനീഹിതഭേദം.
(മാധവേ) 6

ഹരിരുപയാതു വദതു ബഹുമധുരം
കിമിതി കരോഷി ഹൃദയമതിവിധുരം.
(മാധവേ) 7

ശ്രീജയദേവഭണിതമതിലളിതം
സുഖയതു രസികജനം ഹരിചരിതം.
(മാധവേ) 8

1. അല്ലയോ മാനശാലിനി! നീ ശ്രീകൃഷ്ണന്റെ പേരിൽ മാനം നടിക്കരുത്. ശ്രീകൃഷ്ണൻ ഇതാ വസന്തമാരുതൻ വീശുമ്പോഠം നിന്റെ അടുക്കൽ വരുന്നു. ഹേ സഖി! ഇതിനേക്കാഠം മിതെ ലോകത്തിൽ എന്തു സുഖമാണുള്ളത്?

2. നീ താലഫല (കരിമ്പനക്കായ)ത്തേക്കാഠം കഠിനമായും ഏററവും സരസമായും ഉള്ള കുചകുംഭത്തെ എന്തിനു നിഷ്ഫലമാക്കുന്നു?

3. ഇതാ നിന്നോടു വീണ്ടും വീണ്ടും എത്ര പ്രാവശ്യമായി പറയുന്നു! നീ ഏററവും മനോഹരനായ ശ്രീകൃഷ്ണനെ ഉപേക്ഷിക്കരുത്.

4. നീയെന്തിനാണ് വ്യസനിക്കുകയും പരവശയായി നിലവിളിക്കുകയും ചെയ്യുന്നത്? നിൻെറ മട്ടു കണ്ടിട്ട് സകലസ്ത്രീകളും ചിരിക്കുന്നു.

5. മാർദ്ദവമുള്ളതും ശീതളവുമായ കമലദളമെത്തയിൽ ഭഗവാനെ ഇരുത്തി നിൻെറ കണ്ണുകളെ സഫലമാക്കിയാലും.

6. എന്തിനാണ് മനസ്സിന്നിങ്ങിനെ വ്യസനമുണ്ടാകുന്നത്? ഭേദബുദ്ധികൂടാതെ ഞാൻ പറയുന്നതു നീ കേൾക്കുക.

7. ശ്രീകൃഷ്ണൻ നിൻെറ അടുക്കൽ വരട്ടെ. ഏററവും മധുരമായി സംസാരിക്കട്ടെ. നീ എന്തിനാണ് ഹൃദയത്തെ പരവശമാക്കിത്തീക്കുന്നത്?

8. ശ്രീജയദേവകവിയാൽ വർണ്ണിക്കപ്പെട്ടതും ഏററവും ലളിതവുമായ ഈ ശ്രീകൃഷ്ണചരിതം രസികജനങ്ങളെ സുഖിപ്പിക്കട്ടെ.

അനന്തരം സഖി രാധയുടെ കോപസ്വഭാവത്തെ നിന്ദിക്കുന്നു:—

ശ്ലോകം

സ്നിഗ്ദ്ധേ യൽ പരുഷാസി യൽ പ്രണമതി
സ്തബ്ധാസി യദ്രാഗിണി
ദ്വേഷസ്ഥാസി യദുന്മുഖേ വിമുഖതാം
പ്രാപ്താസി തസ്മിൻ പ്രിയേ

തദ്യുക്തം വിപരീതകാരിണി തവ
ശ്രീഖണ്ഡചർച്ചാ വിഷം
ശീതാംശുസ്തപനോ ഹിമം ഹുതവഹഃ
ക്രീഡാമുദോ യാതനാഃ.

പ്രിയനായ ശ്രീകൃഷ്ണൻ സ്നേഹത്തോടുകൂടി ഇരിക്കുമ്പോഠം നീ അങ്ങോട്ട് പരുഷയായിരിക്കുന്നു. അദ്ദേഹം നമസ്കരിക്കുമ്പോഠം നീ ഒരു കുലുക്കവും കൂടാതിരിക്കുന്നു. അദ്ദേഹം അനുരാഗത്തോടുകൂടിയിരിക്കുമ്പോഠം നീ ദ്വേഷത്തോടുകൂടിയിരിക്കുന്നു. അദ്ദേഹം ഉന്മുഖ(സുഖതയുള്ളവൻ)നായിരിക്കുമ്പോഠം നീ വിമുഖതയെ പ്രാപിക്കുകയും ചെയ്യുന്നു. ഈ സ്ഥിതിക്ക്, അല്ലയോ വിപരിതം പ്രവത്തിക്കുന്നവളേ! നിനക്ക് ചന്ദനക്കൂട്ട് വിഷമായും, ചന്ദ്രൻ സൂര്യനായും, മഞ്ഞ് തിയ്യായും, ക്രീഡാസുഖങ്ങഠം തീവ്രവേദനകളായും ഭവിക്കുന്നത് യുക്തംതന്നെയാകുന്നു. [വിപരിതം പ്രവത്തിക്കുന്നവക്ക് വിപരീതമായ ഫലം വരുന്നതിൽ ആശ്ചര്യമില്ലെന്നു സാരം.]

സർഗ്ഗാന്തമംഗളം. കവിവാക്യം:—

ശ്ലോകം

സാന്ദ്രാനന്ദപുരന്ദരാദിദിവിഷ-
ദ്വൃന്ദൈരമന്ദാദരാ-
ദാനമ്രൈർമ്മകുടേന്ദ്രനീലമണിഭിഃ
സന്ദർശിതേന്ദിന്ദിരം
സ്വച്ഛന്ദം മകരന്ദസുന്ദരഗല-
ന്മന്ദാകിനീമേദുരം
ശ്രീഗോവിന്ദപദാരവിന്ദമശുഭ-
സ്കന്ദായ വന്ദാമഹേ.

ആനന്ദപരവശരായ ഇന്ദ്രാദിദേവഗണങ്ങൾ ഏററവും ആദരവോട്ടുകൂടി കാല്ക്കൽ വീണ് വണങ്ങുമ്പോൾ അവരുടെ കിരീടങ്ങളിലുള്ള ഇന്ദ്രനീലക്കല്ലുകളെക്കൊണ്ട് വണ്ടുകൾ പററിയതുപോലെ പ്രകാശിക്കുന്നതും, പൂന്തേൻപോലെ മനോഹരമായി സ്വച്ഛന്ദം പ്രവഹിക്കുന്ന ഗംഗയോടുകൂടിയതും ആയ ശ്രീകൃഷ്ണപാദാരവിന്ദത്തെ അശുഭനാശത്തിന്നായിക്കൊണ്ട് ഞങ്ങൾ വന്ദിക്കുന്നു. [ഭഗവാൻെറ കാലിൽനിന്നാണ് ഗംഗയുണ്ടായതെന്നു പ്രസിദ്ധം.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദികാവ്യേ
നവമസർഗ്ഗഃ സമാപ്തഃ.

## ദശമസർഗ്ഗം—ചതുരചതുർഭുജം

ശ്ലോകം

അത്രാന്തരേ മസൃണരോഷവശാദസീമ-
നിശ്വാസനിസ്സഹമുഖീം സുമുഖീമുപേത്യ
സവ്രീളവീക്ഷിതസഖീവദനാം ദിനാന്തേ
സാനന്ദഗൽഗദപദം ഹരിരിത്യുവാച.

ഈ അവസരത്തിൽ (സഖിയുടെ അനുനയംകൊണ്ടും പശ്ചാത്താപംകൊണ്ടും) കോപം കുറഞ്ഞൊന്നു മയപ്പെട്ടും, അതിരില്ലാത്ത നെടുവീർപ്പുകളെക്കൊണ്ട് നിസ്സഹമായ മുഖത്തോടുകൂടിയും, സഖിയുടെ മുഖത്തെ ലജ്ജയോടുകൂടി നോക്കിയും സ്ഥിതിചെയ്യുന്ന സുമുഖിയായ രാധയുടെ സമീപത്തു ചെന്ന് ആനന്ദംകൊണ്ട് ഗൽഗദാക്ഷരമാകുംവണ്ണം ശ്രീകൃഷ്ണൻ പറഞ്ഞു.

# പത്തൊമ്പതാം അഷ്ടപദി.

(മുഖാരിരാഗം—ചമ്പതാളം)

വദസി യദി കിഞ്ചിദപി ദന്തരുചികൌമുദീ
ഹരതി ദരതിമിരമതിഃഘോരം
സ്ഫുരദധരശീധവേ തവ വദനചന്ദ്രമാ
രോചയതി ലോചനചകോരം
പ്രിയേ ചാരുശീലേ മുഞ്ച മയി. മാനമനിദാനം. 1

സപദി മദനാനലോ ദഹതി മമ മാനസം
ദേഹി മുഖകമലമധുപാനം
സത്യമേവാസി യദി സുദതി മയി കോപിനീ
ദേഹി ഖരനഖരശരഘാതം
ഘടയ ഭുജബന്ധനം ജനയ രദഖണ്ഡനം
യേന വാ ഭവതി സുഖജാതം (പ്രിയേ) 2

ത്വമസി മമ ഭൂഷണം ത്വമസി മമ ജീവനം
ത്വമസി മമ ഭവജലധിരത്നം
ഭവതു ഭവതീഹ മയി സതതമനുരോധിനീ
തത്ര മമ ഹൃദയമതിയത്നം (പ്രിയേ) 3

നീലനളിനാഭമപി തന്വി! തവ ലോചനം
ധാരയതി കോകനദരൂപം
കുസുമശരബാണഭാവേന യദി രഞ്ജയസി
കൃഷ്ണമിദമേതദനുരൂപം. (പ്രിയേ) 4

സ്ഫുരതു കുചകുംഭയോരുപരി മണിമഞ്ജരീ
ഭൂഷയതു തവ ഹൃദയദേശം
രസതു രശനാപി തവ ഘനജഘനമണ്ഡലേ
ഘോഷയതു മന്മഥനിദേശം (പ്രിയേ) 5

സ്ഥലകമലഭഞ്ജനം മമ ഹൃദയരഞ്ജനം
ജനിതരതിരാഗപരഭാഗം

ഭണ മസൃണവാണി! കരവാണി ചരണദ്വയം
സരസലസദലക്തകരാഗം (പ്രിയേ) 6
സ്മരഗരളഖണ്ഡനം മമ ശിരസി മണ്ഡനം
ധേഹി പദപല്ലവമുദാരം
ജ്വലതി മയി ദാരുണോ മദനകദനാരുണോ
ഹരതു തദുപാഹിതവികാരം (പ്രിയേ) 7
ഇതി ചടുലചാടുപടുചാരു മുരവൈരിണോ
രാധികാമധി വചനജാതം
ജയതി പത്മാവതീരമണജയദേവകവിഭാരതീ
ഭണിതമിതി ഗീതം. (പ്രിയേ) 8

1. അല്ലയോ സുശീലയായ പ്രിയതമേ! നീ എൻെറ പേരിലുള്ള അകാരണമായ മാനത്തെ വിട്ടാലും; നീ എന്തെങ്കിലും സംസാരിച്ചാൽ നിൻെറ ദന്തകാന്തിയാകുന്ന പൂനിലാവ് എൻെറ ഭയമാകുന്ന ഘോരാന്ധകാരത്തെ നീക്കും. നിൻെറ മുഖചന്ദ്രൻ മിന്നിത്തിളങ്ങുന്ന അധരരസത്തിന്നായിക്കൊണ്ട് എൻെറ കണ്ണാകുന്ന ചേഴാമ്പൽ പക്ഷിക്കു രുചി തോന്നിക്കുന്നു.

2. കാമാഗ്നി എൻെറ മനസ്സിനെ പെട്ടെന്ന് എരിക്കുന്നു. നിൻെറ മുഖകമലത്തിലെ തേൻ പാനം ചെയ്യാൻ തന്നാലും; ഹേ സുദതി! നീ സത്യമായിട്ടും എന്നിൽ കോപിച്ചിരിക്കുന്നുവെങ്കിൽ ഖരങ്ങളായ നഖശരങ്ങളെക്കൊണ്ടു എന്നെ പ്രഹരിച്ചുകൊള്ളൂ. (നഖക്ഷതം ഏല്പിക്കുക) കൈകളെക്കൊണ്ടു പിടിച്ചുകെട്ടിക്കൊള്ളൂ. (ആലിംഗനം ചെയ്യൂ) പല്ലുകളെക്കൊണ്ടു മുറിപ്പെടുത്തിക്കൊള്ളൂ. (ദന്തക്ഷതം ഏല്പിക്കുക) നിനക്കെന്തായാലാണോ സുഖമാവുക, അതെല്ലാം ചെയ്തുകൊള്ളൂ.

3. നീയ്യാണ് എനിക്ക ഭൂഷണം, നീയ്യാണ് എന്റെ ജീവൻ, നീയ്യാണ് എനിക്ക സംസാരസാഗരത്തിലുള്ള രത്നം. ഭവതി എന്റെ പേരിൽ എല്ലായ്പോഴും അനുകൂലയായിരിക്കേണമേ! അതിന്നായി എന്റെ ഹൃദയം ഏററവും യത്നം ചെയ്യുന്നുണ്ട്.

4. ഹേ തന്വീ! നിന്റെ കണ്ണു നീലത്താമരപ്പൂവിന്റെ നിറമുള്ളതാണെങ്കിലും ഇപ്പോൾ ചെന്താമരപ്പൂവിന്റെ വടിവെടുത്തിരിക്കുന്നു. നീ കൃഷ്ണവർണ്ണമായ കണ്ണിനെ കാമബാണമാണെന്ന വിചാരത്താൽ ചുകപ്പിച്ചിരിക്കയാണെങ്കിൽ ഇതു യുക്തംതന്നെ.

5. നിന്റെ കൊങ്കക്കുടങ്ങളുടെ മേൽ മണിമാല ശോഭിക്കട്ടേ. അതു നിന്റെ ഹൃദയപ്രദേശത്തെ അലങ്കരിക്കട്ടേ. നിന്റെ തടിച്ച ജഘനപ്രദേശത്തിൽ അരഞ്ഞാണം കിലുങ്ങട്ടേ. അതു കാമന്റെ ആജ്ഞയെ ഘോഷിക്കട്ടേ.

6. ഹേ മധുരവാണീ! നീലത്താമരയേക്കാൾ മനോഹരവും എനിക്ക ഹൃദയാഹ്ളാദകരവും രതിരാഗത്തിന്നു ശോഭാതിശയമുണ്ടാക്കുന്നതും ആയ നിന്റെ ചേവടികൾ രണ്ടിലും ഞാൻ മനോഹരമായ ചെമ്പഞ്ഞിച്ചാറുകൊണ്ടു ചെഞ്ചായം തേക്കട്ടെയോ? നീ പറയൂ.

7. കാമവിഷത്തെ കളയുന്നതും മനോഹരവുമായ നിന്റെ കാൽത്തളിർ എന്റെ ശിരസ്സിൽ അലങ്കാരമായി വെച്ചാലും; എന്നിൽ കാമതാപമാകുന്ന ഘോരസൂര്യൻ കത്തിജ്വലിക്കുന്നു. അതുകൊണ്ടുള്ള വികാരത്തെ ആ കാൽത്തളിർ ശമിപ്പിക്കട്ടേ.

8. ശ്രീകൃഷ്ണൻ രാധയോടു ചടുലമനോഹരമായി പറഞ്ഞതും പത്മാവതിദേവിയുടെ ഭർത്താവായ ജയദേവകവിയുടെ കവിതയും ആയ ഈ ഗാനം സർവ്വോൽകൃഷ്ടേണ വർത്തിക്കുന്നു.

ശ്ലോകം

പരിഹര കൃതാതങ്കേ! ശങ്കാം ത്വയാ സതതം ഘന-
സ്തനജഘനയാക്രാന്തേ സ്വാന്തേ പരാനവകാശിനി
വിശതി വിതനോരന്യോ ധന്യേ! ന കോപി മമാന്തരം
സ്തനഭരപരീരംഭാരംഭേ വിധേഹി വിധേയതാം.

അല്ലയോ സന്താപകാരിണി! അല്ലയോ ധന്യേ! നീ ശങ്കയെ കളഞ്ഞാലും. തടിച്ച സ്തനതടങ്ങളോടും ജഘനത്തോടും കൂടിയ നീ എല്ലായ്പോഴും സ്ഥിതിചെയ്കയാൽ മററാക്കും കടപ്പാൻ പഴുതില്ലാത്തതായ എൻെറ മനസ്സിൽ ശരീരരഹിതനായ കാമദേവൻ ഒഴിയെ യാതൊരാളും പ്രവേശിക്കുന്നില്ല. ആകയാൽ നിൻെറ സ്തനഭരത്തെ ആലിംഗനം ചെയ്വാൻ ഭാവിക്കുന്നതിൽ എനിക്കനുജ്ഞതന്നാലും. [ഞാൻ എല്ലായ്പോഴും നിന്നെ വിചാരിച്ചുംകൊണ്ടാണിരിക്കുന്നത്. കാമപരവശനായിട്ടുമിരിക്കുന്നു. അതുകൊണ്ട് ആലിംഗനത്തിന്നനുവദിക്കണമെന്നു സാരം.]

ശ്ലോകം

വ്യഥയതി വൃഥാ മൌനം തന്വി! പ്രപഞ്ചയ പഞ്ചമം
തരുണി! മധുരാലാപൈസ്താപം വിനോദയ ദൃഷ്ടിഭിഃ
സുമുഖി! വിമുഖീഭാവം താവദ്വിമുഞ്ച ന മുഞ്ച മാം
സ്വയമതിശയസ്നിഗ്ദ്ധോ മുഗ്ദ്ധേ പ്രിയോഹമുപസ്ഥിതഃ.

ഹേ തന്വി! നിൻെറ വൃഥാവിലുള്ള മൌനം എന്നെ ദുഃഖിപ്പിക്കുന്നു. ഹേ തരുണി! നീ മധുരസല്ലാപങ്ങളെ

കൊണ്ടു് പഞ്ചമരാഗത്തെ പൊഴിച്ചാലും. കടാക്ഷങ്ങളെക്കൊണ്ടു് എൻെറ സന്താപത്തെ അകററിയാലും. ഹേ സുമുഖി! നീ വിമുഖിയായിരിക്കുന്നതു മാററിയാലും. എന്നെ ഉപേക്ഷിക്കരുതേ. ഹേ മുഗ്ദ്ധേ! ഏററവും സ്നേഹമുള്ള നിൻെറ പ്രിയനായ ഞാൻ ഇതാ തന്നെത്താൻ നിൻെറ അരികിൽ വന്നിരിക്കുന്നു.

ശ്ലോകം

മുഗ്ദ്ധേ! വിധേഹി മയി നിൎദ്ദയദന്തദംശ–
ദോൎവ്വല്ലിബന്ധനിബിഡസ്തനപീഡനാനി
ചണ്ഡി! ത്വമേവ മുദമഞ്ച ന പഞ്ചബാണ–
ചണ്ഡാലകാണ്ഡദളനാദസവഃ പ്രയാന്തു.

ഹേ മുഗ്ദ്ധേ! നീ എന്നിൽ നിൎദ്ദയമായ ദന്തദംശം, ഭുജാബന്ധനം, ഘനസ്തനംകൊണ്ടുള്ള പീഡനം എന്നിവയെ ചെയ്താലും. ഹേ കോപശാലിനി! നീ തന്നെ സന്തോഷത്തെ പ്രാപിക്കുക. പഞ്ചബാണനാകുന്ന ചണ്ഡാലൻെറ ശരങ്ങളെക്കൊണ്ടു് എൻെറ പ്രാണൻ പോകാതിരിക്കട്ടെ. [എൻെറ പേരിലുള്ള കോപം തീൎക്കുവാൻ നിൻെറ കയ്യിൽത്തന്നെ ആയുധങ്ങളുണ്ടല്ലോ. അവകൊണ്ടു്, എന്നെ യഥേഷ്ടം ശിക്ഷിക്കുക. നീചനായ കാമൻെറ കൈകൊണ്ടു മരിക്കാതെ കഴിയട്ടെ എന്നു സാരം.]

ശ്ലോകം

ബന്ധൂകദ്യുതിബാന്ധവോയമധരഃ
സ്നിഗ്ദ്ധോ മധൂകച്ഛവി–
ൎഗ്ഗണ്ഡേ ചണ്ഡി! ചകാസ്തി നീലനളിന–
ശ്രീമോചനം ലോചനം

നാസാഭ്യേതി തിലപ്രസൂനപദവീം
കുന്ദാഭദന്തി! പ്രിയേ!
പ്രായസ്ത്വന്മുഖസേവയാ വിജയതേ
വിശ്വം സ പുഷ്പായുധഃ.

ഹേ കോപനശീലേ! ഹേ മുല്ലപ്പൂവൊത്ത പല്ലുകളുള്ളവളേ! ഹേ പ്രിയേ! നിൻെറ ഈ അധരം ബന്ധൂക(ഉച്ചമലരിപ്പൂവ്)ത്തിൻെറ ശോഭപോലെ ശോഭയുള്ളതാകുന്നു. കവിൾത്തടത്തിൽ ഇരിപ്പപ്പൂവ്വിൻെറ സ്നിഗ്ദ്ധകാന്തി കളിയാടുന്നു. കണ്ണ് നീലത്താമരപ്പൂവ്വിൻെറ പ്രഭയെ തിരസ്കരിക്കുന്നതാകുന്നു. നാസിക എള്ളിൻപ്പൂവ്വിൻെറ പദവിയെ പ്രാപിക്കുന്നു. ഇങ്ങിനെ പുഷ്പാസ്ത്രനായ ആ കാമദേവൻ നിൻെറ മുഖത്തെ ആശ്രയിച്ചിട്ട് വിശ്വത്തെ ജയിക്കുന്നതുപോലെ തോന്നുന്നു. [അധരാദികൾ ബന്ധൂകം മുതലായ അഞ്ചു പുഷ്പങ്ങളോടു തുല്യമാണ്. കാമൻെറ അമ്പുകൾ അഞ്ചു പൂക്കളാണെന്നു പ്രസിദ്ധവുമാണ്. വിശ്വവിജയിയായ കാമൻ മുഖത്തു വിളങ്ങുന്നതുമുണ്ട്. ആകയാൽ ഈ മുഖത്തെ ആശ്രയിച്ചിട്ടാണോ കാമനു വിശ്വം ജയിപ്പാൻ സാധിക്കുന്നത് എന്ന് ഉൽപ്രേക്ഷിക്കുന്നു.]

ശ്ലോകം

ദൃശൌ തവ മദാലസേ വദനമിന്ദുമത്യന്വിതം
ഗതിർജ്ജനമനോരമാ വിജിതരംഭമൂരുദ്വയം
രതിസ്തവ കലാവതീ രുചിരചിത്രലേഖേ ഭ്രുവാ–
വഹോ! വിബുധയൌവനം വഹസി തന്വി പൃഥ്വീഗതാ.

നിൻെറ മിഴികൾ മദാലസകളാകുന്നു (കാമൻെറ മദംകൊണ്ട് ആലസ്യപ്പെട്ടവ). മുഖം ഇന്ദുമതി (ചന്ദ്രനാ

ണ്ണെന്ന ബുദ്ധിയെ) ജനിപ്പിക്കുന്നതാകുന്നു. ഗതി ജന ങ്ങൾക്കു മനോരമ(മനസ്സിനെ ആഹ്ലാദിപ്പിക്കുന്നത്) യാകുന്നു. തുടകൾ രണ്ടും രംഭയെ (കദളിവാഴത്തണ്ടിനെ) ജയിച്ചവയാകുന്നു. രതിക്രീഡ കലാവതി (കാമശാസ്ത്രപ്രകാരമുള്ളത) ആകുന്നു. പുരികങ്ങൾ മനോഹരമായ ചിത്രലേഖ (വിചിത്രാകൃതി)യുള്ളതാകുന്നു. ആകയാൽ ഹേ തന്വീ! ഭൂമിയിൽ ഇരിക്കുന്നവളായ നീ ദേവസ്ത്രീകളുടെ യൌവനത്തെ വഹിക്കുന്നു, ആശ്ചൎയ്യം. [മദാലസ, ഇന്ദുമതി, മനോരമ, രംഭ, കലാവതി, ചിത്രലേഖ എന്നീ അപ്സരസ്ത്രീകളുടെ പേരുകൾ ഇതിലെ വിശേഷണപദങ്ങളിൽ മുദ്രിതമായിരിക്കുന്നു എന്നു കാണ്ക. പൃഥ്വീ എന്ന ഈ വൃത്തത്തിന്റെ പേരും പറഞ്ഞിരിക്കുന്നു.]

ശ്ലോകം

ശശിമുഖി! തവ ഭാതി ഭംഗുരാ ഭ്രൂ-
ൎയ്യുവജനമോഹകരാളകാളസൎപ്പീ
തദുദിതവിഷഭേഷജം തദിഹൈകാ
തദധരശീധുസുധൈവ ഭാഗ്യഭോഗ്യാ.

KOTTAYAM PUBLIC LIBRARY KOTTAYAM

ഹേ ചന്ദ്രമുഖി! നിന്റെ വളഞ്ഞ പുരികക്കൊടി യുവാക്കന്മാരെ മോഹാലസ്യപ്പെടുത്തുന്ന ഭയങ്കരമായ കൃഷ്ണസൎപ്പസ്ത്രീയായിട്ടു ശോഭിക്കുന്നു. അതിൽനിന്നുണ്ടായ വിഷത്തിന്നുള്ള ഔഷധമാകട്ടെ ഈ ലോകത്തിൽ ഭാഗ്യം കൊണ്ടുമാത്രം അനുഭവിക്കുവാൻ കഴിയുന്ന നിന്റെ അധരരസമാകുന്ന അമൃത് മാത്രമേ ഉള്ളു. [ആകയാൽ ഞാൻ ആ അധരാമൃതം നുകരുവാൻ മോഹിക്കുന്നു എന്നു താല്പൎയ്യം.]

സൎഗ്ഗാന്തമംഗളശ്ലോകം.

പ്രീതിം വസ്തനുതാം ഹരിഃ കുവലയാ–
പീഡേന സാൎദ്ധം രണേ
രാധാപീനപയോധരസ്മരണകൃൽ–
കുംഭേന സംഭേദവാൻ
യത്ര സ്വിദ്യതി മീലതി ക്ഷണമഭൂൽ
ക്ഷിപ്തദ്വിപേപി ക്ഷണാൽ
കംസസ്യാഥ ബലേ ജിതം ജിതമിതി
വ്യാമോഹകോലാഹലഃ.

ശ്രീകൃഷ്ണൻ കുവലയാപീഡം എന്നു പേരായ കംസന്റെ കൊമ്പനാനയോടുകൂടി യുദ്ധംചെയ്യുമ്പോഠം, രാധയുടെ തടിച്ച കൊങ്കത്തടത്തെ ഓൎമ്മപ്പെടുത്തുന്നതായ (തത്തുല്യമായ) ആ ഗജത്തിന്റെ മസ്തകം കണ്ടിട്ടു ക്ഷണനേരം വിയൎക്കുകയും കണ്ണടക്കുകയും ചെയ്തപ്പോഠം, അടുത്ത ക്ഷണത്തിൽത്തന്നെ ആ ഗജത്തെ അടിച്ചുകൊന്നുവെങ്കിലും, കംസന്റെ സൈന്യത്തിൽ ജയിച്ചു ജയിച്ചു എന്ന കോലാഹലം ഉണ്ടായി. അങ്ങിനെ ഇരിക്കുന്ന ശ്രീകൃഷ്ണൻ നിങ്ങഠംക്കു പ്രീതിയെ ഉണ്ടാക്കട്ടെ. [ഗജകുംഭദൎശനത്തിൽ സ്തനകുംഭസ്മരണകൊണ്ടു കാമപരവശനാകയാൽ ശ്രീകൃഷ്ണന്ന് സാത്വികഭാവങ്ങളായ സ്വേദമീലനങ്ങളാണുണ്ടായത്. അതിനെ യുദ്ധശ്രമജന്യങ്ങളെന്നു തെററിദ്ധരിച്ചിട്ടാണ് സൈന്യങ്ങഠം ആൎപ്പുവിളിച്ചത്. ആകയാൽ, ഇതിൽനിന്നു രാധയിൽ കൃഷ്ണന്നുള്ള പ്രേമാധിക്യം സ്പഷ്ടമാകുന്നു. രാധയിൽ ഇത്രത്തോളം പ്രണയമുള്ള ഭഗവാൻ മംഗളം തരട്ടെ എന്നു കവി അദ്ധ്യേതാക്കളെ ആശീൎവ്വദിക്കുന്നു.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദികാവ്യേ
ദശമസൎഗ്ഗഃ സമാപ്തഃ.

## ഏകാദശസൎഗ്ഗം—സാനന്ദദാമോദരം

ശ്ലോകം

സുചിരമനുനയേന പ്രീണയിത്വാ മൃഗാക്ഷീം
ഗതവതി കൃതവേഷേ കേശവേ കേളിശയ്യാം
രചിതരുചിരവേഷാം ദൃഷ്ടിമോഷേ പ്രദോഷേ
സ്ഫുരതി നിരവസാദാം കാപി രാധാം ജഗാദ.

മേൽപ്പറഞ്ഞപ്രകാരം വളരെ നേരം അനുനയവാക്കുകൾ പറഞ്ഞു സുന്ദരിയായ രാധയെ സന്തോഷിപ്പിച്ചിട്ട്, ക്രീഡോചിതവേഷധാരിയായ ശ്രീകൃഷ്ണൻ ശയ്യാഗതനായപ്പോൾ, കണ്ണുകാണാത്ത വിധത്തിലുള്ള രാത്രി ആരംഭിച്ചു വിളങ്ങിയപ്പോൾ, മനോഹരങ്ങളായ വസ്ത്രാലങ്കാരങ്ങളണിഞ്ഞു മനസ്സിന്നു ഖേദംകൂടാതെ ഇരിക്കുന്ന രാധയോട് ഒരു സഖി താഴെ പറയുംപ്രകാരം പറഞ്ഞു.

## ഇരുപതാം അഷ്ടപദി

(ഭൈരവിരാഗം—ഏകതാളം)

വിരചിതചാടുവചനരചനം ചരണേ രചിതപ്രണിപാതം
സമ്പ്രതി മഞ്ജുളവഞ്ജുളസീമനി കേളിശയനമുപയാതം
മുഗ്ദ്ധേ! മധുമഥനമനുഭജ രാധേ! 1

ഘനജഘനസ്തനഭാരഭരേ മന്ഥരചരണവിഹാരം
മുഖരിതമണിമഞ്ജീരമുപൈഹി വിധേഹി മരാളവിഹാരം
(മുഗ്ദ്ധേ) 2

ശൃണു രമണീയതരം തരുണീജനമോഹനമധുരിപുരാവം
കുസുമശരാസനവന്ദിനി-പികനികരേ ഭജ ഭാവം
(മുഗ്ദ്ധേ) 3

അനിലതരളകിസലയനികരേണ കരേണ ലതാനികുരുംബം
പ്രേരണമിവ കരഭോരു! കരോതി ഗതിം പ്രതി മുഞ്ച വിളംബം
(മുഗ്ദ്ധേ) 4

സ്ഫുരിതമനംഗതരംഗവശാദിവ സൂചിതഹരിപരിരംഭം
പൃച്ഛ മനോഹരഹാരവിമലജലധാരമമും കുചകുംഭം
(മുഗ്ധേ) 5

അധിഗതമഖിലസഖീഭിരിദം തവ വപുരപി രതിരണസജ്ജം
ചണ്ഡി! രണിതരശനാരവഡിംഡിമമഭിസര സരസമലജ്ജം
(മുഗ്ധേ) 6

സ്മരശരസുഭഗനഖേന സഖീമവലംബ്യ കരേണ സലീലം
ചലവലയക്വണിതൈരവബോധയ ഹരിമപി നിജഗതിശീലം
(മുഗ്ധേ) 7

ശ്രീജയദേവഭണിതമധരീകൃതഹാരമുദാസിതവാമം
ഹരിവിനിഹിതമനസാമധിതിഷ്ഠതു കണ്ഠതടീമവിരാമം
(മുഗ്ധേ) 8

1. അല്ലയോ മുഗ്ധയായ രാധേ! പലേ ചാടുവാക്കുകഠം പറഞ്ഞു കാക്കൽ നമസ്കരിച്ച് ഇപ്പോഠം മനോഹരമായ വഞ്ജുളവള്ളിക്കുടിലിൽ ക്രീഡാശയനത്തെ പ്രാപ്തനായിരിക്കുന്ന ശ്രീകൃഷ്ണനെ നീ അനുസരിച്ചാലും.

2. അല്ലയോ കനത്ത സ്തനജഘനങ്ങളോടുകൂടിയവളേ! നി വിലാസമന്ദമായും മണിമയമായ കാൽച്ചിലങ്കകഠം കിലുങ്ങിയും പാദന്യാസം ചെയ്തുകൊണ്ട് അരികേ ചെന്നാലും—അരയന്നലീലയെ ചെയ്താലും.

3. യുവതിജനങ്ങളെ മോഹിപ്പിക്കുന്നതും മനോഹരവുമായ ശ്രീകൃഷ്ണൻെറ മധുരശബ്ദത്തെ നി കേട്ടാലും; കുയിലുകഠം പുവ്വമ്പൻെറ വൈതാളികന്മാരായി ശബ്ദിക്കുമ്പോഠം നീ ശൃംഗാരരസത്തെ അനുഭവിച്ചാലും.

4. ഇതാ ഈ വള്ളികഠം കാററത്തു ചാഞ്ചാടുന്ന തളിർനിരയാകുന്ന കരംകൊണ്ടു നിന്നെ പ്രേരിപ്പിക്കുന്നതുപോലെ തോന്നുന്നു. ഇനി വിളംബിക്കേണ്ട.

5. കാമവികാരങ്ങളാകുന്ന തിരമാലകളടിക്കുന്നതു കൊണ്ടോ എന്നു തോന്നുമാറ് ഇളകുന്നതും ശ്രീകൃഷ്ണന്റെ ആലിംഗനത്തെ സൂചിപ്പിക്കുന്നതും (സ്ത്രീകൾക്കു സ്തനകമ്പം പ്രിയസമാഗമത്തിന്റെ സൂചകമാണ്) മനോഹരമായ മുത്തുമാലയാകുന്ന ജലധാരയോടുകൂടിയതുമായ നിന്റെ 'മുലപ്പൊൻകുട'ത്തോടു ചോദിക്കു (ഇതു വാസ്തവമല്ലേ എന്നു ചോദിക്കു).

6. ഈ സംഗതി സഖിമാരെല്ലാം അറിഞ്ഞിട്ടുള്ളതാണ്. നിന്റെ ശരീരവും രതിക്രീഡാരണത്തിന്നു തെയ്യാറായിരിക്കുന്നു. അതുകൊണ്ട്, ഹേ കോപശാലിനി! നീ ലജ്ജവിട്ടു രസത്തോടും അരഞ്ഞാണിന്റെ കിലുക്കമാകുന്ന പടഹദ്ധ്വനിയോടുംകൂടി (രതിയുദ്ധത്തിന്ന്) ചെല്ലുക.

7. കാമന്റെ ശരങ്ങൾപോലെ ഭംഗിയുള്ള കൈകൊണ്ടു സഖിയെ സലീലമായി പിടിച്ചുംകൊണ്ടു നടന്നു വളകൾ ഇളകുന്ന ശബ്ദങ്ങളെക്കൊണ്ടു നിന്റെ ഗമനസ്വഭാവത്തെ കൃഷ്ണനെ അറിയിക്കുക.

8. ശ്രീജയദേവകൃതിയായ ഈ ഗാനം ശ്രീകൃഷ്ണഭക്തന്മാരുടെ കണ്ഠത്തിൽ (കണ്ഠാലങ്കാരമായ) മുത്തുമാലയേയും പ്രിയാഭുജത്തേയും തട്ടിനീക്കി സദാ സ്ഥിതിചെയ്യട്ടെ. (ഈ ഗാനം പാടുന്നവരുടെ കണ്ഠത്തിന്നു മുത്തുമാലയണിയുന്നതിനേക്കാളും പ്രിയാലിംഗനത്തേക്കാളും സുഖകരമാണെന്നു സാരം.)

ശ്ലോകം

സാ മാം ദ്രക്ഷ്യതി വക്ഷ്യതി സ്മരകഥാഃ
പ്രത്യംഗമാലിംഗനൈഃ

പ്രീതിം ദാസ്യതി രംസ്യതേ സഖി സമാ–
ഗത്യേതി ചിന്താകുലഃ
സ ത്വാം പശ്യതി വേപതേ പുളകയ–
ത്യാനന്ദതി സ്വിദ്യതി
പ്രത്യുൽഗച്ഛതി മൂർച്ഛതി! സ്ഥിരതമഃ–
പുഞ്ജേ നികുഞ്ജേ പ്രിയഃ.

അല്ലയോ സഖി! നിൻെറ പ്രിയനായ ശ്രീകൃഷ്ണൻ, കൂരിരുട്ടുനിറഞ്ഞതായ ആ ലതാകുഞ്ജത്തിൽ "ഇതാ ഇപ്പോൾ അവൾ (രാധ) എന്നെ വന്നു കാണും. കാമകഥകളെ സംസാരിക്കും. അംഗംതോറും ആലിംഗനം ചെയ്ത് ആനന്ദം നൽകും. രതിക്രീഡയെ ചെയ്യും" എന്നിങ്ങിനെ അനേകചിന്തകളാൽ ആകുലനായിട്ട്, നിന്നെ നോക്കുന്നു, വിറയ്ക്കുന്നു, കോൾമയിർകൊള്ളുന്നു, സന്തോഷിക്കുന്നു, വിയക്കുന്നു, എതിരേല്ക്കുന്നു, മോഹാലസ്യപ്പെടുകയും ചെയ്യുന്നു. [വിറ, രോമാഞ്ചം, സ്വേദം, മൂർച്ഛ എന്നിവ പ്രിയാസമാഗമചിന്തയാൽ അങ്കുരിതങ്ങളായ സാത്വികഭാവങ്ങളാകുന്നു.]

ശ്ലോകം

അക്ഷ്ണോർന്നിക്ഷിപദഞ്ജനം ശ്രവണയോ–
സ്താപിഞ്ഛഗുച്ഛാവലീം
മൂർദ്ധ്നി ശ്യാമസരോജദാമ കുചയോഃ
കസ്തൂരികാപത്രകം
ധൂർത്താനാമഭിസാരസാഹസകൃതാം
വിഷ്വങ്നികുഞ്ജേ സഖി!
ധ്വാന്തം നീലനിചോളചാരു സുദൃശാം
പ്രത്യംഗമാലിംഗതി.

സാഹസകാരിണികളായ അഭിസാരികമാൎക്കു, വള്ളിക്കുടിലിൽ നാലു ഭാഗവും നീലനിറത്തിലുള്ള മൂടുപടംപോലെ മനോഹരമായ ഇരുട്ട്, കണ്ണുകളിൽ അഞ്ജനം തേപ്പിച്ചും, കാതുകളിൽ പച്ചിലപ്പൂങ്കുലയണിയിച്ചും, ശിരസ്സിൽ നീലത്താമരമാല ചൂടിച്ചും, കുചങ്ങളിൽ കസ്തൂരികൊണ്ടുള്ള പത്തിക്കീറു ചാൎത്തിച്ചും, (ഇങ്ങിനെ പലപ്രകാരത്തിൽ) അംഗംതോറും ആലിംഗനം ചെയ്യുന്നു. [ഇരുട്ടു തന്നെ അഭിസാരികമാരുടെ നേത്രാദ്യവയവങ്ങളിൽ അഞ്ജനാദ്യലങ്കരണങ്ങൾപോലെ ശോഭിക്കുന്നുവെന്നൎത്ഥം. അലങ്കരണത്തിന്നായി താമസിക്കയോ ലജ്ജിക്കയോ വേണ്ടെന്നു സഖിയുടെ ഇംഗിതം.]

ശ്ലോകം

കാശ്മീരഗൌരവപുഷാമഭിസാരികാണാ–
മാബദ്ധരേഖമഭിതോ രുചിമഞ്ജരീഭിഃ
ഏതത്തമാലദലനീലതമം തമിസ്രം
തൽപ്രേമഹേമനികഷോപലതാം തനോതി.

കുങ്കുമംപോലെ ഗൌരനിറമായ ദേഹത്തോടുകൂടിയ അഭിസാരികമാൎക്കു (അവർ നടക്കുമ്പോൾ) അവരുടെ കാന്തിപുഞ്ജംകൊണ്ടു ചുഴലവും സ്വൎണ്ണരേഖകളെ വിന്യസിക്കുന്നതും, തമാലദളംപോലെ നീലവൎണ്ണവുമായ കൂരിരുട്ട് അവരുടെ പ്രേമമാകുന്ന സ്വൎണ്ണത്തെ ഉരച്ചുനോക്കുവാനുള്ള ഉരകല്ലിന്റെ അവസ്ഥയെ ചെയ്യുന്നു. [ഉരകല്ലിൽ ഉരച്ചു സ്വൎണ്ണത്തിന്റെ മാററ് നോക്കുന്നതുപോലെ കൂരിരുട്ടിൽ അഭിസാരികമാരുടെ പ്രേമം പരീക്ഷിക്കാമെന്നൎത്ഥം. പ്രേമമുണ്ടെങ്കിൽ ഈ ഇരുട്ടത്തു പ്രിയസമീപത്തേക്കു പോകാതിരിക്കയില്ലെന്നു ഭാവം.]

ശ്ലോകം

ഹാരാവലീതരളകാഞ്ചനകാഞ്ചിദാമ-
മഞ്ജീരകങ്കണമണിദ്യുതിദീപിതസ്യ
ദ്വാരേ നികുഞ്ജനിലയസ്യ ഹരിം നിരീക്ഷ്യ
വ്രീളാവതീമഥ സഖീ നിജഗാദ രാധാം.

അനന്തരം സഖി, (വള്ളിക്കുടിലിൻെറ സമീപത്തോളം എത്തിയപ്പോൾ) കൃഷ്ണൻെറ മിന്നിത്തിളങ്ങുന്ന മുത്തുമാല, പൊന്നരഞ്ഞാൺ, കാൽച്ചിലങ്ക, വള എന്നിവയിലുള്ള രത്നങ്ങളുടെ പ്രഭകൊണ്ടു പ്രകാശിതമായിത്തിന്ന ലതാഗൃഹത്തിൻെറ ദ്വാരത്തിൽ (അവൾ വരുന്നതു നോക്കി ധൃതിപ്പെട്ടിരിക്കുന്ന) ശ്രീകൃഷ്ണനെക്കണ്ടിട്ടു ലജ്ജാപരവശയായിത്തിന്ന രാധയോടു പറഞ്ഞു.

# ഇരുപത്തൊന്നാം അഷ്ടപദി

(വരാടിരാഗം—രൂപകതാളം)

മഞ്ജുതരകുഞ്ജതലകേളിസദനേ
വിലസ രതിരഭസഹസിതവദനേ!
പ്രവിശ രാധേ! മാധവസമീപമിഹ 1

നവഭവദശോകദളശയനസാരേ
വിലസ കുചകുശലതരളഹാരേ!
(പ്രവിശ രാധേ) 2

കുസുമചയരചിതശുചിവാസഗേഹേ
വിലസ കുസുമസുകുമാരദേഹേ!
(പ്രവിശ രാധേ) 3

മൃദുചലമലയപവനസുരഭിശീതേ
വിലസ മദനശരനികരഭീതേ!
(പ്രവിശ രാധേ) 4

വിതതബഹുവല്ലിനവപല്ലവഘനേ
വിലസ ചിരമലസപീനജഘനേ!
(പ്രവിശ രാധേ) 5

മധുമുദിതമധുപകുലകലിതരാവേ
വിലസ മദനരസരഭസഭാവേ!
(പ്രവിശ രാധേ) 6

മധുതരപികനികരനിനദമുഖരേ
വിലസ ദശനരുചിവിജിതശിഖരേ!
(പ്രവിശ രാധേ) 7

വിഹിതപത്മാവതീസുഖസമാജേ
ഭണതി ജയദേവകവിരാജരാജേ
കുരു മുരാരേ! മംഗളശതാനി.
(പ്രവിശ രാധേ) 8

1. അല്ലയോ സുരതോത്സാഹംകൊണ്ടു വികസിതമായ മുഖത്തോടുകൂടിയ രാധേ! നീ ശ്രീകൃഷ്ണന്റെ അരികത്തു ചെന്നാലും; അതിമനോഹരമായ ലതാഗൃഹമാകുന്ന ക്രീഡാഗൃഹത്തിൽ നീ ക്രീഡിച്ചാലും.

2. അല്ലയോ കുചകലശങ്ങളിൽ തിളങ്ങുന്ന മുത്തുമാലയോടുകൂടിയവളേ! പുതുതായുണ്ടായ അശോകത്തളിരുകളെക്കൊണ്ട് മോഹനമായ ഈ ലതാഗൃഹത്തിൽ നീ ക്രീഡിച്ചാലും.

3. അല്ലയോ പുഷ്പ്പോലെ മൃദുളദേഹയായുള്ളോവേ! പുഷ്പനിരകളെക്കൊണ്ടുണ്ടാക്കിയതും ശുചിയുമായ വാസസ്ഥലത്തോടുകൂടിയ ഈ ലതാഗൃഹത്തിൽ നി ക്രീഡിച്ചാലും.

4. അല്ലയോ കാമദേവന്റെ ക്രൂരമ്പുകൾ തറയ്ക്കുന്നതിൽനിന്നു ഭയന്നിരിക്കുന്നവളേ! നി മന്ദമായി വീശുന്ന

തെക്കൻ കാററുകൊണ്ടു പരിമളവും കുളുർമയുമുള്ള ഈ ലതാഗൃഹത്തിൽ ക്രീഡിച്ചാലും.

5. ഹേ ഘനജഘനേ! നി പടന്നിരിക്കുന്ന നാനാ ലതകളുടെ പുതുതളിരുകളെക്കൊണ്ടു ഘനമുള്ളതായ ഈ ലതാഗൃഹത്തിൽ വളരെ നേരം ക്രീഡിച്ചാലും.

6. ഹേ കാമവികാരംകൊണ്ട് മനം കളിക്കുന്നവളേ! നീ മധുപാനംചെയ്ത് മുരണ്ടുകൊണ്ടിരിക്കുന്ന വണ്ടുകളുടെ ഝംകാരംകൊണ്ടു മുഖരമായ ഈ ലതാഗൃഹത്തിൽ ക്രീഡിച്ചാലും.

7. ഹേ രത്നത്തേക്കാറം പ്രഭയുള്ള പല്ലുകളോടുകൂടിയവളേ! നീ ഏററവും മനോഹരമായ കുയിൽനാദംകൊണ്ട് ശബ്ദായമാനമായ ഈ ലതാഗൃഹത്തിൽ ക്രീഡിച്ചാലും.

8. ഹേ ശ്രീകൃഷ്ണ! പത്മാവതിക്ക് അനവധി സുഖം നല്കിയവനായ ജയദേവകവിരാജൻ ഇതു വർണ്ണിക്കുമ്പോറം മംഗളങ്ങറം നൽകേണമേ!

സഖി രാധയോടു പിന്നേയും പറയുന്നു:—

ശ്ലോകം

ത്വാം ചിത്തേന ചിരം വഹന്നയമതി-
ശ്രാന്തോ ഭൃശം താപിതഃ
കന്ദർപ്പേണ ച പാതുമിച്ഛതി സുധാ-
സംബാധബിംബാധരം
അസ്യാങ്കം തദലങ്കുരു ക്ഷണമിഹ
ഭ്രൂക്ഷേപലക്ഷ്മീലവ-
ക്രീതേ ദാസ ഇവോപസേവിതപദാം-
ഭോജേ കുതസ്സംഭ്രമഃ.

നിന്നെ വളരെ നേരം മനസ്സുകൊണ്ടെടുത്തു തളന്നിട്ടും (നിന്നെ വിചാരിച്ചിട്ടും) കാമദേവനാൽ ഏററവും തപിപ്പിക്ക(ചുടുവിക്ക)പ്പെട്ടുമിരിക്കുന്ന ഈ ശ്രീകൃഷ്ണൻ നിൻെറ അമൃതുപൊഴിയുന്നതായ ബിംബാധരത്തെ പാനം ചെയ്വാൻ ഇച്ഛിക്കുന്നു. അതുകൊണ്ട് നീ കുറച്ചുനേരം ഇദ്ദേഹത്തിൻെറ മടിയെ അലങ്കരിച്ചാലും. നിൻെറ അല്പമായ ചില്ലീവിലാസശ്രീകൊണ്ട് വിലയ്ക്കു വാങ്ങപ്പെട്ടവ(അധീനനായവൻ)നും ദാസനെന്നപോലെ പാദാംബുജം സേവിക്കുന്നവനുമായ ഇദ്ദേഹത്തിങ്കൽ എന്തിനു സംഭ്രമിക്കുന്നു? [ലജ്ജാസംഭ്രമവിവശയായിരിക്കേണ്ടതില്ല. കൃഷ്ണനു നിൻെറ സംഗമത്തിൽ തൃഷ്ണ ചെറുതല്ല. അദ്ദേഹം വിധേയനുമാണ് എന്നു സാരം.]

ശ്ലോകം

സാ സസാദ്ധ്വസസാനന്ദം ഗോവിന്ദേ ലോലലോചനാ
ശിഞ്ജാനമഞ്ജുമഞ്ജീരം പ്രവിവേശ നിവേശനം.

അനന്തരം രാധ ഭയത്തോടും ആനന്ദത്തോടുംകൂടെ ശ്രീകൃഷ്ണങ്കൽ കടാക്ഷലീല ചെയ്തുംകൊണ്ട്, മനോഹരമായ മണിച്ചിലങ്കകൾ കിലുങ്ങുമാറ് കൃഷ്ണൻ വസിക്കുന്നതായ ലതാഗൃഹത്തെ പ്രവേശിച്ചു. [അനുനയനം സ്വീകരിക്കാതെ പ്രിയനെ അവധീരണം ചെയ്തതുകൊണ്ട് ഭയം. സംഗമതൃഷ്ണകൊണ്ട് ആനന്ദം.]

# ഇരുപത്തിരണ്ടാം അഷ്ടപദി

(മദ്ധ്യമാദിരാഗം—ഏകതാളം)

രാധാവദനവിലോകനവികസിതവിവിധവികാരവിഭംഗം
ജലനിധിമിവ വിധുമണ്ഡലദർശനതരളിതതുംഗതരംഗം

ഹരിമേകരസം ചിരമഭിലഷിതവിലാസം
സാ ദദർശ ഗുരുഹർഷവശംവദവദനമനംഗനിവാസം 1
ഹാരമമലതരതാരമുരസി ദധതം പരിലംബ്യ വിദൂരം
സ്ഫുടതരഫേനകദംബകരംബിതമിവ യമുനാജലപൂരം.
(ഹരിമേകരസം) 2
ശ്യാമളമൃദുളകളേബരമണ്ഡലമധിഗതഗൌരദുകൂലം
നീലനളിനമിവ പീതപരാഗപടലഭരവലയിതമൂലം.
(ഹരിമേകരസം) 3
തരളദൃഗഞ്ചലചലനമനോഹരവദനജനിതരതിരാഗം
സ്ഫുടകമലോദരഖേലിതഖഞ്ജനയുഗമിവ ശരദി തടാകം.
(ഹരിമേകരസം) 4
വദനകമലപരിശീലനമിളിതമിഹിരസമകുണ്ഡലശോഭം
സ്മിതരുചിരുചിരസമുല്ലസിതാധരപല്ലവകൃതരതിലോഭം.
(ഹരിമേകരസം) 5
ശശികിരണച്ഛുരിതോദരജലധരസുന്ദരസകുസുമകേശം
തിമിരോദിതവിധുമണ്ഡലനിർമ്മലമലയജതിലകനിവേശം.
(ഹരിമേകരസം) 6
വിപുലപുളകഭരദന്തുരിതം രതികേളികലാഭിരധീരം
മണിഗണകിരണസമൂഹസമുജ്ജ്വലഭൂഷണസുഭഗശരീരം.
(ഹരിമേകരസം) 7
ശ്രീജയദേവഭണിതവിഭവദ്വിഗുണീകൃതഭൂഷണഭാരം
പ്രണമത ഹൃദി വിനിധായ ഹരിം സുചിരം സുകൃതോദയസാരം.
(ഹരിമേകരസം) 8

1. ആ രാധ, അവളുടെ മുഖദർശനംകൊണ്ട് അനേകം വികാരപരമ്പരകൾ അങ്കുരിച്ച് ചന്ദ്രദർശനത്തിൽ വലിയ തിരമാലകളിളകിയ കടലെന്നപോലെ ഇരിക്കുന്നവനും, വളരെക്കാലമായി ക്രീഡിപ്പാനാഗ്രഹിച്ചിരിക്കുന്നവനും ശൃംഗാരൈകരസനുമായ ശ്രീകൃഷ്ണനെ കണ്ടു.

2. വലുതായ ഹൎഷത്തിന്നധീനമായ മുഖത്തോടുകൂടിയവനും, കാമദേവൻെറ ഇരിപ്പിടമായവനും, നിൎമ്മലമായ മണികളോടുകൂടിയ മുത്തുമാല മാറിൽ നല്ലവണ്ണം ഞാത്തി അണികയാൽ തെളിനുരക്കട്ടകളോട സമ്മിശ്രമായ കാളിന്ദിജലപ്രവാഹംപോലെ ശോഭിക്കുന്നവനുമായ ശ്രീകൃഷ്ണനെ അവൾ കണ്ടു.

3. ശ്യാമളകോമളമായ ശരീരത്തോടുകൂടിയും മഞ്ഞനിറമായ പട്ടുടുത്തും ഇരിക്കയാൽ, അടിയിൽ മഞ്ഞനിറമായ പൊടിപടലങ്ങൾ കലൎന്നിട്ടുള്ള നീലത്താമരപ്പൂവ് പോലെ ശോഭിക്കുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

4 തരളങ്ങളായ അപാംഗങ്ങളുടെ ചലനത്താൽ മനോഹരമായ മുഖംകൊണ്ടു രതിക്രീഡാഭിലാഷത്തെ വളൎത്തി, ശരൽകാലത്തു വിരിഞ്ഞ താമരപ്പൂവ്വിന്നുള്ളിൽ ഖഞ്ജനമിഥുനം (കരിങ്കുയിലിൻെറ ഇണ) കളിക്കുന്നതായ തടാകമെന്നപോലെ ശോഭിക്കുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

5. മുഖമാകുന്ന താമരപ്പൂവ്വിൻെറ സമ്പൎക്കത്തിന്നായി വന്നിരിക്കുന്ന സൂൎയ്യനോ എന്നു തോന്നുംവണ്ണം ഇരിക്കുന്ന കുണ്ഡലങ്ങളുടെ ശോഭയോടുകൂടിയും, നറുംപുഞ്ചിരി കൊണ്ടു മനോജ്ഞമായി ശോഭിക്കുന്ന അധരപല്ലവംകൊണ്ടു രതിരാഗമുളവാക്കിയും വിളങ്ങുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

6. ഉള്ളിൽ ചന്ദ്രകിരണങ്ങളാൽ വ്യാപ്തമായിരിക്കുന്ന മേഘംപോലെ സുന്ദരമായ പൂവ്വണിഞ്ഞ മുടിക്കെട്ടോടുകൂടിയും ഇരുട്ടിൽ ഉദിച്ചിരിക്കുന്ന ചന്ദ്രമണ്ഡലംപോലെ നിൎമ്മലമായ ചന്ദനപ്പൊട്ടോടുകൂടിയും ശോഭിക്കുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

7. വിപുലമായ രോമാഞ്ചങ്ങളെക്കൊണ്ടു നിറഞ്ഞും, രതിക്രീഡാസ്മരണകൊണ്ടു അധീരനായും, നാനാരത്നങ്ങളുടെ കിരണങ്ങളെക്കൊണ്ടു ഉജ്ജ്വലങ്ങളായ ഭൂഷണങ്ങളാൽ സുഭഗാകാരനായും ശോഭിക്കുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

8. ശ്രീജയദേവൻെറ വർണ്ണനയാൽ ദ്വിഗുണികൃതമായ ഭൂഷണങ്ങളോടുകൂടി (ജയദേവൻെറ വർണ്ണനയും ഭഗവാനു കടകാദികളെപ്പോലെ ഒരു ഭൂഷണമാണെന്നർത്ഥം)യിരിക്കുന്നവനും, സുകൃതോദയഫലവുമായ ശ്രീകൃഷ്ണഭഗവാനെ വളരെനേരം മനസ്സിൽവെച്ച്, അല്ലയോ ജനങ്ങളേ! നിങ്ങൾ നമസ്കരിക്കുവിൻ. (ജയദേവരുടെ ഈ ഗാനം പാടി ഇതിൽ വർണ്ണിച്ചപ്രകാരം ധ്യാനിച്ചു വണങ്ങുവിൻ.)

അനന്തരം കവി, ശ്രീകൃഷ്ണദശനത്താൽ രാധയ്ക്കുണ്ടായ വികാരങ്ങളെ വർണ്ണിക്കുന്നു:—

ശ്ലോകം

അതിക്രമ്യാപാംഗം ശ്രവണപഥപര്യന്തഗമന–
പ്രയാസേനേവാക്ഷ്ണോസ്തരളതരതാരം ഗമിതയോഃ
തദാനീം രാധായാഃ പ്രിയതമസമാലോകസമയേ
പപാത സ്വേദാംബുപ്രസര ഇവ ഹർഷാശ്രുനികരഃ.

അപ്പോൾ, രാധാദേവി പ്രിയതമനായ ശ്രീകൃഷ്ണനെ നോക്കുന്ന സമയത്തു, തരളങ്ങളായ കൃഷ്ണമണികളോടുകൂടി പ്രിയനിൽ പ്രേരിതങ്ങളായ കണ്ണുകൾക്ക് അപാംഗപ്രദേശത്തെ കടന്നു കാതുവരെ പോകുവാനുള്ള അദ്ധ്വാനം നിമിത്തമുണ്ടായ (കണ്ണുകളുടെ) വിയപ്പുതുള്ളികളോ എന്നു തോന്നുമാറു സന്തോഷാശ്രുനികരം പതിച്ചു. [ചിരകാലപ്രാർത്ഥിതനായ പ്രിയതമനെ കണ്ണുകൾ കാതോളം വിട

ത്തി സന്ദൎശിച്ചുവെന്നും, അപ്പോഴത്തെ ഹൎഷാതിരേക ത്താൽ കണ്ണീർ പൊഴിഞ്ഞുവെന്നും സാരം. ഹൎഷാശ്രുവി നെ അത്യധപാനം ചെയ്കയാൽ കണ്ണിന്നുണ്ടായ വിയൎപ്പാ ണോ എന്നുൽപ്രേക്ഷിച്ചിരിക്കുന്നു.]

ശ്ലോകം

ഭജന്ത്യാസ്തല്പാന്തം കൃതകപടകണ്ഡൂതിപിഹിത-
സ്മിതം യാതേ ഗേഹാൽ ബഹിരവഹിതാളീപരിജനേ
പ്രിയാസ്യം പശ്യന്ത്യാഃ സ്മരപരവശാകൂതസുഭഗം
സലജ്ജാ ലജ്ജാപി വ്യഗമദിവ ദൂരം മൃഗദൃശഃ.

രാധയുടെ കൂടെയുള്ള സഖീജനം (അവളുടെ തല്പ്പാ ലാവസ്ഥ കണ്ടിട്ടുണ്ടായ) മന്ദഹാസത്തെ കപടമായ ചൊ റിയൽകൊണ്ടു മറച്ചിട്ടു പുറത്തു പോയപ്പോൾ ശയ്യയിൽ ഇ രുന്നു സ്മരപരവശമായും രതിക്രീഡയിലുള്ള അന്തൎഗ്ഗതം കൊണ്ടു സുന്ദരമായുമിരിക്കുന്ന പ്രിയതമന്റെ മുഖം സന്ദ ൎശിച്ചപ്പോൾ മാൻമിഴിയാളായ ആ രാധയുടെ ലജ്ജയും ലജ്ജാവശമായതുപോലെ ഗമിച്ചു. [ശ്രീകൃഷ്ണനോടു കോ പിച്ചിരുന്നിരുന്ന രാധയുടെ തല്പ്പാലത്തെ മട്ടു കണ്ടിട്ട് സ ഖികൾക്കു ചിരിവന്നു. അതിനെ അവർ ചൊറിയുക എ ന്ന നാട്യംകൊണ്ട് ഒതുക്കി പുറത്തു പോയി. പിന്നെ അ വളുടെ ലജ്ജയും അവളിൽ ഇരിപ്പാൻ ലജ്ജിച്ചിട്ടോ എ ന്നു തോന്നുമാറ് അവളെ വിട്ടുമാറി എന്നു താല്പൎയ്യം.]

അനന്തരം കവി സൎഗ്ഗാന്തത്തിൽ മംഗളം ചെയ്യു ന്നു:—

ശ്ലോകം

ജയശ്രീവിന്യസ്തൈൎമ്മഹിത ഇവ മന്ദാരകുസുമൈഃ
സ്വയം സിന്ദൂരേണ ദ്വിപരണമുദാ മുദ്രിത ഇവ

ഭുജാപീഡക്രീഡാഹതകുവലയാപീഡകരിണഃ
പ്രകീർണ്ണാസൃഗ്ബിന്ദുർജ്ജയതി ഭുജദണ്ഡോ മുരജിതഃ.

ഭുജലീലകൊണ്ടു് (നിഷ്പ്രയാസമെന്നാൎത്ഥം) കുവലയാപീഡമെന്ന ഗജത്തെ ഹനിച്ച മുരവൈരിഭഗവാന്റെ രക്തബിന്ദുക്കൾ (ഗജത്തിന്റെ) പതിഞ്ഞതും, അതുകൊണ്ടു ഭുജവൎത്തിനിയായ ജയശ്രീയാൽ അദൃശ്യമായി വൎഷിക്കപ്പെട്ട കല്പകവൃക്ഷപ്പൂക്കളെക്കൊണ്ടു പൂജിക്കപ്പെട്ടതോ എന്നും, ആനയോടു യുദ്ധം ചെയ്യുന്നതിലുള്ള രസത്താൽതന്നെ സ്വയമായി സിന്ദൂരംകൊണ്ടു മുദ്രണം ചെയ്യപ്പെട്ടതോ എന്നും തോന്നുമാറിരിക്കുന്നതും ഉഗ്രതരവുമായ തൃക്കൈ സൎവ്വോൽകൎഷേണ വൎത്തിക്കുന്നു. [തൃക്കയ്യിൽ സന്നിധാനം ചെയ്ത ജയശ്രീതന്നെ അദൃശ്യമായി മന്ദാരപുഷ്പംകൊണ്ടു പൂജിക്കയാലോ, ഗജയുദ്ധത്തിലുള്ള രസംതന്നെ മൂൎത്തിമത്തായി സിന്ദൂരമുദ്രപോലെ ഉൽഗമിക്കയാലോ ആണു് തൃക്കൈ ചുകന്നിരിക്കുന്നതെന്നു തോന്നും എന്നുൽപ്രേക്ഷ.]

ശ്ലോകം

സൌന്ദൎയ്യൈകനിധേരനംഗലലനാ-
ലാവണ്യലീലാജുഷോ
രാധായാ ഹൃദി പല്വലേ മനസിജ-
ക്രീഡൈകരംഗസ്ഥലേ
രമ്യോരോജസരോജഖേലനരസി-
ത്വാദാത്മനഃ ഖ്യാപയൻ
ധ്യാതുൎമ്മാനസരാജഹംസനിഭതാം
ദേയാന്മുകുന്ദോ മുദം.

സൌന്ദൎയ്യത്തിന്റെ ഇരിപ്പിടവും രതിദേവിയുടെ ലാവണ്യവിലാസത്തോടുകൂടിയവളും ആയ രാധയുടെ ഹൃദയ

മാകുന്ന കാമക്രീഡാരംഗമായ സരസ്സിൽ മനോഹരങ്ങളായ സ്തനങ്ങളാകുന്ന പത്മങ്ങളിൽ കളിച്ചുരസിക്കുന്നതുകൊണ്ട്, താൻ ധ്യാനിക്കുന്നവർക്ക് മാനസരാജഹംസതുല്യനാണെന്നുള്ള സംഗതിയെ പ്രസിദ്ധമാക്കിക്കൊണ്ടിരിക്കുന്ന മുക്തിദാതാവായ ശ്രീകൃഷ്ണൻ നിങ്ങൾക്കു മോദം തരട്ടെ. [ഈ ശ്ലോകം പ്രക്ഷിപ്തമാണ്.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദീകാവ്യേ
ഏകാദശസർഗ്ഗഃ സമാപ്തഃ.

## ദ്വാദശസർഗ്ഗം—സുപ്രീതപീതാംബരം

ശ്ലോകം

ഗതവതി സഖീവൃന്ദേ മന്ദത്രപാഭരനിർഭര-
സ്മരപരവശാകൂതസ്ഫീതസ്മിതസ്നപിതാധരാം
സരസമനസം ദൃഷ്ട്വാ രാധാം മുഹുർന്നവപല്ലവ-
പ്രസവശയനേ നിക്ഷിപ്താക്ഷീമുവാച ഹരിഃ പ്രിയാം.

സഖിമാരെല്ലാം പോയപ്പോൾ, ഏറാവും ലജ്ജയോടുകൂടിയും കാമപരവശയായും ഓരോ ഗൂഢവിചാരങ്ങളെക്കൊണ്ടു പുഞ്ചിരിതൂകി അധരം നനച്ചും മനസ്സിൽ അനുരാഗത്തോടുകൂടിയും, പുതിയ തളിരുകളെക്കൊണ്ടും പൂക്കളെക്കൊണ്ടും ഉണ്ടാക്കിയ ശയ്യയിൽ വീണ്ടും വീണ്ടും ദൃഷ്ടി പതിച്ചും സ്ഥിതിചെയ്യുന്ന പ്രിയയോടു ശ്രീകൃഷ്ണൻ പറഞ്ഞു. [അധരം നനക്കുന്നതു അനുരാഗചിഹ്നം. ശയ്യാദർശനം ക്രീഡയിങ്കലുള്ള ത്വരയെ ദ്യോതിപ്പിക്കുന്നു.]

# ഇരുപത്തിമൂന്നാം അഷ്ടപദി

(വിഭാസരാഗം—ഏകതാളം)

കിസലയശയനതലേ കുരു കാമിനി! ചരണനളിനവിനിവേശം
തവ പദവല്ലവവൈരിപരാഭവമിദമനുഭവതു സുവേശം.
ക്ഷണമധുനാ നാരായണമനുഗതമനുസര മാം രാധികേ! 1

കരകമലേന കരോമി ചരണമഹമാഗമിതാസി വിദൂരം
ക്ഷണമുപകുരു ശയനോപരി മാമിവ നൂപുരമനുഗതിശൂരം.
(ക്ഷണമധുനാ) 2

വദനസുധാനിധിഗളിതമമൃതമിവ രചയ വചനമനുകൂലം
വിരഹമിവാപനയാമി പയോധരരോധകമുരസി ദുകൂലം.
(ക്ഷണമധുനാ) 3

പ്രിയപരിരംഭണരഭസവലിതമിവ പുളകിതമതിദുരവാപം
മദുരസി കുചകലശം വിനിവേശയ ശോഷയ മനസിജതാപം.
(ക്ഷണമധുനാ) 4

അധരസുധാരസമുപനയ ഭാമിനി! ജീവയ മൃതമിവ ദാസം
ത്വയി വിനിഹിതമനസം വിരഹാനലദഗ്ദ്ധവപുഷമവിലാസം.
(ക്ഷണമധുനാ) 5

ശശിമുഖി! മുഖരയ മണിരശനാഗുണമനുഗുണകണ്ഠനിനാദം
ശ്രുതിയുഗളേ പികരുതവികലേ മമ ശമയ ചിരാദവസാദം.
(ക്ഷണമധുനാ) 6

മാമതിവിഫലരുഷാ വികലീകൃതമവലോകിതമധുനേദം
മീലതി ലജ്ജിതമിവ നയനം തവ വിരമ വിസൃജ രതിഖേദം.
(ക്ഷണമധുനാ) 7

ശ്രീജയദേവഭണിതമിദമനുപദനിഗദിതമധുരിപുമോദം
ജനയതു രസികജനേഷു മനോരമരതിരസഭാവവിനോദം.
8 (ക്ഷണമധുനാ)

1. ഹേ രാധേ! നിന്നെ അനുഗമിച്ചിരിക്കുന്ന നാരായണനായ എന്നെ നീ ക്ഷണനേരം അനുസരിച്ചാലും; ഹേ, കാമിനി! ഈ തളിർമെത്തയിൽ നിന്റെ പാദാരവിന്ദത്തെ അർപ്പിക്കുക. മോടിഃയോടുകൂടിയ ഈ തളിർമെത്ത നിന്റെ കാൽത്തളിരാകുന്ന ശത്രുവിങ്കൽനിന്നു തിരസ്കാരമനുഭവിക്കട്ടേ.

2. നീ വളരെ ദൂരം ആനയിക്കപ്പെട്ടവളാണല്ലോ. (വഴി നടന്നു തളർന്നിരിക്കുമെന്നർത്ഥം). ആകയാൽ ഞാൻ കരപത്മംകൊണ്ടു നിന്റെ കാലിനെ ആരാധിക്കട്ടെ (തലോടട്ടെ.) നീ നിന്റെ കാലിലുള്ള തളയേപ്പോലെ നിന്നെ പിന്തുടരുന്നതിൽ സമർത്ഥനായ എന്നെ കുറച്ചുനേരം മെത്തമേൽവെച്ച് ആനന്ദിപ്പിച്ചാലും.

3. നിന്റെ മുഖമാകുന്ന ചന്ദ്രങ്കൽനിന്നു പൊഴിയുന്ന അമൃതുപോലെയുള്ള അനുകൂലവാക്കുകളെ ആലപിച്ചാലും. സ്തനങ്ങളെ ആവരണം ചെയ്യുന്നതുകൊണ്ട് വിരഹംപോലെയിരിക്കുന്ന (ആലിംഗനവിരോധിയായ) മാറത്തുള്ള പട്ടിനെ ഞാൻ നീക്കിക്കളയാം.

4. പ്രിയാലിംഗനത്തിലുള്ള ധൃതികൊണ്ട് തല എടുത്തുപിടിച്ചുനില്ക്കുകയോ എന്നു തോന്നുമാറ് കോൾമയിർക്കൊണ്ടിരിക്കുന്നതും അതിദുർല്ലഭവുമായ കുചകുംഭത്തെ എന്റെ മാറിൽ അർപ്പിച്ചാലും; കാമസന്താപത്തെ നീക്കിയാലും.

5. ഹേ ഭാമിനി! നിന്റെ അധരാമൃതരസത്തെ നല്കിയാലും; നിന്നിൽ മനസ്സുവെച്ച് വിരഹാഗ്നിയാൽ ദേഹം വെന്തു ഉന്മേഷമില്ലാതെ മൃതപ്രായനായിരിക്കുന്ന ഈ ദാസനെ ജീവിപ്പിച്ചാലും.

6. അല്ലയോ ചന്ദ്രമുഖി! നിൻെറ കണ്ഠനാദത്തോടൊത്തു (സല്ലാപസഹിതം) രത്നമയമായ അരഞ്ഞാണിനെ ശബ്ദിപ്പിച്ചാലും. കുയിൽനാദംകൊണ്ടു പരവശമായിരിക്കുന്ന എൻെറ ചെവികൾക്കു രണ്ടിനും ചിരകാലമായിട്ടുള്ള ഖേദത്തെ കളഞ്ഞാലും.

7. ഏററവും നിഷ്ഫലമായ പ്രണയകോപത്താൽ കലുഷിതമായിരിക്കുന്ന നിൻെറ ഈ കണ്ണ് എന്നെ കണ്ട് ലജ്ജിച്ചിട്ടോ എന്നു തോന്നുമാറ് ചിമ്മുന്നു! അതിനാൽ മതിയാക്കുക; രതിഖേദത്തെ തീർക്കുക.

8. പദംതോറും ശ്രീകൃഷ്ണൻെറ ശൃംഗാരപരമാനന്ദത്തെ വർണ്ണിക്കുന്നതും ശ്രീജയദേവകൃതവുമായ ഈ ഗാനം രസികജനങ്ങളിൽ മനോഹരമായ ശൃംഗാരരസംകൊണ്ടുള്ള വിനോദത്തെ ഉളവാക്കട്ടെ.

(ഈ ഗാനത്തിൽ രതിനാടകത്തിൻെറ പൂർവ്വാംഗമായ പ്രണയപ്രാർത്ഥനയാണ് പറയപ്പെട്ടിരിക്കുന്നത്. ഈ പ്രാർത്ഥനയിൽ തൻെറ കാമാധിക്യം, നായികയുടെ ഗുണാധിക്യം, കോപത്തിൻെറ നിഷ്ഫലത്വം എന്നിവ അടങ്ങിയിരിക്കുന്നു. വാക്കിൻെറ ചാതുര്യവും അലങ്കാരഭംഗിയും ഇതിൽ സവിശേഷം വേണ്ടതാണെന്നു രതിശാസ്ത്രം പറയുന്നു. പ്രകൃതഗാനത്തിൽ ഇവ യഥാസ്ഥാനം കാൺക.)

ശ്ലോകം

പ്രത്യൂഹഃ പുളകാങ്കുരേണ നിബിഡാ—
ശ്ലേഷേ നിമേഷേണ ച
ക്രീഡാകൂതവിലോകനേധരസുധാ—
പാനേ കഥാനർമ്മഭിഃ

ആനന്ദാധിഗമേന മന്മഥകലാ-
യുദ്ധേപി യസ്മിന്നഭൂ-
ദുൽഭൂതസ്സ തയോഃ സ്വരൂപലളിതാ-
രംഭഃ പ്രിയംഭാവുകഃ.

രാധാമാധവന്മാൎക്ക് ഏറ്റവും ആനന്ദകരമായ മന്മഥയുദ്ധ(സുരതം)ത്തിൻെറ ആരംഭമുണ്ടായി. അതിങ്കൽ പുളകോൽഗമംകൊണ്ടു ഗാഢാലിംഗനത്തിലും, എമച്ച് മിഴികൊണ്ടു ക്രീഡാഭാവങ്ങളെ നോക്കുന്നതിലും, സരസകഥാലാപങ്ങളെക്കൊണ്ടു അധരാമൃതപാനത്തിങ്കലും, പരമാനന്ദാനുഭവംകൊണ്ടു മാത്രം ക്രീഡായുദ്ധത്തിങ്കലും തടസ്ഥം ഭവിച്ചു. [പുളകം, നിമേഷം, കഥാലാപം, ആനന്ദാനുഭവം ഇങ്ങിനെ സുരതത്തിൻെറതന്നെ അവയവങ്ങളായ സംഗതികളാലല്ലാതെ യാതൊന്നുകൊണ്ടും അവരുടെ ക്രീഡക്കു തടസ്ഥമുണ്ടായില്ലെന്നും, ആകയാൽ അവരുടെ രതിക്രീഡ സൎവ്വോത്തരമായി ഭവിച്ചു എന്നും താല്പൎയ്യം.]

ശ്ലോകം

ദോൎഭ്യാം സംയമിതഃ പയോധരഭരേ-
ണാപീഡിതഃ പാണിജൈ-
രാവിദ്ധോ ദശനൈഃ ക്ഷതാധരപുടഃ
ശ്രോണീതടേനാഹതഃ
ഹസ്തേനാനമിതഃ കചേധരസുധാ-
പാനേന സമ്മോഹിതഃ
കാന്തഃ കാമപി തൃപ്തിമാപ തദഹോ
കാമസ്യ വാമാ ഗതിഃ.

സുരതക്രീഡയിങ്കൽ രാധയാൽ കൈകളെക്കൊണ്ടു കെട്ടപ്പെട്ടും, കൊങ്കത്തടംകൊണ്ട് മർദ്ദിക്കപ്പെട്ടും, നഖ

ങ്ങളെക്കൊണ്ട് മുറിപ്പെടുത്തപ്പെട്ടും, പല്ലുകളെക്കൊണ്ട് അധരം വ്രണപ്പെടുത്തപ്പെട്ടും, നിതംബംകൊണ്ട് അടിക്കപ്പെട്ടും, കൈകൊണ്ടു തലമുടിയിൽ പിടിച്ച് താഴ്ത്തപ്പെട്ടും, അധരാമൃതത്തിന്റെ പാനംകൊണ്ട് മോഹിപ്പിക്കപ്പെട്ടും അവളുടെ കാന്തൻ അവാച്യമായ ഒരു തൃപ്തിയെ പ്രാപിച്ചു. ആശ്ചര്യം! കാമദേവന്റെ ഗതി വിപരീതംതന്നെ. [ഉപദ്രവം ഏററാൽ തൃപ്തിതോന്നുന്നത് കാമക്രീഡയിങ്കൽ മാത്രമേ ഉള്ളു എന്നത്ഥം. ഇതിൽ "ദോർഭ്യാം സംയമിതഃ" "പയോധരഭരേണാപീഡിതഃ" എന്നീ വിശേഷണങ്ങളെക്കൊണ്ട് ആലിംഗനത്തിന്റെ വകഭേദമായ ലതാവേഷ്ടിതകം—വള്ളി ചുററുന്നതുപോലെ—വൃക്ഷാധിരൂഢകം—മരം കേറുന്നതുപോലെ—എന്നിവയെ സൂചിപ്പിക്കുന്നു. "പാണിജൈരാവിദ്ധഃ" എന്നതിൽ പല പ്രകാരത്തിലുള്ള നഖക്ഷതങ്ങളേയും "ദശനൈഃ ക്ഷതാധരപുടഃ" എന്നതിൽ വിവിധരീതിയിലുള്ള ദന്തക്ഷതങ്ങളേയും പറഞ്ഞിരിക്കുന്നു. "ശ്രോണീതടേനാഹതഃ" എന്നതുകൊണ്ട് നാനാപരികരങ്ങളോടുകൂടിയ ആഭ്യന്തരസുരതത്തെ ധ്വനിപ്പിച്ചിരിക്കുന്നു. "ഹസ്തേനാനമിതഃ" ഇത്യാദികൊണ്ട് രസാധിക്യത്താൽ കാന്തന്റെ കുടുമ പിടിച്ച് മുഖം താഴ്ത്തി അധരത്തിൽ ചുംബിക്കുക എന്ന സലീലചുംബനം ഉക്തമായി. ഇതു ചുംബനാന്തരങ്ങളുടേയും ഉപലക്ഷണമാണ്. ഇങ്ങിനെ ബാഹ്യാഭ്യന്തരങ്ങളായി രണ്ടുപ്രകാരത്തിലുള്ള സുരതക്രീഡകളുടേയും വിസ്താരം ഇതിൽനിന്നു ധ്വനിക്കുന്നുണ്ട്. ഇതിൽ പറഞ്ഞ അധരചുംബനത്തിന്റെ കത്തൃത്വം സ്ത്രീക്കാണെന്നു പറയേണ്ട

തില്ലല്ലോ. പൂൎവ്വശ്ലോകത്തിൽ സാമാന്യമായി പറഞ്ഞ സുരതാരംഭത്തെ ഇതിൽ പ്രത്യേകമായി നിബന്ധിച്ചിരിക്കുന്നുവെന്നു കാൺക.]

ശ്ലോകം

മാരാങ്കേ രതികേളിസങ്കുലരണാ-
രംഭേ തയാ സാഹസ-
പ്രായം കാന്തജയായ കിഞ്ചിദുപരി
പ്രാരംഭി യത്സംഭ്രമാൽ
നിഷ്പന്ദാ ജഘനസ്ഥലീ ശിഥിലിതാ
ദോൎവ്വല്ലിരുൽകമ്പിതം
വക്ഷോ മീലിതമക്ഷി പൌരുഷരസഃ
സ്ത്രീണാം കുതഃ സിദ്ധ്യതി.

കാമദേവന്റെ ചിഹ്നമായ ആലിംഗനചുംബനാദികേളികൾളോടുകൂടിയ സുരതയുദ്ധം ആരംഭിച്ചപ്പോൾ ആ രാധാദേവി കാന്തനെ ജയിക്കാനായിക്കൊണ്ട് അദ്ദേഹത്തിന്റെ ഉപരിഭാഗത്തു സാഹസമായ ഒരു കാൎയ്യം ആരംഭിച്ചു. അതിങ്കലുള്ള പരിഭ്രമംകൊണ്ട് അവളുടെ ജഘനപ്രദേശം നിശ്ചലമായി, കൈകൾ തളൎന്നു, മാറ് തുടിച്ചു, കണ്ണ് അടഞ്ഞു. സ്ത്രീകൾക്കു പൌരുഷരസം സിദ്ധിക്കുമോ ? [ഇതിൽ പുരുഷായിതമെന്ന സുരതത്തിന്റെ തത്വമാണ് പറഞ്ഞിട്ടുള്ളത്. സ്ത്രീ അബലയും അദ്ധ്വാനം സഹിപ്പാൻ അശക്തയുമായതുകൊണ്ടും അവയവസന്നിവേശാദ്യൌചിത്യംകൊണ്ടും ഉത്താനയായിക്കിടക്കയും പുരുഷൻ രതിയെ ചെയ്കയുമാണ് സാധാരണമായിട്ടുള്ള സുരതത്തിന്റെ വിധി. എന്നാൽ, രതിയുടെ പ്രാഥമികവിധാനങ്ങളായ ആലിംഗനചുംബനാദികളാൽ സ്ത്രീ മോഹിതയായിച്ചമയുകയും, അപ്പോൾ അവൾ കാന്തൻ രതി

യുദ്ധത്തിൽ അപ്രഗത്ഭനാണെന്നും താൻതന്നെ രതിചെയ്തു കാന്തനെ ജയിക്കുന്നതു കാണിച്ചുതരാമെന്നും പറഞ്ഞു സാഹസം അരുതെന്നു പറഞ്ഞു നിരോധിക്കുന്ന കാന്തനെ അനാദരിച്ചു പെട്ടന്നു ഉപരിസ്ഥയായി സസംരംഭം ക്രീഡിക്കുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള സുരതത്തിന്നാണ് രതിശാസ്ത്രത്തിൽ പുരുഷായിതമെന്നു പേർ. ഇതിൽ സംരംഭാധിക്യത്താൽ സ്ത്രീ അധികം വേഗത്തിൽ തൃപ്തയാകയും, തൃപ്തിയുടെ ആധിക്യത്താൽ ജഘനം സ്തംഭിച്ചു, കൈ കുഴഞ്ഞു, ദേഹം കിതച്ച്, മാറിടം തുള്ളി, കണ്ണുചിമ്മി അവശയായിത്തീരുകയും ചെയ്യുന്നു. കാമം അധികമുള്ളവരും രതിയിൽ അതൃപ്തമാരുമായ സുന്ദരിമാർ പുരുഷായിതത്തെ ഇഷ്ടപ്പെടുന്നുവെന്നു ശാസ്ത്രവചനം.]

ശ്ലോകം

തസ്യാഃ പാടലപാണിജാങ്കിതമുരോ
നിദ്രാകഷായേ ദൃശൌ
നിർദ്ധൗതോധരശോണിമാ വിലുളിത-
സ്രസ്തസ്രജോ മൂർദ്ധജാഃ
കാഞ്ചീദാമ ദരശ്ലഥാഞ്ചലമിതി
പ്രാതർന്നിഖാതൈർദൃശോ-
രേഭിഃ കാമശരൈസ്തദത്ഭുതമഭൂൽ
പത്യുർമ്മനഃ കീലിതം.

അവളുടെ പാടലനഖങ്ങളെക്കൊണ്ടു അടയാളപ്പെട്ട മാറ്, ഉറക്കമൊഴിച്ചു കലങ്ങിയിരിക്കുന്ന കണ്ണുകൾ, ചുംബനംകൊണ്ടു മാഞ്ഞുപോയ അധരത്തിലെ ചോപ്പ്, ചിന്നിച്ചിതറി മാലയഴിഞ്ഞ തലമുടി, തെല്ലൊന്നഴിഞ്ഞ വസ്ത്രാഞ്ചലത്തിൽ പററിയ അരഞ്ഞാൺ,—ഇപ്രകാരം പ്രാതഃസമയത്തു കണ്ണിൽ തറയ്ക്കുന്ന കാമദേവന്റെ ശരങ്ങ

ളാൽ ഭർത്താവിൻെറ മനസ്സ് തുളയ്ക്കപ്പെട്ടു (പിന്നേയും ഭർത്താവിന്നു കാമവികാരമുണ്ടായി എന്നാർത്ഥം) ഇത് ആശ്ചര്യംതന്നെ. [കണ്ണിൽ അമ്പുതറച്ചാൽ കണ്ണാണല്ലോ തുളയേണ്ടതു്. പ്രകൃതത്തിൽ മനസ്സാണ് തുളഞ്ഞതു്; ഇതുതന്നെ ആശ്ചര്യകാരണം. രതിചിഹ്നങ്ങൾ കാണുന്നത് ഒരുതരം ഉദ്ദീപനമാണ്. അവയുടെ ദശനത്തിൽ കാമം ഉത്തേജിച്ച കാന്തൻ വീണ്ടും രതിപ്രാത്ഥനയെ ചെയ്യുന്നു. പ്രകൃതത്തിൽ നഖക്ഷതാദികൾ രതിചിഹ്നങ്ങൾ; തദ്ദശനം പുനഃക്രീഡയിൽ പ്രേരകം.]

ശ്ലോകം

ഈഷന്മീലിതദൃഷ്ടി മുഗ്ദ്ധഹസിതം
സീല്ക്കാരധാരാവശാ-
ദവ്യക്താകുലകേളികാകുവികസ-
ദ്ദന്താംശുധൌതാധരം
ശ്വാസോന്നദ്ധപയോധരോപരിപരി-
ഷ്വംഗീ കുരംഗീദൃശോ
ഹഷോൽകമ്പവിമുക്തനിസ്സഹതനോ-
ർദ്ധന്യോ ധയത്യാനനം.

സുകൃതിയായ പുരുഷൻ സന്തോഷംകൊണ്ടു നിശ്ചലമായും നിസ്സഹമായും ഇരിക്കുന്ന ശരീരത്തോടുകൂടിയ സുന്ദരിയെ ശ്വാസവേഗംകൊണ്ടു പൊന്തിയ സ്തനതടങ്ങളുടെ ഉപരിഭാഗത്തു ആലിംഗനം ചെയ്തിട്ടു അവളുടെ മിഴികൾ തെല്ലൊന്നു ചിമ്പിയും മുഗ്ദ്ധമായ മന്ദഹാസത്തോടുകൂടിയും നിരന്തരമായുള്ള സീല്ക്കാരങ്ങളെക്കൊണ്ടു അസ്പഷ്ടമായി, പരവശമായി വികസിക്കുന്ന ദന്തരശ്മികളാൽ അധരം വെളുത്തും ഇരിക്കുന്ന മനോഹരമായ മുഖത്തെ പാ

നം ചെയ്യുന്നു. [ഇതിൽ സുരതാവസാനത്തിങ്കലുള്ള ചുംബനം പറയപ്പെട്ടിരിക്കുന്നു.]

ശ്ലോകം

അഥ കാന്തം രതിശ്രാന്തമപിമണ്ഡനവാഞ്ഛയാ
ജഗാദ മാധവം രാധാ മുഗ്ദ്ധാ സ്വാധീനഭർത്തൃകാ.

അനന്തരം മുഗ്ദ്ധയായി സ്വാധീനഭർത്തൃകയായ രാധ, സുരതശ്രമംകൊണ്ടു തളൎന്നിരിക്കുന്ന പ്രിയതമനായ ശ്രീകൃഷ്ണനോടു തന്നെ അലങ്കരിക്കേണമെന്നുള്ള ആഗ്രഹത്തോടു കൂടി പറഞ്ഞു. [ക്രീഡാവസാനത്തിൽ പ്രിയനോടു ആഭരണങ്ങളണിയിക്കാൻ പറയുന്നതു ഭൎത്താവിന്റെ പേരിൽ അധികാരം ചെലുത്തുന്ന നായികയുടെ ധൎമ്മമാകുന്നു. സ്വാധീനഭൎത്തൃകാ എന്നതു അഷ്ടനായികമാരിൽ ഒരു വക ഭേദമാണ്. രതിഗുണത്താൽ ആകൃഷ്ടനായി ആരുടെ അടുക്കൽ എപ്പോഴും ഭൎത്താവ് സ്ഥിതിചെയ്യുന്നുവോ, അങ്ങിനെ ഇരിക്കുന്ന നാനാവിലാസലോലയായ നായികയെ സ്വാധീനഭൎത്തൃക എന്നു പറയുന്നു.]

# ഇരുപത്തിനാലാം അഷ്ടപദി

(മംഗളകൌശികരാഗം—ഏകതാളം)

കുരു യദുനന്ദന! ചന്ദനശിശിരതരേണ കരേണ പയോധരേ
മൃഗമദപത്രകമത്ര മനോഭവമംഗളകലശസഹോദരേ.
നിജഗാദ സാ യദുനന്ദനേ ക്രീഡതി ഹൃദയാനന്ദനേ 1

അളികുലഭഞ്ജനമഞ്ജനം രതിനായകസായകമോചനേ
ത്വദധരചുംബനലംബിതകജ്ജല ഉജ്ജ്വലയ പ്രിയ ലോചനേ
(നിജഗാദ സാ) 2

നയനകുരംഗതരംഗവിലാസനിരാസകരേ ശ്രുതിമണ്ഡലേ
മനസിജപാശവിലാസധരേ ശുഭവേഷ! നിവേശയ കുണ്ഡലേ.
(നിജഗാദ സാ) 3

ഭ്രമരചയം രചയന്തമുപരി രുചിരം സുചിരം മമ സമ്മുഖേ
ജിതകമലേ വിമലേ പരികർമ്മയ നർമ്മജനകമളകം മുഖേ.
(നിജഗാദ സാ) 4

മൃഗമദരസവലിതം ലളിതം കുരു തിലകമളികരജനികരേ
വിഹിതകളംകകലം കമലാനന! വിശ്രമിതശ്രമശീകരേ.
(നിജഗാദ സാ) 5

ഘനരുചിരേ ചികുരേ കുരു മാനദ! മനസിജധ്വജചാമരേ
രതിഗളിതേ ലളിതേ കുസുമാനി ശിഖണ്ഡിശിഖണ്ഡകഡാമരേ
(നിജഗാദ സാ) 6

സരസഘനേ ജഘനേ മമ ശംബരദാരണവാരണകന്ദരേ
മണിരശനാവസനാഭരണാനി ശുഭാശയ! വാസയ സുന്ദരേ.
(നിജഗാദ സാ) 7

ശ്രീജയദേവവചസി രുചിരേ ഹൃദയം സദയം കുരു മണ്ഡനേ
ഹരിചരണസ്മരണാമൃതനിർമ്മിതകലികലുഷജ്വരഖണ്ഡനേ.
(നിജഗാദ സാ) 8

1. ഹൃദയപ്രിയനായ ശ്രീകൃഷ്ണൻ ക്രീഡിച്ചുകൊണ്ടിരിക്കുമ്പോൾ രാധ പറഞ്ഞു:—"ഹേ യദുനന്ദനാ! അങ്ങുന്നു കാമദേവൻെറ മംഗലാത്ഥകമായ നിറകുടംപോലെ ശോഭിക്കുന്ന ഈ (സുരതലീലയിൽ കുറിക്കൂട്ട് മാഞ്ഞുപോയ) കുചത്തിന്മേൽ ചന്ദനത്തേക്കാൾ തണുപ്പുള്ള കൈകൊണ്ടു കസ്തൂരിപ്പത്തിക്കീററ് എഴുതിയാലും."

2. "ഹേ പ്രിയ! ചുംബനത്തിങ്കൽ അങ്ങയുടെ അധരത്തിന്മേലേക്കു മഷിപററി മുഷിഞ്ഞിരിക്കുന്നതും കാമബാണങ്ങളെ വിടുന്നതുമായ എൻെറ കണ്ണിൽ വണ്ടിനേക്കാൾ കറുപ്പുള്ള മഷി എഴുതിച്ചാലും."

3. "അല്ലയോ വേഷമോടിയുള്ളോവേ! കണ്ണാകുന്ന മാനിന്റെ വിലാസഗതിയെ തടുക്കുന്നതും (കണ്ണു കാതോളം നീണ്ടതാണല്ലോ) കാമദേവന്റെ കയറുപോലെ ഭംഗിയുള്ളതുമായ കാതിൽ കുണ്ഡലങ്ങളെ അണിയിച്ചാലും."

4. "താമരപ്പൂവ്വിനേക്കാഠം മനോഹരവും നിമ്മലവുമായ എന്റെ മുഖത്തിന്നുപരിഭാഗത്തു വണ്ടിണ്ടപോലെ കറുത്തിട്ടുള്ള രസകരമായ കുറുനിരകളെ അലങ്കരിച്ചാലും."

5. "ഹേ കമലാനന! വിയപ്പുതുള്ളികഠം വററിയതായ നെററിത്തടമാകുന്ന ചന്ദ്രങ്കൽ കളങ്കരേഖപോലെ മനോഹരമായിരിക്കുന്ന തിലകത്തെ കസ്തൂരിച്ചാറുകൊണ്ടു തൊട്ടുവിക്കുക."

6. "ഹേ മാനദ! മേഘശ്യാമളമായും കാമദേവന്റെ കൊടിക്ക് ചാമരമായും മയിൽപ്പീലിപോലെ മനോഹരമായും ഇരിക്കുന്നതും രതിക്രീഡയിങ്കൽ കെട്ടഴിഞ്ഞു ചിന്നിച്ചിതറിയതുമായ വാർകുന്തളത്തിൽ പുഷ്പങ്ങളെ ചൂടിച്ചാലും."

7. "ഹേ ശുഭമാനസ! എന്റെ സരസമായും ഘനമായും കാമദേവനാകുന്ന ആനയുടെ പാപ്പിടമായും സുന്ദരമായുമുള്ള ജഘനത്തിങ്കൽ രത്നമയമായ അരഞ്ഞാണും വസ്ത്രവും ആഭരണങ്ങളും ധരിപ്പിച്ചാലും."

8. "ശ്രീജയദേവകവി വർണ്ണിച്ചതും ശ്രീകൃഷ്ണകഥാസ്മരണമാകുന്ന അമൃതുകൊണ്ടു കലികലുഷജ്വരത്തെ കളയുന്നതുമായ ഈ മനോഹരമായ മണ്ഡനഗാനത്തിൽ സദയം ഹൃദയത്തെ വിന്യസിച്ചാലും."

ശ്ലോകം

രചയ കുചയോഃ പത്രം ചിത്രം കുരുഷ്വ കപോലയോർ–
ഘടയ ജഘനേ കാഞ്ചീം മഞ്ജുസ്രജം കബരീഭരേ
കലയ വലയശ്രേണീം പാണൌ പദേ കുരു നൂപുരാ–
വിതി നിഗദിതഃ പ്രീതഃ പീതാംബരോപി തഥാകരോൽ.

"കുചങ്ങളിൽ പത്തിക്കീററെഴുതുക. കവിൾത്തടങ്ങളിൽ ചിത്രം എഴുതുക. ജഘനത്തിൽ അരഞ്ഞാൺ ഇടുവിക്കുക. കുന്തളഭാരത്തിൽ മനോഹരമായ മാല ചൂടിക്കുക. കയ്യിന്മേൽ വളകളണിയിക്കുക. കാലിൽ ചിലങ്കകൾ ധരിപ്പിക്കുക." എന്നിപ്രകാരം രാധ പറഞ്ഞപ്പോൾ പ്രീതനായ ശ്രീകൃഷ്ണൻ അങ്ങിനെയെല്ലാം ചെയ്തു. [പൂൎവ്വഗാനത്തിൽ വൎണ്ണിതമായ അൎത്ഥംതന്നെ ഇതിൽ സംക്ഷിപ്തമായി നിബന്ധിച്ചിരിക്കുന്നു എന്നു കാൺക.]

ശ്ലോകം

ത്വാമപ്രാപ്യ മയി സ്വയംവരരസാം
ക്ഷീരോദതീരോദരേ
ശങ്കേ സുന്ദരി! കാളകൂടമപിബ–
ന്മൂഢോ മൃഡാനീപതിഃ
ഇത്ഥം പൂൎവ്വകഥാഭിരന്യമനസോ
വിക്ഷിപ്യ വക്ഷോഞ്ചലം
രാധായാഃ സ്തനകോരകോപരി ചല–
ന്നേത്രോ ഹരിഃ പാതു വഃ.

"ഹേ സുന്ദരി! പരമശിവൻ, (അമൃതമഥനകാലത്ത്) പാലാഴിയുടെ തിരത്തുവച്ച് എന്നെ സ്വയം വരിക്കുവാൻ തല്പരയായ നിന്നെ കിട്ടാതെ മൂഢനായിട്ടാണ് കാളകൂടവിഷത്തെ പാനംചെയ്തതെന്ന് ഞാൻ ശങ്കിക്കുന്നു." (ഭവതിയിലായിരുന്നു ശിവന്നാഗ്രഹം. അതു സാധിക്കയി

ല്ലെന്നു കണ്ടപ്പോൾ ഇനി ഇരുന്നിട്ടു ഫലമില്ലെന്നു കരുതി വിഷപാനത്തിന്നൊരുങ്ങിയെന്നുസാരം. ഇതുകൊണ്ടു രാധ ലക്ഷ്മീഭഗവതിയുടെ അംശമാണെന്നു സിദ്ധിച്ചു.) ഇപ്രകാരം പൂർവ്വകഥകൾ പറഞ്ഞപ്പോൾ രാധയുടെ മനസ്സു പൂർവ്വസ്ഥിതിയിൽനിന്നു അവസ്ഥാന്തരത്തെ പ്രാപിച്ചു. അങ്ങിനെയിരിക്കേ ശ്രീകൃഷ്ണൻ രാധയുടെ സ്തനപടം നീക്കി, അവളുടെ പൂമൊട്ടുപോലിരിക്കുന്ന സ്തനങ്ങളിൽ കണ്ണോടിച്ചുകൊണ്ടിരുന്നു. ഇപ്രകാരമുള്ള ഭഗവാൻ ശ്രീകൃഷ്ണൻ നിങ്ങളെ രക്ഷിക്കട്ടെ എന്നു കവി ഗ്രന്ഥാദ്ധ്യേതാക്കളെ ആശീർവ്വദിക്കുന്നു. [ഇതിൽ ശ്രീകൃഷ്ണന്നു പുനഃസുരതാഭിലാഷമുണ്ടായെന്നു വ്യംഗ്യം.]

ഇനി, കവി സ്വപ്രബന്ധത്തിന്റെ ഗുണാതിരേകത്തെപ്പററി പറയുന്നു:—

ശ്ലോകം

യൽ ഗാന്ധർവ്വകലാസു കൌശലമനു-
ധ്യാനഞ്ച യദ്വൈഷ്ണവം
യൽ ശൃംഗാരവിവേകതത്വമപി യൽ
കാവ്യേഷു ലീലായിതം
തത്സർവ്വം ജയദേവപണ്ഡിതകവേഃ
കൃഷ്ണൈകതാനാത്മനഃ
സാനന്ദാഃ പരിശോധയന്തു സുധിയഃ
ശ്രീഗീതഗോവിന്ദതഃ.

ഗാന്ധർവ്വകലകളിൽ അതായതു സംഗീതവിദ്യകളിൽ യാതൊരു സാമർത്ഥ്യമുണ്ടോ അത്, വിഷ്ണുപരമായ സ്മരണം യാതൊന്നോ അത്, ശൃംഗാരത്തിനുള്ള വകഭേദങ്ങളുടെ സാരം യാതൊന്നോ അത്, കാവ്യങ്ങളിലുള്ള അക്ലിഷ്ടമാ

യ ലീലാവിലാസം യാതൊന്നോ അത് — എന്നിവയെല്ലാം ശ്രീകൃഷ്ണനിൽ ഏകതാനമനസ്സായിരിക്കുന്ന ജയദേവൻ എന്ന പണ്ഡിതകവിയുടെ ഈ ഗീതഗോവിന്ദകാവ്യത്തിൽ നിന്നു നിർമ്മത്സരന്മാരായ സഹൃദയന്മാർ പരിശോധിക്കട്ടെ. [സംഗീതശാസ്ത്രത്തിലും, വിഷ്ണുഭക്തിയിലും, ശൃംഗാരരസത്തിലും, ഗുണാലങ്കാരാദികളായ കാവ്യഗുണങ്ങളിലും ജയദേവനുള്ള തികഞ്ഞ പാണ്ഡിത്യം ഈ കാവ്യത്തിൽ തെളിഞ്ഞുകാണുമെന്നു ഭാവം.]

ശ്ലോകം

സാദ്ധ്വീ മാദ്ധ്വീക! ചിന്താ ന ഭവതി ഭവതഃ
ശർക്കരേ! ശർക്കരാസി
ദ്രാക്ഷേ! ദ്രക്ഷ്യന്തി കേ ത്വാമമൃത! മൃതമസി
ക്ഷീര! നീരത്വമേഷി
മാകന്ദ! ക്രന്ദ കാന്താധര! ധരണിതലം
ഗച്ഛ യച്ഛന്തി യാവൽ
ഭാവം ശൃംഗാരസാരസ്വതമിഹ ജയദേ-
വസ്യ വിഷ്വഗ്വചാംസി.

ജയദേവന്റെ വാക്കുകൾ ഈ ലോകത്തിൽ ശൃംഗാരരസത്തെ എല്ലാദിക്കിലും പ്രദാനം ചെയ്തുകൊണ്ടിരിമ്പോൾ, അല്ലയോ തേനേ! നിന്നെ ആരും സ്മരിക്കുകതന്നെയില്ല. ഹേ പഞ്ചസാരേ! നീ വെറും ചരൽതന്നെയാകുന്നു. ഹേ മുന്തിരിങ്ങപ്പഴമേ! നിന്നെ ആർ തിരിഞ്ഞുനോക്കും? ഹേ അമൃതമേ! നീ മൃതമായി ഭവിക്കുന്നു. ഹേ ക്ഷീരമേ! നീ നീര (ജല)മെന്നുള്ള അവസ്ഥയെ പ്രാപിക്കുന്നു. ഹേ മാമ്പഴമേ! നീ കരഞ്ഞാലും. അല്ലയോ കാന്താധരമേ! നീ നിലത്തു വീണുരുണ്ടാലും. [ശൃംഗാരസാരസ്വരൂപമായ ജയദേവക

വിതയ്ക്കുള്ള മാധുൎയ്യാതിശയം നോക്കുമ്പോറം മാധുൎയ്യത്തിന്നു കേറംവിപ്പെട്ട തേൻ മുതൽ അധരംവരെയുള്ള വസ്തുക്കറം നിസ്സാരമാണെന്നുസാരം.]

അനന്തരം കവി ഗ്രന്ഥാവസാനത്തിങ്കൽ മംഗളാചരണം ചെയ്യുന്നു:—

ശ്ലോകം

പൎയ്യങ്കീകൃതനാഗനായകഫണാ-
ശ്രേണീമണീനാം ഗണേ
സംക്രാന്തപ്രതിബിംബസങ്കലനയാ
ബിഭ്രദ്വപുഃപ്രക്രിയാം
പാദാംഭോജവിഹാരിവാരിധിസുതാ-
മക്ഷ്ണാം ദിദൃക്ഷുഃ ശതൈഃ
കായവ്യൂഹമിഹാകരോദ്ഗുരു മുദാ
യോസൌ ഹരിഃ പാതു വഃ.

തൻെറ പാദമാകുന്ന താമരപ്പൂവ്വിൽ ക്രീഡിക്കുന്ന ശ്രീഭഗവതിയെ അനവധി കണ്ണുകളെക്കൊണ്ടു നോക്കി തൃപ്തിപ്പെടുവാൻ ആഗ്രഹിച്ചിരുന്ന വിഷ്ണുഭഗവാൻ, തൻെറ മെത്തയായ അനന്തൻെറ പടങ്ങളിലുള്ള നാനാരത്നങ്ങളിൽ പ്രതിബിംബരൂപേണ കാണുന്ന അനേകം ദേഹങ്ങളെക്കൊണ്ട്, അനവധി ശരീരങ്ങളെ എടുത്തിരിക്കുന്നുവോ എന്നു തോന്നുംവണ്ണം ശോഭിക്കുന്നു. അങ്ങിനെയിരിക്കുന്ന ഭഗവാൻ നിങ്ങളെ രക്ഷിക്കട്ടേ.

ശ്ലോകം

യന്നിത്യൈൎവ്വചനൈൎവ്വിരിഞ്ചഗിരിജാ-
പ്രാണേശമുഖ്യൈൎമ്മുഹു-
ൎന്നാനാകാരവിചാരസാരചതുരൈ-
ൎന്നാദ്യാപി നിശ്ചീയതേ

തത്സവൈവ്വിജ്ജയദേവകാവ്യഘടിതൈഃ
സൽസൂരിസംശോധിതൈ-
രാദ്ധ്യം വസ്തു ചകാസ്തു ചേതസി പരം
സാരസ്യസീമാജുഷാം.

യാതൊരു വസ്തു, ബ്രഹ്മാവ്, ശിവൻ മുതലായി നാനാപ്രകാരത്തിൽ സാരമായ വിചാരം ചെയ്യാൻ സമർത്ഥന്മാരായ ദേവന്മാരാൽപോലും നാശമില്ലാത്തവയായ വേദോപനിഷൽപ്രമാണങ്ങളെക്കൊണ്ടുകൂടി ഇന്നും ഇന്നവിധമെന്നു നിർണ്ണയിക്കപ്പെടുന്നില്ലയോ, ആ ആദ്യമായ വസ്തു (പരബ്രഹ്മം) ജയദേവകവിയുടെ കാവ്യത്തിൽ ഘടിതങ്ങളും സജ്ജനങ്ങളായ വിദ്വാന്മാരാലെല്ലാം പരിശോധിക്കപ്പെട്ടവയുമായ വചനങ്ങളെക്കൊണ്ടു സരസാഗ്രേസരന്മാരുടെ ഹൃദയത്തിൽ വിളങ്ങുമാറാകട്ടെ. [വേദദ്രഷ്ടാവായ ബ്രഹ്മാവ്, പ്രധാനോപനിഷത്തിൻെറ ദ്രഷ്ടാവായ പരമശിവൻ മുതലായവരുടെ വചനങ്ങളെക്കൊണ്ടുകൂടി പരബ്രഹ്മസ്വരൂപത്തെ അറിവാൻ പ്രയാസമുണ്ട്. അങ്ങിനെയിരിക്കുന്ന പരബ്രഹ്മത്തിൻെറ സ്വരൂപം ഈ കാവ്യത്തെ അനുസന്ധാനം ചെയ്യുന്ന ഭക്തശിരോമണികളായ സഹൃദയന്മാക്കു നിഷ്പ്രയാസം കാണ്മാൻ സാധിക്കട്ടേ എന്നു പ്രാത്ഥന.]

ഇതി ശ്രീജയദേവകൃതേ അഷ്ടപദികാവ്യേ
ദ്വാദശസർഗ്ഗഃ സമാപ്തഃ.

## വ്യാഖ്യാതൃശ്ലോകാഃ

ക്വ ഭാവഗർഭാ ജയദേവവാചഃ
ക്വ മേ മതിഃ കുണ്ഠഗതിഃ ക്രിയാസ്വ

അഹോ മഹാസാഹസകൃത്തുഭേയം
മഹാജനാനാം പരിഹാസപാത്രം! 1
യദാ ഹരേർദിവ്യകഥാപ്രസംഗാ-
ന്മദാഗപി സ്യാദപിദുഷാം ഹിതായ
ശേഷാനുഷങ്ഗാദപി സൂത്രതന്തുഃ
ശീഷേ ഗുണജ്ഞൈഃ ക്രിയതേ പ്രകാമം. 2
കൃപാവലോകപ്രസരാൽ ഗുരൂണാ-
മപാകൃതാവദ്യശതോപലേപാ
ഭാവപ്രിയാ ദീവ്യതു മൽകൃതേയം
ഭാവപ്രമോദായ ചിരായ ടീകാ. 3

ശുഭമസ്തു.



# ഗീതങ്ങളുടെ അനുക്രമണി

## (അകാരാദിവർണ്ണക്രമത്തിൽ)


| ഗീതപ്രാരംഭം | അഷ്ടപദീസംഖ്യ | ഭാഗം |
|---|---|---|
| അനിലതരള | ൧൬ | 80 |
| കഥിതസമയേ | ൧൩ | 70 |
| കിസലയശയന | ൨൩ | 118 |
| കുരു യദുനന്ദന | ൨൪ | 126 |
| ചന്ദനചർച്ചിത | ൪ | 19 |
| നിന്ദതി ചന്ദനം | ൮ | 45 |
| നിഭൃതനികുഞ്ജ | ൬ | 29 |
| പശ്യത ദിശി ദിശി | ൧൨ | 64 |
| പ്രളയപയോധി | ൧ | 6 |
| മഞ്ജുതരകുഞ്ജ | ൨൧ | 108 |
| മാമിയം ചലിതാ | ൭ | 36 |
| രജനിജനിത | ൧൭ | 85 |
| രതിസുഖസാരേ | ൧൧ | 58 |
| രാധാവദന | ൨൨ | 111 |
| ലളിതലവംഗലതാ | ൩ | 14 |
| വദസി യദി | ൧൯ | 93 |
| വഹതി മലയ | ൧൦ | 56 |
| വിരചിതചാടു | ൨൦ | 103 |

| | | |
|---|---|---|
| ശ്രിതകമലാകുച | ൨ | 1[illegible] |
| സഞ്ചരദധര | ൩ | 2[illegible] |
| സമുദിതമദനേ | ൧൩ | 7[illegible] |
| സ്തനവിനിഹിത | ൯ | 4[illegible] |
| സ്മരസമരോചിത | ൧൪ | 73 |
| ഹരിരഭിസരതി | ൧൮ | 9[illegible] |


KOTTAYAM PUBLIC LIBRARY
KOTTAYAM

a e r e d c d d

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. MA2 Acc. No. 19643

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA 2
VAS - G

19643

വാസുദേവൻ തിരുമേനി ശ്രീ
ഗീതഗോവിന്ദം